# സന്തോഷത്തിന് വല്ല വഴിയുമുണ്ടോ?

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
**ഫീലിയോ ബുക്ക്സ്**
കോലഞ്ചേരി – 683 562

# സന്തോഷത്തിന് വല്ല വഴിയുമുണ്ടോ?

**പ്രൊഫ. എം.വൈ. യോഹന്നാൻ**
റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി
●
മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 682 311, കേരളം.
ഫോൺ: (0484) 2689489, 2689889
E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**

●

Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി - 683 562**

●

Cover Page & Design
Lijo Puthusseril

●

Printed at
Viani Printings, Kochi - 682 018
●
Price: ` 80
●
All rights reserved with the publisher

# ആമുഖം

1752-ൽ ജോൺ വെസ്ലി ഉൾപ്പെടെ ഏതാനും മെത്തോഡിസ്റ്റ് വിശ്വാസികൾ ഒരു ജീവിതപ്രമാണം എഴുതി തയ്യാറാക്കി അവരുടെ പ്രാർത്ഥനാമുറിയുടെ ചുമരിൽ തൂക്കിയിടണമെന്ന് തീരുമാനിച്ചു. അവർ പൊതുധാരണയിലെത്തി ഉണ്ടാക്കിയ ആ പ്രമാണം ആറ് കാര്യങ്ങൾ ഉൾക്കൊള്ളുന്നവയായിരുന്നു.

1. നമ്മിൽ ആരെക്കുറിച്ചും ദൂഷ്യം ആരോപിച്ചുകൊണ്ട് ആരെങ്കിലും പറയുന്നത് ശ്രദ്ധിക്കയില്ല. അതിന്റെ സത്യാവസ്ഥ അന്വേഷിക്കുകയുമില്ല.
2. നമ്മിൽ ആരെക്കുറിച്ചും എന്തെങ്കിലും ദൂഷണം കേട്ടുപോയാൽ അത് വിശ്വസിക്കുകയില്ല.
3. ഏതെങ്കിലും വ്യക്തിയെക്കുറിച്ച് ദൂഷണമായിട്ട് എന്തെങ്കിലും കേൾക്കുകയോ അറിയുകയോ ചെയ്താൽ എത്രയും പെട്ടെന്ന് ആ വ്യക്തിയെ ആ കാര്യം അറിയിക്കും.
4. നാം അത് എഴുതിയോ പറഞ്ഞോ മറ്റൊരാളെ അറിയിക്കുകയില്ല.
5. മറ്റാരോടും ഒന്നു സൂചിപ്പിക്കുകപോലും ചെയ്കയില്ല.
6. ഈ നിയമങ്ങൾക്ക് ഒരിക്കലും ഒരു ഭംഗവും വരുത്തുകയില്ല.

ആരെക്കുറിച്ചെങ്കിലും ദൂഷണം പറയുകയോ കേൾക്കുകയോ ചെയ്കയില്ല എന്ന ദൃഢപ്രതിജ്ഞയെടുത്ത് നാം ജീവിക്കുമ്പോൾ ക്രിസ്തുവിന്റെ ക്രൂശിലെ സ്നേഹം നമ്മുടെ ഹൃദ

യത്തിലേക്ക് അനർഗ്ഗളമായി പ്രവഹിക്കുന്നത് നമുക്ക് അനുഭവിക്കാൻ കഴിയും.

ഇതോടൊപ്പം തന്നെ മാതൃകായോഗ്യമായ ഒരു കാര്യം ആരിലെങ്കിലും കണ്ടാൽ അത് നാം ഉള്ളഴിഞ്ഞ് അഭിനന്ദിക്കുകയും അനേകരുടെ മുമ്പിൽ പ്രസ്താവിക്കുകയും ചെയ്യുന്നത് അനുഗ്രഹമാണ്. അനുകരണീയ മാതൃകയുള്ള അനേകം മനുഷ്യരുടെ ജീവിതം വരച്ച് കാണിക്കുന്നതും അവരുടെ ജീവിത വിജയത്തിന്റെ അടിത്തറ തിരിച്ചറിയുന്നതും എന്തൊരു മഹത്ഭാഗ്യമാണ്!

ജീവിത ഔന്നത്യം നേടിയ വ്യക്തികളുടെ സമർപ്പണ ജീവിതത്തെ നാം നേരിൽ കാണുമ്പോൾ നമ്മുടെ ഹൃദയത്തിന് അനന്തമായ സന്തോഷം ലഭിക്കും.

ഇന്ന് അനേകരും സന്തോഷമില്ലാതെ സന്താപത്തിൽ കുടുങ്ങിക്കിടക്കുകയാണ്. അവരുടെ ഈ ഭൂമിയിലെ ജീവിതം എന്നും നരകമായിരിക്കും. മരണശേഷം നിത്യതയിലേക്ക് കടന്നു ചെല്ലുമ്പോൾ നരകത്തിന്റെ ഭീകരയാതനയെ അഭിമുഖീകരിക്കേണ്ടി വരികയും ചെയ്യും.

സന്തോഷം പ്രാപിക്കാനുള്ള വഴി എന്താണ്? നിത്യനായ ദൈവം തന്റെ നിസ്തുല സ്നേഹത്താൽ നമ്മെ സ്വർഗ്ഗരാജ്യത്തിന്റെ അനന്തമോഹനമായ സന്തോഷത്തിലേക്ക് ചേർത്തണയ്ക്കുവാനാണ് എന്നും ആഗ്രഹിക്കുന്നത്. അതുകൊണ്ടാണ് കർത്താവായ യേശുക്രിസ്തു ഒരു പാപവും ചെയ്യാതിരിക്കെ നമ്മുടെ പാപം വഹിച്ചുകൊണ്ട് ക്രൂശുമരണം സ്വയം വരിച്ചത്. ക്രൂശിന്റെ സ്നേഹത്താൽ ആകർഷിക്കപ്പെട്ട് ക്രിസ്തുവിന് നമ്മുടെ ഹൃദയത്തിൽ പ്രഥമസ്ഥാനം നൽകുമ്പോൾ നാം സാക്ഷാത്തായ സന്തോഷം അനുഭവിക്കുന്നവരായിത്തീരും.

> *“വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷം ഓർത്ത് അവൻ*

*അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കയും ചെയ്തു. നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ച് മടുക്കാതിരിപ്പാൻ പാപികളാൻ തനിക്ക് നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചുകൊൾവിൻ.” എബ്രായർ 12 : 2, 3*

ആകുലങ്ങളോ ആവലാതികളോ ഇല്ലാഞ്ഞിട്ടല്ല, പ്രശ്നങ്ങളുടെയും പ്രതിസന്ധികളുടെയും നടുവിൽ ക്രിസ്തുവിന്റെ സ്നേഹവും സമാധാനവും നമുക്ക് ലഭിക്കുന്നത്. നിത്യജീവൻ ലാക്കാക്കി ഓരോ നിമിഷവും ക്രിസ്തുവിന്റെ ഭാവത്തോടെ നാം ജീവിക്കുമ്പോൾ നമ്മുടെ ഹൃദയം സന്തോഷംകൊണ്ട് നിറയും. അതിന് നാം ചെയ്യേണ്ടത് ഒരേ ഒരു കാര്യം മാത്രം: ക്രിസ്തുവിന്റെ ആണിപ്പാടുള്ള പാദങ്ങളിൽ നമ്മെത്തന്നെ സമർപ്പിക്കുക.

ഈ ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ്, “സന്തോഷത്തിന് വല്ല വഴിയുമുണ്ടോ?” എന്ന ഈ പുസ്തകം രചിയ്ക്കാൻ ഇടയായത്.

ഈ ഗ്രന്ഥത്തിന്റെ രചനയിലും, Correction, DTP, Printing, Cover Page എന്നീ കാര്യങ്ങളിലും വിശ്രമമില്ലാതെ അദ്ധ്വാനിച്ച എന്റെ വാത്സല്യഭാജനങ്ങളായ അനേകം സഹോദരീ സഹോദരന്മാരുണ്ട്. അവർക്കെല്ലാം എന്റെ ഉള്ളഴിഞ്ഞ നന്ദി ഞാനിവിടെ പ്രകാശിപ്പിക്കുന്നു.

എല്ലാവർക്കും സന്തോഷവും നന്മയും ദൈവകൃപയും ആശംസിച്ചുകൊണ്ട് ഞാനിവിടെ നിറുത്തട്ടെ.

നിങ്ങളുടെ സ്വന്തം സഹോദരൻ,

**എം.വൈ. യോഹന്നാൻ**

# ഒന്ന്

സമർപ്പണം എങ്ങനെ? സമർപ്പണം എടുക്കുന്നത് എന്തിന്? സമർപ്പണം എടുക്കുന്നത് ആരുടെ മുമ്പിൽ? സമർപ്പണം എടുത്താൽ കിട്ടുന്ന സൗഭാഗ്യം എന്താണ്?

*"അങ്ങനെ അവർ ആനന്ദിച്ചുതുടങ്ങി."*

*ലൂക്കോസ് 15 : 24*

ഒരാൾ സമർപ്പണമെടുത്താൽ സമർപ്പണമെടുക്കുന്ന ആൾക്ക് സന്തോഷമുണ്ടാകും. മാത്രമല്ല, മറ്റനേകർക്ക് ആനന്ദമുണ്ടാകും. യഥാർത്ഥമായ സമർപ്പണത്തിലേക്കു വന്നാൽ നമുക്കെല്ലാം ആനന്ദമുണ്ടാകും. ഈ ഭൂമിയിൽത്തന്നെ ആനന്ദമുണ്ടാകും, ഈ ഭൂമിയിൽത്തന്നെ സ്വസ്ഥത കിട്ടും, ഈ ഭൂമിയിൽത്തന്നെ ഒരു ധൈര്യം കിട്ടും. ക്രിസ്തു നമ്മുടെ ജീവിതത്തിലേക്കു വരികയും നമുക്കൊരു സന്തോഷവും സമാധാനവും ആശ്വാസവും ലഭിക്കുകയും ചെയ്യും.

നമുക്കെല്ലാവർക്കും വേണ്ടത് സമാധാനമാണ്. നീറിപ്പുകയുന്ന ഹൃദയത്തിനു വേണ്ടത് ആശ്വാസമാണ്. ഉള്ളുപൊള്ളുന്ന അനുഭവത്തിൽ വലഞ്ഞുകൊണ്ടിരിക്കുന്ന മനുഷ്യന് ആവശ്യം സമാധാനമാണ്. അനേകം ഭാരവിഷയങ്ങൾ നിങ്ങൾക്കുണ്ട്. നിങ്ങളുടെ ജീവിതത്തിൽ പലവിധത്തിലുള്ള ആകുലങ്ങളും പ്രശ്നങ്ങളും പ്രതിസന്ധികളും ഉയർന്നുയർന്നു വരുന്നുണ്ട്. മുന്നോട്ടു പോകുവാൻ വഴികാണാതെ, ഒരു കരേറ്റം കിട്ടാതെ, ഒരു ഗതിയുമില്ലാതെ നിരാശാഭരിതമായ അനുഭവത്തിൽ കഴിയുന്ന അനേകം ആളുകളുണ്ട്.

എന്നാൽ ദൈവത്തിന്റെ വചനം നമുക്കു വ്യക്തമായി കാണിച്ചു തരുന്നു, സാക്ഷാത്തായ ഒരു സമർപ്പണത്തിലേക്കു വന്നാൽ നമുക്ക് ആനന്ദവും സന്തോഷവുമുണ്ടാകും. ലൂക്കോസിന്റെ സുവിശേഷത്തിൽ ആവർത്തിച്ചു പറയുന്ന ഒരു വാക്കാണ് സന്തോഷം എന്നുള്ളത്.

*"നിനക്കു സന്തോഷവും ഉല്ലാസവും ഉണ്ടാകും; അവന്റെ ജനനത്തിങ്കൽ പലരും സന്തോഷിക്കും."*

*ലൂക്കോസ് 1 : 14*

യഥാർത്ഥമായ സമർപ്പണത്തിലേക്കു വരുമ്പോൾ സന്തോഷവും ഉല്ലാസവുമുണ്ടാകും. ഇന്ന് പലർക്കും സന്തോഷവും ഉല്ലാസവും എന്നു പറയുന്നത് മനുഷ്യരെ കാണിക്കാനുള്ള ചില അഭിനയങ്ങൾ മാത്രമാണ്. പലപ്പോഴും അകം പുകയുകയായിരിക്കും; ഉള്ളുനീറുകയായിരിക്കും; കുടുംബത്തിൽ അലോഹ്യമായിരിക്കും. വീട്ടിൽ പല അസ്വസ്ഥതകളും ഉണ്ടായിരിക്കും.

ആരെങ്കിലും വിരുന്നുകാർ വന്നാൽ നാം വളരെ ഭവ്യമായി, മാന്യമായി പെരുമാറും. സന്തോഷവും ഉല്ലാസവും ഭാവിക്കും. ഒരു അനൈക്യവും ഉണ്ടെന്നു തോന്നുകയില്ല. ഇഷ്ടക്കുറവോ മുഷിച്ചിലോ ഉണ്ടെന്നു തോന്നുകയില്ല. എല്ലാം മറന്ന് നാം സന്തോഷം ഭാവിക്കും.

എന്നാൽ ആന്തരികമായ സന്തോഷം കിട്ടുന്നത് ക്രിസ്തു വരുമ്പോഴാണ്; ദൈവത്തിന്റെ സാന്നിദ്ധ്യം ലഭിക്കുമ്പോഴാണ്. ലൂക്കോസിന്റെ സുവിശേഷം ഒന്നാമദ്ധ്യായം ഇരുപത്തിയഞ്ചാം വാക്യം വായിക്കുമ്പോൾ അവിടെ ഒരാൾ സന്തോഷിക്കുന്നതായി കാണാം.

*"മനുഷ്യരുടെ ഇടയിൽ എനിക്കുണ്ടായിരുന്ന നിന്ദ നീക്കുവാൻ കർത്താവ് എന്നെ കടാക്ഷിച്ച നാളിൽ ഇങ്ങനെ എനിക്കു ചെയ്തു തന്നിരിക്കുന്നു എന്നു*

*പറഞ്ഞു, അഞ്ചുമാസം ഒളിച്ചു പാർത്തു."*
*ലൂക്കോസ് 1 : 25*

"മനുഷ്യരുടെ ഇടയിൽ എനിക്കുണ്ടായിരുന്ന നിന്ദ നീക്കിക്കളയുവാൻ കർത്താവ് എന്നെ കടാക്ഷിച്ചു." മനുഷ്യരുടെ മുമ്പിൽ എനിക്കൊരു പോരായ്മയുണ്ടായിരുന്നു, എനിക്ക് അപകർഷതയുണ്ടായിരുന്നു. മനുഷ്യരുടെ മുമ്പിൽ ഒരു നിന്ദയുണ്ടായിരുന്നു. പലർക്കും പുച്ഛമാകത്തക്കവണ്ണമുള്ള ഒരു താണനിലവാരമായിരുന്നു എനിക്ക്. പക്ഷേ, മനുഷ്യരുടെ മുമ്പിൽ എനിക്കുണ്ടായിരുന്ന നിന്ദ നീക്കുവാൻ കർത്താവ് എന്നെ കടാക്ഷിച്ചു. എന്റെ നിന്ദമാറി, എന്റെ മുഖത്തെ ലജ്ജമാറി, എന്റെ ഹൃദയത്തിന്റെ അപകർഷത മാറി, എന്റെ ഹൃദയത്തിൽ ഒരു സന്തോഷം ലഭിച്ചു.

ഒന്നാം അദ്ധ്യായത്തിൽ തന്നെ വീണ്ടും നാം കാണുന്നുണ്ട്,

*"എന്റെ കർത്താവിന്റെ മാതാവ് എന്റെ അടുക്കൽ വരുന്ന മാനം എനിക്ക് എവിടെനിന്ന് ഉണ്ടായി. നിന്റെ വന്ദനസ്വരം എന്റെ ചെവിയിൽ വീണപ്പോൾ പിള്ള എന്റെ ഗർഭത്തിൽ ആനന്ദംകൊണ്ടു തുള്ളി."* *ലൂക്കോസ് 1 : 43, 44*

ഗർഭത്തിൽ കിടക്കുന്ന ശിശു ആനന്ദംകൊണ്ടു തുള്ളി. ഗർഭസ്ഥശിശുവിനുപോലും ആനന്ദം ലഭിക്കുന്നതായി പറയുന്നു. ആകമാനം ആനന്ദം! എലിസബത്തിന് ആനന്ദം! എലിസബത്തിന്റെ ഗർഭത്തിൽ പിള്ള ആനന്ദംകൊണ്ട് തുള്ളുന്നു! സെഖര്യാപുരോഹിതന് സന്തോഷവും ഉല്ലാസവുമുണ്ടായി. സെഖര്യാപുരോഹിതന്റെ ഭാര്യയായ എലിസബത്തിന്റെ നിന്ദമാറി; എലിസബത്തിന്റെ പിള്ളയ്ക്കും ആനന്ദമുണ്ടായി, സന്തോഷമുണ്ടായി.

തുടർന്ന് കന്യകമറിയാം പറയുന്നു:

*"എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു. എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു." ലൂക്കോസ് 1 : 46*

ഉല്ലാസം ഉണ്ടാവുകയാണ്. തുടർന്ന് വായിച്ചുവരുമ്പോൾ ഓരോ അദ്ധ്യായത്തിലും രോഗസൗഖ്യം ലഭിക്കുന്നുണ്ട്, ഭൂതബാധകൾ മാറുന്നുണ്ട്, വീട്ടിലെ കെടുതികൾ മാറുന്നുണ്ട്, കഷ്ടപ്പാടുകൾ മാറുന്നുണ്ട്, ദാരിദ്ര്യം മാറുന്നുണ്ട്, പലതരത്തിലുള്ള ആപത്തുകളും അനർത്ഥങ്ങളും മാറുന്നുണ്ട്. അങ്ങനെ സന്തോഷവും ഉല്ലാസവും ഓരോ കുടുംബത്തിലും തളിരണിയുന്നത് ലൂക്കോസിന്റെ സുവിശേഷത്തിൽ നാം കാണുന്നു.

പതിനഞ്ചാമദ്ധ്യായത്തിലേക്കു വരുമ്പോൾ കർത്താവ് ഒരു ഉപമ പറയുകയാണ്. സമർപ്പണം മൂലമുണ്ടാകുന്ന സന്തോഷം! കർത്താവിന്റെ പ്രസിദ്ധമായ ഉപമ! ധൂർത്തപുത്രന്റെ ഉപമ അല്ലെങ്കിൽ മുടിയൻ പുത്രന്റെ ഉപമ! ലൂക്കോസിന്റെ സുവിശേഷം പതിനഞ്ചാമദ്ധ്യായത്തിൽ മൂന്ന് ഉപമകളുണ്ട്.

1. 100 ആടിൽ ഒരാട് കാണാതെ പോയി.
2. 10 ദ്രഹ്മപ്പണത്തിൽ ഒരു ദ്രഹ്മപ്പണം കാണാതെ പോയി.
3. രണ്ടു മക്കളിൽ ഒരു മകൻ പുറപ്പെട്ടുപോയി.

ആദ്യത്തേതിൽ, 1/100 നഷ്ടപ്പെട്ടു. രണ്ടാമത്തേതിൽ, 1/10 നഷ്ടപ്പെട്ടു. മൂന്നാമത്തേതിൽ, 1/2 നഷ്ടപ്പെട്ടു. വലിയ നഷ്ടം നേർപകുതി നഷ്ടപ്പെട്ടതാണ്.

ഒരു പിതാവിന്റെ ഭവനത്തിൽ നഷ്ടം സംഭവിക്കുകയാണ്. ആ ഭവനത്തിൽ രണ്ടു മക്കൾ ഉണ്ടായിരുന്നു. ഈ ഉപമയിൽ നാം കാണുന്നത് വളരെ ഐശ്വര്യമുള്ള ഒരു തറവാടാണ്. വളരെ സമ്പൽസമൃദ്ധിയുള്ള, ധാരാളം നിലം പുരയിടങ്ങളുള്ള,

കൃഷിയിടങ്ങളുള്ള, ധാരാളം വയലേലകൾ ഉള്ള ഒരു തറവാട്! നല്ല സമൃദ്ധിയും സന്തോഷവും അലതല്ലുന്ന മനോഹരമായ ഒരു കുടുംബം.

ഉപമയിൽ അമ്മയുടെ കാര്യം പറയുന്നില്ല. അവിടെയുള്ള വേലക്കാരുടെ കാര്യവും സൂചിപ്പിക്കുന്നതേയുള്ളൂ, പറയുന്നില്ല. കഥയിൽ മൂന്നു കഥാപാത്രങ്ങളേയുള്ളൂ. അപ്പനും രണ്ടു മക്കളും! ആ അപ്പൻ വാസ്തവത്തിൽ മക്കളോടൊരുമിച്ച്, വേലക്കാരോടൊരുമിച്ച്, സന്തോഷമായി, സമൃദ്ധിയായി, സമാധാനമായി കഴിയുകയായിരുന്നു.

എന്നാൽ പെട്ടെന്നാണ് ആ വീട്ടിൽ വിപത്തുണ്ടായത്. വീട്ടിൽ ഒരു അത്യാഹിതം! മക്കളിൽ ഒരാൾ മറുതലിക്കാൻ തുടങ്ങി. അതൊരു വലിയ കെടുതിയാണ്. മക്കളിൽ ഒരാൾ അപ്പനോട് എതിരായി. അവന് ഇപ്പോൾ ആയിരിക്കുന്ന സ്ഥിതിയിൽ സംതൃപ്തി ഇല്ലാതായി. കുറച്ചുകൂടി സ്വാതന്ത്ര്യം വേണമെന്ന തോന്നൽ! അവന്റെ നോട്ടത്തിൽ അപ്പനോടു മറുതലിക്കുന്നു എന്നോ, അപ്പനോട് എതിർക്കുന്നു എന്നോ തോന്നിയില്ല. താൻ ചെയ്യുന്നത് തെറ്റാണെന്നും അവന് തോന്നിയില്ല.

അവന്റെ നോട്ടത്തിൽ ഞാൻ പ്രായപൂർത്തിയായി വരികയല്ലേ? എനിക്കിപ്പോൾ പക്വതയായി, പ്രായമായി; എനിക്കു വേണ്ടേ ഒരു സ്വാതന്ത്ര്യം? എന്നും അപ്പന്റെ കീഴിൽ നിന്നാൽ മതിയോ? എന്നും അപ്പന്റെ വയലിൽ വേല ചെയ്താൽ മതിയോ? ഞാൻ വിശേഷബുദ്ധിയുള്ള മനുഷ്യനല്ലേ? ഞാൻ വളർന്നു വരികയല്ലേ? എനിക്കും വേണ്ടേ ഒരു സ്വതന്ത്ര ജീവിതം, സമാധാനമായ ഒരു ജീവിതം? ഇങ്ങനെയെല്ലാമൊരു തോന്നൽ!

എനിക്ക് സ്വന്തമായി സമ്പാദിക്കണം. സ്വന്തമായി ജീവിക്കണം. ആ ആഗ്രഹത്തിൽ തെറ്റുപറയാൻ ഒക്കുകയില്ല. അവൻ അപ്പനോടു ചെന്ന് ചോദിക്കുകയാണ്: “അപ്പാ, വസ്തു

വിൽ എനിക്ക് വരേണ്ടുന്ന പങ്ക് തരേണം.” അവന്റെ ആ ചോദ്യത്തിൽ ഒരു വാക്കിൽ അല്പം പിശകു പറ്റി. ‘എനിക്കു വരേണ്ടുന്ന പങ്ക്’ എന്നാണ് അവൻ പറയുന്നത്. അവന് അവകാശപ്പെട്ടത് അവൻ ചോദിക്കുകയാണ്.

അവനൊരു പങ്കുണ്ട്, അവനൊരു അവകാശമുണ്ട്. അവകാശധനം ഉണ്ട് എന്നതിന് ആർക്കും തർക്കമില്ല. അത് അവൻ ചോദിച്ചു വാങ്ങേണ്ടതല്ല, അപ്പൻ ദാനമായി കൊടുക്കേണ്ടതാണ്. അവകാശമാണ്, ശരിയാണ്. അത് അവനു തന്നെ ആണുതാനും. അപ്പൻ വേറെ ആർക്കും കൊടുക്കാൻ ഉദ്ദേശിച്ചിട്ടുമില്ല. പക്ഷേ അവൻ അത് ചോദിക്കുകയാണ്.

മൂത്തമകൻ അപ്പന്റെ വയലിൽ വേല ചെയ്യുന്നവനാണ്. അവൻ ഉത്തരവാദിത്തബോധമുള്ളവനാണ്. അവൻ വേലക്കാരോടുകൂടെ പണിയെടുക്കുന്നവനാണ്. അപ്പനെക്കുറിച്ച് അവന് ബഹുമാനമുണ്ട്.

ഒരിക്കലും പാടില്ലാത്ത രീതിയിൽ നാം ചില കാര്യങ്ങൾ demand ചെയ്യുന്നു. അപകടം പതിയിരിക്കുന്നത് അവിടെയാണ്. Demanding പാടില്ല. അവകാശങ്ങൾക്കുവേണ്ടി സമരം ചെയ്യണം എന്നാണ് പലരും ധരിച്ചു വച്ചിരിക്കുന്നത്. എന്നാൽ ഒരു ദൈവപൈതലിനെ സംബന്ധിച്ച് demanding പാടില്ല. ഈ യുവാവ് അപ്പന്റെ മുമ്പിൽ demand ചെയ്യുകയാണ്. അപ്പൻ സ്തംഭിച്ച് അനക്കമറ്റ് നിന്നു. പിന്നെ മടിച്ചില്ല അപ്പൻ അവന്റെ ഇഷ്ടത്തിന് മുതൽ ഭാഗിച്ചു കൊടുത്തു.

മനുഷ്യന്റെ സ്വാതന്ത്ര്യത്തിന്മേൽ ദൈവം കൈവയ്ക്കുകയില്ല. സ്വർഗ്ഗത്തിലെ നിത്യപിതാവ് മനുഷ്യന്റെ ഇച്ഛാശക്തിയെ തടുക്കുകയില്ല. മനുഷ്യന് ഇഷ്ടംപോലെ ജീവിക്കാം.

അപ്പൻ മുതൽ വീതിച്ചു കൊടുത്തു. അവൻ സകലവും സ്വരൂപിച്ചു. ദൂരദേശത്തേക്ക് യാത്രയായി.

അവൻ വസ്ത്രങ്ങളെല്ലാം എടുത്തുവച്ച്, എല്ലാം സ്വരൂ

പിച്ച് പെട്ടിയുമായി വെളിയിലേക്ക് പോകുകയാണ്. അവന്റെ അമ്മ അമ്പരപ്പോടെ നോക്കിനിൽക്കുന്നതായിട്ടാണ് ഞാൻ ഭാവനയിൽ കാണുന്നത്. ഈ മോന് എന്തു പറ്റി എന്നാണ് അമ്മയുടെ ചിന്ത. അവന്റെ അപ്പൻ വേദനിച്ച് ഒന്നും മിണ്ടാൻ വയ്യാതെ നോക്കിനിൽക്കുന്നു. അവൻ സൂട്ട്കേസും പിടിച്ച് ഇറങ്ങി നടന്നു.

അവൻ ബാഹ്യലോകത്തേക്കു നോക്കി. എല്ലാ സുഖസന്തോഷങ്ങളിലേക്കും മാടിവിളിക്കുന്ന ലോകം! ആസ്വദിക്കൂ, സുഖിക്കൂ, രസിക്കൂ, ആനന്ദിക്കൂ; നീ വരിക, നിനക്ക് ആനന്ദിക്കാം. ക്ഷണികസൗഭാഗ്യങ്ങളുള്ള ഒരു ലോകം! അവൻ ആ ലോകത്തേക്കു നോക്കി. സ്വന്തം ശരീരത്തിലേക്കും നോക്കി. എങ്ങനേയും ജീവിക്കാവുന്ന പ്രായം! ചോരത്തിളപ്പുള്ള പ്രായം! ആരും തടുക്കാനില്ല, ഉപദേശിക്കാനില്ല. പിന്നെ മറ്റൊന്നും ചിന്തിച്ചില്ല. അവൻ ചടുലമായി നടന്നു. ഓരോ ചുവടുവയ്ക്കുമ്പോഴും അവൻ അപ്പന്റെ ഭവനത്തിൽനിന്ന് അകലുകയാണ്.

ഒരു നിമിഷം ചിന്തിക്കൂ. നിങ്ങൾ അപ്പന്റെ ഭവനത്തിലാണോ? അപ്പന്റെ ഭവനത്തിൽനിന്ന് അകന്നു പൊയ്ക്കൊണ്ടിരിക്കുകയാണോ? നിങ്ങൾ അപ്പന്റെ ഭവനത്തിൽനിന്ന് ബഹുദൂരം യാത്ര ചെയ്തിരിക്കയാണോ? സ്വർഗ്ഗീയപിതാവിന്റെ ആനന്ദൈശ്വര്യങ്ങളെഴുന്ന സന്തോഷത്തിന്റെ സവിധത്തിൽനിന്ന് നിങ്ങൾ അകന്നു മാറിക്കൊണ്ടിരിക്കുകയാണോ? നിങ്ങൾ അപ്പനിൽനിന്ന് ബഹുദൂരെയാണോ നിൽക്കുന്നത്?

> *"ഏറെ നാൾ കഴിയും മുമ്പെ ഇളയമകൻ സകലവും സ്വരൂപിച്ച് ദൂരദേശത്തേക്കു യാത്രയായി അവിടെ ദുർന്നടപ്പുകാരനായി ജീവിച്ച് വസ്തു നാനാവിധമാക്കിക്കളഞ്ഞു."* *ലൂക്കൊസ് 15 : 13*

അവൻ ദൂരെയായി. തടുക്കാനാരുമില്ല. നിയന്ത്രിക്കാൻ ആരുമില്ല. ഒന്നു കാണാൻ സ്വന്തനാട്ടുകാരോ വീട്ടുകാരോ

ഇല്ല. അതുകൊണ്ട് അവൻ തോന്നിയതുപോലെ ദുർന്നടപ്പുകാരനായി ജീവിച്ചു. പണം ചോർന്നുപോയത്, തീർന്നുപോകുന്നത് അവനറിഞ്ഞില്ല. അവന് ധാരാളം കൂട്ടുകാരുണ്ടായി. പൈസയുണ്ടല്ലോ! അവൻ എല്ലാം ചെലവഴിച്ചു. അവന്റെ പൈസയും സൽപ്പേരും ആഭിജാത്യവും തന്റെ ജീവിതത്തിൽ അവനുണ്ടായിരുന്ന മഹത്വകരമായ കാര്യങ്ങളെല്ലാം ചെലവഴിച്ചു. എല്ലാമെല്ലാം തീർന്നുതീർന്നു വരികയാണ്.

ഒന്നു ചിന്തിച്ചുനോക്കൂ. നിങ്ങൾ എല്ലാം ചെലവഴിച്ചുകൊണ്ടിരിക്കുകയാണോ? നിങ്ങളുടെ സത്പ്പേര് നഷ്ടപ്പെടുത്തിയോ? നിങ്ങളുടെ ആഭിജാത്യം നഷ്ടപ്പെടുത്തിയോ? നിങ്ങളുടെ കുടുംബത്തിനുണ്ടായിരുന്ന യശസ്സ് നഷ്ടപ്പെടുത്തിയിരിക്കുകയാണോ?

എല്ലാം ചെലവഴിച്ചശേഷം ദേശത്ത് കഠിനക്ഷാമം ഉണ്ടായി. അവൻ കൊടിയ ക്ഷാമത്തിലായി. ദുരിതത്തിന്റെ മദ്ധ്യത്തിലായി. അവനുള്ളതെല്ലാം തീർന്നു. ഉടുതുണിക്കു മറുതുണിയില്ലാതെ അവൻ അലഞ്ഞുതിരിഞ്ഞു. ഇപ്പോൾ കൂട്ടുകാരാരും അവനെ തിരിഞ്ഞുനോക്കുന്നില്ല. അവന് മുട്ടുവന്നുതുടങ്ങി.

> *"എല്ലാം ചെലവഴിച്ച ശേഷം ആ ദേശത്ത് കഠിനക്ഷാമം ഉണ്ടായിട്ട് അവന് മുട്ടുവന്നുതുടങ്ങി. അവൻ ആ ദേശത്തിലെ പൗരന്മാരിൽ ഒരുത്തനെ ചെന്ന് ആശ്രയിച്ചു; അവൻ അവനെ തന്റെ വയലിൽ പന്നികളെ മേയ്പാൻ അയച്ചു."*
>
> *ലൂക്കോസ് 15 : 14, 15*

ആ ദേശത്തിലെ ഒരു പ്രഭുവിന്റെ വീട്ടിലേക്ക് അവൻ ചെന്നു. വേലക്കാരുള്ളവൻ! അപ്പന്റെ വീട്ടിൽ വയലുകളുള്ളവൻ! അവൻ ആ ദേശത്തിലെ പ്രഭുവിന്റെ വീട്ടിൽ അടിമവേല ചെയ്യുവാൻ തയ്യാറാവുകയാണ്. അവൻ പന്നിയെ മേയ്ക്കാൻ പോയി. പന്നിയെ മേയ്ച്ചിട്ടുവന്നപ്പോൾ അല്പം കഞ്ഞി കിട്ടി.

പക്ഷേ അവന്റെ വിശപ്പ് ഇരട്ടിയായി. കഞ്ഞികുടിച്ചിട്ട് വിശപ്പു മാറാതെ പന്നിക്കു കൊടുക്കുന്ന തവിടിൽനിന്ന് കുറച്ച് വാരിയെ ടുക്കാൻ ശ്രമിച്ചു. പന്നി അതിന്റെ തേറ്റകൊണ്ട് തട്ടിമാറ്റി. കൈയിൽ മുറിവേറ്റതുമാത്രം മിച്ചം.

കൈ വേദനിക്കുന്നു! കൈ മുറിഞ്ഞിരിക്കുന്നു! വിശന്നു പൊരിയുന്നു!

> *"അപ്പോൾ സുബോധം വന്നിട്ട് അവൻ: എന്റെ അപ്പന്റെ എത്ര കൂലിക്കാർ ഭക്ഷണം കഴിച്ചു ശേഷി പ്പിക്കുന്നു; ഞാനോ വിശപ്പുകൊണ്ട് നശിച്ചുപോ കുന്നു. ഞാൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ ചെന്ന് അവനോട്: അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്ന പേരിനു ഞാൻ യോഗ്യനല്ല; നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കേ ണമേ എന്നു പറയും എന്നു പറഞ്ഞു."*
>
> *ലൂക്കോസ് 15 : 17 – 19*

ഇപ്പോൾ അവന്റെ സുബോധം തിരിച്ചുവന്നു. അവൻ ചിന്തിക്കുകയാണ്: എന്റെ അപ്പൻ, എന്റെ അപ്പന്റെ ഭവനം, അപ്പന്റെ കൂലിക്കാർ, അവരുടെ സമൃദ്ധി! സുബോധം വന്നാൽ ഇതെല്ലാം ചിന്തിക്കും.

സാക്ഷാത്തായ സമർപ്പണത്തിന്റെ ആദ്യപടിയാണ് സുബോധം വരിക എന്നത്. ശരിയായ സമർപ്പണത്തിലേക്കു വരണമെങ്കിൽ സുബോധം വരണം. സുബോധം വന്നാൽ അപ്പനെക്കുറിച്ചോർക്കും; അപ്പന്റെ വീടിനെക്കുറിച്ചോർക്കും; അപ്പന്റെ വേലക്കാരെക്കുറിച്ചോർക്കും. അവർ സമൃദ്ധിയിൽ കഴിയുന്നു എന്നതോർക്കും. പക്ഷേ, ഇന്നതെല്ലാം മറഞ്ഞിരി ക്കുകയാണ്, മറന്നിരിക്കുകയാണ്.

സത്യമായും ഒരു ദൈവം ജീവിക്കുന്നു എന്ന് നിങ്ങൾക്കുറ

പ്പുണ്ടോ? എന്നെ കാണുന്ന ഒരു ദൈവം ജീവിക്കുന്നു എന്ന് നിങ്ങൾക്കു ബോധ്യമുണ്ടോ?

സത്യമായും ഒരു സ്രഷ്ടാവുണ്ട്. സത്യമായും ഒരു ദൈവമുണ്ട്.

സർ ഐസക്ക് ന്യൂട്ടൻ, ഒരു ദൈവവിശ്വാസിയായിരുന്നു. 24-ാമത്തെ വയസ്സിൽ Law of Gravity കണ്ടുപിടിച്ച ഐസക്ക് ന്യൂട്ടൻ, ലോകപ്രശസ്തനായ ഒരു ശാസ്ത്രജ്ഞനായിരുന്നു. ഐസക്ക് ന്യൂട്ടൻ അപ്പനില്ലാതെ വളർന്ന മോനാണ്. അപ്പൻ ചെറുപ്പത്തിലേ മരിച്ചുപോയി. അമ്മ പുനർവിവാഹം ചെയ്തു പോയി. പിന്നെ വളർത്തിയത് അപ്പന്റെ അമ്മയാണ്.

അപ്പന്റെ അമ്മ ദൈവവിശ്വാസിയായിരുന്നു. ആ അമ്മ പറഞ്ഞുകൊടുക്കും: മോനേ, കരയേണ്ട. നിനക്ക് ഒരപ്പനുണ്ട്. നിന്റെ അപ്പൻ സ്വർഗ്ഗത്തിലാണ്. അവനെക്കൊണ്ട് പറയിപ്പിക്കും: "God is my father." "ദൈവം എന്റെ അപ്പനാണ്." അങ്ങനെ പറഞ്ഞുപറഞ്ഞ് ഈ കുഞ്ഞ് വളർന്നു. 24 വയസ്സായപ്പോഴേക്കും ലോകത്തിലെ അറിയപ്പെടുന്ന ഒരു ശാസ്ത്രജ്ഞനായി മാറി.

ജീവനുള്ള ദൈവത്തിലുള്ള വിശ്വാസം! സുബോധം വന്നാൽ അപ്പനെക്കുറിച്ചുള്ള ബോധം വരും.

Theory of Evolution എന്നുപറയുന്ന പരിണാമസിദ്ധാന്തം കണ്ടുപിടിച്ച ഡാർവിനെക്കുറിച്ച് Creation or Evolution എന്ന പുസ്തകത്തിൽ Dr. Enoch എഴുതിയ സംഭവം ഞാൻ വായിച്ചു.

ഒരവസരത്തിൽ ചാൾസ് ഡാർവിൻ തന്റെ വീടിനു മുന്നിലുള്ള ഗാർഡനിൽ നില്ക്കയായിരുന്നു. അതിന്റെ അപ്പുറത്ത് ഒരു വാടകവീടുണ്ട്. അവിടെ ഒരു പാവപ്പെട്ട സുവിശേഷകനാണ് താമസിക്കുന്നത്. രാവിലെ സുവിശേഷകൻ ബൈബിളും പിടിച്ച് ഇറങ്ങി വരുന്നത് ഡാർവിൻ കണ്ടു: "നിങ്ങൾക്ക് എന്നും ഈ യേശുവിനെക്കുറിച്ചേ പറയാനുള്ളോ? മറ്റൊന്നും പറ

യാനില്ലേ?" ഡാർവിൻ ചോദിച്ചു.

ഉടനെ സുവിശേഷകൻ പറഞ്ഞു: "സാറേ ക്ഷമിക്കണം. യേശുക്രിസ്തുവിനെക്കുറിച്ച് പറയുന്നത് എന്റെ പ്രമോദമാണ്. യേശുക്രിസ്തുവിനെക്കുറിച്ച് പറയുന്നതുകൊണ്ട് അനേകം കുടുംബങ്ങൾ രക്ഷ പ്രാപിക്കുന്നു. യേശുക്രിസ്തുവിനെക്കു റിച്ച് കേൾക്കുന്നതുകൊണ്ട് അനേകർക്ക് സമാധാനമുണ്ടായി ട്ടുണ്ട്; അനേകർക്ക് സന്തോഷം കിട്ടിയിട്ടുണ്ട്. എന്നാൽ നിങ്ങ ളുടെ പരിണാമസിദ്ധാന്തം വായിച്ചിട്ട് എത്രപേർക്ക് സമാ ധാനമുണ്ടായി? എത്രപേരുടെ സ്വഭാവം മാറി? ഒന്നറിഞ്ഞാൽ കൊള്ളാം" എന്നുപറഞ്ഞ് സുവിശേഷകൻ നടന്നുപോയി.

ഡാർവിൻ അല്പനേരം തരിച്ചു നിന്നു. ശരിയാണല്ലോ. എന്റെ Theory of Evolution–കുരങ്ങുമൂത്തു മനുഷ്യനായി – എന്നു പറഞ്ഞിട്ട് ആർക്കു ഗുണം കിട്ടി? ആർക്ക് സമാധാനം കിട്ടി? ഡാർവിൻ അകത്തുചെന്ന് അലമാരയിൽനിന്ന് ഒരു പുസ്തകമെടുത്തു. 'The Holy Bible!' അദ്ദേഹം Bible തുറ ന്നപ്പോൾ എബ്രായ ലേഖനം ഒമ്പതാം അദ്ധ്യായമാണ് കണ്ടത്. "രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനം ഇല്ല" എന്ന വാക്യം ഡാർവിൻ വായിച്ചു. ആ വചനത്തെ ആസ്പദമാക്കി Mrs. ലേഡി ഹോപ്പ് എന്ന വനിതയെ വരുത്തി സുവിശേഷപ്രസംഗം കേട്ടു. യേശുക്രിസ്തുവിന്റെ രക്തത്താലുള്ള വീണ്ടെടുപ്പനുഭ വിച്ചു.

സുബോധം വന്നാൽ അപ്പന്റെ വീടിനെക്കുറിച്ച് ഓർക്കും. നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ അപ്പനെക്കുറിച്ച് ഓർക്കാ റുണ്ടോ? ദൈവത്തിന് ഒന്നാംസ്ഥാനം കൊടുക്കാറുണ്ടോ? വേദപുസ്തകം തുടങ്ങുന്നതിങ്ങനെയാണ്: In the beginning God! ആദിയിൽ ദൈവം!

ദിവസത്തിന്റെ ആരംഭത്തിൽ ദൈവത്തെ ഓർക്കാറുണ്ടോ? ഓരോ ജോലിയുടെയും ആരംഭത്തിൽ ദൈവത്തെ ഓർക്കാറു

ണ്ടോ? ദൈവത്തെ മുൻനിറുത്തിയാൽ നിങ്ങൾക്ക് ജയമാണ്. അത് സുബോധത്തിന്റെ ലക്ഷണമാണ്. നിങ്ങൾ ദൈവബോധ മുള്ളവരായിത്തീരുക. സത്യമായും ഒരു ദൈവം ജീവിക്കുന്നു. ആ ദൈവം നിങ്ങളെ സ്നേഹിക്കുന്നു. ദൈവം നിങ്ങളോട് സംസാരിക്കുന്നത് ഈ ബൈബിളിൽക്കൂടി നിങ്ങൾക്ക് കേൾക്കാം. വേദപുസ്തകം വായിക്കുക.

നിങ്ങളുടെ മനസ്സുപതറുമ്പോൾ നിങ്ങൾ ദൈവത്തെ വിളിക്കൂ. നിങ്ങളുടെ ഹൃദയം ദുഃഖിതമാകുമ്പോൾ നിങ്ങൾ ദൈവത്തെ വിളിക്കൂ. സുബോധത്തോടെ ദൈവത്തെ വിളിച്ച് നിങ്ങളെ ദൈവകരങ്ങളിലേക്ക് ഏല്പിക്കൂ.

നമ്മെ പാപത്തിൽനിന്നു മോചിപ്പിക്കാനായി യേശു തന്റെ കുറ്റമില്ലാത്ത രക്തം ചിന്തി. “യേശുക്രിസ്തുവിന്റെ തിരു രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു.”

## രണ്ട്

*"അപ്പോൾ സുബോധം വന്നിട്ട് അവൻ: എന്റെ അപ്പന്റെ എത്ര കൂലിക്കാർ ഭക്ഷണം കഴിച്ചു ശേഷിപ്പിക്കുന്നു; ഞാനോ വിശപ്പുകൊണ്ട് നശിച്ചുപോകുന്നു. ഞാൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ ചെന്ന് അവനോട്: അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്ന പേരിനു ഞാൻ യോഗ്യനല്ല; നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കേണമേ എന്നു പറയും എന്നു പറഞ്ഞു. അങ്ങനെ അവൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ പോയി. ദൂരത്തുനിന്നു തന്നേ അപ്പൻ അവനെ കണ്ടു മനസ്സലിഞ്ഞു ഓടിച്ചെന്നു അവന്റെ കഴുത്തു കെട്ടിപ്പിടിച്ചു അവനെ ചുംബിച്ചു. മകൻ അവനോട്: അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു; ഇനി നിന്റെ മകൻ എന്നു വിളിക്കപ്പെടുവാൻ യോഗ്യനല്ല എന്നു പറഞ്ഞു. അപ്പൻ തന്റെ ദാസന്മാരോട്: വേഗം മേല്ത്തരമായ അങ്കി കൊണ്ടുവന്ന് ഇവനെ ധരിപ്പിപ്പിൻ; ഇവന്റെ കൈക്കു മോതിരവും കാലിനു ചെരിപ്പും ഇടുവിപ്പിൻ. തടിപ്പിച്ച കാളക്കുട്ടിയെ കൊണ്ടുവന്ന് അറുപ്പിൻ; നാം തിന്ന് ആനന്ദിക്ക. ഈ എന്റെ മകൻ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു; കാണാതെ പോയിരുന്നു; കണ്ടുകിട്ടിയിരിക്കുന്നു എന്നു പറഞ്ഞു; അങ്ങനെ അവർ ആനന്ദിച്ചു തുടങ്ങി."*

*ലൂക്കോസ് 15 : 17 – 24*

സമർപ്പണം എന്നുള്ളതാണ് നമ്മുടെ ചിന്താവിഷയം. അവർ ആനന്ദിച്ചു തുടങ്ങി. സന്തോഷവും ആനന്ദവും സമർപ്പണംമൂലം ഉണ്ടാകും. ജീവിതം ഒരിക്കലായി ക്രിസ്തുവിന്റെ പാദത്തിൽ സമർപ്പിക്കുക. ജീവിതത്തിൽ എന്നും നമുക്കു തിരുത്താനുണ്ട്. നമ്മുടെ ആളത്വം ഇനിയും രൂപാന്തരം പ്രാപിക്കാനുണ്ട്. ദൈവം സ്നേഹമാണ്. ആ സ്നേഹവാനായ ദൈവം എന്റെ ബലഹീനത അറിയുന്നു. ഞാൻ ഒറ്റയ്ക്കാണ് എന്നു തോന്നുമ്പോഴും അവൻ എന്റെ കൂടെയുണ്ട്. ഈ ഉറപ്പാണ് ക്രിസ്തീയജീവിതത്തിന്റെ കാതൽ.

നഷ്ടപ്പെട്ടത് തിരികെ തരുന്ന ഒരു ദൈവമുണ്ട്. നഷ്ടപ്പെട്ടത് തിരികെ കിട്ടാൻ ഒരു സാധ്യതയുണ്ട്. വിശുദ്ധി നഷ്ടപ്പെട്ടിട്ടുണ്ടോ? നിങ്ങളുടെ ജീവിതത്തിലുണ്ടായിരുന്ന തീരുമാനങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടോ? നിങ്ങളുടെ ജീവിതത്തിലുണ്ടായിരുന്ന പ്രതിഷ്ഠകൾ നഷ്ടപ്പെട്ടിട്ടുണ്ടോ? നിങ്ങൾക്ക് ഏറ്റവും വിലപ്പെട്ടത് എന്തെങ്കിലും നഷ്ടപ്പെട്ടിട്ടുണ്ടോ? നഷ്ടങ്ങളെല്ലാം ലാഭമാക്കിത്തരുന്ന യേശു ജീവിക്കുന്നു. യേശുക്രിസ്തു നിങ്ങളുടെ ആളത്വം അറിയുന്നു. യേശുക്രിസ്തു നിങ്ങളുടെ സാഹചര്യമറിയുന്നു. യേശുക്രിസ്തു നിങ്ങളുടെ ആളത്വത്തെ രൂപാന്തരപ്പെടുത്താൻ ശക്തനായി ജീവിക്കുന്നു. യേശുക്രിസ്തു നിങ്ങളുടെ ബലഹീനതകളിൽ സഹതാപമുള്ളവനാണ്. അവൻ നിങ്ങളുടെ പ്രകൃതി അറിയുന്നു. ലൂക്കോസിന്റെ സുവിശേഷം 15-ാം അദ്ധ്യായത്തിലെ മൂന്ന് ഉപമകളിലും നഷ്ടമാണ് വിഷയം. നഷ്ടം വന്നു. പക്ഷേ, കണ്ടെത്തി, നഷ്ടം നികന്നുകിട്ടി.

1. Lost - നഷ്ടപ്പെട്ടു.
2. Found - കണ്ടുകിട്ടി.
3. Rejoice - സന്തോഷിക്കുന്നു.

ആത്മീയജീവിതത്തിന്റെ ആകെത്തുക മുഴുവനും ഇതിനകത്തുണ്ട്. Lost - മനുഷ്യജാതി ദൈവത്തിന് നഷ്ടപ്പെട്ടുപോ

യിരുന്നു. ദൈവത്തിന്റെ മോഹനസൃഷ്ടിയായ മനുഷ്യൻ ഏദെൻതോട്ടത്തിൽ ദുഷ്ടനായ സാത്താന്റെ പ്രലോഭന ത്തിനടിമപ്പെട്ട് വീണുപോയി. ഒന്നാം മനുഷ്യനായ ആദാം, ദൈവത്തിന്റെ കല്പനയെ ലംഘിച്ച് പിശാചിന്റെ ആലോച നയ്ക്ക് വഴിപ്പെട്ട്, ദൈവത്തിന്റെ കല്പനയെ തള്ളിക്കളഞ്ഞ്, പിശാചിന്റെ വചനത്തെ സ്വീകരിച്ച് നഷ്ടപ്പെട്ടുപോയി.

ഏദെൻതോട്ടത്തിന്റെ സൗഭാഗ്യം, ഏദെൻതോട്ടത്തിലെ ദൈവികസംസർഗ്ഗം നഷ്ടപ്പെട്ടു. ഏദെൻതോട്ടത്തിന്റെ സൗഖ്യം നഷ്ടപ്പെട്ടു. ഏദെൻതോട്ടത്തിന്റെ കുളിർമയുള്ള നനവുള്ള മണ്ണും വളക്കൂറുള്ള സ്ഥലവും നഷ്ടപ്പെട്ടു. ഏദെൻ തോട്ടത്തിലെ സൗഭാഗ്യങ്ങൾ നഷ്ടപ്പെട്ടു. ഏദെൻതോട്ട ത്തിലെ തരുനിരകൾ നഷ്ടപ്പെട്ടു. ഏദെൻതോട്ടത്തിന്റെ എല്ലാ സന്തോഷവും നഷ്ടപ്പെട്ടു.

ആദിമമനുഷ്യൻ ഏദെൻതോട്ടത്തിൽനിന്ന് കരഞ്ഞു കൊണ്ട് ഇറങ്ങിപ്പോയി. ദൈവത്തിന് മനുഷ്യൻ നഷ്ടപ്പെട്ടു. ആദാം ഏദെൻതോട്ടത്തിൽനിന്ന് സങ്കടത്തോടെ ഇറങ്ങിപ്പോയി. ദൈവം വേദനയോടെ നോക്കിനിന്നു. മനുഷ്യൻ ഇറങ്ങിപ്പോ കുന്നതിൽ ദൈവത്തിന് ദുഃഖമുണ്ട്. പക്ഷേ, ദൈവം നീതിമാ നാണ്.

നീതിമാനായ ദൈവത്തിന് തന്റെ നിയമം മാറ്റാൻ ഒക്കു കയില്ല. നീതിമാനായ ദൈവം പറഞ്ഞു: “ഈ വൃക്ഷഫലം തിന്നാൽ മരിക്കും, തിന്നുന്ന നാളിൽ മരിക്കും.” ഇത് ദൈവ ത്തിന്റെ മാറ്റമില്ലാത്ത വചനമാണ്. അത് മനുഷ്യന്റെ നന്മയ്ക്കു വേണ്ടിയുള്ള വചനമാണ്. മനുഷ്യന്റെ ജീവിതത്തെ സുരക്ഷി തമാക്കാനുള്ള ദൈവത്തിന്റെ നിയമമാണ്. എന്നാൽ ആ നിയമം മനുഷ്യൻ ലംഘിച്ചു. കാരണം, ദൈവത്തിന്റെ വചനം നിൽക്കുമ്പോൾ തന്നെ അതിനു സമാന്തരമായിട്ട് പിശാചിന്റെ വചനം വന്നു. ദൈവത്തിന്റെ വചനം പറഞ്ഞു: തിന്നാൽ മരിക്കും. പിശാചിന്റെ വചനം പറയുന്നു: തിന്നാൽ ജീവിക്കും. ദൈവ ത്തിന്റെ വചനം പറഞ്ഞു: തിന്നുന്ന നാളിൽ മരിക്കും. പിശാ

ചിന്റെ വചനം പറയുന്നു: തിന്നാൽ ദൈവത്തെപ്പോലെയാകും.

ദൈവത്തിന്റെ വചനത്തിനു വിരുദ്ധമായി പിശാചിന്റെ വചനം വരികയാണ്. രണ്ടും വചനമാണ്. അനേകരിന്ന് പലതരം വചനങ്ങളുടെ പിന്നാലെ ഓടുന്നു. കെട്ടുകഥകളുടെ പിന്നാലെ ഓടുന്നു. കൊള്ളരുതായ്മകളുടെ പിന്നാലെ ഓടുന്നു. മനുഷ്യനിന്ന് ഭയമില്ല.

വചനം പറയുന്ന നാവ് എങ്ങനെയുള്ളത് എന്ന് ആരും ചിന്തിക്കുന്നില്ല. വചനം പറയുന്ന ജീവിതം എങ്ങനെയുള്ളത് എന്ന് ആരും ചിന്തിക്കുന്നില്ല, അറിയുന്നില്ല. ആളുകൾ പലതിന്റേയും പിന്നാലെ ഓടുകയാണ്.

അത്ഭുതങ്ങൾ കണ്ട്, രോഗശാന്തി കണ്ട് ഓടുകയാണ്. അതിശയങ്ങളുടെയും അടയാളങ്ങളുടെയും പിന്നാലെ ഓടുകയാണ്. പാവപ്പെട്ട മനുഷ്യൻ, ഏതാണ് ശരി ഏതാണ് തെറ്റ് എന്നറിയാതെ, എന്തുകണ്ടാലും പിന്നാലെ ഓടുന്നു. അവന് രക്ഷ വേണം, സമാധാനം വേണം, സ്വസ്ഥത വേണം. എവിടെ കിട്ടും സമാധാനം?

"പട്ടണത്തിലേക്കു പോകുന്ന വഴി അറിയാത്ത മൂഢന്മാർ തങ്ങളുടെ പ്രയത്നങ്ങളാൽ ക്ഷീണിച്ചുപോകുന്നു" (സഭാപ്രസംഗി 10 : 15). പട്ടണത്തിൽ എത്തണമെന്നുണ്ട് പക്ഷേ, പട്ടണത്തിലേക്കു പോകുന്ന വഴി അറിഞ്ഞുകൂടാ. ഒരു സമാധാനം വേണമെന്നാഗ്രഹമുണ്ട്. എവിടെയെങ്കിലും ഒരു നല്ല കാര്യമുണ്ട് എന്നു കേട്ടാൽ മനുഷ്യർ അങ്ങോട്ട് ഓടുകയാണ്. എന്നാൽ ചതിക്കുഴിയിൽ ആകുന്നത് ആരും അറിയുന്നില്ല.

സത്യത്തിൽ നിന്നു വ്യതിചലിച്ച് തെറ്റായ പന്ഥാവിലൂടെ നയിക്കുന്നത് പലരും തിരിച്ചറിയുന്നില്ല. ഏദെൻതോട്ടത്തിൽ മനുഷ്യനെ വഞ്ചിച്ച പിശാച് തന്ത്രപൂർവ്വം ചില വചനങ്ങൾ പറഞ്ഞ് ആളുകളെ കുരുക്കിലാക്കുന്നുണ്ട്.

ഏദെൻതോട്ടത്തിൽനിന്ന് മനുഷ്യൻ സങ്കടത്തോടെ ഇറങ്ങിപ്പോയി. ദൈവം അതിദുഃഖത്തോടെ, അതിവേദനയോടെ

നോക്കിനിന്നു. അന്നുമുതൽ ഇന്നുവരെ മനുഷ്യൻ നഷ്ട ത്തിനു മുന്നിൽ സങ്കടത്തോടെ ഏങ്ങലടിക്കുന്ന കാഴ്ചയാണ് ചരിത്രത്തിലുടനീളം കാണാൻ സാധിക്കുന്നത്. ഏദെൻതോട്ട ത്തിൽ തുടങ്ങിയ സങ്കടത്തിന്റെ പരിസ്ഫുരണം തലമുറകളി ലൂടെ പകർന്നുപകർന്ന് ഇന്നത്തെ വ്യവസ്ഥിതിയിലേക്ക് കടന്നു കയറിയിരിക്കുകയാണ്.

നിങ്ങളുടെ ജീവിതത്തിൽ നഷ്ടങ്ങൾ എത്രകണ്ടു സംഭ വിച്ചിട്ടുണ്ട്? Lost ആണ്. എന്നാൽ അത് കണ്ടുകിട്ടിയിരിക്കുന്നു – found out. ആദാം ഏദെൻതോട്ടത്തിലേക്ക്, ദൈവസാന്നിദ്ധ്യ ത്തിലേക്ക് തിരികെ വരികയാണ്. ദൈവത്തിന്റെ തേജസ്സ് നഷ്ടപ്പെട്ട മനുഷ്യന് തേജസ്സ് തിരികെ തരാൻ ദൈവം തന്റെ സ്വന്തം തേജസ്സ് ഉരിഞ്ഞുകളഞ്ഞു. അതാണ് ക്രിസ്തുവിന്റെ ക്രൂശീകരണം!

സ്വന്തം നിലയും വിലയും മാനവും മഹത്വവും എല്ലാം ഉപേക്ഷിച്ച് ഹീനമനുഷ്യന്റെ വേഷം ധരിച്ച് യേശു, ഈ ഭൂമി യിലേക്ക് തിരുഅവതാരം ചെയ്തു; ഹീനമനുജനനം എടുത്തു. ഒരു മനുഷ്യനെപ്പോലെ ഈ ഭൂമിയിൽ ജീവിച്ചു.

മനുഷ്യനെപ്പോലെ ഊണുകഴിച്ചു, ഉറങ്ങി, സഞ്ചരിച്ചു, വിശ്രമിച്ചു. മനുഷ്യനെപ്പോലെ എല്ലാരംഗങ്ങളിലും ഓടിനടന്ന് പാവപ്പെട്ടവന്റെ വേദനകൾ ഒപ്പിയെടുത്തു. നിത്യനായ ദൈവം ചരിത്രത്തിന്റെ നെറുകയിലേക്കിറങ്ങിവന്ന് ക്രൂശിന്മേൽ മരിച്ചു. അങ്ങനെ മനുഷ്യന് നഷ്ടപ്പെട്ടുപോയ ദൈവിക സ്വരൂപം തിരികെ തന്നു.

അതാണ് പിതാക്കന്മാർ പാടുന്നത്. ആദാം മരിച്ച് പാതാള ത്തിൽ നിദ്രകൊള്ളുകയാണ്. ക്രൂശിക്കപ്പെട്ടതിനുശേഷം യേശു, പാതാളത്തിലേക്ക് ഇറങ്ങിച്ചെന്നു. മൃതരുടെ ഇടയിൽ യേശു ക്രിസ്തു ആദാമിനെ അന്വേഷിക്കുകയാണ്. പാപത്തിന്റെ ശമ്പളമായ മരണം വാണ് മനുഷ്യൻ അവിടെ കിടക്കുന്നു. കർത്താവ് ആദാമിനെ തിരക്കി അടുക്കൽ ചെന്നു. ആദാമിനെ

തട്ടി ഉണർത്തി. ആദാമേ, നീ ദുഃഖിക്കേണ്ട. ഞാൻ നിന്നെ ഉദ്ധരിക്കാനും ഉണർത്താനും ഉയർത്താനും നിന്നെ ഉറപ്പിക്കാനും വന്നിരിക്കുകയാണ്.

നീ കുറ്റം ചെയ്തതിന് ഞാൻ അടിയേറ്റിട്ടുണ്ട്. നീ ഏദെൻതോട്ടത്തിലെ വിലക്കപ്പെട്ട കനി തിന്നതിനു പകരമായി ഞാൻ കയ്പ്പുകാടി കുടിച്ചിട്ടുണ്ട്. നീ ഏല്ക്കേണ്ട നിന്ദ ഞാൻ ഇതാ വഹിച്ചിരിക്കുന്നു. നീ ചെയ്ത പാപത്തിന്റെ ശിക്ഷയെല്ലാം ഞാൻ ഏറ്റുവാങ്ങിയിരിക്കുന്നു. മകനേ, നീ സ്വതന്ത്രനായിക്കൊള്ളുക. ബദ്ധനായ നിന്നെ ഞാൻ ഇതാ, പിടിച്ച് ഉയരത്തിലേക്ക് കരേറ്റുകയാണ്. ബന്ധിക്കപ്പെട്ടുകിടക്കുന്ന നിന്നെ കെട്ടഴിച്ച് ഞാൻ ഉയർത്തുകയാണ്.

നാഥൻ മൃതരിടയിലുറപ്പി-ച്ചാദത്തെ
ഖേദിക്കേണ്ടാ നിൻപാപ-ത്തെയോർ-ത്തിനിയും നീ
നീ കുറ്റം ചെയ്തതിനല്ലോ ഞാൻ കൊണ്ടടികൾ
ഏദൻകനി നീ തിന്നതിനാൽ കയ്പ്പും- കുടിച്ചേൻ ഞാൻ
നഗ്നതയാൽ - നീ ഇലകൾ ചാർത്തി
നഗ്നതയോടെന്നെയവർ തൂക്കി
ഞാൻ ചിന്തിയ രക്തത്താൽ പോയ്-കോപം താതന്റെ

നഷ്ടപ്പെട്ടുപോയ ആദാമിന് ദൈവികസ്വരൂപം തിരികെ കൊടുത്ത്, ദൈവികസാദൃശ്യം തിരികെ കൊടുത്ത് അവനെ സ്വർഗ്ഗമണ്ഡലത്തിലേക്ക് ഉയർത്തുവാൻ സ്വർഗ്ഗത്തിലെ ദൈവം ഭൂമിയിലേക്ക് മനുഷ്യനായി അവതരിച്ചു. മൂന്നാണികളിൽ തൂങ്ങിമരിച്ചു. ഈ ഒരു മഹാത്ഭുതമാണ് ക്രിസ്തീയജീവിതത്തിന്റെ മർമ്മം. ക്രൂശിലെ ധന്യമായ മരണം! അനുഗൃഹീതമായ സ്വർഗ്ഗീയ സ്നേഹത്തിന്റെ വ്യക്തമായ പ്രതിബിംബനമാകുന്ന മരണം! അതാണ് നമ്മെ ഇന്ന് ജീവിപ്പിച്ച് നിർത്തിയിരിക്കുന്നത്.

യേശു, നഷ്ടപ്പെട്ടതിനെ തിരികെ കൊണ്ടുവരാൻ സ്വന്തം കൂടാരം വിട്ട് ലോകത്തേക്ക് ഇറങ്ങിവന്നു. നഷ്ടപ്പെട്ട മനു

ഷ്യരെ തേടി ലോകത്തുകൂടെ അലഞ്ഞു. യേശു മനുഷ്യനെ കൂട്ടിക്കൊണ്ട് സ്വർഗ്ഗത്തിലേക്ക് കയറിപ്പോയി.

രണ്ടു മക്കൾ! ഇളയമകൻ പറഞ്ഞു: വസ്തുവിൽ എനിക്കു വരേണ്ടുന്ന പങ്ക് എനിക്കു തരേണമേ. എന്നാൽ അവനു സുബോധം വന്നു. ഇപ്പോൾ അവൻ പറയുന്നത്: "എന്നെ ആക്കേണമേ" എന്നാണ്.

> *"ഇളയവൻ അപ്പനോട്: അപ്പാ, വസ്തുവിൽ എനിക്കുവരേണ്ടുന്ന പങ്ക് തരേണമേ എന്നു പറഞ്ഞു."*
>
> *ലൂക്കോസ് 15 : 12*

> *"അപ്പോൾ സുബോധം വന്നിട്ട് അവൻ: എന്റെ അപ്പന്റെ എത്ര കൂലിക്കാർ ഭക്ഷണം കഴിച്ചു ശേഷിപ്പിക്കുന്നു; ഞാനോ വിശപ്പുകൊണ്ട് നശിച്ചുപോകുന്നു. ഞാൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ ചെന്ന് അവനോട്: അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്ന പേരിനു ഞാൻ യോഗ്യനല്ല; നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കേണമേ എന്നു പറയും എന്നു പറഞ്ഞു."*
>
> *ലൂക്കോസ് 15 : 17 - 19*

സുബോധം നഷ്ടപ്പെട്ടപ്പോൾ demanding ആണ്. സുബോധം നഷ്ടപ്പെട്ടപ്പോൾ എനിക്കു വരേണ്ടുന്ന പങ്ക് തരണമേ എന്നാണ്; എനിക്കവകാശപ്പെട്ടതു തരണമെന്നാണ്. പിടിച്ചു വാങ്ങുകയാണ്.

അപ്പന്റെ വീട്ടിൽനിന്ന് പോയതിനുശേഷം അവന്റെ സുബോധം നഷ്ടപ്പെട്ടു. അവന്റെ ആരോഗ്യം നഷ്ടപ്പെട്ടു. അവന്റെ ആഭിജാത്യം നഷ്ടപ്പെട്ടു. അവന്റെ സൗന്ദര്യം നഷ്ടപ്പെട്ടു. അവന്റെ പണം നഷ്ടപ്പെട്ടു. അവനുള്ളതെല്ലാം നഷ്ടപ്പെട്ടു.

സ്വർഗ്ഗത്തിലെ അപ്പൻ ദാനമായി തന്ന സ്നേഹം, ഒരു

നല്ല ഹൃദയം, വിശുദ്ധിയുടെ തീക്ഷ്ണത, ഇതെല്ലാം നഷ്ടപ്പെടുത്തിയിട്ടാണോ നിങ്ങളിരിക്കുന്നത് എന്ന് ചിന്തിച്ചുനോക്കൂ.

സുബോധം നഷ്ടപ്പെട്ടു! ആരംഭം അതാണ്. മദ്യത്തിന്റെ പിറകെ ഓടുന്ന മനുഷ്യൻ സുബോധം നഷ്ടപ്പെട്ടാണ് ഓടുന്നത്. കഞ്ചാവിന്റെ പിറകെ പായുന്ന മനുഷ്യൻ സുബോധം നഷ്ടപ്പെട്ടാണു പായുന്നത്. യൗവ്വനക്കാരാ, നീ ഇന്ന് സുബോധമില്ലാതെ ജീവിക്കുകയാണ്. നിന്റെ ജീവിതം നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാം ചെലവഴിച്ച് ദുർന്നടപ്പുകാരനായി ജീവിക്കുന്നു. ഇന്നു നിനക്കു മുട്ടുവരികയാണ്. ഇന്ന് സുബോധം കിട്ടാതെ നീ വലയുകയാണ്. സമാധാനമില്ലാതെ അഴലുകയാണ്.

ദേശത്ത് ക്ഷാമം വന്നു, അവനുള്ളതെല്ലാം തീർന്നു. അന്യദേശത്തിലെ പൗരനെ ചെന്ന് ആശ്രയിച്ചു. അത് പിശാചിന്റെ ദേശമാണ്. ആയാറിൽ പതിയിരിക്കുന്ന ദുഷ്ടാത്മസേനയുടെ ദേശം! അവൻ അന്യദേശത്തെ പൗരന്റെ പന്നിയെ മേയ്ക്കാൻ പോയി. പന്നി തിന്നുന്ന വാളവര തിന്നാൻ അവൻ ആഗ്രഹിച്ചു, കിട്ടിയില്ല. വിശപ്പു പെരുകി; എല്ലാം തീർന്നു; അപ്പോൾ അവന് സുബോധം വന്നു.

വാളവര കിട്ടാതിരുന്നത് നന്നായി. ചില ആഗ്രഹങ്ങൾ സാധിക്കാത്തത് നല്ലതാണ്. തെറ്റല്ല എന്നു തോന്നുന്ന ചില ആഗ്രഹങ്ങൾപോലും സാധിച്ചു കിട്ടാത്തതു നന്നായി എന്നു തോന്നുന്ന കാലം വരുന്നു.

> *"പന്നി തിന്നുന്ന വാളവരകൊണ്ടു വയറു നിറപ്പാൻ അവൻ ആഗ്രഹിച്ചു, എങ്കിലും ആരും അവന്നു കൊടുത്തില്ല. അപ്പോൾ സുബോധം വന്നിട്ട് അവൻ:"* *ലൂക്കോസ് 15 : 16*

ആരും അവന് കൊടുത്തില്ല. പലരും നിങ്ങളെ നിഷേധിച്ചു. പല വഴികളിലൂടെ അലഞ്ഞുനോക്കി. ഒന്നും കിട്ടിയില്ല. ഒരു കരേറ്റം കിട്ടാൻ എന്താണു വഴി? ബിസിനസ്സ് ചെയ്തു

നോക്കി, പരാജയം. ബിസിനസ്സ് മാറിച്ചെയ്തു നോക്കി, പരാജയം. എന്റെകൂടെ ഉണ്ടായിരുന്ന എത്രയോപേർ കരേറിപ്പോയി! എത്രയോപേർ ഇന്ന് ലക്ഷപ്രഭുക്കളായി! എത്രയോപേർ കോടീശ്വരന്മാരായി! ഞാൻ എന്താ താണുകിടക്കുന്നത്? എനിയ്ക്കെന്താ ഒരു സ്വസ്ഥത കിട്ടാത്തത്? എന്റെ കുടുംബത്തിന് എന്താ ഒരു കരേറ്റം കിട്ടാത്തത്?

നല്ലതാണ്, നന്നായി. നീട്ടിയ കൈകൾ പിൻവലിക്കേണ്ടി വന്നു. മുട്ടിയ വാതിലുകൾ അടഞ്ഞുകിടന്നു. വഴികളെല്ലാം അടഞ്ഞുപോയി. ആരും അവനു കൊടുത്തില്ല. അപ്പോൾ സുബോധം വന്നു.

ഭാഗ്യം! സുബോധം കിട്ടാതെ, സുബോധം ഉണ്ടാകാതെ സത്യസമർപ്പണത്തിലേക്കു വരികയില്ല. നീ സമർപ്പിക്കൂ.

കർത്താവേ, ഞാൻ തോൽവിയടഞ്ഞവനായി നിന്റെ മുമ്പിൽ വന്നിരിക്കുന്നു. എന്റെ മുമ്പിൽ എല്ലാ വാതിലുകളും അടഞ്ഞിരിക്കുന്നു. ഞാൻ പരാജയപ്പെട്ടവളായി വന്നിരിക്കുന്നു. എന്റെ നാഥാ! സുബോധത്തിന്റെ ആത്മാവ് ഇപ്പോൾ എന്നെ തൊടണമേ. സുബോധത്തിന്റെ ആത്മാവ് എന്റെ ഉള്ളത്തിലേക്കു പകരണമേ.

സുബോധത്തിന്റെ ആത്മാവ് എന്റെ ഉള്ളത്തിലൂടെ ചലിക്കണമേ. സുബോധത്തിന്റെ ആത്മാവ് എന്റെമേൽ പൊരുന്നി ആവസിക്കണമേ. സുബോധത്തിന്റെ ആത്മാവ് എന്നെ സത്യപ്രകാശത്തിൽ നടത്തണമേ. സുബോധത്തിന്റെ ആത്മാവ് എനിക്കു വെളിവു നൽകണമേ.

സുബോധത്തിന്റെ ആത്മാവിനുവേണ്ടി യാചിപ്പിൻ, എന്നാൽ നിങ്ങൾക്കു കിട്ടും. സുബോധത്തിന്റെ ആത്മാവിനുവേണ്ടി മുട്ടുവിൻ, എന്നാൽ നിങ്ങൾക്ക് തുറക്കും. ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ "സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം

കൊടുക്കും!" ലൂക്കോസ് 11 : 13

പരിശുദ്ധാത്മാവിനെ തരാമെന്നാണു പറഞ്ഞത്. സുബോധത്തിന്റെ ആത്മാവിനെ നിന്റെമേൽ ഊതാമെന്നാണു പറയുന്നത്. പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ എന്നാണ് അവൻ കല്പിക്കുന്നത്. യേശുവിന്റെ സ്വർഗ്ഗീയമായ ശ്വാസം ഇപ്പോൾ നിങ്ങളുടെമേൽ ഊതട്ടെ.

പരിശുദ്ധാത്മാവ് സുബോധത്തിന്റെ ആത്മാവാണ്. പരിശുദ്ധാത്മാവ് വെളിവിന്റെ ആത്മാവാണ്. പരിശുദ്ധാത്മാവ് സ്നേഹത്തിന്റെ ആത്മാവാണ്. പരിശുദ്ധാത്മാവ് വെളിച്ചം തരുന്ന ആത്മാവാണ്. പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ ഊതുന്ന ആത്മാവാണ്.

അവനു സുബോധം വന്നു!

*"അപ്പോൾ സുബോധം വന്നിട്ട് അവൻ: എന്റെ അപ്പന്റെ എത്ര കൂലിക്കാർ ഭക്ഷണം കഴിച്ചു ശേഷിപ്പിക്കുന്നു; ഞാനോ വിശപ്പുകൊണ്ട് നശിച്ചുപോകുന്നു. ഞാൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ ചെന്ന് അവനോട്: അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്ന പേരിനു ഞാൻ യോഗ്യനല്ല; നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കേണമേ എന്നു പറയും എന്നു പറഞ്ഞു.*

*ലൂക്കോസ് 15 : 17 – 19*

"എന്നെ ആക്കേണമേ" എന്നാണ് പറയുന്നത്. തന്നാൽ പോരാ, എന്നെ അങ്ങനെ ആക്കണം. അപ്പൻ എനിക്ക് എന്തെങ്കിലും ദാനം തന്നാൽ പോരാ, അപ്പന്റെ ഭവനത്തിലെ ഒരാളായി സ്വീകരിക്കണം. സുബോധം വന്നപ്പോൾ, അവൻ ഓർത്തു:

1. എന്റെ അപ്പൻ.

2. എന്റെ അപ്പന്റെ കൂലിക്കാർ.
3. എന്റെ അപ്പന്റെ ഭവനം.
4. അപ്പന്റെ കൂലിക്കാർ തിന്ന് ശേഷിപ്പിക്കുന്ന സമൃദ്ധി.
5. ഞാനോ വിശപ്പുകൊണ്ട് നശിച്ചുപോകുന്നു-സ്വന്തം അവസ്ഥ
6. ഞാൻ എഴുന്നേൽക്കും.
7. അപ്പന്റെ അടുക്കൽ ചെല്ലും.

ദൈവത്തേയും ദൈവജനത്തേയും കുറിച്ചുള്ള ബോധം വരുന്നതാണ് സുബോധത്തിന്റെ ലക്ഷണം. സുബോധം ലഭിക്കുമ്പോൾ നിങ്ങൾ പറയും: കർത്താവേ, ഞാൻ സുബോധമില്ലാത്തവനായി ജീവിച്ചു. അതുകൊണ്ടാണ് വഴക്കടിച്ചത്. അതുകൊണ്ടാണ് കോപിച്ചത്. അതുകൊണ്ടാണ് പ്രാകിയത്. അതുകൊണ്ടാണ് ശപിച്ചത്. അതുകൊണ്ടാണ് സ്വാർത്ഥതയോടെ ചിന്തിച്ചത്. കർത്താവേ, സുബോധം തരണമേ. നിന്റെ പരിശുദ്ധാത്മാവിനെ തരണമേ. പരിശുദ്ധാത്മാവിനെ എന്റെമേൽ ഊതണമേ. വന്നുപോയ പാപങ്ങൾ എല്ലാം ക്ഷമിച്ച് നിന്റെ തിരുരക്തത്താൽ എന്നെ കഴുകണമേ. യേശുവേ, ഇന്നുമുതൽ ഞാൻ സുബോധമുള്ളവനായി ജീവിക്കും.

# മൂന്ന്

*"തടിപ്പിച്ച കാളക്കുട്ടിയെ കൊണ്ടുവന്ന് അറുപ്പിൻ; നാം തിന്ന് ആനന്ദിക്ക. ഈ എന്റെ മകൻ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു; കാണാതെ പോയിരുന്നു; കണ്ടുകിട്ടിയിരിക്കുന്നു എന്നു പറഞ്ഞു; അങ്ങനെ അവർ ആനന്ദിച്ചു തുടങ്ങി."*

*ലൂക്കോസ് 15 : 23, 24*

സമർപ്പണം ശരിയാണെങ്കിൽ ആനന്ദം തുടങ്ങും. ജീവിതം നിത്യനായ ദൈവത്തിന്റെ പാദപീഠത്തിങ്കൽ ശരിയായി അർപ്പിക്കുമെങ്കിൽ നമ്മുടെ ഹൃദയത്തിന്റെ ആകുലങ്ങൾ മാറും. ഹൃദയത്തിന്റെ ഭാരങ്ങൾ മാറും. മനസ്സിന്റെ അങ്കലാപ്പുകൾ മാറും. ജീവിതത്തിൽ സ്വസ്ഥതയും സമാധാനവും കൈവരും.

"അങ്ങനെ അവർ ആനന്ദിച്ചുതുടങ്ങി." ഒരു വീട്ടിൽ ആനന്ദം തുടങ്ങി; ആ വീട് ഒരു അനുഗൃഹീതമായ, ധന്യമായ ഭവനമാണ്. നല്ല ആഭിജാത്യമുള്ള ഭവനമാണ്. ആ ഭവനത്തിൽ അപ്പന്റെ രണ്ടു മക്കളിൽ ഒരു മകൻ വീടുവിട്ടു പോയിരുന്നു. ഏതാനും നാളുകൾക്കകം അവനുണ്ടായിരുന്നതെല്ലാം നശിപ്പിച്ചു.

Lost, found, Rejoice. നഷ്ടപ്പെടുത്തി, കണ്ടെത്തി, സന്തോഷിച്ചു.

എല്ലാം നഷ്ടപ്പെടുത്തിയകാലം അവന്റെ ജീവിതത്തിന്റെ സുബോധമില്ലാത്ത കാലമായിരുന്നു. നമ്മിൽ പലർക്കും സുബോധം നഷ്ടപ്പെട്ടതുപോലെയാണ്. കുടുംബങ്ങളിൽ സമാധാനമില്ല, ഹൃദയത്തിൽ സന്തോഷമില്ല. പരസ്പരം

ഐക്യമില്ല. പരസ്പരം സ്നേഹമില്ല. ഭർത്താവും ഭാര്യയും ഒരുമനസ്സില്ല. രണ്ടു ചിന്താഗതികളിലാണ്. രണ്ട് അഭിപ്രായങ്ങളിലാണ്. അതുകൊണ്ട് എന്നും പിണക്കമാണ്.

നിങ്ങൾക്ക് സമാധാനം വേണമോ? ക്രിസ്തുവിനോടു നിങ്ങൾ പറയുക. സാക്ഷാൽ സമാധാനം തരുന്ന യേശുവേ, ഇപ്പോൾ എന്റെ ഹൃദയത്തിലേക്കു വരണമേ. എന്റെ ഹൃദയത്തിന്റെ ശൂന്യത മാറ്റണമേ. എന്നെ നീ നിയന്ത്രിക്കണമേ. എന്നെ നീ ഭരിക്കണമേ. നിന്റെ വഴികളിൽക്കൂടി എന്നെ നടത്തണമേ.

ദൈവം അനുഗ്രഹിക്കുന്നവനാണ്. ദൈവം ആനന്ദത്തിന്റെ ശക്തിയാണ്. ദൈവം ആശ്വാസത്തിന്റെ ഉറവിടമാണ്. ദൈവം സമാധാനത്തിന്റെ നികേതനമാണ്.

സകല വാതിലും അടഞ്ഞപ്പോൾ അവനു സുബോധം വന്നു. മുന്നോട്ടൊരുഗതിയും ഇല്ല എന്നുവരുമ്പോൾ സുബോധം വരും. എല്ലാവാതിലും അടയുന്നതു നല്ലതാണ്; പ്രശ്നങ്ങൾ തെറുത്തു വരുന്നതു നല്ലതാണ്. എല്ലാ പ്രതീക്ഷകളും അറ്റുപോകുന്നതു നല്ലതാണ്. ആശയുടെ നറുനാമ്പുകളെല്ലാം കരിഞ്ഞു പോകുന്നതു നല്ലതാണ്. മോഹനസ്വപ്നങ്ങൾ കരിഞ്ഞുണങ്ങുന്നതു നല്ലതാണ്.

എല്ലാവാതിലുകളും അടഞ്ഞു. അപ്പോൾ സുബോധം വന്നു. ഏഴുകാര്യങ്ങൾ അവനു മനസ്സിലായി.

1. എന്റെ അപ്പൻ.
2. എന്റെ അപ്പന്റെ കൂലിക്കാർ.
3. എന്റെ അപ്പന്റെ ഭവനം.
4. അപ്പന്റെ കൂലിക്കാർ തിന്ന് ശേഷിപ്പിക്കുന്നു – അപ്പന്റെ സമൃദ്ധി.
5. ഞാനോ വിശപ്പുകൊണ്ട് നശിച്ചുപോകുന്നു – സ്വന്തം അവസ്ഥ.

6. ഞാൻ എഴുന്നേൽക്കും.

7. അപ്പന്റെ അടുക്കൽ ചെല്ലും.

ശരിയായ സുബോധം എന്നുപറയുന്നത് അപ്പനെക്കുറിച്ച് ഓർമ്മവരിക എന്നുള്ളതാണ്. സുബോധം വന്നാൽ അപ്പന്റെ വീടിനെക്കുറിച്ചോർക്കും. സ്വർഗ്ഗത്തിലെ അപ്പനെക്കുറിച്ചോർക്കും. ഇത്രയുംകാലം അപ്പനെ മറന്നു ജീവിച്ചവനാണ്. ഇത്രയുംകാലം അപ്പന്റെ വീട്ടിൽനിന്ന് അകന്നകന്ന് പോയവനാണ്. പക്ഷേ, സുബോധം വന്നപ്പോൾ അപ്പന്റെ വീട്ടിലെ സുഭിക്ഷതയെക്കുറിച്ചോർക്കുന്നു.

> *"അപ്പോൾ സുബോധം വന്നിട്ട് അവൻ: എന്റെ അപ്പന്റെ എത്ര കൂലിക്കാർ ഭക്ഷണം കഴിച്ചു ശേഷിപ്പിക്കുന്നു; ഞാനോ വിശപ്പുകൊണ്ട് നശിച്ചുപോകുന്നു."* *ലൂക്കോസ് 15 : 17*

സ്വന്തം അവസ്ഥ തിരിച്ചറിയുന്നു: "ഞാനോ വിശപ്പുകൊണ്ട് നശിച്ചു പോകുന്നു." ഇന്ന് അനേകം പേരും സുബോധമില്ലാത്തവരാണ്. അപ്പനെക്കുറിച്ചോർക്കാത്തവരാണ്. അപ്പന്റെ വീടിനെക്കുറിച്ചോർക്കാത്തവരാണ്; അപ്പന്റെ വീടിന്റെ സമൃദ്ധിയെക്കുറിച്ചോർക്കാത്തവരാണ്. അപ്പന്റെ വീട്ടിലെ വേലക്കാരെക്കുറിച്ചോർക്കാത്തവരാണ്. ഞാൻ നശിക്കുന്നു എന്നു തിരിച്ചറിയാത്തവരാണ്. സുബോധമില്ല!

നമ്മുടെ ജീവിതത്തിൽ സുബോധം വരട്ടെ. സ്വർഗ്ഗത്തിൽ ഒരു അപ്പനുണ്ട്. ഞാൻ ഏകാകിയല്ല, അനാഥനല്ല, അഗതിയല്ല, ഞാൻ ആശ്രയമറ്റവനല്ല. വിളിച്ചാൽ വിളികേൾക്കുന്ന ഒരപ്പൻ എനിക്കുണ്ട്.

നിങ്ങൾക്ക് ഓർമ്മയിൽ വരുന്ന പാപങ്ങളെല്ലാം ഏറ്റുപറഞ്ഞുപേക്ഷിച്ച് ഇനി ആയുസ്സിൽ ആവർത്തിക്കുകയില്ല എന്നു തീരുമാനിച്ചിട്ട് "അപ്പാ" എന്ന് വിളിച്ചു നോക്കൂ. കാണാം, അപ്പൻ ഓടി അണയുന്നത്! നിങ്ങളുടെ നൊമ്പരങ്ങൾ എല്ലാം ഒപ്പി എടുക്കുന്നത്! യേശുക്രിസ്തുവിനെ വിളിക്കുമ്പോൾ അവൻ നിങ്ങളുടെ അടുത്തേക്ക് വരും.

നിങ്ങളുടെ പ്രശ്നത്തിന് പരിഹാരമില്ല എന്ന് നിങ്ങൾക്കു തോന്നും. ഞാൻ എത്ര പ്രാർത്ഥിച്ചതാണ്? എന്തുകൊണ്ട് എന്റെ പ്രാർത്ഥനക്കു മറുപടി ആയില്ല എന്ന് തോന്നും. ഭയപ്പെടേണ്ട, നിങ്ങളുടെ പ്രാർത്ഥനക്ക് മറുപടി ആകും.

യെശയ്യാ പ്രവചനം 38-ാം അദ്ധ്യായത്തിൽ ഒരു വാക്യമുണ്ട്: "ഞാൻ നിന്റെ പ്രാർത്ഥന കേട്ടു; നിന്റെ കണ്ണുനീർ കണ്ടിരിക്കുന്നു." ഹിസ്ക്കിയാവിനോട് പ്രവാചകൻ പറയുകയാണ്. എന്തൊരത്ഭുതം! തെല്ലുമുമ്പ് പ്രാർത്ഥിച്ചതേയുള്ളൂ, ഉടനെ പ്രവാചകൻ പറയുന്നു, നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു എന്ന്. പ്രാർത്ഥന കേൾക്കുന്ന ഒരു ദൈവമുണ്ട്. നിലവിളി കേൾക്കുന്ന ഒരു ദൈവമുണ്ട്. വിളിച്ചാൽ വിളി കേൾക്കുന്ന ഒരപ്പനുണ്ട്.

സ്വർഗ്ഗത്തിലെ നിത്യോന്നതനായ, പരിശുദ്ധനായ ദൈവത്തെ 'അപ്പാ' എന്നു വിളിക്കാനുള്ള പദവിയാണ് നമുക്ക് തന്നിരിക്കുന്നത്. നാം നിസ്സാരരല്ല. സ്വർഗ്ഗത്തിലെ അപ്പന്റെ മക്കളാണു നാം. സ്വർഗ്ഗത്തിലെ അപ്പന്റെ സ്വന്തമാണ്. അപ്പൻ നമ്മുടെ സ്വന്തമാണ്. സമ്പന്നനായ പിതാവിന്റെ സമ്പന്നരായ മക്കളാണ് നാം. നിത്യപിതാവിന്റെ വാത്സല്യ ഭാജനങ്ങളാണ് നാം. ഇത് നാം അനുഭവിക്കണം.

യേശുക്രിസ്തു അങ്ങു ദൂരെ ദൂരെ മാറി നിൽക്കുന്നവനല്ല. നമ്മുടെ പ്രശ്നം കാണുന്നവനായി, നമ്മുടെ വിഷാദമകറ്റാൻ മതിയായവനായി, ജീവിതത്തിന്റെ നാഥനായി, നായകനായി നമ്മുടെ അരികത്തേക്കുവന്ന് നമ്മോട് ചേർന്നിരുന്ന് നമ്മുടെ പുറം തലോടി തഴുകിത്തരുന്നവനാണ്. ഈ യേശുവിനെ നമ്മുടെ അടുത്തു കാണുമ്പോഴാണ് നാം സ്തുതിച്ചു പോകുന്നത്. അയ്യോ കർത്താവേ, നീ ഇത്രയും എന്നെ സ്നേഹിക്കുന്നല്ലോ! ഈ നിസ്സാര മനുഷ്യനെ ഇങ്ങനെ സ്നേഹിപ്പാൻ ഞാനാര്? കർത്താവേ, എന്നെ ഇങ്ങനെ വ്യക്തിപരമായി അറിയാൻ ഞാനാര്? ക്രിസ്തുവിനെ അരികത്തറിഞ്ഞ് നാം സ്തുതിക്കണം.

ഈ മകന് സുബോധം വന്നു. അപ്പനെക്കുറിച്ചോർത്തു, അപ്പന്റെ വേലക്കാരെക്കുറിച്ചോർത്തു. ദൈവത്തേയും ദൈവ ജനത്തേയും കുറിച്ചോർക്കുന്നത് ശുഭലക്ഷണമാണ്. ദൈവത്തെ ഓർക്കുന്നു, ദൈവജനത്തെക്കുറിച്ചോർക്കുന്നു. അപ്പന്റെ ഭവനത്തെക്കുറിച്ചോർക്കുന്നു. അപ്പന്റെ വേലക്കാരെ ക്കുറിച്ചോർക്കുന്നു. അവരുടെ സമൃദ്ധിയെക്കുറിച്ചോർക്കുന്നു. അവരുടെ സന്തോഷത്തെക്കുറിച്ചോർക്കുന്നു. അവരുടെ സംതൃപ്തിയെക്കുറിച്ചോർക്കുന്നു.

അപ്പോഴാണ് അവന് സ്വന്തം അവസ്ഥ മനസ്സിലായത്. “ഞാനോ വിശപ്പുകൊണ്ട് നശിച്ചുപോകുന്നു.” അത് ശരിയായ realisation ആണ്. ശരിയായ തിരിച്ചറിവുണ്ടായാലേ ശരിയായ സമർപ്പണമുണ്ടാവുകയുള്ളൂ.

എന്റെ സ്ഥിതി എന്താണ്? ഞാൻ നശിക്കുകയാണ്. ഞാൻ കുറഞ്ഞുപോകുകയാണ്. ഞാൻ തീർന്നുതീർന്നു പോകുകയാണ്. എന്റെ ജീവിതം നാശോന്മുഖമായിക്കൊണ്ടി രിക്കുകയാണ്. ഞാൻ അപകടത്തിലേക്ക് നീങ്ങിക്കൊണ്ടിരി ക്കുകയാണ്. ഈ ഒരു ബോധം വരുന്നത് നല്ലതാണ്.

അവിടെ നിരാശ വരികയല്ല വേണ്ടത്. ഞാൻ നശിച്ചു കൊണ്ടിരിക്കുന്നു എന്നറിയുന്നത് നാശം മാറ്റാൻ ഉതകുന്നവനെ തേടുന്നതിനുള്ള മുഖാന്തരമാണ്.

അപ്പനെക്കുറിച്ചോർത്തു, അപ്പന്റെ വേലക്കാരെക്കു റിച്ചോർത്തു, ഞാൻ നശിക്കുന്നു എന്ന തിരിച്ചറിവുണ്ടായി. പിന്നെ അവന്റെ ഒരു decision ആണ്:

> *“ഞാൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ ചെന്ന് അവനോട്: അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്ന പേരിനു ഞാൻ യോഗ്യനല്ല; നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കേ ണമേ എന്നു പറയും എന്നു പറഞ്ഞു.”*
>
> *ലൂക്കോസ് 15 : 18, 19*

അവൻ തനിയെ പറയുകയാണ്: ഞാൻ എഴുന്നേറ്റ് എന്റെ അപ്പന്റെ അടുക്കൽ ചെല്ലും. എന്റെ അപ്പനോട് പറയും: അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. എനിക്ക് അവകാശം പറയാൻ ഒന്നുമില്ല. നിന്റെ മകനെന്ന പേരിന്ന് ഞാൻ യോഗ്യനല്ല. എനിക്ക് ഒരു ന്യായവും പറയാനില്ല. നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കേണമേ. എനിക്കതുമതി. അല്ലാതെ വേറെ ഒന്നിനും എനിക്ക് യോഗ്യതയില്ല. അപ്പന്റെ മകനായിട്ട് പണ്ടത്തെപ്പോലെ ജീവിക്കാമെന്ന് എനിക്ക് പ്രതീക്ഷയില്ല. എന്റെ സമ്പത്തെല്ലാം ഞാൻ കൈവശമാക്കിയല്ലോ. എനിക്കിനി ഒന്നിനും അവകാശം പറയാനില്ല.

ഒരു വലിയ decision! ഒരു വലിയ തീരുമാനം!

ഞാൻ എഴുന്നേൽക്കും! ഞാൻ ഇപ്പോൾ എവിടെ ആയിരിക്കുന്നുവോ അവിടെനിന്ന് എഴുന്നേൽക്കും. അതൊരു വലിയ തീരുമാനമാണ്. എന്റെ പാപത്തിൽനിന്ന്, എന്റെ പാപസാഹചര്യത്തിൽ നിന്ന്, എന്റെ ഹീനമായ ചുറ്റുപാടിൽ നിന്ന്, പന്നികളുടെ കൂട്ടത്തിൽ നിന്ന്, വിദേശപ്രഭുവിന്റെ അടിമത്വത്തിൽ നിന്ന്, ഹീനമായ ജോലിയിൽ നിന്ന് ഞാൻ എഴുന്നേൽക്കും. ദുഷിച്ച സാഹചര്യത്തിൽ നിന്ന് ഞാൻ എഴുന്നേൽക്കും.

ഇനി ഇവിടെ ഒരുനിമിഷംപോലും ഞാൻ ചെലവഴിക്കയില്ല. ഇതെല്ലാം കഴിഞ്ഞ കഥകളായി മാറുകയാണ്. ഇതെല്ലാം ഓർമ്മകളായി പിറകിലേക്ക് എറിയുകയാണ്. യഥാർത്ഥമായ അനുഭവത്തിലേക്കു വരുന്നതിന്റെ മുന്നോടിയാണ് ഞാൻ എഴുന്നേല്ക്കും എന്നുള്ള തീരുമാനം.

ഞാൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ ചെല്ലും! ഞാൻ തിരിയെ നടക്കും! ഞാൻ എവിടെ നിന്ന് ഇങ്ങോട്ടു പോന്നുവോ ആ വഴിയുടെ ഓരോ പടവും കടന്ന് ഞാൻ പിറകിലേക്ക് നടന്നുചെല്ലും! എവിടെനിന്ന് ഞാൻ പുറപ്പെട്ടു പോന്നുവോ അവിടെ ഞാൻ തിരിച്ചെത്തും! പിന്നിട്ട് വന്ന പാതകളൊ

ക്കെയും ഞാൻ അതിജീവിക്കും! എല്ലാം ഞാൻ മറികടക്കും!

പിന്നിട്ട പാതകൾ നിങ്ങൾക്ക് ഓർമ്മയുണ്ടോ? അതോർക്കുമ്പോൾ ചിലപ്പോൾ നിങ്ങൾ ഏങ്ങലടിക്കും. ചില പ്പോൾ വിതുമ്പിക്കരയും. ചിലപ്പോൾ നിങ്ങൾ നിശ്ശബ്ദരായി സ്തംഭിച്ചിരിക്കും. ഏതെല്ലാം പാതകളിലൂടെയാണ് ഞാൻ പോന്നത്! ഏതെല്ലാം പ്രശ്നങ്ങളെയാണ് ഞാൻ അതിജീവിച്ചത്! ഏതെല്ലാം വൃത്തികെട്ട സാഹചര്യങ്ങളിലൂടെയാണ് ഞാൻ പോന്നത്! ആരെല്ലാം എന്നെ തിന്മകളിലേക്ക് കൊണ്ടുപോയി! ഏതെല്ലാം അഴുക്കായ സാഹചര്യങ്ങളിലൂടെയാണ് ഞാൻ ജീവിച്ചുപോന്നത്! പിന്നിട്ട പാതകൾ ഓരോന്നും നിങ്ങൾ തിരി ഞ്ഞുനോക്കണം.

നിങ്ങൾക്ക് അനുഗ്രഹം വേണമോ? സാക്ഷാത്തായ സമർപ്പണം വേണമോ? നിങ്ങളുടെ ജീവിതത്തിൽ ഏതെല്ലാം വഴികളിലൂടെ നിങ്ങൾ നടന്നുവോ എല്ലാം നിങ്ങൾ ഓർമ്മ യിൽകൂടി തിരിച്ചുനടക്കണം. ഓർമ്മയുടെ തേരിലൂടെ പുറകി ലേയ്ക്കു യാത്രചെയ്യണം. അപ്പോൾ ചിലപ്പോൾ നിങ്ങൾ വിതു മ്പിപ്പോകും. എനിക്ക് സുബോധമുണ്ടായിരുന്നുവോ? എന്റെ ബോധം നഷ്ടപ്പെട്ടിരുന്നുവോ? ഞാൻ എവിടെയാണ് ചെന്നു വീണത്? ഏതെല്ലാം ചെളിക്കുഴിയിലാണ് ഞാൻ വീണത്? എന്റെമേൽ എന്തെല്ലാം ചെളിയാണ് പറ്റിയത്? എന്റെ വസ്ത്ര മെല്ലാം നശിച്ചു പോയല്ലോ!

ഞാൻ ഇന്നു നഗ്നനായിപ്പോയല്ലോ! അർദ്ധനഗ്നനായി ഞാൻ നടക്കേണ്ടിവന്നല്ലോ! ഞാൻ ഇത്രമാത്രം പ്രാകൃത നായിപ്പോയല്ലോ! എന്താണ് എനിക്ക് സംഭവിച്ചു പോയത്? മൃഗത്തെപ്പോലെ ഞാൻ പെരുമാറിപ്പോയല്ലോ! പ്രാകിയത്, ശപിച്ചത്, ചിലരെ ദുഷിച്ചത്, ചിലർക്ക് ദോഷം വരത്തക്കവണ്ണം പ്രവർത്തിച്ചത്, കുടുംബത്തിൽ കലക്കമുണ്ടാക്കിയത്, മാതാപി താക്കൾക്ക് അതിവേദനയുണ്ടാക്കിയത്, അമ്മയെ ദുഃഖിപ്പിച്ചത്, അമ്മ ഓർത്തോർത്തു കരയാൻ ഇടവരുത്തിയത്, അപ്പൻ വിതുമ്പി വിതുമ്പി കരഞ്ഞത്, ഭർത്താവിനെ വേദനിപ്പിച്ചത്, ഭാര്യയെ ദുഃഖിപ്പിച്ചത് ഇങ്ങനെ എന്തെല്ലാമാണ് ഞാൻ

ചെയ്തുപോയത്?

ധൂർത്തപുത്രൻ ഓർത്തോർത്ത് ഏങ്ങലടിക്കുകയാണ്. കണ്ണീർ ചാലുകളായി ഒഴുകുകയാണ്. അപ്പോഴെല്ലാം അവൻ പറഞ്ഞുകൊണ്ടിരിക്കുകയാണ്: "അപ്പാ ഞാൻ നിന്നോടും സ്വർഗ്ഗത്തോടും പാപം ചെയ്തുപോയി. നിന്റെ മകനെന്ന പേരിനു ഞാൻ യോഗ്യനല്ല. നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കേണമേ." ഇതുതന്നെ പിന്നെയും പിന്നെയും പറയുകയാണ്.

പിന്നെ താമസിച്ചില്ല, അവൻ എഴുന്നേറ്റ് ഓടി. ഒരു ഭ്രാന്തനെപ്പോലെ, ആളുകൾ കൂക്കിവിളിക്കത്തക്കവണ്ണം ഓടുകയാണ്. എന്തോ പുലമ്പിക്കൊണ്ട് ഒരുത്തൻ ഓടുന്നു. ഭ്രാന്തനായിരിക്കും. കണ്ടാൽ ഒരു പ്രാകൃതരൂപം! ഹീനമായ, മുഷിഞ്ഞു നാറുന്ന വേഷം! ഇപ്പോൾ കണ്ടാൽ ചെറുപ്പക്കാരനാണെന്ന് തോന്നുകയില്ല. ഏതാണ്ട് യൗവ്വനത്തിൽത്തന്നെ ജരാനരകൾ ബാധിച്ചതുപോലെ. തൊലിയെല്ലാം ചുക്കിച്ചുളിഞ്ഞുപോയി. നെഞ്ച് ഉന്തിനിൽക്കുന്നു. വയറ് ഒട്ടി എല്ലും തോലുമായിത്തീർന്നിരിക്കുന്നു. കണ്ണ് കുഴിയിലായിരിക്കുന്നു. കവിൾ ഒട്ടിയിരിക്കുന്നു. തലമുടി പാറിപ്പറക്കുന്നു. എത്ര പ്രാകൃതമായ രൂപം!

ഈ ചെറുപ്പക്കാരൻ ഓടുകയാണ്. ആളുകൾ അമ്പരപ്പോടെ നോക്കി. അവനെ ആരെങ്കിലും പുച്ഛിക്കുന്നുണ്ടോ എന്ന് അവന് നോട്ടമില്ല. ആരു കളിയാക്കിയാലെന്ത്? അത് അവന് വിഷയമല്ല. അവന് ഒരു വിഷയമേ ഉള്ളൂ. അപ്പന്റെ അടുക്കൽ ചെല്ലണം! പിന്നിട്ട പാതകളിലൂടെയുള്ള തിരിച്ചോട്ടം!

ഓരോ വഴിയും ഓരോ പാതയും ഓരോ പടവും കടന്ന് തിരിഞ്ഞോടുക. പതിനേഴാമത്തെ വയസ്സിൽ ഞാൻ മാനസാന്തരപ്പെട്ടു. ഞാൻ ഒരു തിരിഞ്ഞോട്ടം നടത്തി. ഞാൻ പിന്നിട്ട പാതകൾ ഓരോന്നോരോന്നു തിരിഞ്ഞോടി. എനിക്ക് ഹൃദയം നിറയെ നീരസം, ചിലരോടെല്ലാം കയ്പ്, ചിലരോട് നല്ല വൈരാഗ്യം, അടക്കാനാവാത്ത കോപം, ഹൃദയത്തിൽ മുഷിച്ചിൽ അങ്ങനെയെല്ലാമുള്ള ജീവിതമായിരുന്നു. കാരണം, ഒരു

വയസ്സിൽ അപ്പൻ മരിച്ചതുകൊണ്ട് ഞാൻ അനാഥനായിരുന്നു! ജീവിതം നിരാശ മുറ്റിയതായിരുന്നു!

പതിനേഴാമത്തെ വയസ്സിൽ മാനസാന്തരപ്പെട്ടതിനു ശേഷം, 19 കൊല്ലം സ്വർഗ്ഗീയപിതാവിന്റെ വയലിൽ ഓടിനടന്ന് വേലചെയ്തു. ശുദ്ധോദ്ദേശത്തോടെ വേലചെയ്തു. പക്ഷേ, മുപ്പത്തിയാറാമത്തെ വയസ്സിൽ സുബോധം വീണ്ടും വന്നു. ചിലരോട് മാപ്പുചോദിച്ചു. ചിലർക്ക് കൊടുത്തുതീർക്കാനുണ്ടായിരുന്നത് കൊടുത്തുതീർത്തു. ഓർമ്മയിൽ വന്ന പാപങ്ങളെല്ലാം എഴുതി.

പ്രകടമായ പാപങ്ങളിലേയ്ക്കൊന്നും പോയിരുന്നില്ല. മദ്യപിച്ചില്ല, പുകവലിച്ചില്ല, സിനിമ കണ്ടില്ല. എന്നാൽ ഹൃദയത്തിൽ എല്ലാ തിന്മയും ഉണ്ടായിരുന്നു; ചിന്തയിൽ, ആഗ്രഹത്തിൽ, മോഹത്തിൽ എല്ലാം പാപമുണ്ടായിരുന്നു. എല്ലാം പെറുക്കിയെടുത്തുകൊണ്ട്, കുരിശിനെ ധ്യാനിച്ചുകൊണ്ട്, യേശുനാഥനെ ധ്യാനിച്ചുകൊണ്ട്, ക്രൂശിൻ ചുവട്ടിലേക്ക് ഈ ഭാണ്ഡക്കെട്ടുകളെല്ലാം ഇറക്കിവച്ചു.

ഞാൻ പറഞ്ഞു: കർത്താവേ, എനിക്ക് പാപമോചനം തരണം. എനിക്ക് സമാധാനം തരണം. നീ എന്നെ കഴുകണം. നിന്റെ തീപ്പൊരി ഇപ്പോൾ എന്റെ തലമേൽ വന്നു വീഴണം. ഏലിയാവിന്റെ ദൈവമേ, സ്വർഗ്ഗത്തിലെ തീയുടെ ഒരുപൊരി ഇപ്പോൾ ഈ പാവം മനുഷ്യന്റെമേൽ വന്നു വീഴണമേ. ഏലിയാവിന്റെ യാഗപീഠത്തിൽ അഗ്നി ഇറങ്ങി; അതുപോലൊന്നും ഞാൻ ചോദിക്കുന്നില്ല. ഒരു തീപ്പൊരിമാത്രം എന്റെ തലമേൽ വന്നു വീഴണം.

സ്വർഗ്ഗത്തിലെ ദൈവത്തിനു മനസ്സലിവുതോന്നി. ക്രിസ്തുവിന് എന്നോടു കരുണതോന്നി. ക്രിസ്തു പ്രാർത്ഥന കേൾക്കുന്നവനാണ്. അന്ന് കരുണയുള്ള കർത്താവിന്റെ കൃപ എന്നെ സന്ദർശിച്ചു. പിറ്റേന്ന് രാവിലെ ഒൻപതുമണിക്ക് ആ തീ ഈ തലമേൽ ഇറങ്ങി. ഇറങ്ങിയപ്പോൾ തീപ്പൊരിയായിട്ടല്ല തീജ്ജ്വാലയായിട്ടാണ് ഇറങ്ങിയത്. അവയവങ്ങളിലെല്ലാം

കത്തിപ്പടരുന്ന തീജ്ജ്വാല!

ഈ ആളത്വത്തെ, ഈ ഹൃദയത്തെ ആ തീ ജ്വലിപ്പിക്കാൻ തുടങ്ങി. അപ്പോൾ വന്നത് നാവിൽക്കൂടി തീജ്ജ്വാലയാണ്. സ്തുതിയാണ്. അന്ന് സ്വർഗ്ഗത്തിലെ തീ വന്ന് എന്നെ പൊതിഞ്ഞു. സ്വർഗ്ഗത്തിലെ തീ എന്റെ സിരകളിലൂടെ ഒഴുകി. സ്വർഗ്ഗത്തിലെ തീ എന്നെ ചൂടുപിടിപ്പിച്ചു. സ്വർഗ്ഗത്തിലെ തീ സ്തുതിയായി എന്റെ നാവിലൂടെ ഒഴുകി. അപ്പോൾ ജീവനുള്ള ദൈവത്തിന്റെ ആത്മാവുള്ള ദൈവപൈതൽ കണ്ട ദർശനം, ഈ പ്രദേശം മുഴുവൻ മാലാഖമാരെക്കൊണ്ടു നിറഞ്ഞിരിക്കുന്നു എന്നാണ്. എന്റെ വീടും പരിസരവുമെല്ലാം മാലാഖമാർ കൂട്ടംകൂട്ടമായി വന്ന്, ഗണംഗണമായി വന്ന് നിറഞ്ഞു നിൽക്കുന്നു എന്ന്!

അന്ന് ദൈവത്തിന്റെ ആത്മാവ് ഒരു ഭാവികാല പ്രവചനം പറഞ്ഞു: ഈ പ്രദേശം മുഴുവൻ മനുഷ്യസമുദ്രംപോലെ ആകും എന്ന്. അന്ന് ആകെ പത്തുപന്ത്രണ്ടുപേരേ ഉള്ളൂ. അതൊന്നും യാഥാർത്ഥ്യമാകുന്നതാണെന്ന് അന്ന് മനസ്സിലാക്കാൻ പറ്റുന്നതായിരുന്നില്ല. പക്ഷേ, ഞാൻ അതെല്ലാം കണ്ണുമടച്ച് വിശ്വസിച്ചു.

ഇന്ന് സമുദ്രത്തിൽ വെള്ളം നിറയുകയാണ്. പതിനായിരക്കണക്കിന് ആളുകൾ രണ്ടാം ശനിയാഴ്ചകളിലും രണ്ടാം ഞായറാഴ്ചകളിലും മൂന്നാം ഞായറാഴ്ചകളിലും ഇവിടെ വന്ന് ദൈവത്തെ സ്തുതിക്കുന്നു. അനേകർ സമാധാനം അനുഭവിക്കുന്നു. ജീവനുള്ള ക്രിസ്തു അത്ഭുതം പ്രവർത്തിക്കുന്നവനാണ്. തിരിഞ്ഞുനടക്കാൻ നിങ്ങൾക്കു താല്പര്യമുണ്ടോ? ആനന്ദിച്ചുതുടങ്ങണമെങ്കിൽ തിരിഞ്ഞു നടക്കണം.

അവൻ തിരിഞ്ഞു നടന്നു. അവൻ നിലവിളിച്ചുകൊണ്ടാണ് നടക്കുന്നത്. അപ്പോൾ അവന്റെ അപ്പൻ വരാന്തയിൽ ഉണ്ടെന്ന് ഞാൻ ഭാവനയിൽ കാണുകയാണ്. വരാന്തയിൽ ഇരിക്കുന്ന അപ്പൻ കാതോർക്കുന്നു. അപ്പന് പരിചയമുള്ള ശബ്ദം. അപ്പൻ ആ ശബ്ദം മറന്നിട്ടില്ല. പലരും മറന്നു പക്ഷേ,

അപ്പൻ മറന്നിട്ടില്ല.

മോനേ, നിന്റെ ശബ്ദം അപ്പൻ മറന്നിട്ടില്ല. നിന്റെ സ്തുതി അപ്പൻ മറന്നിട്ടില്ല. നിന്റെ പ്രാർത്ഥനയുടെ സ്വരം അപ്പൻ മറന്നിട്ടില്ല. മോളേ, നിന്റെ കണ്ണുനീര് അപ്പൻ മറന്നിട്ടില്ല. നിന്റെ ഓമനമുഖം അപ്പൻ മറന്നിട്ടില്ല. അപ്പൻ ആ സ്വരം കേട്ടു. ഈ ഇളയ മകൻ മടങ്ങി വരുന്ന ശബ്ദം അപ്പൻ കേട്ടു. “അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തുപോയി. നിന്റെ മകനെന്നപേരിന്നു ഞാൻ യോഗ്യനല്ല. നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കേണമേ.” ഇങ്ങനെ പറഞ്ഞുകൊണ്ട് തന്റെ മകൻ ഓടിവരുന്നത് അപ്പൻ ദൂരെ നിന്നു കേട്ടു.

അപ്പൻ ഓടി ഇറങ്ങി. മോൻ ഇങ്ങോട്ട് ഓടിവരുന്നു. അപ്പൻ അങ്ങോട്ട് ഓടിച്ചെല്ലുന്നു. നടുറോഡിൽ വച്ച് അപ്പനും മോനും കണ്ടുമുട്ടി. കുഞ്ഞേ, നീ ഒരു ചുവടുവച്ചാൽ അപ്പൻ പത്തു ചുവടുവച്ച് നിന്റെ അടുക്കലേക്ക് ഓടിവരും! നീ ഒരു തീരുമാനമെടുത്താൽ അപ്പൻ മൗനമായിരിക്കയില്ല. നീ സമർപ്പണമെടുത്താൽ അപ്പൻ വെറുതെ ഇരിക്കുകയില്ല. നിന്റെ അടുക്കലേക്ക് ഓടി ഇറങ്ങിവരും.

അവൻ വന്നപാടെ അപ്പന്റെ കാൽക്കൽ വീണു. അപ്പൻ അവനെ മാറോടു ചേർത്തുപിടിച്ചു. അവൻ പറയാൻ തുടങ്ങി: “അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തുപോയി. നിന്റെ മകനെന്നപേരിന്നു ഞാൻ യോഗ്യനല്ല.” ഏങ്ങലടിച്ചുകൊണ്ടാണു പറയുന്നത്. കണ്ണീരൊഴുക്കിക്കൊണ്ടാണ് പറയുന്നത്. അടുത്തവാക്യം എന്താണെന്ന് അപ്പനറിയാം. അപ്പനതു കേട്ടുകൊണ്ടാണ് വന്നത്.

“കൂലിക്കാരിൽ ഒരുവനെപ്പോലെ എന്നെ ആക്കേണമേ” എന്നു പറയാൻ തുടങ്ങി. പക്ഷേ, അതുപറയുന്നതിനു മുമ്പ് അപ്പൻ അവന്റെ വായടച്ച് ഉമ്മവച്ചു. അപ്പനതു കേൾക്കാൻ കരുത്തില്ല. വേലക്കാരനാക്കാൻ, നിന്നെ കൂലിക്കാരനാക്കാൻ അപ്പനു പരിപാടിയില്ല. എല്ലാം നഷ്ടപ്പെടുത്തി എങ്കിലും

നിന്നെ മോനായിത്തന്നെ അപ്പൻ സ്വീകരിക്കും. എല്ലാം കള ഞ്ഞുകുളിച്ചു എങ്കിലും നിന്നെ അവകാശിയായിത്തന്നെ അപ്പൻ സ്വീകരിക്കും.

അപ്പൻ പറയുകയാണ്: "ഈ എന്റെ മകൻ മരിച്ചവനായി രുന്നു. വീണ്ടും ജീവിച്ചിരിക്കുന്നു." "വേഗം മേൽത്തരമായ അങ്കി കൊണ്ടുവന്ന് ഇവനെ ധരിപ്പിപ്പിൻ; ഇവന്റെ കൈക്ക് മോതിരവും കാലിന്നു ചെരിപ്പും ഇടുവിപ്പിൻ. ഇവനുവേണ്ടി തടിപ്പിച്ച കാളക്കുട്ടിയെ അറുപ്പിൻ. നമുക്കിന്ന് വിരുന്നാഘോ ഷിക്കാം, സന്തോഷിക്കാം, ആനന്ദിക്കാം." അങ്ങനെ അവർ ആനന്ദിച്ചു തുടങ്ങി.

നീ പോയി കുളിച്ച് വേഷം മാറിവാ, എന്നൊന്നും അപ്പൻ പറഞ്ഞില്ല. നാം ആയിരിക്കുന്ന പ്രകാരം അവൻ നമ്മെ കൈക്കൊള്ളും. നിങ്ങൾ എങ്ങനെ ആയിരിക്കുന്നുവോ അതു പോലെ ദൈവം നിങ്ങളെ കൈക്കൊണ്ടിട്ട് ആകേണ്ടതു പോലെ ആക്കിത്തീർക്കും. ജീവനുള്ള ദൈവം സ്നേഹമാണ്. അവൻ ഒരുപാധിയും വയ്ക്കുന്നില്ല.

നിന്റേതൊന്നും ദൈവത്തിനുവേണ്ട. യാതൊന്നും കൊണ്ടുവരണ്ട. ഉള്ളതെല്ലാം നശിപ്പിച്ചിട്ടാണ് നീ വരുന്നത്. ദൈവം നിനക്കുള്ളതിനെയല്ല, നിന്നെയത്രേ കാണുന്നത്. നിന ക്കുള്ളതിനെ ദൈവത്തിനു വേണ്ട, നിന്നെത്തന്നെ ദൈവ ത്തിനു കൊടുക്കുവിൻ. നിന്നെത്തന്നെ കൊടുത്താൽ നിനക്കു ള്ളതും കൊടുത്തുപോകും.

വേഗം മേൽത്തരമായ അങ്കികൊണ്ടുവന്ന് അവനെ ധരി പ്പിപ്പിൻ! നീതികെട്ടവനെ നീതിമാൻ എന്നു മുദ്ര കുത്തുന്ന നീതിയിൻ വസ്ത്രം ധരിപ്പിക്കാൻ പറയുന്നു. ഇവന്റെ കൈയ്ക്ക് മോതിരം ഇടുവിക്കുവിൻ! ഇവന്റെ കാലിന്നു ചെരുപ്പ് ഇടുവിക്കുവിൻ! ഈ എന്റെ മകൻ മരിച്ചവനായി രുന്നു, വീണ്ടും ജീവിച്ചിരിക്കുന്നു. തടിപ്പിച്ച കാളക്കിടാവിനെ അറുക്കുവിൻ.

തടിച്ചതല്ല, തടിപ്പിച്ചതാണ്. മകൻ വരുമ്പോൾ അറുക്കു

വാൻ വേണ്ടി തടിപ്പിച്ചു നിർത്തിയിരിക്കുന്ന കാളക്കിടാവാണ്. കാരണം, അപ്പനു പ്രതീക്ഷയുണ്ട്. ഈ മകൻ എപ്പോഴെങ്കിലും വരും. അന്നു വിരുന്നാഘോഷിക്കണം. അതിനുവേണ്ടി തടിച്ച കാളക്കിടാവല്ല, തടിപ്പിച്ചു നിർത്തിയിരിക്കുന്ന കാളക്കിടാവ്. തടിപ്പിച്ച് കൊഴുപ്പിച്ചു നിർത്തിയിരിക്കുകയാണ്.

ലോകാരംഭം മുതലേ ഒരു ആട്ടിൻകുട്ടിയെ തടിപ്പിച്ചു നിർത്തിയിരിക്കുന്നു! ലോകാരംഭം മുതലേ തടിപ്പിച്ചുനിർത്തി യിരിക്കുന്ന ഈ ആട്ടിൻകുട്ടി ഏതാണ്? അത് ഗോഗുൽത്താ യിൽ ക്രൂശിൽ അറുക്കപ്പെട്ട കുഞ്ഞാടാണ്. ഗോഗുൽത്താ യിലെ ക്രൂശിൽ അറുക്കപ്പെട്ട യാഗമൃഗമാണ് കർത്താവായ യേശുക്രിസ്തു! നമ്മെ മക്കളായി സ്വീകരിക്കുവാൻ യേശു ക്രൂശിന്മേൽ അറുക്കപ്പെട്ടു. ദൈവം, നമുക്കുവേണ്ടി ഒരുക്കിയി രിക്കുന്ന ജീവനുള്ള ദൈവത്തിന്റെ തിരുക്കുമാരൻ! തന്റെ ഓമനകുമാരനെ നമുക്കുവേണ്ടി അറുക്കുവാൻ സ്വർഗ്ഗത്തിലെ ദൈവം തിരുമനസ്സായി. അവനെ അറുത്ത് വിരുന്നാഘോഷി ക്കുകയാണ്.

എനിക്കുവേണ്ടി ഗോഗുൽത്തായിൽ അറുക്കപ്പെട്ട ദൈവ കുഞ്ഞാട്! അവന്റെ തിരുശരീരം എന്റെ പാപത്തിനു പരിഹാര മാണ്. അവന്റെ മുറിക്കപ്പെട്ട ശരീരം എന്റെ പാപത്തിനു പരി ഹാരമാണ്. അവന്റെ തിരുരക്തം എന്റെ പാപത്തിന് പ്രായശ്ചി ത്തമാണ്. പാപക്കറകളുള്ള ജീവിതത്തെ വിശുദ്ധീകരിപ്പാൻ അവൻ കുരിശിൽ തിരുരക്തം ചിന്തി. അവൻ പാപം ചെയ്തവ നല്ല. അവനു കുറ്റമൊന്നും ഉണ്ടായിരുന്നില്ല. അവനെ വിധിച്ച ജഡ്ജി പറഞ്ഞു: ഇവനിൽ ഞാൻ ഒരു കുറ്റവും കാണുന്നില്ല എന്ന്. മൂന്നുപ്രാവശ്യം വിസ്തരിച്ചപ്പോഴും പറഞ്ഞു: ഇവനിൽ ഞാനൊരു കുറ്റവും കാണുന്നില്ല. നിങ്ങൾ ഇവനെ കൊണ്ടു പോയി ക്രൂശിപ്പിൻ!

അവനെ ഒറ്റിക്കൊടുത്ത യൂദാ പറഞ്ഞു: ഞാൻ കുറ്റമി ല്ലാത്ത രക്തത്തെ ഒറ്റിക്കൊടുത്തു എന്ന്. അവനെ വിധിച്ച പീലാത്തോസിന്റെ ഭാര്യ പറഞ്ഞു: ആ നീതിമാന്റെ കാര്യ ത്തിൽ ഇടപെടരുത്, അവൻ നീതിമാനാണ് എന്ന്. അവനെ

ക്രൂശിച്ച പടയാളികളുടെ തലവൻ ശതാധിപൻ പറഞ്ഞു: ഇവൻ സാക്ഷാൽ നീതിമാനായിരുന്നു സത്യം എന്ന്. എല്ലാവരും പറഞ്ഞു അവൻ നീതിമാൻ എന്ന്.

എന്നാൽ അവൻ നീതികെട്ടവനെപ്പോലെ മരിച്ചു. എന്തിന്? നീതികെട്ട നിനക്ക് നീതികരണം തരുവാൻ! പാപം ചെയ്ത നിനക്ക് പാപമോചനം തരുവാൻ അവന്റെ കുറ്റമില്ലാത്ത രക്തം ചൊരിഞ്ഞു. അവന്റെ തിരുശരീരം മുറിക്കപ്പെട്ടിരിക്കുന്നു. ആ മുറിഞ്ഞ തിരുശരീരത്തിലൂടെ അവന്റെ ചങ്കിലേക്ക് നിനക്ക് പ്രവേശനമുണ്ട്.

ആനന്ദം തുടങ്ങാം! സന്തോഷം തുടങ്ങാം! സാക്ഷാൽ സമർപ്പണമെടുക്കാം! സാക്ഷാൽ സമർപ്പണത്തിലൂടെ ക്രിസ്തുവിൻ രക്തത്തിന്റെ ഭാഗ്യാനുഭവം തുടങ്ങാം. നമുക്ക് സമർപ്പിക്കാം.

കർത്താവേ, ഇന്നുമുതൽ ഞാൻ പുതിയ സൃഷ്ടിയായിരിക്കും. ദൈവത്തോടും ദൈവമക്കളോടും സ്നേഹമുള്ളവനായി ഞാൻ ജീവിക്കും. ദൈവത്തെക്കുറിച്ച് ഓർക്കും. ദൈവമക്കളെക്കുറിച്ച് ഓർക്കും. ഞാൻ നശിക്കുന്നതിനെക്കുറിച്ച് ഓർക്കും. എനിക്ക് ന്യായം പറയാൻ ഒന്നുമില്ല. ഞാൻ പുതിയ വസ്ത്രം ധരിക്കും. പുതിയ മോതിരം ധരിക്കും. പുതിയ ചെരുപ്പ് ഇടും. എനിക്കുവേണ്ടി ഒരുക്കിയിരിക്കുന്ന ഗോഗുൽത്തായിലെ വിരുന്നിൽ ഞാൻ പങ്കാളിയാകും. അപ്പന്റെ വിരുന്നുമേശയിൽ ഞാൻ ഇരിക്കും.

യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക. യേശുവേ, നീ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഇന്നുമുതൽ ഞാൻ നിനക്കായി ജീവിക്കും.

# നാല്

*"ഈ എന്റെ മകൻ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു; കാണാതെ പോയിരുന്നു; കണ്ടുകിട്ടിയിരിക്കുന്നു എന്നു പറഞ്ഞു; അങ്ങനെ അവർ ആനന്ദിച്ചു തുടങ്ങി." ലൂക്കോസ് 15 : 24*

ആനന്ദം തുടങ്ങി എന്നാണ് നാം ഇവിടെ വായിക്കുന്നത്. ജീവിതത്തിൽ ആനന്ദം എന്താണ് എന്ന് അനുഭവിക്കാത്തവരാണ് അനേകരും. നിങ്ങൾക്ക് മനസ്സുണ്ടെങ്കിൽ ആനന്ദിച്ചു തുടങ്ങാം എന്നാണ് കർത്താവ് പറയുന്നത്. നിങ്ങൾക്ക് ആനന്ദം തരാൻ പിതാവാം ദൈവത്തിന് മനസ്സാണ്.

ആ ധൂർത്തപുത്രൻ അപ്പന്റെ അരികിലേക്ക് മടങ്ങിവന്നതുപോലെ നിങ്ങൾ പിതാവാം ദൈവത്തിന്റെ സന്നിധിയിലേക്ക് മടങ്ങിവരണം. മടങ്ങിവരാൻ സാധിക്കണമെങ്കിൽ, ഞാൻ അപ്പന്റെ സന്നിധിയിൽ നിന്ന് ദൂരെദൂരെ പോയി എന്ന് തിരിച്ചറിയണം. അപ്പന്റെ ഭവനത്തിൽ നിന്ന് അകലെയാണ്. അപ്പന്റെ സ്വഭാവത്തിൽ നിന്ന് അകലെയാണ്. അപ്പന്റെ ആഭിജാത്യത്തിൽ നിന്ന് അകലെയാണ്. അപ്പന്റെ മഹിമയിൽ നിന്നും മഹത്വത്തിൽ നിന്നും അകലെയാണ്. ഇത് നാം തിരിച്ചറിയണം.

എല്ലാം നഷ്ടപ്പെടുത്തിയവനാണ് ഞാൻ. അപ്പൻ തരേണ്ടത് എല്ലാം തന്നതാണ്. പക്ഷേ, എല്ലാം നഷ്ടപ്പെടുത്തിക്കളഞ്ഞു. ഈ ഒരു യാഥാർത്ഥ്യം നമുക്ക് ബോധ്യമായി കിട്ടണം. അപ്പോഴാണ് എനിക്ക് അപ്പന്റെ സന്നിധിയിലേക്ക് എത്തിച്ചേരണം എന്ന ആശ വരുന്നത്. അപ്പന്റെ സ്നേഹം എനിക്ക് എത്തിപ്പിടിക്കണം. ഇനിയും എനിക്ക് നല്ലകാലങ്ങൾ അനുഭവി

ക്കണം. പാഴായിപ്പോയ കാലങ്ങൾക്കു പകരമായി ആനന്ദൈശ്വര്യങ്ങൾ ഏകുന്ന മാസങ്ങളും അബ്ദങ്ങളും പ്രാപിക്കണം. ആനന്ദം കിട്ടണമെങ്കിൽ വചനം കേൾക്കണം. വചനം ജീവന്റെ അരുളപ്പാടാണ്. വചനം ജീവന്റെ ഉറവിടമാണ്.

ആനന്ദം നിങ്ങൾക്കുവേണമോ? അകത്തെ കണ്ണു തുറക്കണം. നിങ്ങൾ വചനം കൈക്കൊള്ളണം, വചനം സ്വീകരിക്കണം. വചനം നിങ്ങൾക്ക് ചൈതന്യം തരും. ആഴമേറിയ കാര്യങ്ങൾ കാണാൻ നിങ്ങളുടെ കണ്ണു തെളിയും. ഇഹത്തിന്നപ്പുറമുള്ള പരത്തിലെ കാര്യങ്ങൾ ഗ്രഹിക്കാനും വിശ്വസിക്കാനും കണ്ണു തെളിയും. മരണത്തിനപ്പുറത്തേക്കുള്ള ലോകത്തേക്ക് ഒരു എത്തിനോട്ടം നിങ്ങൾക്ക് ലഭിക്കും.

വചനം നിങ്ങളുടെ ഹൃദയത്തെ തൊടുമ്പോൾ നിങ്ങളുടെ സ്വഭാവം മാറും. ഏതോ ഒരു അദൃശ്യമായ ശക്തി നിങ്ങളെ വലയം ചെയ്യും. സമാധാനത്തിന്റെ അത്യത്ഭുതകരമായ സ്വാധീനശക്തി നിങ്ങളുടെമേൽ വ്യാപരിക്കും. വചനം ശക്തിയാണ്, വചനം ജീവനാണ്, വചനം വെളിച്ചമാണ്, വചനം ചൈതന്യമാണ്, വചനം പുതിയ അനുഭവങ്ങൾ പ്രദാനം ചെയ്യുന്നതാണ്, വചനം അനുഗ്രഹമാണ്, വചനം ഊടുവഴികൾക്കു പ്രകാശമാണ്, വചനം പാതയ്ക്കു വെളിച്ചമാണ്, വചനം തേനിലും തേൻകട്ടയിലും മധുരമാണ്. ഈ വചനം സ്വീകരിക്കൂ.

ആ യുവാവ് മടങ്ങിവന്ന് അപ്പന്റെ കാൽക്കൽ വീണു. തന്നെത്തന്നെ അടിയറ വച്ചു. നിന്റെ മകൻ എന്നുവിളിക്കുവാൻ എനിക്ക് അർഹതയില്ല. കഴിഞ്ഞകാലത്തെ എന്റെ നന്മകളെല്ലാം നഷ്ടപ്പെടുത്തിയവനാണു ഞാൻ. ഇനി കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ കൈക്കൊള്ളണമേ. ഹൃദയത്തിന്റെ ഈ വിനയമാണ് ആനന്ദം ആരംഭിക്കാനുള്ള കാരണം.

ഒറ്റയ്ക്കിരുന്നുകൊണ്ട് നിങ്ങളുടെ ജീവിതം മുഴുവൻ ക്രിസ്തുവിന്റെ പാദപീഠത്തിലേക്ക് സമർപ്പിക്കുക. ഈ ആനന്ദം

നിങ്ങൾക്കനുഭവിക്കാം. നിങ്ങളുടെ ഹൃദയത്തിലെ വിഷാദഭാവങ്ങൾ എല്ലാം മാറും. എന്റെകാര്യം അന്വേഷിക്കാൻ എനിക്കൊരുടമസ്ഥൻ ഉണ്ട് എന്ന ഉറപ്പ് നിങ്ങൾക്കു കിട്ടും.

എന്റെ കാര്യം തുറന്നു പറഞ്ഞാൽ വിശ്വസിക്കാൻ കൊള്ളാവുന്ന ഒരു അത്ഭുതപുരുഷൻ എനിക്ക് നാഥനായിട്ടുണ്ട് എന്ന ഉറപ്പ്! നിങ്ങളുടെ ഭർത്താവിന്റെകാര്യം പറയാം. ഭാര്യയുടെകാര്യം പറയാം. മക്കളുടെകാര്യം പറയാം. ജോലിയുടെ കാര്യം പറയാം. കടത്തിന്റെകാര്യം പറയാം. രോഗത്തിന്റെ കാര്യം പറയാം. കുടുംബത്തിലെ ആവലാധികളുടെകാര്യം പറയാം. എന്തെല്ലാം പ്രശ്നങ്ങൾ ഉണ്ടോ എല്ലാം പറയാം. യേശു എല്ലാം കേൾക്കും.

നമ്മുടെ ഭാരങ്ങളെല്ലാം ചുമക്കാൻ ശക്തനായ ഒരുവനുണ്ട്. അവനാണ് കർത്താവായ യേശുക്രിസ്തു.

“അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകലചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ”(1 പത്രോസ് 5 : 7). എല്ലാം അവൻ ചുമന്നുകൊള്ളും. എല്ലാം അവൻ വഹിച്ചുകൊള്ളും. മോനേ, നീ തനിയെ വഹിക്കേണ്ട. മോളേ, നീ തനിയെ ചുമക്കണ്ട. വളരെ സന്തോഷത്തോടെ സ്വതന്ത്രനായി നടക്കുവാൻ അവൻ നിനക്ക് കൃപ തരും.

അങ്ങനെ അവർ ആനന്ദിച്ചുതുടങ്ങി. അപ്പന്റെ വീട്ടിലേക്ക് മടങ്ങിവന്നാൽ ആനന്ദം തുടങ്ങാം. അപ്പന്റെ മുമ്പിൽ എല്ലാം സമർപ്പിച്ചാൽ ആനന്ദം തുടങ്ങാം. എനിക്ക് അർഹത ഒന്നുമില്ല എന്നു പറഞ്ഞാൽ ആനന്ദം തുടങ്ങാം. എനിക്ക് അവകാശം പറയാൻ ഒന്നുമില്ല എന്ന് സ്വയം സമ്മതിച്ചാൽ ആനന്ദം തുടങ്ങാം. എനിക്ക് ന്യായീകരണം പറയാൻ വകയില്ല എന്നുപറഞ്ഞാൽ ആനന്ദം തുടങ്ങാം. യാതൊരു വ്യവസ്ഥയും കൂടാതെ എല്ലാം ക്രിസ്തുവിന്റെ പാദത്തിലേക്ക് അർപ്പിച്ചാൽ ആനന്ദം തുടങ്ങാം.

യൗവ്വനപ്രായത്തിൽത്തന്നെ എല്ലാം നഷ്ടപ്പെട്ടവനായി

ട്ടാണ് അവൻ മടങ്ങിവന്നിരിക്കുന്നത്. അപ്പന്റെ ഉള്ളം തകർന്നിരിക്കുകയാണ്. അപ്പൻ ഈ മോന്റെ ശരീരം ആസകലം നോക്കുകയാണ്. എന്റെ മോൻ ക്ഷീണിച്ചുപോയല്ലോ, എന്റെ മോൻ തളർന്നുപോയല്ലോ, അപ്പന്റെ ഉള്ളം വേദനിക്കുകയാണ്.

യേശു സ്നേഹം മാത്രമാണ്. യേശുവിന്റെ അടുക്കൽ വന്നാൽ അവൻ സ്വീകരിക്കും. തിരുമുമ്പാകെ വന്നു സമർപ്പിച്ചാൽ കൈക്കൊള്ളും. സ്നേഹം മാത്രമായ യേശു! അവൻ നിങ്ങളെ തള്ളിമാറ്റുകയില്ല! നീ എങ്ങനെ ജീവിച്ചവനാണ് എന്ന് ചോദിക്കുകയില്ല. നിന്റെ ജീവിതമോർത്താൽ നിന്നെ ഞാൻ എങ്ങനെ തൊടും മോനേ, എന്ന് ചോദിക്കുകയില്ല. അവൻ ആഹാരം കഴിക്കുന്നതുനോക്കി കൗതുകത്തോടെ അപ്പൻ ഇരിക്കുകയാണ്. കൊടുത്തതും കൊടുത്തതും പോരാ എന്നാണ് അപ്പന്റെ ചിന്ത.

വചനം പറയുന്നതെന്താണ്? നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്യുവാൻ ശക്തിയുള്ളവൻ! (എഫെസ്യർ 3 : 20). നമുക്കു തന്നതും തന്നതും പോരാ എന്ന് ദൈവം വിചാരിക്കും.

നിങ്ങൾ വിചാരിക്കുന്നു: ഞാൻ എത്ര പ്രാവശ്യം പ്രാർത്ഥിച്ചു? ഇപ്പോഴും കടത്തിൽ മുങ്ങിയിരിക്കുന്നു. ഞാൻ എത്ര പ്രാവശ്യം പ്രാർത്ഥിച്ചു? എനിക്ക് സമാധാനം കിട്ടിയില്ല. എന്റെ ആകുലം മാറിയില്ല. ഉറക്കംവരാത്ത ഇരുളടഞ്ഞ രാവുകൾ, നിരാശപൂണ്ട രാവുകൾ! എനിക്ക് ഒരു സമാധാനവുമില്ല. പകലായാൽ ഇരുളാകാൻ ആഗ്രഹിക്കും. ഇരുളായാൽ പകലാകാൻ ആഗ്രഹിക്കും.

ജീവിതം വിരസമാണ്. ജീവിതം നിരാശാഭരിതമാണ്. ജീവിതം ആകെ ദുഷ്ക്കരമാണ്. പ്രയാസപൂർണ്ണമാണ്, ക്ലേശഭരിതമാണ്. എനിക്കെന്താണ് ഇങ്ങനെ ഒരനുഭവം കിട്ടാത്തത്?

സ്നേഹിതാ, മുഴുവനായി സമർപ്പിച്ചിട്ടില്ല, നീ മുഴുവ

നായി വിട്ടുകൊടുത്തിട്ടില്ല. നിന്റെ ജീവിതം തകർന്നുപോയി എന്നു നീ സമ്മതിച്ചിട്ടില്ല. നിനക്കിപ്പോഴും ചില അവകാശവാദങ്ങളുണ്ട്. ഞാൻ പ്രാർത്ഥിക്കുന്നവനല്ലേ, ഞാൻ കൂട്ടായ്മയിൽ പോകുന്നവനല്ലേ, ഞാൻ ദൈവവേലയ്ക്കുവേണ്ടി അദ്ധ്വാനിക്കുകയും ക്ലേശിക്കുകയും പലപല ഉപകാരങ്ങൾ ചെയ്യുകയും ചെയ്യുന്നവനല്ലേ, ഞാൻ ഇത്രകാലം മുമ്പെ മാനസാന്തരപ്പെട്ടവളല്ലേ, ഞാൻ പ്രാർത്ഥിക്കുന്നവളല്ലേ, എനിക്കു വേദപുസ്തകം അറിയാമല്ലോ, ഇങ്ങനെ നിനക്ക് ചില അവകാശവാദങ്ങളുണ്ട്.

കർത്താവിന്റെ സന്നിധിയിൽ അവകാശവാദങ്ങൾ വിലപ്പോവുകയില്ല. യാതൊരു അവകാശവാദവുമില്ലാതെ, യാതൊരു ന്യായീകരണവുമില്ലാതെ എല്ലാ പ്രതീക്ഷകളും അറ്റ് ദൈവത്തെ ആശ്രയിച്ച് നീ വരുമോ? കാണാം, അവൻ നിന്നെ പിടിച്ചെഴുന്നേൽപ്പിക്കുന്നത്. അവൻ നിന്റെ കണ്ണുനീരു തുടച്ചു തരുന്നത്. അവൻ നിന്റെ ഭാരങ്ങൾ എടുത്തുമാറ്റുന്നത്. നിന്റെ ചുമലിലെ ഭാരമെല്ലാം അവന്റെ ചുമലിൽ ആകുന്നത്. അവൻ പറയുന്നു: “നിന്റെ ഭാരം യഹോവയുടെമേൽ വച്ചുകൊൾക, അവൻ നിന്നെ പുലർത്തും. നീതിമാൻ കുലുങ്ങിപ്പോകുവാൻ അവൻ ഒരുനാളും സമ്മതിക്കുകയില്ല” (സങ്കീർത്തനം 55 : 22).

നീതിമാനായി നിൽക്കണം. വന്നുപോയ നീതികേടുകൾ, പാപങ്ങൾ എല്ലാം ഏറ്റുപറയണം. “അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തുപോയി” എന്ന ഒറ്റവാക്കിൽ അവന്റെ പഴയകാലജീവിതം മുഴുവൻ തുറക്കുകയാണ്. വലിയ കുറ്റബോധം അവനുണ്ട്. പാപബോധത്തോടെ നാം വരണം. അനുതാപത്തോടെ വരണം. ഇനിമേലിൽ ഇതുവരെ ജീവിച്ചതുപോലെ ഒരു ജീവിതം എനിക്ക് ഉണ്ടാവുകയില്ല എന്ന തീരുമാനത്തോടെ വരണം.

വ്യക്തമായ തീരുമാനം! വ്യക്തമായ പ്രതിഷ്ഠ! ഇനിമേൽ ഞാനൊരു പുതിയ മനുഷ്യനായിരിക്കും. ഇനി നിന്റെ വയലിൽ വിശ്വസ്തതയോടെ ഞാൻ വേലചെയ്യും. ഇനി നീ എന്നെ

ആക്കുന്നിടത്ത് ഒരു ചോദ്യവുമില്ലാതെ ഞാൻ വേല ചെയ്യും. എനിക്ക് സ്വന്തം ന്യായീകരണങ്ങൾ കാണുകയില്ല. സ്വന്തം അഭിപ്രായങ്ങൾ കാണുകയില്ല. പിതാവേ, നിന്റെ ഹിതം എന്റെ ഹിതം. നിന്റെ ഇഷ്ടം എന്റെ ഇഷ്ടം. അങ്ങനെ അവർ ആനന്ദിച്ചു തുടങ്ങി.

നിങ്ങൾക്കിന്ന് ഈ സമർപ്പണത്തിലേക്ക് വരാം. അപ്പനോടുകൂടെ ആ സ്നേഹസംസർഗ്ഗത്തിൽ കഴിയാം. അപ്പനോടുകൂടെയുള്ള സ്നേഹത്തിന്റെ സഖിത്വം! അത് സൗഭാഗ്യകരമായ അനുഭവമാണ്.

> *"അവന്റെ മൂത്തമകൻ വയലിൽ ആയിരുന്നു; അവൻ വന്നു വീട്ടിനോട് അടുത്തപ്പോൾ വാദ്യവും നൃത്തഘോഷവും കേട്ടു. ബാല്യക്കാരിൽ ഒരുത്തനെ വിളിച്ച്: ഇതെന്ത് എന്നു ചോദിച്ചു. അവൻ അവനോട്: നിന്റെ സഹോദരൻ വന്നു; നിന്റെ അപ്പൻ അവനെ സൗഖ്യത്തോടെ കിട്ടിയതുകൊണ്ട് തടിപ്പിച്ച കാളക്കുട്ടിയെ അറുത്തു എന്നു പറഞ്ഞു. അപ്പോൾ അവൻ കോപിച്ചു, അകത്തു കടപ്പാൻ മനസ്സില്ലാതെ നിന്നു; അപ്പൻ പുറത്തു വന്ന് അവനോട് അപേക്ഷിച്ചു."*
>
> *ലൂക്കോസ് 15 : 25 – 28*

ഇളയമകൻ സമർപ്പിച്ചു. മൂത്തമകൻ മത്സരിച്ചു. മൂത്തമകൻ അപ്പന്റെ വീട്ടിൽത്തന്നെ താമസിക്കുന്നവനാണ്. മൂത്തമകൻ അപ്പന്റെ വയലിൽ കാര്യങ്ങൾ എല്ലാം നോക്കുന്നവനാണ്. വേറെ അന്യായമായ രീതിയിലുള്ള പ്രവൃത്തിയിലേക്കോ തെറ്റിലേക്കോ പോകുന്നവനല്ല. ചീത്ത കൂട്ടുകെട്ടിലൊന്നും പോയിട്ടില്ല. ഇളയമകനെപ്പോലെ അഴുക്കായ വഴിയിൽ പോയിട്ടില്ല. ദുർന്നടപ്പുകാരനായി ജീവിച്ചിട്ടില്ല. അശുദ്ധമായ കൂട്ടുകെട്ടിലേക്ക് പോയിട്ടില്ല. മൂത്തമകൻ വയലിൽ ആയിരുന്നു. എപ്പോഴും വേലയിൽ ആണ്.

ഇന്ന് വയലിൽ ആയിരിക്കുന്ന അനേകം പേരും സമർപ്പണ മില്ലാത്തവരാണ്. ക്രിസ്തുവിന്റെ വയലിൽ വേല ചെയ്യുന്നവ രാണ്! സുവിശേഷം പ്രസംഗിക്കുന്നവരായിരിക്കാം! കുർബ്ബാന ചൊല്ലുന്നവരായിരിക്കാം! പ്രാർത്ഥനായോഗം നടത്തുന്നവരായി രിക്കാം! സണ്ടേസ്ക്കൂളിൽ പഠിപ്പിക്കുന്നവരായിരിക്കാം! അവൻ വയലിൽ ആയിരുന്നു പക്ഷേ, അവനു സമർപ്പണമില്ല.

ഇന്ന് അനേകം ക്രൈസ്തവപ്രവർത്തകരും വയലിലാണ്. പക്ഷേ, സമർപ്പണമില്ല. വയലിലാണ്, ദൈവവേലയിലാണ്, വേലയിൽ ശുഷ്ക്കാന്തിയുള്ളവനാണ്. പക്ഷേ, ഉപമ അവസാ നിക്കുമ്പോൾ അവൻ ഗേറ്റിനു പുറത്താണ്. അപ്പന്റെ ഊണു മേശയിലേക്ക് അവൻ വന്നില്ല. അപ്പന്റെ ഭവനത്തിലേക്ക് വന്നില്ല. അപ്പന്റെ വയലിൽ വേല ചെയ്തവനാണ് പക്ഷേ, അപ്പന്റെ ഭവ നത്തിലേക്ക് വരാൻ പറ്റിയില്ല.

സുവിശേഷപ്രസംഗം നടത്തുന്ന അനേകം പേർ അപ്പന്റെ വയലിൽ ആണെങ്കിലും അവർ ഗേറ്റിനു പുറത്തു നിൽക്കേണ്ടി വരും. അവർ അപ്പന്റെ ഭവനത്തിലേക്ക് കടക്കാൻ പറ്റാതെ മത്സരിച്ചു നിൽക്കുന്നവരാണ്. അവർക്ക് ന്യായവാദങ്ങളുണ്ട്. അവകാശവാദങ്ങളുണ്ട്, അവർക്ക് അപ്പനോട് ചോദ്യങ്ങളുണ്ട്.

എനിക്ക് തരാഞ്ഞതെന്ത് എന്ന ചോദ്യം! എന്നെ കരുതാ ത്തതെന്ത് എന്ന ചോദ്യം! ദുർന്നടപ്പുകാരനായി, അപ്പന്റെ സൽപ്പേരിന്നു കളങ്കം ചാർത്തി ജീവിച്ചവൻ, അവൻ വന്ന പ്പോൾ അപ്പൻ അവനെ കൈക്കൊണ്ടു. അവനു ന്യായമുണ്ട്, ചില അവകാശവാദങ്ങളുണ്ട്.

ഇന്ന് നിങ്ങളിൽ അനേകം പേർക്ക് മൂത്തമകന്റെ സ്വഭാവ മാണുള്ളത്. നിങ്ങൾ ചില നല്ലകാര്യങ്ങൾ ചെയ്യുന്നവരാണ്. പ്രാർത്ഥിക്കുന്നവരാണ്. വേദപുസ്തകം വായിക്കുന്നവരാണ്. സുവിശേഷവയലിൽ വേലചെയ്യുന്നവരാണ്. കുടുംബ സന്ദർശനത്തിനു പോകുന്നവരാണ്. പലതും മേന്മയുള്ള കാര്യങ്ങളുണ്ട്. പക്ഷേ, ഇതെല്ലാം എനിക്കുണ്ട് എന്ന് അവ

കാശം പറയുന്നു.

അവൻ അപ്പന്റെ ആദ്യത്തെ സന്തതിയല്ലേ? അവന്റെ സ്വന്തം വീടല്ലേ? അവന് വീട്ടിലേക്ക് വരാമായിരുന്നല്ലോ. എന്തിനാണ് അവൻ ഗേറ്റിനുപുറത്തു നിന്നത്? അവൻ കോപി ക്കുകയാണ്. ഇതെന്ത്? ഇതെന്താണ് ഇവിടെ കേൾക്കുന്നത്? ഞാൻ കൂടാതെ ഒരു ആഘോഷമോ? എന്നോടു ചോദിക്കാതെ ഇവിടെ ആഘോഷമോ? ഇത് എന്റെ വീടല്ലേ? എന്റെ വീട്ടിൽ ഞാനറിയാതെ ആഘോഷം പാടുണ്ടോ? എന്റെ അഭിപ്രായം ചോദിക്കാത്തതെന്താണ്? അവന് ഉള്ളിൽ എല്ലാം ചോദ്യമാണ്. ഇതെന്ത്? ആ ചോദ്യത്തിൽ മുഴുവനും അമർഷമാണ്.

ഇതെന്ത്? നിത്യനായ ദൈവത്തിന്റെ സ്നേഹത്തിന്റെ മുമ്പിൽ അവൻ ചോദ്യശരങ്ങളുമായി നിൽക്കുകയാണ്. നിത്യ നായ ദൈവത്തിന്റെ കാര്യപരിപാടിയുടെ മുമ്പിൽ അവൻ മത്സരവുമായി നിൽക്കുകയാണ്. അതപകടമാണ്. ദൈവ ത്തിന്റെ പരിപാടിക്ക് എതിരായി നിൽക്കരുത്. ദൈവത്തിന്റെ സ്നേഹത്തിന് എതിരായി നിൽക്കരുത്. പരിശുദ്ധാത്മാവിന്റെ കാര്യപരിപാടിയോട് മത്സരിക്കരുത്. ചോദ്യം വന്നുപോകരുത്. അപകടം വരുത്തിവയ്ക്കരുത്. ഗേറ്റിനു പുറത്തു നിൽക്കേണ്ടി വരും.

വീട്ടിലേക്കു കടക്കാൻ മനസ്സില്ലാതെ അവൻ പുറത്തു നിന്നു. അവൻ എന്താണ് അകത്തു വരാത്തത്? അവന്റെ സ്വന്തം അനുജനല്ലേ വന്നിരിക്കുന്നത്? അവന്റെ അപ്പനല്ലേ അവിടെ യുള്ളത്? അവന്റെ വീടല്ലേ അത്? അവന് അകത്തേക്കു വരാ മായിരുന്നു. പക്ഷേ, അവൻ പുറത്തുനിന്നു. അവന് എന്തോ ഒരു ഇഷ്ടക്കുറവ്. എന്തൊക്കെയാണ് ഈ കാട്ടിക്കൂട്ടുന്നത്? ഇതു ശരിയാണോ?

എന്നോടു ചോദിക്കാതെ വാദ്യഘോഷം ആവശ്യമുണ്ടോ? ഞാൻ അറിയാതെ ഇവിടെ നൃത്തഘോഷം ആവശ്യമുണ്ടോ? ഞാനല്ലേ ഈ വീട്ടിലെ മൂത്തപുത്രൻ? എന്നോട് അഭിപ്രായം

ചോദിക്കണ്ടേ? ആദ്യം മാനസാന്തരപ്പെട്ടതു ഞാനല്ലേ? ആദ്യം വന്നതു ഞാനല്ലേ? ഞാനറിയാതെ ഒരു പരിപാടി എന്താണ്?

> *"മൂത്തമകൻ വയലിൽ ആയിരുന്നു; അവൻ വന്ന് വീട്ടിനോട് അടുത്തപ്പോൾ വാദ്യവും നൃത്തഘോഷവും കേട്ടു, ബാല്യക്കാരിൽ ഒരുത്തനെ വിളിച്ച്: ഇതെന്ത് എന്നു ചോദിച്ചു. അവൻ അവനോട്: നിന്റെ സഹോദരൻ വന്നു; നിന്റെ അപ്പൻ അവനെ സൗഖ്യത്തോടെ കിട്ടിയതുകൊണ്ട് തടിപ്പിച്ച കാളക്കുട്ടിയെ അറുത്തു എന്നു പറഞ്ഞു. അപ്പോൾ അവൻ കോപിച്ചു."* *ലൂക്കോസ് 15 : 25 – 27*

അവനു കോപം വരികയാണ്. അപ്പന്റെ മകനാണ് പക്ഷേ, കോപം വരികയാണ്. അപ്പന്റെ സ്വഭാവം വന്നില്ല, അപ്പന്റെ സ്നേഹം വന്നില്ല. ആത്മീയജീവിതത്തിന്റെ എല്ലാ സ്വത്തും കൂട്ടി സമാഹരിച്ചാൽ ആകെ ഊറിക്കിട്ടുന്ന സ്വത്തായ ഒന്നുണ്ട്, അത് സ്നേഹമാണ്. ആ സ്നേഹത്തിന്റെ മുന്നിൽ എല്ലാം അലിഞ്ഞുപോകും; ആ സ്നേഹത്തിന്റെ മുന്നിൽ എല്ലാം ലയിച്ചുപോകും.

എല്ലാവരേയും മാനിക്കുന്ന സ്നേഹം! തെറ്റുചെയ്യുന്നവനേയും ആദരിക്കുന്ന സ്നേഹം! പാപം ചെയ്യുന്നവനേയും തള്ളിക്കളയാതെ കൈക്കൊള്ളുന്ന സ്നേഹം! മൂത്തമകന് അത് മനസ്സിലായില്ല. അപ്പന്റെ സ്വഭാവത്തിലെ സ്നേഹം അവന്നു പിടികിട്ടിയില്ല. സന്തോഷത്തിന്റെ രംഗത്തേക്കു വരാൻ അവന് മനസ്സില്ല. അവൻ പുറത്തു ചോദ്യവുമായി നിൽക്കുകയാണ്.

അകത്തു സന്തോഷം നടക്കുന്നു, ആനന്ദം നടക്കുന്നു, നൃത്തവും വാദ്യഘോഷവും നടക്കുന്നു; വിരുന്നു നടക്കുന്നു, അകത്ത് ക്ഷീണിതനായി വന്നവൻ വിശപ്പുമാറി ആനന്ദിക്കുന്നു.

മകന്റെ ആനന്ദം കണ്ട് അപ്പനും ആനന്ദം. വേലക്കാർ ആനന്ദിക്കുന്നു, അകത്തുള്ളവർ എല്ലാം ആനന്ദിക്കുന്നു. എന്നാൽ ഇത്രയും കാലം അകത്തുണ്ടായിരുന്ന മകൻ പുറത്തു നിന്ന്

കോപിക്കുന്നു. "അവൻ കോപിച്ചു. അവൻ അകത്തു കടപ്പാൻ മനസ്സില്ലാതെ നിന്നു."

അപ്പൻ പുറത്തുവന്ന് അവനോട് അപേക്ഷിച്ചു. അപ്പന് അവനോട് സ്നേഹമാണ്. ഇളയമകനോട് സ്നേഹമാണ്, മൂത്തമകനോടും സ്നേഹമാണ്. മത്സരിക്കുന്നവനോടും സ്നേഹമാണ്, എതിരാളികളോടും സ്നേഹമാണ്, കോപിക്കുന്നവനോടും സ്നേഹമാണ്.

നിസ്തുലസ്നേഹം! സ്നേഹവാനായ യേശു! സ്നേഹം മാത്രമായ യേശു! സ്നേഹത്തിൽ നിറഞ്ഞു നിൽക്കുന്ന യേശു! ഗോഗുൽത്തായിൽ വെളിപ്പെട്ട സ്നേഹം! കാൽവറി ക്രൂശിൽ വെളിപ്പെട്ട സ്നേഹം! കുരിശിൽ കാണിച്ചു തന്ന സ്നേഹം! ആരോടും പരാതിയില്ലാത്ത സ്നേഹം! മുഖത്തേക്കുതുപ്പിയപ്പോഴും പരാതിയില്ലാത്ത സ്നേഹം! കന്നത്തേക്ക് അടിച്ചപ്പോഴും പരാതിയില്ലാത്ത സ്നേഹം! കവിളത്തുനിന്ന് രോമങ്ങൾ പിഴുതെടുത്തപ്പോഴും രക്തം തുളിച്ചു തുളിച്ചു വന്നപ്പോഴും പരാതിയില്ലാത്ത സ്നേഹം! തലയിലേക്ക് മുള്ള് അടിച്ചു ചേർത്തപ്പോൾ ചോര ചീറി തെറിച്ചുകൊണ്ടിരുന്നു. മുള്ളിന്റെ അറ്റം കണ്ണിന്റെ അപ്പുറത്തുവന്ന് ആ മുള്ളിന്റെ അറ്റത്തുകൂടി രക്തം തുള്ളി തുള്ളിയായി വീണപ്പോഴും സ്നേഹം!

ഈ സ്നേഹത്തിന്റെ പാതയിൽ അവൻ എന്നെ എടുത്തുകൊണ്ടുവന്നു നിർത്തി. ഞാൻ തനിയെ വന്നതല്ല, ഞാൻ ആഗ്രഹിച്ചു വന്നതല്ല. എനിക്ക് ഒരിക്കലും മനസ്സിലാകാത്ത ഈ സ്നേഹത്തിലേക്ക് അവൻ എന്നെ കൊണ്ടുവന്നു നിർത്തി. മോനേ, ഇതാണു പാത! ഇതാണു വഴി! ഇത് കുരിശിന്റെ പാതയാണ്! ഇത് സ്നേഹത്തിന്റെ പാതയാണ്! ഇത് നിന്ദയുടെ പാതയാണ്! ഇത് ആക്ഷേപത്തിന്റെ പാതയാണ്! ഇത് സകലരും പരിഹസിക്കുന്ന പാതയാണ്! നീ ഒരു കുറ്റം ചെയ്യാതിരിക്കുമ്പോഴും നിന്റെ കന്നത്തടിക്കുന്ന പാതയാണ്! നിന്നെ കുരിശിൽ തറക്കുന്ന പാതയാണ്!

മോനേ, ഞാൻ ഇത് സഹിച്ചതാണ്. നീ എന്റെ വഴികളിലൂടെ നടന്നാൽ മതി. എന്റെ കാൽച്ചുവടുകളെ പിൻതുടർന്നാൽ മതി. ഞാൻ പോയ അതേ കാൽച്ചുവടുകളിലൂടെ നീ നടന്നെത്തിയാൽ മതി, നിനക്കും ഞാൻ ചെന്ന ആ സ്വർഗ്ഗരാജ്യത്തിൽ എത്താം. നിനക്കും അവിടെ പ്രവേശനം കിട്ടും. ഇത് ഇടുങ്ങിയവഴിയാണ്, നീ തളരരുത്. ഇടുക്കവും ഞെരുക്കവുമുള്ള വഴിയാണ്. തെന്നുന്ന വഴിയാണ്. ഞാൻ നിന്നെ പിടിച്ചുകൊള്ളാം.

സ്നേഹവാനായ ക്രിസ്തു നമ്മുടെ കരത്തിൽ പിടിക്കുന്നുണ്ട്.

> *"കർത്താവ് നിങ്ങൾക്ക് കഷ്ടത്തിന്റെ അപ്പവും ഞെരുക്കത്തിന്റെ വെള്ളവും മാത്രം തന്നാലും ഇനി നിന്റെ ഉപദേഷ്ടാവ് മറഞ്ഞിരിക്കയില്ല; നിന്റെ കണ്ണ് നിന്റെ ഉപദേഷ്ടാവിനെ കണ്ടുകൊണ്ടിരിക്കും. നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ: വഴി ഇതാകുന്നു, ഇതിൽ നടന്നുകൊൾവിൻ എന്നൊരു വാക്ക് പിറകിൽ നിന്നു കേൾക്കും."* *യെശയ്യാവ് 30 : 20, 21*

എന്തൊരു ഭാഗ്യമാണിത്! വഴി തെറ്റാതെ നടത്താൻ ഒരു ദൈവമുണ്ട്. വഴിതെറ്റാതെ നയിക്കാൻ ഒരു നടത്തിപ്പുകാരനുണ്ട്. വഴിപിണങ്ങിപ്പോയാൽ നേർവഴിയ്ക്കാക്കാൻ ഒരു നിത്യസ്നേഹിതനുണ്ട്. ഈ യേശുവിന്റെ മാർവ്വിൽ ചാരിക്കൊണ്ട് നമുക്കു പോകാം.

"മരുഭൂമിയിൽ നിന്ന് തന്റെ പ്രിയന്റെമേൽ ചാരിക്കൊണ്ട് വരുന്നോരിവൾ ആര്?" (ഉത്തമഗീതം 8 : 5). ഈ മരുഭൂമിയിൽ നീ ക്ലേശിക്കണ്ട. ഈ മരുഭൂമിയിൽ ഉഷ്ണക്കാറ്റുണ്ട്. ചുട്ടുപഴുത്ത മണൽത്തരികൾ വന്ന് ആഞ്ഞടിക്കുന്ന അനുഭവമുണ്ട്. എന്നാൽ നീ ഈ മരുഭൂമിയിൽ പ്രിയന്റെ മാറിൽ ചാരിക്കൊള്ളുക.

ഈ മരുഭൂമിയിൽ ഒരു വാട്ടവുമില്ലാതെ ജീവിക്കുന്നതെന്തുകൊണ്ടാണ്? ഈ മരുഭൂമിയിൽ രോഗം വന്നിട്ടും ഒരു ക്ലേശവുമില്ലാത്തതെന്താണ്? ഈ മരുഭൂമിയിൽ പൈസക്ക് ഞെരുക്കം വന്നിട്ടും നിരാശ വരാത്തത് എന്താണ്? ഈ മരുഭൂമിയിൽ പലരും വെറുത്തിട്ടും ഒരു കൂസലുമില്ലാത്തത് എന്താണ്? മരുഭൂമിയിൽ നിന്ന് തന്റെ പ്രിയന്റെമേൽ ചാരിക്കൊണ്ടു വരുന്നോരിവൾ ആര്?

സ്നേഹിതാ, ചാരാൻ ഒരു പ്രിയനുണ്ട്. അണയാൻ ഒരു പ്രിയന്റെ മാർവ്വുണ്ട്. നിന്റെ ജീവിതത്തിൽ നിനക്ക് ആലോചന പറഞ്ഞു തരാൻ ഒരാളുണ്ട്.

> *"ഞാൻ നിന്നെ ഉപദേശിച്ച്, നടക്കേണ്ടുന്ന വഴി നിനക്ക് കാണിച്ചുതരും; ഞാൻ നിന്റെമേൽ ദൃഷ്ടി വച്ച് നിനക്കു ആലോചന പറഞ്ഞുതരും."*
>
> *സങ്കീർത്തനങ്ങൾ 32 : 8*

ആലോചന പറഞ്ഞുതരുന്ന നിത്യസ്നേഹം! നമ്മുടെ മേൽ ദൃഷ്ടിവയ്ക്കുന്ന സ്നേഹം! നമ്മുടെ കാര്യം അന്വേഷിക്കുന്ന സ്നേഹം! നമ്മെ എപ്പോഴും നോക്കിക്കൊണ്ടിരിക്കുന്ന സ്നേഹം! സ്വർഗ്ഗത്തിലെ നിത്യനായ ദൈവത്തിന് നമ്മെ പ്രിയമാണ്. യേശുവിന് നമ്മോട് സ്നേഹമാണ്. യേശു നമ്മെ പേരു ചൊല്ലി വിളിക്കുകയാണ്. "നീ എന്നെ അറിയാതിരിക്കെ ഞാൻ നിന്നെ ഓമനപ്പേരു ചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്നെ അറിയാതിരിക്കെ ഞാൻ നിന്റെ അരമുറുക്കിയിരിക്കുന്നു" എന്ന് യെശയ്യാപ്രവചനത്തിൽ പറയുന്നു. (യെശയ്യാവ് 45 : 4, 5).

ഞാൻ വിളിച്ചില്ല, ഞാൻ ചോദിച്ചില്ല, ഞാൻ ആവശ്യപ്പെട്ടില്ല, ഞാൻ പ്രാർത്ഥിച്ചില്ല. അവൻ എന്റെ ജീവിതത്തിലേക്കു വന്ന് സ്നേഹം എന്റെമേൽ പകരുകയാണ് ചെയ്തത്. സ്നേഹം എന്റെമേൽ നിക്ഷേപിക്കുകയാണു ചെയ്തത്.

നിത്യസ്നേഹം! ക്രൂശിലെ നിസ്തുലസ്നേഹം! ത്യാഗോജ്ജ്വലസ്നേഹം! ആ സ്നേഹമാണ് നിങ്ങളെ വശീകരിക്കു

ന്നത്. ആ സ്നേഹമാണ് നിങ്ങളെ സ്വാധീനിക്കുന്നത്. ആ സ്നേഹം നിങ്ങൾക്ക് ആക്ഷേപത്തിന്റേയും പരിഹാസത്തിന്റേയും പാതയിലൂടെ പതറാതെ പോകുവാനുള്ള പുതുകരുത്തു നൽകുകയാണ്. ആ സ്നേഹം നിങ്ങൾക്ക് സൗഖ്യം തരികയാണ്. ആ സ്നേഹം നിങ്ങളുടെ ഭാരം ഏറ്റെടുക്കുകയാണ്.

ക്രൂശിലെ സ്നേഹം, പാപിയെ വീണ്ടെടുക്കുന്ന സ്നേഹം! ക്രൂശിലെ സ്നേഹം, കഴിഞ്ഞകാലജീവിതം കണക്കിടാത്ത സ്നേഹം! നമ്മുടെ അകൃത്യങ്ങൾക്കൊത്തവണ്ണം പകരം ചോദിക്കാത്ത സ്നേഹം!

ഈ സ്നേഹമാണ് മൂലധനം. ഈ സ്നേഹമാണ് നിധി. നിങ്ങൾ മൂത്തമകനെപ്പോലെ പുറത്ത് മത്സരിച്ചു നിൽക്കരുത്. നിങ്ങൾ അപ്പനോട് കോപിക്കരുത്. നിങ്ങൾ അവകാശം പറയരുത്. നിങ്ങൾ ഒരു ന്യായവും പറയാതെ സമർപ്പിക്കൂ.

“അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്ന പേരിനു ഞാൻ യോഗ്യനല്ല; നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കേണമേ” എന്നു പറഞ്ഞു വന്ന ഇളയ മകനെപ്പോലെ സമ്പൂർണ്ണമായി നമുക്കു സമർപ്പിക്കാം.

മൂത്തമകനു സമർപ്പണമില്ലാതെ പോയി. മൂത്തമകന് അവകാശവാദങ്ങളുണ്ട്. അവനു ചില നന്മകൾ പറയാനുണ്ട്. ഇത്രകാലമായി ഞാൻ നിന്നെ സേവിക്കുന്നു എന്നാണ് അവൻ പറയുന്നത്.

അപ്പൻ വന്ന് അവനോട് അപേക്ഷിക്കുകയാണ്: മോനേ, അകത്തേക്കു വരൂ. മോനേ, സന്തോഷത്തിൽ പങ്കുചേരൂ. സ്വർഗ്ഗത്തിലെ അപ്പൻ ഒരു പാപിയായ മനുഷ്യന്റെ മുമ്പിൽ അപേക്ഷിക്കുന്നു. നിന്റെ അനുജൻ വന്നിരിക്കുന്നു, നീ സന്തോഷത്തിൽ കൂട്ടാളിയാകുക.

ഒരു പാപി മാനസാന്തരപ്പെടുമ്പോൾ നീ ഗർവ്വിക്കയല്ല

വേണ്ടത്. ഒരു പാപി മാനസാന്തരപ്പെടുമ്പോൾ നീ എതിർക്കുക യല്ല വേണ്ടത്. നീ അകത്തേക്കു വരൂ. നീയും സന്തോഷം അനുഭവിക്കൂ. നീ പുറത്തു മത്സരിച്ച് മാറി നിൽക്കേണ്ടവനല്ല.

നിങ്ങൾ അവകാശവാദങ്ങൾ പറയരുത്: മൂത്തമകൻ സേവനത്തിന്റെ ചരിത്രം പറയുകയാണ്. നാം ഉപവാസം എടു ക്കുന്നവരായിരിക്കും. പ്രാർത്ഥിക്കുന്നവരായിരിക്കും. സാധുജ നസേവനം ചെയ്യുന്നവരായിരിക്കും. പുണ്യപ്രവൃത്തികൾ ചെയ്യുന്നവരായിരിക്കും. നാം സുവിശേഷവേല ചെയ്യുന്നവരാ യിരിക്കും. സുവിശേഷവേലക്കുവേണ്ടി ത്യാഗം സഹിക്കുന്നവ രായിരിക്കും. എന്നാൽ നിങ്ങൾ ഈ അവകാശവാദങ്ങൾ ഒന്നും പറയരുത്.

ഞാൻ ഒരു പാപിയാണ്, പാപികളിൽ പ്രധാനിയാണ്, എനിക്ക് ന്യായംപറയാൻ ഒന്നുമില്ല. ഞാൻ നിന്റെ സ്വഭാവം പ്രാപിച്ചില്ല, നിന്റെ സ്വഭാവം എന്ത് എന്ന് ഞാൻ അറിഞ്ഞില്ല കർത്താവേ, എന്നോടുക്ഷമിക്കണമേ എന്ന് നമുക്കു പ്രാർത്ഥി ക്കാം.

സന്തോഷം തുടങ്ങാം. ആനന്ദം തുടങ്ങാം. സമാധാനം തുടങ്ങാം. ഐശ്വര്യം തുടങ്ങാം. ശാന്തിയുള്ള ഒരു നല്ല ജീവിതം ആരംഭിക്കാം. അതിന്നായി ക്രിസ്തുവിന്റെ തുളയ്ക്ക പ്പെട്ട പാദത്തിൽ ജീവിതം സമർപ്പിക്കൂ.

# അഞ്ച്

*"അതിന്റെ ശേഷം ദൈവം അബ്രാഹാമിനെ പരീക്ഷിച്ചത് എങ്ങനെയെന്നാൽ: അബ്രാഹാമേ, എന്നു വിളിച്ചതിന്: ഞാൻ ഇതാ എന്ന് അവൻ പറഞ്ഞു. അപ്പോൾ അവൻ: നിന്റെ മകനെ, നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ യിസ്ഹാക്കിനെ തന്നേ, കൂട്ടിക്കൊണ്ടു മോറിയാദേശത്തു ചെന്ന്, അവിടെ ഞാൻ നിന്നോടു കല്പിക്കുന്ന ഒരു മലയിൽ അവനെ ഹോമയാഗം കഴിക്ക എന്ന് അരുളിച്ചെയ്തു"*
*ഉല്പത്തി 22 : 1, 2*

വിശ്വാസികളുടെ പിതാവായ അബ്രാഹാമിന്റെ സമർപ്പണം!

അബ്രാഹാം ഒരു വിഗ്രഹാരാധിയായിരുന്നു. ഉല്പത്തി പുസ്തകം 12-ാം അദ്ധ്യായം വായിക്കുമ്പോൾ കാണാം, അബ്രാഹാം കൽദയരുടെ ഊരിൽനിന്ന് പുറപ്പെട്ടു എന്ന്. കൽദയർ ബാബിലോണിയായിലുള്ള ജനവിഭാഗമാണ്. ബാബിലോണിയ എന്നുപറയുന്നത് യൂഫ്രട്ടീസ് ടൈഗ്രീസ് നദിയുടെ തീരങ്ങളിലുള്ള മെസൊപ്പൊത്തോമ്യൻ സമതലമാണ്. മെസൊപ്പൊത്തോമ്യൻ സമതലത്തിലുള്ള ബാബിലോണിയക്കാർ അല്ലെങ്കിൽ അസ്സീറിയക്കാർ. അവരുടെ ദേശത്തു നിന്ന് അബ്രാഹാം പുറപ്പെട്ടു. എത്രയോ ആളുകളുള്ള സ്ഥലമാണ്. അബ്രാഹാം അവരുടെ കൂട്ടത്തിൽനിന്ന് വേറിട്ടു മാറി പുറപ്പെട്ടു.

കാരണം, അബ്രാഹാം ദൈവത്തിന്റെ ശബ്ദം കേട്ടു! ദൈവം അബ്രാഹാമിനു പ്രത്യക്ഷനായി! ദൈവം എങ്ങനെയാണ് മനുഷ്യർക്ക് പ്രത്യക്ഷനാകുന്നത്? ദൈവം തന്റെ വചന

ത്തിൽക്കൂടി പ്രത്യക്ഷനാകുന്നു. വചനം കേൾക്കുമ്പോൾ നാം അക്ഷരികമായി ഒരാളെ കാണുകയല്ല, വചനമായി ദൈവം പ്രത്യക്ഷനാവുകയാണ്. ദൈവത്തിന്റെ ശബ്ദം കേൾക്കുമ്പോൾ ദൈവം അവിടെ വന്നു കഴിഞ്ഞു.

ദൈവത്തിന്റെ ശബ്ദം! അബ്രാഹാമേ, അബ്രാഹാമേ എന്നു വിളിക്കുന്ന ദൈവത്തിന്റെ ശബ്ദം അബ്രാഹാം കേട്ടു. അബ്രാഹാമിനു ദൈവം പ്രത്യക്ഷനായി. ദൈവം അബ്രാഹാമിന് പ്രത്യക്ഷനായിട്ട് പറഞ്ഞു: "നീ നിന്റെ ദേശത്തേയും പിതൃഭവനത്തേയും ചാർച്ചക്കാരേയും വിട്ട് ഞാൻ നിനക്ക് കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പുറപ്പെടുക" (ഉല്പത്തി 12 : 1).

എങ്ങനെ പുറപ്പെടും? ദേശം ഏതാണെന്ന് അറിഞ്ഞുകൂടാ. ഇന്നദേശം എന്ന് കാണിച്ചുകൊടുക്കും എന്നാണു പറയുന്നത്.

ദൈവം വിളിച്ചു, അബ്രാഹാം പുറപ്പെട്ടു. മെസൊപ്പൊത്താമ്യയിലെ യൂഫ്രട്ടീസ് ടൈഗ്രീസ് നദീതീരത്തെ കുഴഞ്ഞ മണ്ണെടുത്ത് വിഗ്രഹങ്ങൾ ഉണ്ടാക്കുന്ന ജോലിയായിരുന്നു അബ്രാഹാമിന്. അബ്രാഹാം ജാതീയവിഗ്രഹങ്ങളെ ആരാധിക്കുന്ന മനുഷ്യനായിരുന്നു.

എന്നാൽ ആ ആരാധനാസമ്പ്രദായം മാറ്റാനാണ് ദൈവം പറഞ്ഞത്. നിന്റെ ഇന്നത്തെ ആരാധന നിർജ്ജീവമായ ആരാധനയാണ്; അത് സത്യദൈവത്തെ പ്രസാദിപ്പിക്കുന്ന ആരാധനയല്ല, ജീവനുള്ള ദൈവം പ്രസാദിക്കുന്ന ആരാധനയല്ല. നിന്റെ ഇന്നത്തെ ആരാധന ഊമവിഗ്രഹങ്ങളെ ആരാധിക്കുന്ന വിഗ്രഹസേവയാണ്. അതുവിട്ട് നീ പുറപ്പെടണം.

നിന്നെ ഞാൻ വലിയോരു ജാതിയാക്കാൻ തീരുമാനിച്ചിരിക്കുന്നു. നിന്നിൽ ഭൂമിയിലെ സകല വംശങ്ങളെയും അനുഗ്രഹിപ്പാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു. നിന്നിൽ ഊന്നിനിന്നുകൊണ്ട് ജനസമൂഹത്തെ അനുഗ്രഹത്തിന്റെ പന്ഥാവിലൂടെ നയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മകനേ, നീ പുറപ്പെടുക. അബ്രാഹാം പിന്നെ മറ്റൊന്നും ചിന്തിച്ചില്ല.

ദൈവത്തിന്റെ ശബ്ദം കേട്ടു, അബ്രാഹാം പുറപ്പെട്ടു. വിഗ്രഹാരാധന വിട്ടു, വിഗ്രഹാരാധികളെയും സാഹചര്യങ്ങളെയും വിട്ടു. അബ്രാഹാം സ്വന്തഭവനം വിട്ടു പുറപ്പെട്ടു.

എന്താണ് പുറപ്പെടുക എന്നതിന്റെ അർത്ഥം? നാം വീടുവിട്ട് സുവിശേഷവേലയുമായി പോകണമെന്നാണോ? അല്ല. ദൈവം അങ്ങനെയല്ല പറയുന്നത്.

ജീവിതം സമർപ്പിക്കുക എന്നു പറഞ്ഞാൽ അക്ഷരികമായി ഒന്നും വിടുവാനല്ല ദൈവം പറയുന്നത്. ജോലി രാജിവയ്ക്കാനല്ല. ജോലി രാജിവച്ചാലും എന്റെ ഹൃദയത്തിലെ പാപം പോകുകയില്ലല്ലോ. എന്റെ ഹൃദയത്തിലെ ഇഷ്ടക്കുറവും അസൂയയും മുഷിച്ചിലും പകയും വിദ്വേഷവും കോപവും ജോലി രാജിവെച്ചാൽ മാറുകയില്ലല്ലോ.

എന്റെ ഹൃദയത്തിലുള്ള ദ്രവ്യാഗ്രഹവും സ്ഥാനമോഹവും ജോലി രാജിവെച്ചാൽ പോകുകയില്ലല്ലോ. എന്റെ ego, എന്റെ സ്വയം, ജോലി രാജിവെച്ചാൽ പോകുകയില്ലല്ലോ. എനിക്ക് മനസ്സിലായി, ഇതല്ല ദൈവം ആഗ്രഹിക്കുന്നത്.

ഞാൻ എന്നിൽനിന്ന് സ്വതന്ത്രനാകുക എന്നതാണ്. ഞാൻ എന്നിൽനിന്ന് ഒരു സ്വാതന്ത്ര്യം പ്രാപിക്കണം. എന്റെ സ്വയത്തിൽനിന്ന് സ്വാതന്ത്ര്യം പ്രാപിക്കണം. എന്റെ ഒരു സ്വയമുണ്ട്; എന്റെ ഒരു സ്വാർത്ഥതയുണ്ട്; എന്റെ ഒരു ഇഷ്ടമുണ്ട്; എന്റെ ഒരു സ്വന്തം പരിപാടിയുണ്ട്; എന്റേതെല്ലാം ഞാൻ യേശുവിനു കൈമാറണം. എന്റെ ജോലി, എന്റെ കുടുംബം, എന്റെ ഭാവി, എന്റെ പഠിത്തം, എന്റെ മുമ്പോട്ടുള്ള ഗമനം, എല്ലാം യേശുവിനു കൈമാറണം. ഇതു മനസ്സിലായപ്പോൾ വിശാലമായ ഒരു ആത്മപ്രപഞ്ചം തുറന്നുകിട്ടുകയായിരുന്നു.

എന്റേതെല്ലാം ക്രിസ്തുവിന്റെ കൈകളിലേക്ക് മാറുക. ക്രിസ്തു എന്റെ സ്വന്തമായിത്തീരുക. എനിക്ക് സ്വന്തം പരിപാടി ഇല്ലാതാകുക. എനിക്കു സ്വന്തം ജീവിതോദ്ദേശ്യം ഇല്ലാതാകുക. ഞാൻ പഠിക്കുന്നെങ്കിൽ അത് ക്രിസ്തുവിന്റെ മഹത്വ

ത്തിനുവേണ്ടി. ഞാൻ ജോലി ചെയ്യുന്നെങ്കിൽ അത് ക്രിസ്തുവിന്റെ മഹത്വത്തിനുവേണ്ടി.

> *"വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിന്നു സ്തോത്രം പറഞ്ഞും കൊണ്ടിരിപ്പിൻ."*
>
> *കൊലൊസ്സ്യർ 3 : 17*

എല്ലാറ്റിനുംവേണ്ടി സ്തോത്രം പറയണം. എന്റെ രോഗത്തിനുവേണ്ടി സ്തോത്രം പറയണം, എന്റെ കഷ്ടപ്പാടിനുവേണ്ടി സ്തോത്രം പറയണം, എന്റെ നഷ്ടങ്ങൾക്കുവേണ്ടി സ്തോത്രം പറയണം, എനിക്കുവരുന്ന കെടുതികൾക്കുവേണ്ടി ദൈവത്തെ സ്തുതിക്കണം, എനിക്കു വരുന്ന കഷ്ടനഷ്ടങ്ങൾക്കുവേണ്ടി ദൈവത്തെ സ്തുതിക്കണം, എനിക്കു വരുന്ന പ്രതിസന്ധികൾക്കുവേണ്ടി ദൈവത്തെ സ്തുതിക്കണം. കാരണം എല്ലാം നന്മയ്ക്കാക്കി ദൈവം മാറ്റും.

എന്തെല്ലാം സംഭവിച്ചാലും, കടം വന്നാലും രോഗം വന്നാലും ആപത്തുവന്നാലും accident വന്നാലും ചിലർ എതിർത്താലും ചിലർ വെറുത്താലും പകകൾ നേരിടേണ്ടി വന്നാലും കുടുംബത്തിൽ ക്ലേശങ്ങൾ വന്നാലും ജോലിസ്ഥലത്തു പ്രതിസന്ധികൾ വന്നാലും എല്ലാം നന്മയ്ക്കാക്കി മാറ്റാൻ ദൈവത്തിനു കഴിയും.

വിവാഹാലോചന വരുന്നില്ലെങ്കിലും വിവാഹം നടക്കുന്നില്ലെങ്കിലും ഒരു വീട് സ്വന്തമായി ഉണ്ടാക്കാൻ കഴിഞ്ഞില്ലെങ്കിലും ജീവിക്കാൻ മാർഗ്ഗമില്ലെങ്കിലും പ്രതിസന്ധികൾ ഒന്നിനുമേൽ ഒന്നായി രൂക്ഷമായി ആഞ്ഞടിച്ചു വന്നാലും എല്ലാം നന്മയ്ക്കാക്കി മാറ്റാൻ എന്റെ യേശുവിനു കഴിയും. കാരണം, എന്റെ ജീവിതം ഞാൻ യേശുവിനു കൈമാറിക്കഴിഞ്ഞു.

ഞാൻ മാനസാന്തരപ്പെട്ട കാലത്ത് എനിക്കൊരു രോഗമുണ്ടായിരുന്നു. വളരെ പ്രയാസമുള്ള ഒരു രോഗം!

പക്ഷേ, എനിക്ക് ഒരു കൂസലുമില്ലായിരുന്നു. കാരണം, എന്റെ ജീവിതം യേശുവിനു കൊടുത്തതല്ലേ. ഈ ആയുസ്സ് ഞാൻ യേശുവിനു കൊടുത്തതല്ലേ. എനിക്കു രോഗം വരണ്ട എന്നു ണ്ടെങ്കിൽ അത് വരാതാക്കാൻ യേശുവിനു കഴിയും. യേശു വിന് വേണ്ട എങ്കിൽ എനിക്കെന്തിനാണ്? എത്ര ധൈര്യമേറിയ ജീവിതമായിരുന്നു! രോഗം എങ്ങനെ പോയി എന്നെനിക്കറി ഞ്ഞുകൂടാ. നിശ്ശേഷം മാറി. കാരണം, കർത്താവിന്റെ കരങ്ങളി ലേക്ക് കൊടുത്തു.

ഒരിക്കലായി നിങ്ങളുടെ ജീവിതം യേശുവിനു കൊടു ത്താൽ നിങ്ങളുടെ കാര്യം യേശു ഏറ്റെടുക്കും. നിങ്ങളുടെ വിവാഹം, നിങ്ങളുടെ മക്കളുടെ വിവാഹം, നിങ്ങളുടെ വീട്, നിങ്ങളുടെ പഠിത്തം, നിങ്ങളുടെ ഭാവി, നിങ്ങളുടെ ജോലി, നിങ്ങളുടെ വരുമാനം, നിങ്ങളുടെ കടം, സകലവും യേശു ഏറ്റെടുക്കും. വിശ്വസിച്ച് ഏല്പിച്ചു കൊടുക്കൂ.

കൊടുത്താൽ അവൻ വാങ്ങും. അത്യുന്നതന്റെ കരങ്ങ ളിൽ, സർവ്വവല്ലഭന്റെ കരങ്ങളിൽ നിങ്ങളുടെ ജീവിതം കൊടു ത്താൽ നിങ്ങൾ വിജയിച്ചു. യേശുവേ, ഇനി ഞാൻ എന്റേതല്ല നിന്റേതാണ് എന്ന് നിങ്ങൾ യേശുവിനോടു വാക്കുപറഞ്ഞു വോ? എന്റേതായിരുന്നതെല്ലാം ഞാനിതാ നിനക്കു കൈമാറി യിരിക്കുന്നു. എന്റേതെല്ലാം കൈമാറുമ്പോൾ എന്റെ ജീവിത ത്തിലെ പാപങ്ങളുണ്ട്. എന്റെ ജീവിതത്തിലെ പോരായ്മക ളുണ്ട്. എന്റെ ജീവിതത്തിലെ ബലഹീനതകളുണ്ട്. എനിക്കുള്ള കുറവുകളുണ്ട്. ദൈവമേ, എനിക്കുള്ള കുറവുകളോടും പോരായ്മകളോടും കൂടി ഞാനിതാ നിന്റെ സുശക്തകരങ്ങ ളിൽ എന്നെ ഏല്പിക്കുന്നു.

ഈ ജീവിതം മുഴുവനും, ബലഹീനതകളോടും പാപങ്ങ ളോടും ഇരുളാണ്ട അനുഭവങ്ങളോടും കൂടി നിങ്ങൾ ആയിരി ക്കുന്നപ്രകാരം ക്രിസ്തുവിന്റെ കരങ്ങളിലേക്ക് കൊടുക്കൂ. ഏതു രീതിയിലുള്ള ജീവിതവും ഏറ്റെടുക്കുവാൻ യേശുവിനു മനസ്സാണ്.

നോഹയുടെ പെട്ടകത്തിൽ കരടി കടന്നു, ചെന്നായ് കടന്നു, കടുവ കടന്നു, സിംഹം കടന്നു, കുഞ്ഞാടു കടന്നു. ആരോടും സ്വഭാവം മാറിയിട്ടുവരാൻ പറഞ്ഞില്ല. എന്റെ സ്വഭാവം മാറിയില്ലല്ലോ, അതുകൊണ്ട് ഞാൻ കടന്നാൽ ശരിയാകുമോ എന്നു ചിന്തിക്കണ്ട. പെട്ടകം ഇതാ തുറന്നുവച്ചിരിക്കുന്നു. ആർക്കും കടന്നുവരാം.

പെട്ടകത്തിന്റെ ഉള്ളിൽ കടന്നാൽ നിന്റെ സ്വഭാവം മാറും. നീ കുഞ്ഞാടിനോടുകൂടെ ഒരുമിച്ചുകഴിയും. കുഞ്ഞാടു ഭക്ഷിക്കുന്നതിനോടുകൂടെ നീയും ഭക്ഷിക്കും. നീ ചെന്നായാണ്, നീ കോപിഷ്ഠനാണ്, നീ അലറുന്നവളാണ്, നീ പ്രാകുന്നവളാണ്, നീ ശപിക്കുന്നവനാണ്, നീ ചീത്തവാക്കുകൾ പറയുന്നവനാണ്, അശുദ്ധചിത്രങ്ങൾ കാണുന്നവനാണ്, മ്ലേച്ഛചിത്രങ്ങൾ കണ്ട് രസിക്കുന്നവനാണ്, ഇതുവരെയുള്ള നിന്റെ ജീവിതം അഴുക്കുനിറഞ്ഞതാണ്, പാപം നിറഞ്ഞതാണ്.

എന്നാൽ ക്രിസ്തുവിന്റെ ഹൃദയത്തിനുള്ളിൽ വരുമ്പോൾ, ഈ പെട്ടകത്തിനുള്ളിൽ വരുമ്പോൾ നീ ആളുമാറും. നിന്റെ ജീവിതം മാറും. നിന്റെ ഭീരുത്വം പോകും. നിന്റെ പരീക്ഷാപ്പേടി പോകും.

എങ്ങനെ പോകും? ഒരിക്കലായിട്ട് യേശുവിനു കൊടുത്തു. പരീക്ഷയും യേശുവിനു കൊടുത്തു. നിന്റെ ജീവിതം കൊടുത്താൽ ഏറ്റെടുക്കാൻ അവൻ മനസ്സലിവോടെ നില്ക്കുന്നു. ആയിരിക്കുന്ന പ്രകാരം നിങ്ങൾ കൊടുക്കൂ. ആകേണ്ടതുപോലെ അവൻ നിങ്ങളെ ആക്കിത്തീർക്കും. കർത്താവേ, ഞാൻ ആയിരിക്കുന്നപ്രകാരം നിനക്കു തരുന്നു. ഞാൻ ആകേണ്ടതുപോലെ എന്നെ ആക്കിത്തീർക്കണമേ എന്ന ഒരു സമർപ്പണം നിന്റെ ജീവിതത്തിൽ വന്നാൽ മതി.

അബ്രാഹാം സമർപ്പിച്ചു. അബ്രാഹാം പുറപ്പെട്ടു. അബ്രാഹാം യാത്ര തുടങ്ങി. എഴുപത്തിയഞ്ചാമത്തെ വയസ്സിലാണ് പുറപ്പെടുന്നത്. അന്ന് മനുഷ്യന്റെ ആയുസ്സിന് ദൈർഘ്യമുണ്ട്.

അബ്രാഹാം പുറപ്പെടുമ്പോൾ അബ്രാഹാമിന്റെ കൂടെ ഭാര്യ സാറയുണ്ട്. ദൈവം വിളിച്ചിട്ടാണ് അബ്രഹാം പുറപ്പെടുന്നത്. അതുകൊണ്ട് ഭാവി ശോഭനമാണ് എന്ന പ്രതീക്ഷയുണ്ട്. പക്ഷേ, പ്രതീക്ഷിച്ചതുപോലെയല്ല സംഭവിച്ചത്, മക്കളുണ്ടായില്ല. സാറ മച്ചിയായിരുന്നു. എന്തുകൊണ്ടാണ് എനിക്കു മക്കളെ തരാത്തത്? ഞാൻ നിന്റെ വാക്കുകേട്ടു പുറപ്പെട്ടവനല്ലേ? അബ്രാഹാം ചോദ്യം ചെയ്തില്ല. അബ്രാഹാം ദൈവത്തോട് പരിഭവിച്ചില്ല.

അബ്രാഹാം തന്റെ ഭാവി എല്ലാം ദൈവത്തെ ഏല്പിച്ചതാണ്. ഒരു കുഞ്ഞുവേണമെങ്കിൽ കുഞ്ഞിനെ തരാൻ ദൈവം ശക്തനാണെന്ന് അബ്രാഹാമിനറിയാം. ദൈവം കൂടെക്കൂടെ അബ്രാഹാമിനു വെളിപ്പെട്ടത് വചനത്തിൽക്കൂടിയാണ്.

ദൈവം, അബ്രാഹാമേ, എന്നു വിളിച്ചു. ഇന്നു നിന്റെ ഭാര്യ മച്ചിയാണെന്നുള്ളതുകൊണ്ട് മക്കളുണ്ടാവുകയില്ല എന്നു വിചാരിക്കേണ്ട. നിനക്ക് ഞാൻ ഒരു മകനെ തരും എന്നു മാത്രമല്ല, നിന്റെ സന്തതി മുഖാന്തരം സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും. കടൽക്കരയിലെ എണ്ണിക്കൂടാത്ത മണൽത്തരിപോലെ നിനക്കു സന്തതി പരമ്പരകൾ ജനിക്കും. നീ ആകാശത്തിലേക്കു നോക്കൂ. നക്ഷത്രങ്ങളെ കാണുന്നില്ലേ? എണ്ണാൻ പറ്റുമോ? “ഇല്ല കർത്താവേ, എണ്ണാൻ പറ്റില്ല.” നിനക്ക് നക്ഷത്രംപോലെ എണ്ണമില്ലാത്ത സന്തതി പരമ്പരകൾ ഉണ്ടാകും.

അബ്രാഹാമിനു വലിയ സന്തോഷമായി. എന്റെകാര്യം ദൈവം ഏറ്റെടുത്തിട്ടുണ്ടല്ലോ. പക്ഷേ, മക്കൾ ഉണ്ടായില്ല. വയസ്സ് എൺപത്തിയഞ്ചായി. സാറ പറഞ്ഞു: “ദൈവം സന്തതിയെ തരും എന്നു പറഞ്ഞത് എന്നിൽക്കൂടി അല്ലായിരിക്കും. ഹാഗാറിനെ നീ ഭാര്യയായിട്ട് എടുക്ക്. ഭാര്യ അനുവദിച്ചു. അബ്രാഹാം ഹാഗാറിനെ ഭാര്യയാക്കി. ഭാര്യയുടെ ആലോചന വഴിത്തെറ്റുളവാക്കി.

ആത്മീയത്തിൽ മാനുഷികബുദ്ധി കലർത്താൻ പാടില്ല. ഭാര്യ ഇങ്ങനെ ഒരു ആലോചന പറഞ്ഞപ്പോൾ അബ്രാഹാമിന്

ദൈവത്തോടു ചോദിക്കാമായിരുന്നു. അബ്രാഹം അതിനു തയ്യാറായില്ല. ഹാഗാർ ഗർഭിണിയായി, യിശ്മായേൽ ജനിച്ചു. പക്ഷേ, വീട്ടിൽ പ്രശ്നം കൂടി. യിശ്മായേൽ ജനിച്ചതോടുകൂടി ഹാഗാർ വീട്ടിലെ യജമാനത്തിയായി. വീട്ടിലെ സമാധാന അന്തരീക്ഷം പോയി. ഹാഗാറിന് സാറയെക്കുറിച്ച് ഒരു പുച്ഛവും പരിഹാസവും. സാറ മച്ചിയല്ലേ? വിശ്വാസിയുടെ കുടുംബത്തിൽ അന്തരീക്ഷം കലങ്ങി. ദൈവദാസന്റെ കുടും ബത്തിൽ ഉൾത്തിക്കലായി.

അബ്രാഹാം നെടുവീർപ്പോടെ കരയും: എന്റെ കർത്താവേ, അബദ്ധം പറ്റിപ്പോയല്ലോ. ഞാൻ മാനുഷിക ആലോചനക്കു വശംവദനായിപ്പോയല്ലോ. ക്ഷമിക്കണമേ, എനിക്ക് ഇതിനൊരു പരിഹാരം തരണേ, എന്റെ കുടുംബത്തിൽ ഒരു സമാധാനം തരണേ. നിന്റെ വചനം കേട്ടു പുറപ്പെട്ട എനിക്ക് എന്താണ് ഈ ദുരിതം വന്നത്? കുടുംബത്തിൽ സമാധാനമില്ലല്ലോ. അബ്രാഹാം ഇടയ്ക്കിടയ്ക്ക് കൂടാരത്തിൽ കടന്ന് പ്രാർത്ഥിക്കും.

തൊണ്ണൂറ്റൊൻപതാമത്തെ വയസ്സിൽ അബ്രാഹാമിന് വീണ്ടും വാഗ്ദത്തം പുതുക്കിക്കിട്ടി. എഴുപത്തയഞ്ചാമത്തെ വയസ്സിൽ വാഗ്ദാനം കിട്ടിയ അബ്രാഹാം ഇരുപത്തിനാലു വർഷം കാത്തിരുന്നു. തൊണ്ണൂറ്റൊമ്പതാമത്തെ വയസ്സിൽ ദൈവം വീണ്ടും അബ്രാഹാമിനു പ്രത്യക്ഷനായി.

“നിന്റെ ഭാര്യയായ സാറ തന്നെ നിനക്ക് ഒരു മകനെ പ്രസവിക്കും.” വളരെ കൃത്യമായിട്ടാണ് ദൈവത്തിന്റെ വചനം. സാറായ്ക്ക് ഒരു മകൻ ജനിച്ചു. സാറ പറഞ്ഞു: “ദൈവം എനിക്കു ചിരി ഉണ്ടാക്കി. അതുകൊണ്ട് നമ്മുടെ മകന് ചിരി എന്നു പേരി ടാം.” അങ്ങനെയാണ് ‘യിസ്ഹാക്ക്’ എന്ന പേരു കിട്ടിയത്.

കുടുംബത്തിൽ ചിരിയുണ്ടായി. സന്തോഷമുണ്ടായി. കുടുംബാന്തരീക്ഷം സന്തോഷമായി. ഇത്രയുംനാൾ നെടു വീർപ്പോടെ കഴിഞ്ഞ കുടുംബത്തിൽ പെട്ടെന്നൊരു സന്തോഷം.

മോൻ വളർന്നു വരുന്നു. അവൻ പയ്യെപ്പയ്യെ പിച്ച വച്ചു

നടക്കുന്നു. പിന്നെപ്പിന്നെ അവൻ ഓടുന്നു, കളിക്കുന്നു, കൊഞ്ചിക്കൊഞ്ചി വർത്തമാനം പറയുന്നു. അമ്മയ്ക്കും അപ്പനും സന്തോഷം; കുടുംബത്തിന്റെ അന്തരീക്ഷം മുഴുവൻ പ്രസാദാത്മകമായി.

ഒരു ദിവസം അബ്രാഹം ഉറങ്ങാൻ കിടക്കുകയായിരുന്നു. ഞാൻ ഭാവനയിൽ കാണുന്നു. അടുത്ത് കട്ടിലിൽ സാറാ കിടക്കുന്നു. സാറായോട് ചേർന്ന് മോനും കിടക്കുന്നു. അങ്ങനെയൊന്നും ബൈബിളിൽ ഇല്ല. ദൈവം അബ്രാഹാമിനെ വിളിച്ചു: “അബ്രാഹാമേ, അബ്രാഹാമേ.” അബ്രാഹാമിന് ദൈവത്തിന്റെ ശബ്ദംകേട്ടു പരിചയമുണ്ട്.

അബ്രാഹാം പെട്ടെന്ന് ഞെട്ടി ഉണർന്നു: കർത്താവേ, ഞാൻ ഇവിടെ ഉണ്ടല്ലോ. ദൈവം പറഞ്ഞു: നീ നിന്റെ ഏകജാതനായ മകൻ യിസ്ഹാക്കിനെ തന്നേ കൂട്ടിക്കൊണ്ട് മൂന്നുദിവസത്തെ വഴിയാത്ര ചെയ്യണം. നിന്റെ മകനെ കൂട്ടിക്കൊണ്ട് നീ മോറിയാദേശംവരെയും യാത്രചെയ്യണം. അവിടെ ചെല്ലുമ്പോൾ ഞാൻ ഒരു മല കാണിച്ചുതരും. ആ മലയിൽ നീ നിന്റെ മകനെ യാഗമായി അർപ്പണം ചെയ്യണം.

അതുവരെ മനുഷ്യരെ ആരേയും യാഗമർപ്പിച്ച് അബ്രാഹാമിനു പരിചയമില്ല. ആട്ടിൻകുട്ടിയെ യാഗമർപ്പിച്ചിട്ടുണ്ട്. ദൈവം എന്നോട് എന്താണീ പറയുന്നത്! എന്റെ മോനെ കൊല്ലാനോ! മനസ്സിലാകുന്നില്ലല്ലോ. വീണ്ടും കേൾക്കാം ശബ്ദം: “അബ്രാഹാമേ, നിന്റെ മകനെ, നീ സ്നേഹിക്കുന്ന നിന്റെ ഏകമകനായ യിസ്ഹാക്കിനെ തന്നേ, കൂട്ടിക്കൊണ്ട് മോറിയാദേശത്തു ചെന്ന് അവിടെ ഞാൻ നിന്നോടു കല്പിക്കുന്ന ഒരു മലയിൽ അവനെ യാഗം കഴിക്ക.” ഒരു സംശയത്തിന്റെ ലാഞ്ഛനയില്ലാത്ത ശബ്ദമാണ് കേൾക്കുന്നത്. വ്യക്തമായിട്ടാണ് അരുളപ്പാട്.

അബ്രാഹാം ഓർത്തു: “ഈ മകനിൽ നിന്ന് സന്തതിപരമ്പരകൾ ഉണ്ടാകുമെന്നാണല്ലോ ദൈവം പറഞ്ഞത്. കടൽക്കര

യിലെ മണൽപോലെ മക്കൾ ഉണ്ടാകും," "ആകാശത്തിലെ നക്ഷത്രങ്ങൾപോലെ മക്കൾ ഉണ്ടാകും" എന്നാണല്ലോ പറഞ്ഞത്. പിന്നെ അവനെ കൊന്നാൽ എങ്ങനെയാണ്? അബ്രാഹാമിനു മനസ്സിലായില്ല.

അബ്രാഹാം ചിന്തിക്കുകയാണ്: ദൈവത്തിന്റെ വചനം തെറ്റുമോ? ദൈവം തന്നെയായിരിക്കുമോ പറഞ്ഞത്? തന്ന ദൈവം കൊല്ലാൻ പറയുമോ? കുടുംബത്തിലാകെ ചിരിയുണ്ടായപ്പോൾ ആ ചിരി നശിപ്പിക്കാൻ ദൈവം നോക്കുമോ? അബ്രാഹാം കൂട്ടിയും കിഴിച്ചും നോക്കി. ഉറക്കം വരുന്നില്ല. അബ്രാഹാം വിളക്കു തെളിച്ച് മോന്റെ മുഖത്തേക്കു നോക്കി. മോൻ എന്തോ സ്വപ്നം കണ്ട് പുഞ്ചിരിച്ചുകൊണ്ട് കിടക്കുന്നു. അബ്രാഹാം പയ്യെ ചെന്ന് യിസ്ഹാക്കിന്റെ പൂങ്കവിളിൽ ഉമ്മ വച്ചു.

അബ്രാഹാം ഓർത്തു: കർത്താവേ, എന്റെ കുഞ്ഞിനെ ഞാൻ കൊല്ലണമല്ലോ. അബ്രാഹാം വീണ്ടും വന്നു കിടന്നു നെടുവീർപ്പിട്ടു. ഉറങ്ങാൻ പറ്റുന്നില്ല. ചിന്തകൾ! ചിന്താഭാരങ്ങൾ! മനസ്സിലാകെ ആകുലം. മനസ്സിൽ ആശയക്കുഴപ്പം. ആകെ വേവലാതി. എന്തുവേണം? ദൈവത്തെ അനുസരിക്കണ്ടേ? അനുസരിക്കണം. ഞാൻ മെസപ്പൊത്തോമ്യയിൽ നിന്ന് ദൈവശബ്ദം കേട്ടല്ലേ പുറപ്പെട്ടത്? അതേ ദൈവശബ്ദമല്ലേ ഇപ്പോഴും എന്നോടു സംസാരിച്ചത്? ഞാൻ, വിഗ്രഹാരാധി ആയിരുന്നപ്പോൾ എന്നെ പുറപ്പെടുവിച്ച ദൈവമല്ലേ ഇപ്പോൾ എന്നോടു സംസാരിക്കുന്നത്? അന്ന് എന്നോടു സംസാരിച്ച ദൈവം ഇന്ന് എന്നോടു ദോഷമായിട്ട് വല്ലതും പറയുമോ? ദൈവം പറഞ്ഞു, ഞാൻ അനുസരിക്കും. അബ്രാഹാം ഉറച്ചു.

രാവിലെ അബ്രാഹാം എഴുന്നേറ്റു. ഭാര്യ സാറയോടു പറഞ്ഞു: നമ്മുടെ മോനേയുംകൊണ്ട് ഞാൻ ആരാധിക്കാൻ പോകുകയാണ്. മൂന്നുദിവസത്തെ യാത്രയുണ്ട്. ഞങ്ങൾ അവിടെച്ചെന്നിട്ട് ആരാധന കഴിഞ്ഞ് മടങ്ങിവരാം. സാറയ്ക്കു സന്തോഷമായി. ആരാധനയ്ക്കു പോകുന്നത് സാറയ്ക്കു

സന്തോഷമാണ്. കാരണം, ആരാധനയാണ് കുടുംബത്തിന്റെ സ്വത്ത്. ദൈവിക ആരാധനയിലാണ് കുടുംബം നിലനിൽക്കുന്നത്. കുടുംബത്തിന്റെ ഐശ്വര്യം മുഴുവൻ സത്യാരാധനയിലാണ്. അബ്രാഹാം പറഞ്ഞതുകേട്ട് സാറ വളരെ സന്തോഷത്തോടെ ആഹാരം കൊടുത്ത് ഒരുക്കി പറഞ്ഞുവിട്ടു. വേലക്കാരും കൂടെയുണ്ട്.

അവർ യാത്രചെയ്തു മോറിയാദേശത്തുവരെ എത്തി. മൂന്നുദിവസത്തെ വഴി കഴിഞ്ഞു മലയുടെ അടിവാരത്തിൽ എത്തി.

അബ്രാഹാം വേലക്കാരോടു പറഞ്ഞു: കഴുതയും നിങ്ങളും ഇവിടെ നിൽക്ക്. ഞാനും മോനും അത്രത്തോളം പോയി യാഗം കഴിച്ച് മടങ്ങിവരാം. ഞാനും മോനും യാഗം കഴിച്ചിട്ട് മടങ്ങിവരാമെന്നാണ് അബ്രാഹാം പറയുന്നത്. കാരണം, ഈ മൂന്നുദിവസത്തെ യാത്രയിൽ അബ്രാഹാം ഇങ്ങനെ ചിന്താപരവശനായി നടക്കുമ്പോൾ ഒരു കാര്യം മനസ്സിലായി: എന്നോടു പറഞ്ഞ വാക്ക് ദൈവം പാലിക്കും.

എനിക്ക് ആകാശത്തിലെ നക്ഷത്രംപോലെ എണ്ണമറ്റ സന്തതി പരമ്പര ജനിക്കും. കടൽക്കരയിലെ മണൽപോലെ എണ്ണമറ്റ സന്തതി എനിക്കു ജനിക്കും. യിസ്ഹാക്കിനെ ഞാൻ വെട്ടിക്കൊന്ന് യാഗമർപ്പിച്ച് യിസ്ഹാക്ക് ഒരു പിടിചാരമായിത്തീർന്നാൽ, ആ ചാരത്തിൽ നിന്ന് എന്റെ മകൻ യിസ്ഹാക്കിനെ ദൈവം എനിക്ക് ഉയിർത്തെഴുന്നേൽപ്പിച്ചു തരും.

അബ്രാഹാമിനുറപ്പായി. അബ്രാഹാം വിറകുകെട്ടെടുത്തു യിസ്ഹാക്കിന്റെ തോളിലേക്ക് വച്ചുകൊടുത്തു. ഇതാണ് സമർപ്പണം! ദൈവം ഒരു വാക്കു പറഞ്ഞെങ്കിൽ അവൻ തന്റെ വാഗ്ദത്തം നിറവേറ്റും. സ്വർഗ്ഗത്തിലെ ദൈവം എന്നോടൊരു വാക്കു പറഞ്ഞെങ്കിൽ അവൻ വാക്കു മാറുന്നവനല്ല. വാക്കുമാറാൻ അവൻ മനുഷ്യനല്ല, ജീവനുള്ള ദൈവമാണ്. He is the same yesterday, today and forever. ഇന്നലെയും ഇന്നും എന്ന

ന്നേക്കും മാറ്റമില്ലാത്തവനായ ദൈവം! (എബ്രായർ 13 : 8). വാക്കുമാറാത്തവനായ ദൈവം! ആ ദൈവം വാക്കുപാലിക്കും.

സഹോദരങ്ങളേ, നിങ്ങൾ വിശ്വസിക്കൂ. ജീവനുള്ള ദൈവത്തെ വിശ്വസിച്ചുകൊണ്ട് നിങ്ങൾ പുറപ്പെടൂ. ഇതുവരെയും കഴുത ചുമന്നുകൊണ്ടുവന്ന വിറകുകെട്ട് കഴുതയുടെ ചുമലിൽ നിന്ന് യിസ്ഹാക്കിന്റെ ചുമലിലേക്ക് എടുത്തുവച്ചു. സ്നേഹിതരേ, നിങ്ങളുടെ ജീവിതത്തിൽ ഇതുവരെ ചുമന്നുകൊണ്ടുവന്ന വിറകുകെട്ടെടുത്ത് ഇപ്പോൾ ക്രിസ്തുവിന്റെ ചുമലിലേക്ക് എടുത്തുവയ്ക്കാം. നിങ്ങൾ ചില ചുമടുകൾ ചുമന്നാണ് വന്നത്. നിങ്ങളുടെ മനസ്സിൽ ചില ആകുലങ്ങളുണ്ട്. ചില പ്രശ്നങ്ങളുണ്ട്. ആകുലപ്പെട്ട് പരിഭ്രാന്തരാകുന്ന, അമ്പരപ്പുളവാക്കുന്ന ചില പ്രതിസന്ധികൾ നിങ്ങളെ വീർപ്പുമുട്ടിക്കുന്നുണ്ട്.

എന്നാൽ നിങ്ങൾ കേൾക്കൂ. നിങ്ങളുടെ ജീവിതത്തിൽ നിങ്ങളോട് വാക്കുപറഞ്ഞവൻ മാറുകയില്ല. അവൻ നിങ്ങളെ അന്ത്യത്തോളം നടത്തും. നിങ്ങളുടെ ചുമടുകൾ എല്ലാം ഏറ്റെടുക്കാൻ അവന്നു മനസ്സാണ്. ആ കഴുതയുടെ ചുമലിൽ ഇരുന്ന വിറകുകെട്ടെടുത്ത് യിസ്ഹാക്കിന്റെ ചുമലിൽ വച്ചതുപോലെ ഇതാ, ജീവനുള്ള ദൈവപുത്രനായ ക്രിസ്തു നമ്മുടെ ചുമട് ഏറ്റെടുക്കാൻ ചുമൽ താഴ്ത്തി നിൽക്കുകയാണ്.

വിശ്വസ്തനായ ദൈവം! വാക്കുമാറാത്തവനായ ദൈവം! നിങ്ങളുടെ ആകുലങ്ങൾ ഏറ്റെടുക്കാൻ, നിങ്ങളുടെ രോഗങ്ങൾ ഏറ്റെടുക്കാൻ, നിങ്ങളുടെ മനസ്സിലെ വിഷമസന്ധികൾ ഏറ്റെടുക്കാൻ അവനിതാ വന്നുനിൽക്കുന്നു. നിങ്ങൾക്ക് ഉത്തരം കിട്ടാത്ത പ്രശ്നങ്ങളുണ്ട്. ഇതിൽനിന്ന് കരകേറാൻ പറ്റുമോ എന്നുതോന്നുന്ന വിഷയങ്ങളുണ്ട്. മരിച്ചാൽ എന്ത് എന്നു ചിന്തിച്ച കാര്യങ്ങളുണ്ട്. ആത്മഹത്യയെക്കുറിച്ചുപോലും നിങ്ങൾ ചിന്തിച്ചിട്ടുണ്ട്. ആർക്കുവേണ്ടി ജീവിക്കണം? എന്തിനുവേണ്ടി ജീവിക്കണം? എന്റെ ജീവിതം ആർക്കു കൊള്ളാം?

എന്റെ ഭാര്യയ്ക്ക് എന്നെ വേണ്ട. എന്റെ ഭർത്താവിന് എന്നെ വേണ്ട. എന്റെ മക്കൾക്ക് എന്നെ വേണ്ട. ആർക്കും വേണ്ടാത്തൊരു ജീവിതം! ഈ ജീവിതംകൊണ്ട് ആർക്കു പ്രയോജനം എന്നുകരുതി മരിച്ചാൽമതി എന്ന് ഓർത്തവരല്ലേ? എന്നാൽ ക്രിസ്തു നിന്റെ അരികത്തു വന്നുനിന്നുകൊണ്ട് പറയുന്നു: നിന്റെ ചുമടെല്ലാം എന്റെ ചുമലിലേക്ക് വച്ചുകൊള്ളൂ, നിന്റെ ചുമട് ഞാൻ ഏറ്റെടുത്തു കൊള്ളാം.

നീ എന്നെ അനുസരിക്കൂ, നീ എന്നെ വിശ്വസിക്കൂ, നീ എന്റെ വചനം കൈക്കൊള്ളൂ. എന്റെ വചനപ്രകാരം ജീവിക്കാൻ നീ തീരുമാനിക്കൂ. നിന്റെ കാര്യം ഞാൻ എന്റെ കാര്യമായി മാറ്റാം. നിന്നെ സുഭിക്ഷമായി ഞാൻ നയിക്കാം. നിനക്ക് എല്ലാ അനുഗ്രഹങ്ങളും ഞാൻ തരാം. നിന്റെ ഭാവി ശോഭനമാക്കാം. നിന്റെ തലമുറകളെ അനുഗ്രഹിക്കാം എന്നുപറഞ്ഞു കൊണ്ട് നമ്മുടെ സമീപത്തു നിൽക്കുന്ന ക്രിസ്തുവിനെ ഇപ്പോൾ നിങ്ങൾ കാണുക. അവന്റെ കരങ്ങളിലേക്ക് ജീവിതം വച്ചുകൊടുക്കുക. അവനോട് നിങ്ങൾ വാക്കുപറയുക.

രാജാധിരാജനായ യേശുവേ, എനിക്കുവേണ്ടി ക്രൂശിൽ മരിച്ച യേശുവേ, എനിക്കുവേണ്ടി ഭാരമേറിയ കുരിശുചുമന്നു കൊണ്ട് ഗോഗുൽത്താക്കുന്നു കയറിയ യേശുവേ, ഇന്ന് എന്റെ ആയുസ്സ് ഞാനിതാ കുരിശിന്റെ താഴ്‌വരയിൽ പ്രതിഷ്ഠിക്കുന്നു. നാഥാ, നീ എന്നെ തൊടണമേ. നീ എന്നെ തലോടണമേ. എനിക്ക് സ്വാതന്ത്ര്യം തരണമേ. യേശുവേ, ഇതാ എന്നെത്തന്നെ നിന്റെ കരങ്ങളിലേക്ക് തരുന്നു.

# ആറ്

സ്വർഗ്ഗത്തിലെ തീ കത്തിയാൽ നമ്മുടെ അസ്വസ്ഥതകൾ മാറും. അസന്തുഷ്ടികൾ മാറും. നമ്മുടെ ഹൃദയത്തിൽ ഒരു ശാന്തത ലഭിക്കും.

നീറിപ്പുകയുന്ന ഒരു അനുഭവത്തിലാണ് എന്റെ ഭാര്യ ആലീസ് കഴിഞ്ഞു കൂടിയിരുന്നത്. പതിമൂന്നുകൊല്ലം അതിന്റെ യാതന ഒട്ടേറെ ഞാനും അനുഭവിച്ചിരുന്നു. കാരണം, അമ്മ 30-ാം വയസ്സിൽ വിധവയായി. അമ്മയുടെ ഉള്ളം വേദനിപ്പിക്കാൻ പറ്റുകയില്ല. ആലീസിന്റെ കൈയിൽ ഒരു തെറ്റും ഞാൻ കാണുന്നുമില്ല. ആലീസിന്റെ ഉള്ളവും വേദനിക്കാൻ പാടില്ല. വാസ്തവത്തിൽ വേദനിച്ചത് ഞാനാണ്. ആലീസിന്റെ അസംതൃപ്തിയും നിരാശയും, അമ്മയുടെ കോപവും ഇഷ്ടക്കേടും.

അമ്മയ്ക്ക് ആലീസിനോട് സ്നേഹമാണ്, വാത്സല്യമാണ് എന്നെനിക്കറിയാം. പക്ഷേ, മൃദുലമായി സംസാരിക്കാൻ അമ്മയ്ക്കറിഞ്ഞുകൂടാ. അപ്പൻ മരിച്ചതിന് ശേഷമുള്ള നിരാശയായിരിക്കാം അമ്മയെ പരുക്കൻ പ്രകൃതമാക്കി മാറ്റിയത്. ഇതെല്ലാം എനിക്കറിയാമായിരുന്നതുകൊണ്ട് രണ്ടുപേരെയും ഒരുമനപ്പെട്ട് കൊണ്ടുപോകുക എന്നത് എന്റെ ഒരു വലിയ ദാഹമായിരുന്നു. കുടുംബം വാസ്തവത്തിൽ നീറിപ്പുകയുകയായിരുന്നു. എന്നാൽ സ്വർഗ്ഗത്തിലെ തീ ഞങ്ങളുടെ വീട്ടിൽ കത്തി. പരിശുദ്ധാത്മാവിന്റെ തീ! ഈ തീ കത്തിയാൽ അസ്വസ്ഥതകൾ മാറും. അമ്മാവിയമ്മയും മരുമകളും ഒന്നായിത്തീരും.

ആലീസിന് മാനസാന്തരം വന്നതിനുശേഷം പതിനേഴ് കൊല്ലം അമ്മയെ പൊന്നുപോലെ നോക്കി; വളരെ കാര്യമായി

ശുശ്രൂഷിച്ചു, സ്നേഹിച്ചു. അമ്മയും മോളും ഒന്നായിത്തീർന്നു. ഒരു ഹൃദയമായിത്തീർന്നു. കുടുംബം ഐശ്വര്യമായി. പിള്ളേരുടെ സ്വഭാവം മാറി.

ഞങ്ങളുടെ പിള്ളേരുടെ സ്വഭാവം ഭയങ്കര കുസൃതിയും വഴക്കും പിണക്കവും കലഹവുമെല്ലാം ആയിരുന്നു. പക്ഷേ, ആലീസിന്റെ സ്വഭാവം മാറിയപ്പോൾ കുടുംബാന്തരീക്ഷം മാറി, പിള്ളേരുടെ സ്വഭാവം മാറി, അവരുടെ പഠിത്തം മാറി. അവർക്ക് എല്ലാരംഗത്തും അഭിവൃദ്ധിയായി, ഉയർച്ചയായി. അത്ഭുതകരമായ ഔന്നത്യങ്ങളിലേക്കവർ വളർന്നു. തീ കത്താനിടയായതാണ് എല്ലാറ്റിനും കാരണം. നമ്മുടെ ഉള്ളിൽ തീ കത്തണം.

സാറായുടെ ഗർഭപാത്രത്തിന്റെ നിർജ്ജീവത്വം മാറ്റിയ ദൈവം അത്ഭുതങ്ങളുടെ ദൈവമാണ്. ഉണ്ടാകട്ടെ എന്ന് പറഞ്ഞപ്പോഴേക്കും സകലവും ഉളവാക്കിയ ദൈവമാണ്. അബ്രാഹാം സംശയിച്ചില്ല, യാഗം കഴിയ്ക്കാൻ പുറപ്പെട്ടു. അബ്രാഹാമും യിസ്ഹാക്കും രണ്ട് ബാല്യക്കാരും യാഗം കഴിക്കാനുള്ള വിറക് കഴുതപ്പുറത്തു കയറ്റിക്കൊണ്ട് നടന്നു പോകുകയാണ്. മൂന്ന് ദിവസം കഴിഞ്ഞ് മോറിയാദേശത്തെത്തി. അബ്രാഹാം തലപൊക്കി നോക്കി – ആ മലയിലേക്കാണ് പോകേണ്ടത് എന്നാണ് ദൈവം അരുളിച്ചെയ്തത് – മോറിയാ മല! ആ മലയ്ക്ക് മറ്റൊരു പേരുണ്ട് 'കാൽവറിക്കുന്ന്.' കാൽവറിക്കുന്നിന്റെ താഴ്വാരത്തിലെത്തിയപ്പോൾ അബ്രാഹാം അവിടെ നിന്നിട്ട് ബാല്യക്കാരോട് പറഞ്ഞു: ഞാനും മകനും അവിടത്തോളം പോയി യാഗംകഴിച്ച് മടങ്ങിവരാം; ആരാധന കഴിച്ച് മടങ്ങിവരാം. കഴുതപ്പുറത്തിരുന്ന വിറക് എടുത്ത് യിസ്ഹാക്കിന്റെ ചുമലിൽ വെച്ചു.

എന്തൊരത്ഭുതമാണ്! നൂറ്റാണ്ടുകൾക്ക് ശേഷം തന്നെ ക്രൂശിക്കാനുള്ള വിറകുമരം ചുമന്നുകൊണ്ട് യേശുക്രിസ്തു അതേ പാതയിലൂടെ നടന്നു. നൂറ്റാണ്ടുകൾക്ക് മുമ്പ് ദൈവം ഈ സംഭവം മുൻകൂട്ടി കണ്ടിരിക്കുന്നു. ദൈവത്തിന് ഭൂതകാല

മില്ല, ഭാവികാലമില്ല, എല്ലാം വർത്തമാനകാലം തന്നെ. Yesterday is a history, tomorrow is a mystery, and today is a gift. നാളെ ആർക്കൊക്കെ എന്തെല്ലാം സംഭവിക്കാൻ പോകുന്നു എന്നു നമുക്കാർക്കും അറിഞ്ഞുകൂടാ. പക്ഷേ, എല്ലാം അറിയുന്ന ഒരാളുണ്ട്. നമ്മുടെ തലയിലെ ഒരു തലമുടിനാരുപോലും കൊഴിഞ്ഞു വീഴുന്നത് കാണുന്നൊരു ദൈവമുണ്ട്. തന്നെയുമല്ല ഈ തലമുടിയെല്ലാം ദൈവം എണ്ണിവച്ചിരിക്കുന്നു. ഒരെണ്ണം താഴെ വീഴുന്നത് സ്വർഗ്ഗസ്ഥനായ ദൈവം അറിയാതെ പോകയില്ല.

ഒരദ്ധ്യാപകൻ ഫിസിക്സ് പഠിപ്പിച്ചുകൊണ്ടിരിക്കയായിരുന്നു. ഒരു വിദ്യാർത്ഥി ചോദിച്ചു: സാറേ, സാറ് പ്ലാറ്റ്ഫോമിൽ നിൽക്കുന്നത് ഞങ്ങൾക്ക് കാണാം. എന്നാൽ ദൈവം ഉണ്ടെന്ന് പറഞ്ഞാലും അത് കാണാൻ കഴിയുമോ? കാണാതെ എങ്ങനെ വിശ്വസിക്കും? സാർ ചോദിച്ചു: നിങ്ങൾ ഇലക്ട്രിസിറ്റിയെക്കുറിച്ച് ഇപ്പോൾ പഠിക്കുന്നുണ്ട്. പക്ഷേ, ഇലക്ട്രിസിറ്റി നിങ്ങൾക്ക് കാണിച്ചുതരാമോ? ഇലക്ട്രിക് ഷോക്ക് ഏൽക്കുമ്പോൾ നമുക്ക് ഇലക്ട്രിസിറ്റി അനുഭവമാക്കാം. അതുപോലെ തന്നെ ദൈവത്തെ നമുക്ക് കാണാൻ സാധിക്കില്ല പക്ഷേ, അനുഭവത്തിലൂടെ വിശ്വസിക്കാം. കുട്ടിക്ക് പെട്ടെന്ന് മനസ്സിലായി. ആ പ്രൊഫസർ ഒരു ദൈവവിശ്വാസിയായിരുന്നു.

പ്രിയപ്പെട്ടവരേ, ദൈവം സമാധാനം തരും, ആശ്വാസം തരും, പാപം ക്ഷമിച്ചുതരും, പാപം കഴുകിത്തരും, കോപം മാറ്റിത്തരും, നമ്മുടെ അശുദ്ധമായ വികാരങ്ങൾ മാറ്റിത്തരും എന്നൊക്കെ പറഞ്ഞാൽ പലർക്കും മനസ്സിലാകുന്നില്ല. എന്നാൽ ഇത് യാഥാർത്ഥ്യമായി അനുഭവിക്കുമ്പോഴാണ് നാം അത്ഭുതപ്പെടുന്നത്. എല്ലാം കാണുന്നവനായ ദൈവം! നിത്യനായ ദൈവം! നിത്യതയോളം കാണുന്ന ദൈവം! അവിടുന്ന് എല്ലാം മുൻകൂട്ടി അറിയുന്നു.

യിസ്ഹാക്ക് വിറകുകെട്ട് ചുമന്നുംകൊണ്ട് മുമ്പേ നടക്കുകയാണ്. അബ്രാഹാം പിറകെ നടക്കുന്നു. പാതിവഴി ചെ

ന്നപ്പോൾ യിസ്ഹാക്ക് എന്തോ കണ്ടുപിടിച്ചതുപോലെ, ഒരമ്പ രപ്പോടെ ചോദിച്ചു: അപ്പാ, ഒരു കാര്യം മറന്നുപോയില്ലേ? നമ്മൾ യാഗം കഴിക്കാനല്ലേ വന്നത്? വിറകുണ്ട്, തീയുണ്ട്. യാഗത്തിനുള്ള ആട്ടിൻകുട്ടി എവിടെ? അബ്രാഹാമിന് ഒരു മിന്നൽപ്പിണർ പാഞ്ഞതുപോലെ! മോനോട് എന്തുപറയും? അബ്രാഹാം ഇടി വെട്ടേറ്റതുപോലെ ഒന്നുസ്തംഭിച്ചു നിന്നു. പെട്ടെന്ന് അബ്രാഹാം പറഞ്ഞു: മോനേ, ദൈവം കരുതിക്കൊ ള്ളും.

അബ്രാഹാം ഒരു കാര്യം പറഞ്ഞാൽ അത് നടക്കുമെന്ന് മകന് നല്ല ഉറപ്പാണ്. അതുകൊണ്ട് യിസ്ഹാക്ക് അത് വിശ്വ സിച്ചു. കാരണം, അപ്പൻ പലപ്പോഴും കൂടാരത്തിൽ പ്രാർത്ഥി ക്കാൻ മുട്ടുമടക്കിയിരിക്കുമ്പോൾ അവനും ഇരിക്കാറുണ്ട്. അബ്രാഹാം കണ്ണീരോടെ ദൈവസന്നിധിയിൽ കരഞ്ഞ് പ്രാർത്ഥിച്ച് പ്രസന്നവദനനായി എഴുന്നേറ്റ് പോരുന്നത് യിസ്ഹാക്ക് പലപ്പോഴും കണ്ടിട്ടുണ്ട്. ഞാൻ പ്രാർത്ഥനാമുറി യിൽ ഒറ്റയ്ക്ക് പ്രാർത്ഥിക്കാനിരിക്കുമ്പോൾ എന്റെ അമ്മ വന്ന് പ്രാർത്ഥനാമുറിയിൽ ഇരിക്കുമായിരുന്നു. ഞാൻ പ്രാർത്ഥിച്ച് സ്തുതിച്ചുകൊണ്ടിരിക്കുമ്പോൾ അമ്മ അവിടെ താഴെയിരുന്ന് കരഞ്ഞുകൊണ്ടിരിക്കും.

നാം പിൻപറ്റുന്ന ദൈവത്തെക്കുറിച്ച് നമ്മുടെ മക്കൾക്ക് ഒരു ബോദ്ധ്യം വരണം. നാം ഊമവിഗ്രഹങ്ങളെ ഭജിക്കുന്നവ രല്ല എന്ന് അവർക്ക് ബോദ്ധ്യം കിട്ടണം. നാം ജീവനുള്ള ദൈവ ത്തിന്റെ പിന്നാലെയാണ് പോകുന്നത് എന്ന് അറിയത്തക്ക വണ്ണം നമ്മുടെ ജീവിതം സാക്ഷ്യമുള്ളതായിരിക്കണം; അനുഭ വമുള്ളവരായിരിക്കണം. നമ്മുടെ ജീവിതത്തിൽ ചില തത്വനി ഷ്ഠകൾ ഉണ്ടായിരിക്കണം. അപ്പോഴപ്പോഴുള്ള ആശയഗതിക്ക നുസരിച്ച് ചാഞ്ചാടാനുള്ളവരല്ല. ചില സ്വാർത്ഥലാഭങ്ങൾക്ക് വേണ്ടി ജീവിത താത്വികാവബോധങ്ങൾ ബലികഴിക്കാനുള്ളവ രല്ല. നമ്മുടെ കൂടെ ജീവിക്കുന്നവരും നമ്മുടെ മക്കളും അതറി യണം.

അബ്രാഹാമും യിസ്ഹാക്കും നടന്ന് കാൽവറിമലയുടെ മുകളിലെത്തി. അപ്പൻ മകന്റെ ചുമലിൽ നിന്നും വിറക് താഴെവച്ചു. മകൻ അതിലെ ഓടിനടക്കുകയാണ്. വള്ളിപ്പടർപ്പുകളും പൂച്ചെടികളും അതിനിടയ്ക്ക് പാടിരസിക്കുന്ന കിളികളും എല്ലാം കണ്ട് രസിച്ച് മോറിയാമലയിലൂടെ അവനങ്ങനെ ഓടിനടക്കുകയാണ്. അബ്രാഹാം യാഗപീഠം ഒരുക്കി, വിറകടുക്കി, എല്ലാം തയ്യാറാക്കിയിട്ട് മകനെ വിളിച്ചു. അവൻ ഓടിവന്നു. അബ്രാഹാം മകന്റെ രണ്ട് കവിളിലും മാറിമാറി ഉമ്മവെച്ചു. എന്നിട്ട് അവന്റെ ചെവിയിൽ അടക്കം പറഞ്ഞു: മോനേ, നീ ചോദിച്ചില്ലേ യാഗത്തിനുള്ള ആട്ടിൻകുട്ടി എവിടെ എന്ന്. മോനേ, ഞാനൊരു കാര്യം പറയട്ടെ, നിന്നെ യാഗം കഴിക്കാനാണ് നിത്യനായ ദൈവം എന്നോട് കൽപ്പിച്ചിരിക്കുന്നത്.

ബാലൻ ഒന്നു ഞെട്ടി. അപ്പന്റെ മുഖത്തേക്ക് ഒന്നുനോക്കി. എന്നെ യാഗം കഴിക്കുമെന്നു പറഞ്ഞത് എന്റെ അപ്പൻ തന്നെയോ! അപ്പൻ നല്ല മനക്കരുത്തോടെ, നല്ല വിശ്വാസ ദാർഢ്യത്തോടെ നിൽക്കയാണ്. അവൻ കൈ രണ്ടും നീട്ടിക്കൊടുത്തു. അപ്പൻ കൈ കെട്ടി, കാലും കെട്ടി, വിറകിന്മീതെ അവനെ കിടത്തി. മകൻ കണ്ണ് ഇറുകെ പൂട്ടി കിടക്കുകയാണ്. ഉടലും തലയും വേർപെടാൻ അധികം സമയം വേണ്ട. ബാല്യത്തിൽത്തന്നെ ജീവിതം തീരാൻ പോകുകയാണ്. അപ്പൻ കത്തി എടുത്തുയർത്തി. സൂര്യപ്രകാശത്തിൽ കത്തി വെട്ടിത്തിളങ്ങി. കത്തി താഴോട്ട് താഴാൻ തുടങ്ങുകയല്ല,

> *"ഉടനെ യഹോവയുടെ ദൂതൻ ആകാശത്തുനിന്ന്: അബ്രാഹാമേ, അബ്രാഹാമേ, എന്നു വിളിച്ചു; ഞാൻ ഇതാ, എന്ന് അവൻ പറഞ്ഞു. ബാലന്റെ മേൽ കൈവയ്ക്കരുത്; അവനോട് ഒന്നും ചെയ്യരുത്; നിന്റെ ഏകജാതനായ മകനെ തരുവാൻ നീ മടിക്കായ്കകൊണ്ട് നീ ദൈവത്തെ ഭയപ്പെടുന്നു എന്നു ഞാൻ ഇപ്പോൾ അറിയുന്നു എന്ന് അവൻ അരുളിച്ചെയ്തു."* *ഉല്പത്തി 22 : 11, 12*

നിന്റെ ഏകജാതനായ മകനെ തരുവാൻ നീ മടിച്ചില്ല. ഏറ്റവും പ്രിയപ്പെട്ടതിനെ, ഏറ്റവും വിലപ്പെട്ടതിനെ, കൊടുക്കാൻ തയ്യാറാകുന്നതാണ് ശരിയായ സമർപ്പണം. അബ്രാഹാം വിശ്വസിക്കാൻ കൊള്ളാകുന്ന മകനാണെന്ന് ദൈവത്തിന് മനസ്സിലായി. ദൈവത്തോടുള്ള സ്നേഹം അബ്രാഹാം തെളിയിച്ചു. അവന് ഏറ്റവും വിലപ്പെട്ടത് നിത്യനായ ദൈവമാണെന്ന് അവൻ തെളിയിച്ചിരിക്കുന്നു. അവന്റെ ജീവിതത്തിൽ മകനെക്കാളും ഭാര്യയെക്കാളും ഭാവിയിലെ പ്രതീക്ഷയെക്കാളും എല്ലാറ്റിലും ഉപരിയായി അവൻ സ്നേഹിക്കുന്നത് ജീവനുള്ള ദൈവത്തെയാണെന്ന് അവൻ തെളിയിച്ചിരിക്കുന്നു. അതാണ് സമർപ്പണം.

സ്വർഗ്ഗത്തിലെ ദൈവം പ്രസാദിക്കാത്ത ഒരു അണുപോലും തന്റെ ജീവിതത്തിൽ വരികയില്ല എന്നുള്ള ദൃഢമായ ഒരു ധാരണ.

പ്രിയപ്പെട്ടവരേ, നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ എന്റെ ജീവിതത്തിൽ മറ്റെന്തിനേക്കാളും വലുത് എന്റെ യേശുവാണെന്ന്? എന്റെ ഭർത്താവിനേക്കാളും, എന്റെ ഭാര്യയെക്കാളും, എന്റെ മക്കളെക്കാളും, എന്റെ ജോലിയെക്കാളും, എന്റെ വരുമാനത്തെക്കാളും, എന്റെ സ്വത്തിനെക്കാളും, എന്റെ ഭവനത്തെക്കാളും, എന്റെ മാതാപിതാക്കളെക്കാളും, എന്റെ ഈ ശരീരത്തെക്കാളും എന്റെ സമസ്തകാര്യങ്ങളെക്കാളും എനിക്ക് വിലയേറിയത് യേശുക്രിസ്തുവാണെന്നുള്ള വ്യക്തമായ ബോദ്ധ്യം. ദൈവമാണ് എനിക്ക് ഏറ്റവും വലിയത്. അങ്ങനെയുള്ള ഒരു ധാരണ വരുന്നതാണ് സമർപ്പണം.

എന്നെയും എനിക്കുള്ള സകലത്തേയും നിനക്ക് തരുന്നു എന്നും പടകും വലയും വിട്ടുതരുന്നു എന്നുമെല്ലാം ഞാൻ പറഞ്ഞതാണ്. എന്നാൽ യഥാർത്ഥമായ കാഴ്ചപ്പാട് കിട്ടിയപ്പോഴാണ് എനിക്ക് മനസ്സിലായത് എന്റെ സമർപ്പണം ഒന്നുമായിട്ടില്ല എന്ന്. ഇന്നും ഞാൻ ആത്മാവിന്റെ ദാരിദ്ര്യത്തോടെ നിൽക്കുകയാണ്. ഇന്നും സമർപ്പണം ഒന്നുമായിട്ടില്ല. എന്റെ

സ്വയം ഞാൻ കൊടുത്തുകഴിഞ്ഞിട്ടില്ല. എന്റെ ego, എന്റെ സ്വന്തം ഇഷ്ടം, എന്റെ സ്വന്തം താത്പര്യങ്ങൾ, എന്റെ ജീവിതത്തിൽ എല്ലാം ഞാൻ കൊടുത്തുകഴിഞ്ഞിട്ടില്ല.

സഭയിലെ ഉന്നതന്മാർ എന്നെക്കുറിച്ച് ഇല്ലാത്തതുപറയുമ്പോൾ എനിക്ക് ഉള്ളിൽ സങ്കടം വരുന്നത് കൊടുത്തിട്ടില്ലാത്തതുകൊണ്ടാണ് എന്ന് ഞാൻ അറിയുന്നു. പള്ളിയിലെ കുർബ്ബാനയുടെ സമയത്ത് എന്റെ വീട്ടിൽ യോഗം നടത്തുന്നു എന്ന് വളരെ ഉന്നതന്മാരായ ചില ശ്രേഷ്ഠന്മാർ പറയുമ്പോൾ എനിക്ക് ഉള്ളിൽ നോവുന്നു. ഒരിക്കലും അങ്ങനെ സംഭവിച്ചിട്ടില്ലല്ലോ കർത്താവേ, എനിക്ക് സങ്കടം വരുന്നു. അപ്പോൾ ഞാൻ മനസ്സിലാക്കി എന്റെ സ്വയം മരിച്ചിട്ടില്ല. ഞാനെന്നു പറയുന്ന മനുഷ്യന്റെ സ്വയം മരിച്ചാൽ പിന്നെ സങ്കടം വരുമോ? ഉള്ളിൽ ഭാരം വരുമോ? ഇല്ലാത്തതു പറയുമ്പോഴോ, പരിഹസിക്കുമ്പോഴോ, ആക്ഷേപിക്കുമ്പോഴോ സങ്കടം വരുമോ? ഈ ലോകത്തോടുള്ള ആസക്തികൾ മരിച്ചിട്ടില്ല. അതുകൊണ്ട് ഞാൻ ഇന്നും ആത്മാവിൽ ദരിദ്രനാണെന്ന് മനസ്സിലാക്കുന്നു.

സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ ഉന്നതനിലവാരത്തിലുള്ള ഒരാൾ എന്നെ വിളിച്ചു. മകനെക്കുറിച്ചാണ് പരാതി. അവൻ പഠിക്കുന്നില്ല, ഉഴപ്പാണ്, സാർ പ്രാർത്ഥിക്കണം എന്നാണ് പറഞ്ഞതിന്റെ അർത്ഥം. ഞാൻ ചോദിച്ചു: മോനെ യാഗപീഠത്തിൽ വച്ചില്ല അല്ലേ? അദ്ദേഹം പറഞ്ഞു: ഞാൻ സമർപ്പിച്ചു. “സമർപ്പിച്ചതാണെങ്കിൽ പിന്നെ എന്തിനാണ് തിരികെ എടുക്കുന്നത്? മോനെ ക്രിസ്തുവിന്റെ കരങ്ങളിൽ കൊടുത്തെങ്കിൽ ക്രിസ്തു നോക്കിക്കൊള്ളും, നാം എന്തിന് ആവലാതിപ്പെടണം?” അദ്ദേഹം സമ്മതിച്ചു.

ഞാൻ ചോദിച്ചു: സങ്കൽപ്പിക്കൂ; മകൻ നന്നായി പഠിക്കുന്നു, പ്രൊഫഷണൽ കോഴ്സ് നല്ല മാർക്കോടെ പാസ്സായി, അവൻ നല്ല മിടുക്കനായി ജോലി ചെയ്യുന്നു. നല്ല സ്വഭാവം. പ്രാർത്ഥിക്കുന്നു, വേദപുസ്തകം വായിക്കുന്നു, പക്ഷേ, മാനസാന്തരമില്ല എന്നതിനെക്കുറിച്ച് താങ്കൾക്ക് ആവലാതി ഉണ്ടാ

കുമോ? അതോ താങ്കൾ ഇപ്പോഴത്തെ അവന്റെ അവസ്ഥയിൽ പൂർണ്ണതൃപ്തനായിരിക്കുമോ? ആലോചിച്ച് മറുപടി പറഞ്ഞാൽ മതി എന്നു ഞാൻ പറഞ്ഞു.

അദ്ദേഹം പിന്നീട് വിളിച്ചു: സാറേ, അവൻ നന്നായി പഠിച്ച് നല്ല സ്വഭാവമായിരുന്നെങ്കിൽ അവന്റെ ആത്മാവിന്റെ കാര്യത്തിൽ എനിക്ക് അത്രയ്ക്ക് വേദനിക്കയില്ലായിരുന്നു. അപ്പോൾ ഞാൻ ചോദിച്ചു: തീർന്നുപോകുന്ന ഈ ലോകത്തിലെ കാര്യമാണോ നിത്യതയിൽ മുതൽക്കൂട്ടാകുന്ന മാനസാന്തരമാണോ നിങ്ങൾക്ക് വലുത്?

ആത്മാവാണോ ഈ ഭൂമിയിലെ ജീവിതമാണോ വലുത്? ഇന്ന് ഞാൻ കടന്നുപോയാൽ ദൈവരാജ്യത്തിൽ എത്തണം എന്നുള്ള നിർബ്ബന്ധം നിങ്ങൾക്കുണ്ടോ? മറ്റെന്തെല്ലാം നഷ്ടപ്പെട്ടാലും എന്റെ യേശു എനിക്ക് വേണമെന്നുള്ള നിർബ്ബന്ധം നിങ്ങൾക്കുണ്ടോ? ഈ ലോകത്തിൽ എന്തെല്ലാം കഷ്ടങ്ങളും നഷ്ടങ്ങളും ഒറ്റപ്പെടുത്തലുകളും കുറ്റപ്പെടുത്തലുകളും വന്നാലും എനിക്കെന്റെ യേശു മതി എന്നുള്ള നിർബ്ബന്ധം നിങ്ങൾക്കുണ്ടോ? അതാണ് ഏറ്റവും വലിയ സമർപ്പണം.

> *"അവൾ മനോവ്യസനത്തോടെ യഹോവയോടു പ്രാർത്ഥിച്ചു വളരെ കരഞ്ഞു. അവൾ ഒരു നേർച്ച നേർന്നു; സൈന്യങ്ങളുടെ യഹോവേ, അടിയന്റെ സങ്കടം നോക്കി അടിയനെ ഓർക്കയും അടിയനെ മറക്കാതെ ഒരു പുരുഷ സന്താനത്തെ നല്കുകയും ചെയ്താൽ അടിയൻ അവനെ അവന്റെ ജീവപര്യന്തം യഹോവയ്ക്കു കൊടുക്കും; അവന്റെ തലയിൽ ക്ഷൗരക്കത്തി തൊടുകയുമില്ല എന്നുപറഞ്ഞു." 1 ശമൂവേൽ 1 : 10, 11*

ഹന്നാ പറഞ്ഞു: നീ എനിക്ക് ഒരു പുരുഷസന്താനത്തെ തന്നാൽ അത് എന്റേതല്ല, നിന്റേതായിരിക്കും. മുഴുവനായും ദൈവത്തിന് കൊടുക്കുന്നതാണ് സമർപ്പണം.

ഹന്ന, അനുഗൃഹീതമായ, ഉന്നതമായ, ശ്രേഷ്ഠ കുടുംബ ത്തിൽപ്പെട്ട ഒരു സ്ത്രീയായിരുന്നു. വളരെ ഉത്തമനായ ഒരു വ്യക്തിയുടെ ഭാര്യയാണ്. ശുഭകരമായ ജീവിതമാർഗ്ഗങ്ങൾ എല്ലാം തികഞ്ഞ ഒരു കുടുംബം.

എന്നാൽ ഹന്നയ്ക്ക് ഒരു പോരായ്മയുണ്ട്. അവൾ മച്ചി യായിരുന്നു; അവൾക്ക് മക്കളുണ്ടാവുകയില്ല. ഇനി ഒരു കുഞ്ഞുണ്ടാകാനുള്ള സാദ്ധ്യതയുമില്ല. ഹന്ന ദുഃഖിതയായി രുന്നു. അവൾക്കൊരു കൂട്ടുകാരിയുണ്ട്, പെനിന്ന. അവൾ എന്നും ഹന്നയെ പരിഹസിക്കും. വലിയ പ്രാർത്ഥനക്കാരിയാ ണല്ലോ. എന്നിട്ടെന്താ ഒരു കുട്ടിയുണ്ടാകാത്തത്? പെനി ന്നായ്ക്ക് മക്കളുണ്ട്. പെനിന്ന അസൂയക്കാരിയായിരുന്നു. അവൾക്ക് അല്പംപോലും അനുകമ്പയുണ്ടായിരുന്നില്ല. മറ്റു ള്ളവരുടെ ദുഃഖത്തിൽ ദുഃഖം തോന്നാത്ത ആളുകൾ! ചിലർ വിഷമിക്കുമ്പോൾ അത് സ്വന്തം വിഷമംപോലെ കാണാൻ പറ്റാത്ത ആളുകൾ!

എന്നാൽ ഹന്നയുടെ ഭർത്താവ് എൽക്കാനയ്ക്ക് അവളോട് വലിയ സ്നേഹമായിരുന്നു. അവളുടെ ദുഃഖത്തിൽ ഭർത്താ വിന് സങ്കടമുണ്ട്. പക്ഷേ, എന്തുചെയ്യാം? ഒരുകുഞ്ഞ് പിറ ക്കുക എന്നത് ഒരു അത്ഭുതമാണ്. അത് മനുഷ്യബുദ്ധിക്കോ ശാസ്ത്രത്തിനോ അതീതമാണ്. മക്കളുള്ളവർക്ക് അതിന്റെ ഗൗരവം പിടികിട്ടുകയില്ല. മക്കളില്ലാത്തവർക്കും, മക്കളുണ്ടാ കാൻ സാദ്ധ്യതയില്ലാത്തവർക്കുമാണ് ആ വ്യസനത്തിന്റെ ആധിക്യം മനസ്സിലാവുകയുള്ളൂ.

എൽക്കാനാ അവളോട് പറയും: ഞാൻ നിനക്കുണ്ടല്ലോ. നീ എന്തിനാ വിഷമിക്കുന്നത്? നിനക്ക് എന്റെ സ്നേഹം പോരേ? പെനിന്നാ പറയുന്നത് കേട്ട് എന്തിനാണ് നിന്റെ മുഖം വാടു ന്നത്? എൽക്കാനയുടെ സ്നേഹം ഹന്നയ്ക്ക് നന്നായി അറിയാം. എങ്കിലും ഒരു കുഞ്ഞില്ലാത്ത ദുഃഖം മാറുകയില്ലല്ലോ. അങ്ങ നെയിരിക്കെ ഹന്നാ ഒരു നേർച്ച നേർന്നു. ദൈവത്തോട് ഒരു വാക്കുപറഞ്ഞു. മഹാപുരോഹിതനായ ഏലി എന്നു പറയുന്ന

ശ്രേഷ്ഠാചാര്യൻ ആരാധിക്കുന്ന ആലയത്തിലേക്ക് അവൾ കടന്നുചെന്നു. അവളുടെ മനസ്സ് നീറിക്കൊണ്ടിരിക്കുകയാണ്. ആ സമയം പെനിന്നായും അവളുടെ ഭർത്താവ് എൽക്കാനയും ആരാധനാപൂർവ്വമായ ഒരു യാത്രയ്ക്ക് പോയിരിക്കയാണ്.

പെനിന്നായും ഭർത്താവും മക്കളെയും കൂട്ടിക്കൊണ്ട് ആരാധനയുടെ പരിവേഷമുള്ള ഉല്ലാസയാത്രയ്ക്ക് പോയിരിക്കുന്നു. ഹന്നാ ഒറ്റയ്ക്കാണ് വീട്ടിൽ. അവൾക്ക് തോന്നി ഇന്ന് ആരാധനയുള്ള ദിവസമല്ല, എങ്കിലും ആരാധനാലയത്തിൽ ചെന്ന് ഉള്ള് പൊട്ടി ഒന്നു കരയാം. ദൈവസന്നിധിയിൽ ഉള്ള് തുറന്ന് കരയാം. അവൾ ആലയത്തിൽ കടക്കുന്നതിനു മുമ്പ് വാതിൽക്കൽ നിന്നുകൊണ്ട് ഒരു നേർച്ചനേർന്നു. ഹൃദയം അറിയുന്ന ദൈവത്തോട് ഒരു സമർപ്പണം പറഞ്ഞു.

പ്രിയപ്പെട്ടവരേ, നിങ്ങളിൽ പലരും ഇതുപോലെ ചില നിർണ്ണായക സമയങ്ങളിൽ ദൈവത്തോട് സമർപ്പണം പറഞ്ഞവരുണ്ടാകും. മേലിൽ ജീവിതകാലത്ത് ഞാൻ കോപിക്കയില്ല എന്നു വാക്കുപറഞ്ഞവരുണ്ട്. മരണത്തോളം എന്റെ ജീവിതത്തിൽ അശുദ്ധമായ ഒരു കാര്യം വരാതെ സൂക്ഷിച്ചുകൊള്ളാമെന്ന് വാക്കുപറഞ്ഞവരുണ്ട്. മരണത്തോളം ഒരു തുള്ളി മദ്യം ഞാൻ തൊടുകയില്ല എന്ന് വാക്കുപറഞ്ഞവരുണ്ട്. ഇതെല്ലാം നല്ല നല്ല സമർപ്പണങ്ങളാണ്. ദൈവത്തോട് ചില ഉടമ്പടി പറഞ്ഞത് നിങ്ങൾക്കിപ്പോൾ ഓർമ്മിക്കാം. ദൈവം തന്റെ പരിശുദ്ധാത്മാവിനെ നിങ്ങളുടെമേൽ പകർന്ന് നിങ്ങളുടെ സമർപ്പണങ്ങൾ അംഗീകരിച്ച നിമിഷങ്ങൾ ഓർക്കാം.

എനിക്കും അങ്ങനെയുള്ള അനുഭവങ്ങളുണ്ട്. മനസ്സ് പതറി ഉലഞ്ഞുപോയൊരു ദിവസം ഞങ്ങളുടെ പള്ളിയിൽ സുവിശേഷപ്രസംഗം കേട്ടുകൊണ്ടിരുന്നപ്പോൾ ഞാൻ ഉള്ളുപകർന്നു: കർത്താവേ, ഇന്നുമുതൽ ഞാൻ നിന്റെ വക. മനസ്സറിഞ്ഞ് ഒരു തെറ്റ് എനിക്കു വരികയില്ല. അതെന്റെ 17-ാമത്തെ വയസ്സിലായിരുന്നു. പള്ളിയിൽ പോയത് അത്ര

താത്പര്യത്തോടെയല്ല കാരണം, ഒരു അൽമേനി പ്രസംഗിക്കുന്നത് എന്ത് കേൾക്കാൻ? മാത്രവുമല്ല, അദ്ദേഹം അത്ര വിദ്യാഭ്യാസമുള്ളയാളുമല്ല. പക്ഷേ, അച്ചൻ പറഞ്ഞതുകൊണ്ട് ഞാൻ സുവിശേഷപ്രസംഗം കേൾക്കാൻ പോയി.

ഞാനും അമ്മയും പെങ്ങളും വീടുപൂട്ടിയിട്ട് പള്ളിയിൽ പോയി. തുടക്കത്തിൽ പ്രസംഗം അത്ര ഗൗരവമായി ഞാൻ ശ്രദ്ധിച്ചില്ല. എന്നാൽ ഇടയ്ക്കെപ്പോഴോ അദ്ദേഹം പറഞ്ഞ വാക്കുകൾ എന്റെ ഹൃദയത്തെ കീറിമുറിക്കാൻ തുടങ്ങി. അദ്ദേഹം പറഞ്ഞത് കല്ലറയ്ക്ക് പുറമെ കുഴപ്പമൊന്നുമില്ല, അകത്താണ് ചീഞ്ഞിരിക്കുന്നത്. ലാസർ മരിച്ച് അടക്കിയിട്ട് നാലുദിവസമായി. അകത്ത് ദുർഗന്ധം വമിക്കുന്നു. അദ്ദേഹം വിരൽ ചൂണ്ടിയത് എന്റെ നേരെയാണെന്നാണ് എനിക്ക് തോന്നിയത്. അദ്ദേഹം പറഞ്ഞു: നിന്റെ ഹൃദയം അഴുക്ക് നിറഞ്ഞതാണ്. ഹൃദയത്തിൽ വൈരാഗ്യം, തിന്മ, അശുദ്ധി, ദുഷ്ടത, ചിലരോട് നല്ല പക, പിണക്കം എല്ലാമുണ്ട്.

പുറമെ നീ മാന്യനാണ്. പുറമെ മദ്യപാനമോ, പുകവലിയോ, അശുദ്ധമായ കൂട്ടുകെട്ടോ, സിനിമയോ, വെറിക്കൂത്തുകളോ ഒന്നുമില്ല. പുറമെ നമസ്ക്കാരമുണ്ട്, പള്ളിയാരാധനയുണ്ട്. എന്നാൽ മകനേ, നിന്റെ ഉള്ളിൽ നിന്നും ദുർഗന്ധം വമിച്ചുകൊണ്ടിരിക്കുന്നു. ഞാൻ അമ്പരപ്പോടെ അദ്ദേഹത്തിന്റെ മുഖത്തേക്ക് നോക്കാൻ കഴിയാത്തതുപോലെ തലതാഴ്ത്തി. പിന്നീടങ്ങ് ഏങ്ങലടികളായിരുന്നു. ഞാൻ വിതുമ്പിക്കരഞ്ഞുകൊണ്ട് പറഞ്ഞു: കർത്താവേ, ഇന്നുമുതൽ ഞാൻ നിന്റെ വക. ലാസറിനെ ഉയിർത്തെഴുന്നേൽപ്പിച്ചതുപോലെ എന്നെ ഉയിർത്തെഴുന്നേൽപ്പിക്കണമെ.

ഞാൻ എല്ലാം വിട്ട് നിന്റെ പിന്നാലെ വരുന്നുവെന്ന് സമർപ്പണം പറഞ്ഞിട്ടുണ്ട്. ഞാനും എനിക്കുള്ളതെല്ലാം യേശുവേ, നിന്റേതെന്ന് സമർപ്പിച്ചിട്ടുണ്ട്. ഇനി എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം മാത്രമെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. ആണിപ്പാടുള്ള കരങ്ങളിലേക്ക്, തിരുരക്തം ഒഴുകുന്ന കരങ്ങളിലേക്ക് ജീവിതം ഭര

മേൽപ്പിക്കുന്നത് ഭാഗ്യമാണ്. സർവ്വവീര്യമുള്ളവന്റെ ബലിഷ്ഠ മായ ഭുജങ്ങളിലേക്ക് നിങ്ങളുടെ ഭാവി ഏൽപ്പിച്ചുകൊടുക്കു ന്നത് ഭാഗ്യമാണ്. അവൻ നിങ്ങളെ നയിക്കും. അവൻ നിങ്ങളെ മാത്രമല്ല നിങ്ങളുടെ മക്കളെയും മക്കളുടെ മക്കളെയും തല മുറ തലമുറയായി അനുഗ്രഹിക്കും.

ഹന്നാ പ്രതിസന്ധിയിലായി. മക്കളില്ല. ഞാനെന്ത് തെറ്റ് ചെയ്തിട്ടാ എനിക്കിങ്ങനെ വന്നത്? ഹന്നയ്ക്ക് ചിന്തിക്കാമാ യിരുന്നു. എന്റെ അമ്മ അങ്ങനെ പറഞ്ഞിട്ടുണ്ട്. എങ്കിലും എന്റെ കർത്താവേ, ഞാനെന്തു തെറ്റുചെയ്തിട്ടാ എനിക്കിങ്ങനെ വന്നത്. 30-ാമത്തെ വയസ്സിൽ അമ്മ വിധവയായി. മരിക്കു മ്പോൾ അപ്പന് 33 വയസ്സേ ഉണ്ടായിരുന്നുള്ളൂ. പറക്കമുറ്റാത്ത രണ്ട് കുഞ്ഞുങ്ങൾ-ഞാനും എന്റെ പെങ്ങളും-പാടത്ത് കൃഷി, പറമ്പ്, കന്നുകാലി ഇതെല്ലാം കൊണ്ടുനടക്കണം. നിരാശയി ലാണ്ടുപോയ ജീവിതം! ഞാനെന്റെ പ്രസംഗങ്ങളിലെല്ലാം ഇത് പറയാറുണ്ട്. കാരണം, എന്റെ ജീവിതത്തെ രൂപാന്തരപ്പെടു ത്തിയ സംഭവങ്ങളാണ് അതെല്ലാം. എന്നെ ക്രിസ്തുവിലേക്ക് ചേർത്തു ബന്ധിച്ച ചില അനുഭവങ്ങൾ. അത്രയും കടുത്ത ദുരിതങ്ങൾ വന്നില്ലായിരുന്നുവെങ്കിൽ ഞാൻ ദൈവത്തെ വിളി ക്കുമായിരുന്നോ? എനിക്കറിയില്ല.

ദുരിതങ്ങൾ ഒരളവിൽ നല്ലതാണ്. യാതനകളും കഷ്ടപ്പാ ടുകളും കുടുംബക്ലേശങ്ങളും നല്ലതാണ്. പലതരത്തിലുള്ള ഞെരുക്കങ്ങൾ നല്ലതാണ്. ചെമ്മണ്ണാറിലുള്ള ബെന്നി പറഞ്ഞു കേട്ടിട്ടുണ്ട്, പണ്ട് യോഹന്നാൻസാർ ഒരു ഭീകരനാണെന്നാണ് പള്ളികളിലെ അച്ചന്മാരുടെ പ്രസംഗങ്ങളിൽനിന്നും മനസ്സിലാ ക്കിയിരുന്നതെന്ന്. അതുകൊണ്ട് എന്നോട് നല്ല ഇഷ്ടക്കുറവാ യിരുന്നു.

ഒരു ദിവസം ബെന്നിയുടെ മകന് ഒരു അസുഖം വന്നു. നാട്ടിൽ ചികിത്സചെയ്തു, മാറുന്നില്ല. കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സക്കായി ബെന്നിയും ഭാര്യയും മക നെയും കൊണ്ട് ചെമ്മണ്ണാറിൽ നിന്നും ബസ്സിൽ യാത്ര ചെയ്യു

മ്പോൾ, അന്ന് തോക്കുപാറ എന്ന സ്ഥലത്ത് കൺവൻഷൻ നടക്കുന്നുണ്ട്. ആ കൺവൻഷന് ഞാനവിടെ ചെന്നിട്ടുണ്ടായിരുന്നു.

ബെന്നിയുടെ ഭാര്യ കല്യാണത്തിന് മുമ്പ് കൂട്ടായ്മയിൽ വന്നിട്ടുള്ള പെൺകുട്ടിയാണ്. അവൾ ഭർത്താവിനോട് പറഞ്ഞു: ഇവിടെ ഒന്നിറങ്ങി നമുക്ക് യോഹന്നാൻ സാറിനെക്കണ്ട് ഒന്ന് പ്രാർത്ഥിച്ചിട്ടുപോകാം. എന്നാൽ ഭർത്താവിന് സമ്മതമായില്ല. ബെന്നി റോഡിൽ നിന്നു. ഭാര്യ സാനി മകനെയും കൂട്ടിക്കൊണ്ട് വന്നു. സാനി വിവരം പറഞ്ഞു: ഒന്നു പ്രാർത്ഥിച്ചിട്ട് ആശുപത്രിയിലേക്ക് പോകാൻ വേണ്ടി വന്നതാണ്. ഞാൻ പറഞ്ഞു: പ്രാർത്ഥിക്കാം. അത്ഭുതമെന്നുപറയട്ടെ ഹോസ്പിറ്റലിലേക്ക് പോകേണ്ടിവന്നില്ല, Instant relief- അപ്പോൾ തന്നെ രോഗം മാറി. സ്വർഗ്ഗത്തിലെ ദൈവം ആ കുടുംബത്തെ രക്ഷിക്കാൻ നോക്കിയ വിധങ്ങൾ ഏതെല്ലാമാണ്! ബെന്നിക്ക് പ്രസംഗം കേൾക്കാൻ മനസ്സായി. പ്രസംഗം കേട്ടു, അന്ന് ബെന്നി മാനസാന്തരപ്പെട്ടു.

പിന്നീട് ബെന്നിയുടെ ജീവിതസാക്ഷ്യം പറഞ്ഞപ്പോൾ ഞാൻ ഞെട്ടിപ്പോയി. നെടുമ്പാശ്ശേരിയിലെ പുരാതനമായ വയലിപ്പറമ്പിൽ കുടുംബമായിരുന്നു ബെന്നിയുടേത്. അപ്പൻ മദ്യപാനിയായിരുന്നു. ഉള്ളതെല്ലാം വിറ്റ് കുടിച്ചു.അങ്ങനെ ഹൈറേഞ്ചിലേക്ക് കുടിയേറിയതാണ്. ഒരു ദിവസം ബെന്നി വീട്ടിൽ വരുമ്പോൾ അപ്പൻ അടുക്കളയിൽ തൂമ്പകൊണ്ട് കുഴി കുഴിക്കുന്നു. എന്നിട്ട് ബെന്നിയോട് പറഞ്ഞു: ഇന്ന് നിന്റെ അമ്മയെ ഈ കുഴിയിൽ കുഴിച്ച് മൂടും. ഇങ്ങനെ പറഞ്ഞുകൊണ്ട് അപ്പൻ ബെന്നിയെ കഴുത്തിന് പിടിച്ചു. ബെന്നി ബോധം കെട്ടുപോയി. പിന്നെ ബോധം വന്നപ്പോൾ ബെന്നി എഴുന്നേറ്റ് അമ്മയേയും വിളിച്ചുകൊണ്ട് ഓടി രക്ഷപ്പെട്ടു.

പിന്നീട് ബെന്നി, അപ്പനോടുള്ള വൈരാഗ്യം തീർക്കാൻ മദ്യത്തിൽ വിഷം കലക്കി അപ്പന് കൊടുത്തു. ഭാഗ്യവശാൽ അപ്പൻ മരിച്ചില്ല. അങ്ങനെയിരിക്കുന്ന സമയത്താണ് മുകളിൽ പറഞ്ഞ സംഭവങ്ങൾ നടക്കുന്നതും ബെന്നി മാനസാന്തരപ്പെടു

ന്നതും. അതിനുശേഷം ബെന്നി പണിയില്ലാതെ വിഷമിച്ച് ഭാര്യ യെയും മക്കളെയും കൂട്ടിക്കൊണ്ട് പണി ചോദിച്ച് ഇവിടെ വന്നു. ഏതാണ്ട് ഒന്നരക്കൊല്ലം ഞങ്ങളുടെ വീട്ടിൽ താമസിച്ചു. പിന്നീട് ഇവിടെ അടുത്ത് ഞാൻ ബെന്നിയ്ക്ക് സ്ഥലം മേടിച്ച് വീട് പണിതു കൊടുത്തു. ബെന്നിയുടെ നാട്ടിലെ സ്ഥലം വിറ്റ പ്പോൾ ഇവിടെ വാങ്ങിയ സ്ഥലത്തിന്റെ പൈസ എനിക്ക് തിരികെ തന്നു.

ഒരു ഗതിയുമില്ലാതെ, ആശയറ്റവരായി, മനസ്സുതകർന്ന വരായി നിങ്ങളാരെങ്കിലും ഇരിക്കുന്നുണ്ടോ? മുന്നോട്ട് ഗതി യില്ല, പിന്നോട്ട് മാറാൻ മാർഗ്ഗമില്ല. വഴിയെല്ലാം മുട്ടിയിരി ക്കുന്നു. ഭാവി ഇരുളടഞ്ഞിരിക്കുന്നു. മരണം മുന്നിൽ കാണുന്നു. പ്രതീക്ഷകൾ നഷ്ടപ്പെട്ടവർ! ആശകൾ അസ്തമിച്ചവർ! എല്ലാ വഴികളും അടഞ്ഞവർ!

പ്രിയമുള്ളവരേ, ഞാൻ പറയട്ടെ, എല്ലാവാതിലുകളും അടയുമ്പോൾ ഒരു പുതിയ വാതിൽ തുറക്കും. നിങ്ങൾ വിശ്വ സിക്കൂ. ഇന്ന് നിങ്ങൾ ഈ വാക്കുകളെ കേൾക്കുമ്പോൾ കർത്താവിനോട് പറയണം: കർത്താവേ, വഴിയെല്ലാം അട ഞ്ഞിരിക്കുന്നു. എന്റെ പ്രതീക്ഷകളെല്ലാം അസ്തമിച്ചുപോയി രിക്കുന്നു. ഇനി ആശയ്ക്ക് വകയില്ല.

ഞാൻ നിങ്ങളോട് പറയട്ടെ, നിങ്ങൾക്ക് ആശ തരാൻ യേശുക്രിസ്തു ജീവിക്കുന്നു. എന്നെ വളരെ ഉറപ്പിച്ച ഒരു വാക്യമാണ് 27–ാം സങ്കീർത്തനം 14–ാം വാക്യം. "ഞാൻ ജീവ നുള്ളവരുടെ ദേശത്ത് യഹോവയുടെ നന്മ കാണുമെന്ന് വിശ്വ സിച്ചില്ലെങ്കിൽ കഷ്ടം. യഹോവയിങ്കൽ പ്രത്യാശവയ്ക്കുക, ധൈര്യപ്പെട്ടിരിക്ക, നിന്റെ ഹൃദയം ഉറച്ചിരിക്കട്ടെ."

ഹന്നാ ആശയറ്റവളായിത്തീർന്നപ്പോൾ യഹോവയ്ക്ക് അവളൊരു നേർച്ച നേർന്നു.

ഇന്ന് ഇത് വായിക്കുന്നവർ ചിലർ പരീക്ഷ പാസ്സാകാത്ത വർ കാണും, entrance test എഴുതി കിട്ടാത്തവർ കാണും. ഒരു

നല്ല admission കിട്ടാത്തവർ കാണും. ജോലിക്കുവേണ്ടി അപേക്ഷിച്ചിട്ട് കിട്ടാത്തവർ കാണും. കടമൊന്നു മാറാൻ ആഗ്രഹിച്ചു മാറാതെ വിഷമിക്കുന്നവർ കാണും. കുടുംബസമാധാനം ആഗ്രഹിച്ചിട്ട് അത് ലഭിക്കാത്തവർ കാണും. കുടുംബത്തിൽ എന്നും കലഹവും വഴക്കുമായി കുടുംബമാകെ കലങ്ങിയവർ കാണും. ഒരിറ്റ് സമാധാനത്തിനായി കൊതിച്ചു, അത് കിട്ടാത്തവർ കാണും. നിങ്ങളിന്ന് ഏതെല്ലാം വിഷയങ്ങളിലാണോ വലയുന്നത്, സ്വന്തം ഭാര്യയോ ഭർത്താവോ പോലുമറിയാതെ നിങ്ങൾ രഹസ്യത്തിൽ പ്രാർത്ഥിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണോ, എല്ലാം കാണുന്നൊരു ദൈവമുണ്ട്.

ആ ദൈവസന്നിധിയിൽ നിങ്ങൾ വീണ്ടും കടന്നു ചെല്ലുക. എന്റെ കർത്താവേ, എന്റെ ജീവിതത്തിൽ നീ ഇന്നൊരു അത്ഭുതം പ്രവർത്തിച്ചാൽ ഇനി ഞാൻ എന്റേതായിരിക്കയില്ല, നിന്റേതായിരിക്കും. ഇനി നീ എനിക്കൊരു പുരുഷസന്താനത്തെ തന്നാൽ അതിന്റെ ഉടമസ്ഥാവകാശം നിനക്കായിരിക്കും. എന്റെ ജീവിതത്തിൽ ഈ പ്രതിസന്ധിക്കൊരു പരിഹാരം തന്നാൽ ഞാൻ നിന്റെ വകയായിരിക്കും. പ്രിയപ്പെട്ടവരേ, ദൈവത്തോട് എല്ലാം ചോദിച്ച് വാങ്ങാം. എല്ലാ പ്രതിസന്ധിയും കാണുന്നൊരു ദൈവമുണ്ട്.

ഹന്നാ പ്രാർത്ഥിച്ചു: ദൈവമേ, ഞാൻ കരഞ്ഞത് നീ മറക്കരുത്, ഇല്ലായ്മയിൽ വലഞ്ഞ് നീറുന്നത് നീ മറക്കരുത്, “സൈന്യങ്ങളുടെ ദൈവമായ യഹോവേ, അടിയന്റെ സങ്കടം നോക്കി, അടിയനെ ഓർക്കയും ഒരു പുരുഷസന്താനത്തെ നൽകുകയും ചെയ്താൽ അടിയൻ അവനെ ജീവപര്യന്തം യഹോവയ്ക്ക് കൊടുക്കും.” ദൈവത്തിന്റെ വ്രതസ്ഥനായി ഞാനവനെ വളർത്തും. അവനെ ഒരു വിശുദ്ധനായി വളർത്തും.

> *“ആരെങ്കിലും യഹോവയ്ക്ക് ഒരു നേർച്ച നേരുകയോ ഒരു പരിവർജ്ജനവ്രതം ദീക്ഷിപ്പാൻ ശപഥം ചെയ്കയോ ചെയ്താൽ അവൻ വാക്കിനു ഭംഗം വരുത്താതെ തന്റെ വായിൽനിന്നു പുറപ്പെട്ടതു*

*പോലെയൊക്കെയും നിവർത്തിക്കേണം.”*

*സംഖ്യപുസ്തകം 30 : 2*

എനിക്ക് നീയൊരു മകനെ തന്നാൽ ആ മകന്റെമേൽ എനിക്ക് അവകാശം ഉണ്ടായിരിക്കയില്ല, നിനക്കായിരിക്കും അവന്റെമേൽ അവകാശം. അവനെ പൂർണ്ണമായി നിന്റേതായി ഇതാ നിവേദിച്ചിരിക്കുന്നു. അവൻ നിനക്ക് വ്രതസ്ഥനായിരിക്കും. വലിയൊരു നേർച്ചയാണ് നേർന്നത്.

പ്രിയമുള്ളവരേ, നിങ്ങൾക്കെന്തെങ്കിലും ദൈവത്തോട് നേർച്ച നേരുവാനുണ്ടോ? കർത്താവേ, എന്റെ ശരീരത്തിലെ ഒരു അണുവിൽപോലും ഇനി അശുദ്ധി സംഭവിക്കയില്ല. എന്റെ നാവിൽ മദ്യം തൊടുകയില്ല. കർത്താവേ, ഞാൻ പുക വലിക്കുകയില്ല. എന്റെ കണ്ണ് അശുദ്ധചിത്രം കാണുകയില്ല. കർത്താവേ, ഇനി എന്റെ നാവിൽ അഴുക്ക് വാക്കുകൾ വരികയില്ല. ആരേയും പരിഹസിക്കയില്ല. ആരേയും കുറ്റം പറയുകയില്ല. ആരേയും വിധിക്കയില്ല. ആരേയും അപമാനിക്കുന്ന വാക്കുകൾ വരികയില്ല. ആരേയും ചെറുതാക്കുന്ന രീതിയിൽ ഞാൻ സംസാരിക്കുകയില്ല. ആരേയും തണുപ്പിക്കുന്ന, കുളിർമ നൽകുന്ന, ആശ്വസിപ്പിക്കുന്ന വാക്കുകളായിരിക്കും ഈ വായിൽ നിന്നും ഇനി വരുന്നത്. ഓരോ അവയവവും തൊട്ട് ദൈവത്തോട് നിങ്ങൾക്ക് വാക്കുപറയാം.

കർത്താവേ, ഇത്രയുംനാൾ ദുഷ്ടനായ പൈശാചികൻ അവന്റെ ചൊൽപ്പടിക്ക് എന്നെ നടത്തിക്കൊണ്ടിരുന്നു. എന്നെ അവൻ പാവകളിപ്പിച്ചു. മദ്യശാലകളിലേക്ക് നയിച്ചു. തിന്മയുടെ കൂട്ടുകെട്ടിലേയ്ക്ക് നയിച്ചു. കൊള്ളരുതാത്ത കാര്യങ്ങളിൽ മുഴുകുവാൻ എന്നെ പ്രേരിപ്പിച്ചു. എന്നാൽ ഞാൻ ഇപ്പോൾ നിന്റെ സന്നിധിയിൽ വന്ന് നിന്നോട് ഈ നേർച്ച നേരുന്നു. ജീവപര്യന്തം ഞാൻ വിശുദ്ധിയോടെ നിന്റെ ദാസനായി നിൽക്കും. അതുകൊണ്ട് നിന്റെ തിരുവിലാവിൽ നിന്നൊഴുകിയ തിരുരക്തത്താൽ ഇപ്പോൾ എന്നെ കഴുകണമേ.

അറിഞ്ഞും അറിയാതെയും തെറ്റുകൾ സംഭവിച്ചുപോയി. പല രീതിയിൽ ഞാൻ പലരെയും വേദനിപ്പിച്ചുപോയി. കുടുംബത്തിൽ കലക്കം ഉണ്ടാക്കിപ്പോയി. ഞാൻമൂലം ചിലരെല്ലാം കരയാൻ ഇടയായിപ്പോയി. എന്റെ വീട്ടിൽ ഭർത്താവിനെയും മക്കളെയും ഞാൻ വേദനിപ്പിച്ചുപോയി. ഞാൻ കാരണം ചില കെടുതികൾ ഞങ്ങളുടെ കുടുംബത്തിൽ വന്നുപോയി. യേശുവേ, ഇന്ന് എന്റെ പാപങ്ങൾ നീ ക്ഷമിച്ചുതരണമെ. ഈ നിമിഷം മുതൽ പാപം കൂടാതെ ഒരു പുതിയ മനുഷ്യനായി ജീവിക്കാൻ ഞാനിതാ പ്രതിജ്ഞ ചെയ്യുന്നു. ഈ നേർച്ച നീ അംഗീകരിക്കണമെ.

ഇങ്ങനെ നിങ്ങൾ സമർപ്പണമെടുത്ത് ശത്രുവായ പൈശാചികനെ ഉപേക്ഷിച്ചാൽ യേശു നിങ്ങളുടെ ഉള്ളിലേക്ക് വരും. കുരിശിലെ സ്നേഹം നിങ്ങളുടെ കണ്ണുനീര് തുടയ്ക്കും. നിങ്ങളെ ഉയർത്തും, പുരോഗതിയിലേക്ക് നയിക്കും. ക്രൂശിലെ സ്നേഹം നിങ്ങൾക്ക് നിത്യജീവൻ പ്രദാനംചെയ്യും. നിങ്ങളുടെ ഹൃദയം യേശുവിന് കൊടുക്കൂ. ഭാവി യേശുവിന് കൊടുക്കൂ. യേശു നിങ്ങളുടെ ഹൃദയവാതിൽക്കൽ വന്നുമുട്ടുന്ന സമയമാണ്: “ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും” എന്ന് കർത്താവ് പറയുന്നു (വെളിപ്പാട് 3 : 20). യേശുവിന്റെ അരികിലേക്ക് ഓടിവരുവിൻ! യേശുവിന്റെ രക്തത്താൽ കഴുകൽ പ്രാപിപ്പിൻ! യേശുവിനെ എതിരേൽപ്പിൻ! യേശുവിന്നായി ജീവിതം വേർതിരിപ്പിൻ! യേശുവിനോട് വാക്കുപറയുവിൻ! യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക.

# ഏഴ്

*"അവൾ മനോവ്യസനത്തോടെ യഹോവയോടു പ്രാർത്ഥിച്ചു വളരെ കരഞ്ഞു. അവൾ ഒരു നേർച്ച നേർന്നു; സൈന്യങ്ങളുടെ യഹോവേ, അടിയന്റെ സങ്കടം നോക്കി അടിയനെ ഓർക്കയും അടിയനെ മറക്കാതെ ഒരു പുരുഷസന്താനത്തെ നൽകുകയും ചെയ്താൽ അടിയൻ അവനെ അവന്റെ ജീവപര്യന്തം യഹോവയ്ക്ക് കൊടുക്കും; അവന്റെ തലയിൽ ക്ഷൗരക്കത്തി തൊടുകയുമില്ല എന്നു പറഞ്ഞു."* *1 ശമുവേൽ 1:10, 11*

ഹന്ന ഒരു നേർച്ച നേർന്നു. നാം ഹന്നയുടെ സമർപ്പണത്തെക്കുറിച്ചാണ് ചിന്തിച്ചുവരുന്നത്.

ഹന്ന ഒരു ഉയർന്ന കുടുംബത്തിൽപ്പെട്ടവളാണ്. ഉയർന്ന സാഹചര്യത്തിൽ ജീവിക്കുന്നവളാണ്. അവളുടെ ഭർത്താവ് വളരെ ശ്രേഷ്ഠനായ മനുഷ്യൻ. അവൾക്കെല്ലാമുണ്ട് - സ്നേഹമുള്ള ഭർത്താവ്, ജീവിക്കാനുള്ള ചുറ്റുപാട് - പക്ഷേ ഒരു കുറവുണ്ടായിരുന്നു, ഹന്നയ്ക്ക് മക്കളുണ്ടായില്ല. അസ്വസ്ഥമായ, എന്നും കരയുന്ന ഹൃദയം! എന്നും വിതുമ്പുന്ന മനസ്സ്! ഏങ്ങലടിക്കുന്ന ജീവിതം!

അക്കാലത്ത് Polygamy –ബഹുഭാര്യാത്വം– നിലനിൽക്കുന്ന കാലമാണ്. ഹന്നയുടെ ഭർത്താവ് എൽക്കാനയ്ക്ക് രണ്ടു ഭാര്യമാരുണ്ടായിരുന്നു, ഹന്നയും പെനിന്നയും. പെനിന്നയ്ക്ക് മക്കളുണ്ടായിരുന്നു. ഹന്നയ്ക്ക് മക്കളില്ലായിരുന്നു. ഒരു വീട്ടിൽത്തന്നെ താമസിക്കുന്നു എങ്കിലും എന്നും പരസ്പരം

ശത്രുത്വം! ഹന്ന എല്ലാ ശത്രുത്വവും ഏറ്റുവാങ്ങിക്കൊണ്ടിരുന്നു. ദുരിതം നിറഞ്ഞ, ഐക്യമില്ലാത്ത, സമാധാനമില്ലാത്ത, സ്നേഹമില്ലാത്ത കുടുംബം. തന്റെ സപത്നിയായ പെനിന്ന അവളെ നിരന്തരം ആക്ഷേപിക്കുകയും പരിഹസിക്കയും ചെയ്തുകൊണ്ടിരുന്നു.

ജീവിതത്തിൽ ചില അപകർഷതാബോധം നിങ്ങളിൽ ചിലർക്കെങ്കിലും ഉണ്ട്. പഠിക്കാൻ പറ്റുന്നില്ല. വേണ്ടത്ര വിദ്യാഭ്യാസം കിട്ടിയില്ല. എന്നും ആരോടെങ്കിലും കടം ചോദിക്കേണ്ടിവരുന്നു. വേണ്ടത്ര ആരോഗ്യമില്ല. എന്നും രോഗം, ചികിത്സ, ഒരു തൊഴിലില്ല, വരുമാനമാർഗ്ഗമില്ല; എല്ലാവരുമുണ്ട് പക്ഷേ, എന്റെ കുടുംബത്തിൽ എന്നെ സ്നേഹിക്കാൻ ആരുമില്ല. എന്റെ മക്കൾക്ക് എന്നോട് ബഹുമാനമില്ല. ഭർത്താവിന് സ്നേഹമില്ല. മാതാപിതാക്കൾക്ക് എന്നോട് ഒരു കരുണയുമില്ല. ഇങ്ങനെ പലപല പ്രയാസങ്ങൾ നാം ജീവിതത്തിൽ നേരിടുന്നവരാണ്. ഹന്ന നിരന്തരം കരയുന്നവളായിരുന്നു. എന്നാൽ ഹന്ന ഒരു കാര്യം ചെയ്തു. അവൾ പ്രാർത്ഥിച്ചു, വളരെ കരഞ്ഞു.

ജീവിതത്തിൽ കരഞ്ഞാൽ അത് ചിരിയുടെ ആരംഭമാണ്. കരയുന്ന മനസ്സ് ചിരിയുടെ ആരംഭം കുറിക്കും. ഇന്ന് നാം കരയുന്നുവെങ്കിൽ നാളെ നമുക്ക് ചിരിക്കാനിടയാകും. എന്നും ദുരിതവും ദുഃഖകാലവുമല്ല. ഒരു ദുഃഖവെള്ളിയാഴ്ച, പള്ളിയിൽ പ്രൊമിയോനും സെദറയും വായിച്ചതിനുശേഷം അച്ചൻ അതിനെ ആസ്പദമാക്കി പ്രസംഗിക്കയായിരുന്നു. “ഇന്ന് ദുഃഖത്തിന്റെ വെള്ളിയാഴ്ചയാണ്; സന്തോഷത്തിന്റെ ഞായറാഴ്ച വരുന്നുണ്ട്.” അച്ചൻ ജനങ്ങളോട് ഏറ്റുപറയാൻ ആവശ്യപ്പെട്ടു. ഇന്ന് ദുഃഖത്തിന്റെ വെള്ളിയാഴ്ചയാണ്; സന്തോഷത്തിന്റെ ഞായറാഴ്ച വരുന്നുണ്ട്.

ഇന്ന് മരണത്തിന്റെ വെള്ളിയാഴ്ചയാണ്, ഉയിർപ്പിന്റെ ഞായറാഴ്ച വരുന്നുണ്ട്. ഇന്ന് സ്നേഹിതരെല്ലാം ഓടിപ്പോയ വെള്ളിയാഴ്ചയാണ്; ഓടിപ്പോയവരെല്ലാം മടങ്ങിവരുന്ന

ഞായറാഴ്ച വരുന്നുണ്ട്. ഇന്ന് കണ്ണുനീരിന്റെ വെള്ളിയാഴ്ച യാണ്; എന്നാൽ ചിരിയുടെ ഞായർ വരുന്നുണ്ട്. ഇന്ന് വിഷാദ ത്തിന്റെ വെള്ളിയാഴ്ചയാണ്; എന്നാൽ ശാന്തിയുടെ ഞായ റാഴ്ച വരുന്നുണ്ട്.

ഏതാണ്ട് അരമണിക്കൂറോളം അച്ചൻ ആ പ്രൊമിയോ നിൽനിന്നും കിട്ടിയ ആശയം വച്ചുകൊണ്ട് പ്രസംഗിച്ചു. അരമ ണിക്കൂർ കഴിഞ്ഞപ്പോൾ ആ പള്ളിയകം മുഴുവൻ കണ്ണുനീർ പ്രളയമായി. എല്ലാവരും ഏങ്ങലടിക്കാൻ തുടങ്ങി. എന്താണ് കാരണം? ഒരു നല്ലകാലം വരുന്നുണ്ട്. ഇന്നത്തെ ദുഃഖം തീരാൻ ഒരു സാദ്ധ്യതയുണ്ട്.

നമ്മുടെ ബന്ധുക്കളോ കൂട്ടുകാരോ വീട്ടിൽ വരുമ്പോൾ നമ്മുടെ ഉള്ളിലുള്ള ദുഃഖം പുറമെ കാണിച്ചെന്നു വരില്ല. നമ്മുടെ ഹൃദയത്തിൽ അത് മറച്ചുവച്ചുകൊണ്ട് പുറമെ ചിരി ക്കയും ഭവ്യമായി പെരുമാറുകയും ഒരു പ്രയാസവുമില്ലാത്ത തുപോലെ ഭാവിക്കുകയും ചെയ്യും. എന്നാൽ ഉള്ള് നീറിക്കൊ ണ്ടിരിക്കുകയായിരിക്കും.

ഹന്നായുടെ ജീവിതംപോലെ നമ്മുടെ പലരുടേയും ജീവിതം ഇന്ന് കരയുന്നുണ്ടെങ്കിലും, വിഷാദഭരിതമാണെ ങ്കിലും, നല്ലൊരുകാലം വരുന്നുണ്ട് എന്ന് നമുക്ക് വിശ്വസി ക്കാം. കാരണം, നല്ലകാലം തരുന്ന ക്രിസ്തു ജീവിക്കുന്നു. ഇന്ന് കരയുന്നവരായ നിങ്ങൾ ഭാഗ്യവാന്മാർ, നിങ്ങൾ ചിരിക്കും. ദുഃഖിക്കുന്നവരായ നിങ്ങൾ ഭാഗ്യവാന്മാർ, നിങ്ങൾക്ക് ആശ്വ ാസം ലഭിക്കും.

പ്രിയപ്പെട്ടവരേ, ഇതൊരു സജീവ യാഥാർത്ഥ്യമാണ്. നിങ്ങളുടെ ജീവിതത്തിൽ വ്യക്തമായി നിങ്ങളുടെ ഹൃദയം ക്രിസ്തുവിനായി തുറന്നുകൊടുത്തുകൊണ്ട് ജീവിതം ക്രിസ്തുവിനായി സമർപ്പിക്ക. ഒരു സമർപ്പണം എടുക്കുക. ഒരു നേർച്ച നേരുക.

ഹന്ന മനോവ്യസനത്തോടെ കരഞ്ഞുപ്രാർത്ഥിച്ചു.

കർത്താവേ, നീ എനിക്കൊരു ആൺകുഞ്ഞിനെ തരണം. നീ തന്നാൽ അത് എന്റേതായിരിക്കയില്ല, നിന്റേതായിരിക്കും. ഇങ്ങനെ സമർപ്പിക്കാൻ നിങ്ങൾക്ക് കഴിഞ്ഞാൽ നിങ്ങൾ അത്ഭുതങ്ങൾ കാണും. നിങ്ങൾക്ക് ഇങ്ങനെ സമർപ്പിക്കാൻ സാധിച്ചിട്ടുണ്ടോ? കർത്താവേ, എനിക്കീപരീക്ഷ പാസ്സാക്കിത്തന്നാൽ, എനിക്കൊരു ജോലി ലഭിച്ചാൽ എല്ലാം നിന്റെ നാമമഹത്വത്തിനായി ഉപയോഗിക്കും. എന്റെ വിവാഹം നടത്തിത്തന്നാൽ വരുംകാല തലമുറകളെ ക്രിസ്തുവിനുവേണ്ടി പടുത്തുയർത്തുവാൻ അതു ഞാൻ ഉപയോഗിക്കും. കർത്താവേ, നിന്റെ നാമമഹത്വത്തിനായി എന്റെ കുടുംബജീവിതം തീരും. സമർപ്പിക്കുവാൻ സാധിക്കുമോ? അങ്ങനെ നാം സമർപ്പിക്കുമ്പോഴാണ് ദൈവത്തിന് തന്റെ കരങ്ങളിൽ നമ്മെ കിട്ടുന്നത്.

പലപ്പോഴും നാം ദൈവത്തിന്റെ ഇഷ്ടംപോലെ എന്നു പറയുമ്പോഴും നമ്മുടെ തന്നെ പല താത്പര്യങ്ങളും അഭിപ്രായങ്ങളും ഇഷ്ടങ്ങളും വച്ചുകൊണ്ടിരിക്കും. അങ്ങനെയാകരുത്. മുഴുവനായും വിട്ടുകൊടുക്കുക.

സഹോദരങ്ങളേ, അങ്ങനെ നിങ്ങൾക്ക് സമർപ്പിക്കാൻ സാധിച്ചാൽ ഒരു വലിയ ചുവടുവയ്പായിരിക്കും അത്. ദൂരവ്യാപകമായ സത്ഫലങ്ങൾ ഉളവാക്കുന്ന അനുഗ്രഹകരമായ ഒരു ചുവടുവയ്പ്പ്. ഇപ്പോൾ നിങ്ങൾക്ക് അങ്ങനെ ഒരു സമർപ്പണം എടുക്കാൻ സാധിക്കുമോ? കർത്താവേ, മനസ്സറിഞ്ഞ് എന്റെ ആയുസ്സിൽ പാപത്തിന്റെ ഒരു കണിക എന്നെ തൊടുകയില്ല. അങ്ങനെ പറയാൻ സാധിച്ചാൽ നിങ്ങൾ ജയിച്ചു എന്നു ഞാൻ പറയും. കൊച്ചുകുട്ടിയായിരിക്കുമ്പോഴേ അത് പറയാൻ സാധിച്ചാൽ മഹാഭാഗ്യമായി. ചെളിയിൽ ചവിട്ടിയാലും കഴുകാം. പക്ഷേ, ചവിട്ടാതിരിക്കുന്നതാണ് നല്ലത്.

ഹന്ന നേർച്ച നേർന്ന് പറഞ്ഞു: “കർത്താവേ, നീ എനിക്കു തരുന്ന മകൻ എന്നും യഹോവയ്ക്കുള്ളതായിരിക്കും. അവന്റെ ജീവപര്യന്തം അവനെ യഹോവയ്ക്ക് കൊടുക്കും. ഒരു കാര

ണവശാലും ഇനി എന്റേതായിരിക്കയില്ല. മരണത്തോളം അവൻ യഹോവയ്ക്കുള്ളവനായിരിക്കും. അവൻ നാസീർവ്രതസ്ഥനായിരിക്കും. അവന്റെ തലയിൽ ക്ഷൗരക്കത്തി തൊടുകയില്ല." നാസീർവ്രതസ്ഥൻ എന്നതിന്റെ പ്രാധാന്യം സംഖ്യാപുസ്തകം 30-ാം അദ്ധ്യായം വായിക്കുമ്പോൾ മനസ്സിലാകും.

> *"മോശെ യിസ്രായേൽ മക്കളുടെ ഗോത്രപ്രധാനികളോട് പറഞ്ഞത്: യഹോവ കൽപ്പിച്ചിരിക്കുന്ന കാര്യം എന്തെന്നാൽ: ആരെങ്കിലും യഹോവയ്ക്ക് ഒരു നേർച്ച നേരുകയോ, ഒരു പരിവർജ്ജന വ്രതം ദീക്ഷിപ്പാൻ ശപഥം ചെയ്യുകയോ ചെയ്താൽ അവൻ വാക്കിനു ഭംഗം വരുത്താതെ തന്റെ വായിൽ നിന്നു പുറപ്പെട്ടതുപോലെ ഒക്കെയും നിവർത്തിക്കേണം." സംഖ്യാപുസ്തകം: 30 : 1, 2*

പരിവർജ്ജനവ്രതം - സന്തോഷങ്ങൾ വേണ്ട എന്നുവയ്ക്കുക, യഹോവയുടെ വ്രതസ്ഥനാവുക. വേദപുസ്തകത്തിൽ ശിംശോൻ നാസീർവ്രതമുള്ളവനായിരുന്നു. ശിംശോന്റെ ശക്തി അവന്റെ തലയിൽ ക്ഷൗരക്കത്തി തൊട്ടിട്ടില്ല എന്നുള്ളതായിരുന്നു. ഇവിടെ മുടി മുറിക്കാതിരുന്നു എന്നുള്ളതിലല്ല, ദൈവത്തിന്റെ കൽപ്പന അനുസരിക്കുക എന്നതിലാണ് പ്രാധാന്യം. ദൈവത്തിന്റെ വചനം ചോദ്യം ചെയ്യാതെ അനുസരിക്കുക എന്നുള്ള ഒരു വ്രതം. അങ്ങനെയൊരു പ്രതിഷ്ഠയെടുക്കാൻ തക്കവണ്ണം ഞാനവനെ ദൈവത്തിന് പൂർണ്ണമായും നിവേദിച്ചിരിക്കും എന്നാണ് ഹന്ന പറഞ്ഞത്.

> *"ഇങ്ങനെ അവൾ യഹോവയുടെ സന്നിധിയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ഏലി അവളുടെ വായെ സൂക്ഷിച്ചുനോക്കി. ഹന്ന ഹൃദയംകൊണ്ട് സംസാരിച്ചതിനാൽ അവളുടെ അധരം അനങ്ങിയതല്ലാതെ ശബ്ദം കേൾപ്പാനില്ലായിരുന്നു; ആകയാൽ അവൾക്ക് ലഹരിപിടിച്ചിരിക്കുന്നു എന്ന് ഏലിക്ക് തോന്നിപ്പോയി. ഏലി അവളോട്: നീ എത്ര*

*ത്തോളം ലഹരിപിടിച്ചിരിക്കും? നിന്റെ വീഞ്ഞ് ഇറങ്ങട്ടെ എന്നു പറഞ്ഞു.” 1 ശമുവേൽ 1 : 11 – 14*

അന്നത്തെ മഹാപുരോഹിതനായിരുന്ന ഏലി ദൈവാലയത്തിൽ വന്ന ഈ സ്ത്രീയെ ശ്രദ്ധിച്ചു. അവൾ എന്തൊക്കെയോ പിറുപിറുക്കുന്നു. അവളുടെ ചുണ്ട് അനങ്ങുന്നതു കാണാം. പിന്നെ ചുണ്ടു വിറയ്ക്കുന്നു. പിന്നെ ശരീരം പയ്യെ വിറയ്ക്കുന്നു. പിന്നെ കണ്ണീരൊഴുകുന്നു. ഏതാണ്ടൊരു ഭ്രാന്തു ബാധിച്ചതുപോലെയെന്ന് അദ്ദേഹത്തിന് തോന്നി. ഒരുപക്ഷേ, രാവിലെതന്നെ മദ്യപിച്ച് ലഹരിപിടിച്ച് ദേവാലയത്തിൽ വന്നതാണോ? ഏലി അവളോട്: വീഞ്ഞിറങ്ങിയിട്ട് മതി ദൈവാലയത്തിൽ വരാൻ എന്നു പറഞ്ഞു. പുരോഹിതൻ തെറ്റിദ്ധരിച്ചു.

അവളുടെ ഹൃദയത്തിന്റെ വ്യസനംകൊണ്ടാണ് ശരീരം ഒന്നു ചലിച്ചതും, നാവ് പയ്യെ അനങ്ങിയതും, ചുണ്ട് വിറച്ചതും എല്ലാം. ലഹരിപിടിച്ചിട്ടാണെന്ന് പുരോഹിതൻ തെറ്റിദ്ധരിച്ചു പോയി. അവൾ ഉള്ളുനീറി ശബ്ദം അടക്കി പറഞ്ഞപ്പോൾ ചില അപശബ്ദങ്ങളും ഞരക്കങ്ങളുമാണ് പുറത്തേക്ക് വന്നത്. ഹൃദയത്തിന്റെ ആഴത്തിൽനിന്നു വന്ന ഞരക്കങ്ങൾ നാവിലൂടെ വന്നപ്പോൾ ചില അപശബ്ദമായിട്ടേ അദ്ദേഹത്തിന് തോന്നിയുള്ളൂ.

അനേകരിന്ന് യഥാർത്ഥമായ, ഉള്ളുതേങ്ങുന്ന പ്രാർത്ഥനകൾ തെറ്റിദ്ധരിക്കയാണ്. ഉള്ളം പകർന്നു പ്രാർത്ഥിക്കുന്ന പ്രാർത്ഥനാശബ്ദങ്ങൾ പലരും ശരിയായ അർത്ഥത്തിൽ എടുക്കുന്നില്ല. ആത്മീയത്തിന്റെ ചില വശങ്ങൾ പലർക്കും ശരിയായി ധരിക്കാൻ സാധിക്കുന്നില്ല. ആത്മീയത്തിന്റെ ഉയർന്നതലത്തിലേയ്ക്കുള്ള കരേറ്റത്തിൽ ഹൃദയംപകർന്ന് പ്രാർത്ഥിക്കുന്നതും, ഉള്ളം ദൈവസന്നിധിയിലേക്ക് പകരുന്നതും പലർക്കും മനസ്സിലാക്കാൻ പറ്റുന്നില്ല. യഥാർത്ഥമായ ഭക്തിയുടെ അനുഭവത്തിൽ കഴിയുന്നതിനെ പല പുരോഹിതന്മാർക്കും മനസ്സിലാക്കാൻ കഴിയുകയില്ല. മേലാളന്മാർക്ക് പലർക്കും മനസ്സിലാകുകയില്ല. ഹൃദയത്തിന്റെ ഭാഷയും വേദനയും ഏങ്ങല

ടിയും അവർക്ക് ഗ്രഹിക്കാൻ പറ്റുകയില്ല.

> *"അതിന്നു ഹന്ന ഉത്തരം പറഞ്ഞത്: അങ്ങനെയല്ല, യജമാനനേ, ഞാൻ മനോവ്യസനമുള്ളോരു സ്ത്രീ; ഞാൻ വീഞ്ഞോ മദ്യമോ കുടിച്ചിട്ടില്ല; യഹോവയുടെ സന്നിധിയിൽ എന്റെ ഹൃദയം പകരുകയത്രേ ചെയ്തത്. അടിയനെ ഒരു നീചസ്ത്രീയായി വിചാരിക്കരുതേ; അടിയൻ സങ്കടത്തിന്റെയും വ്യസനത്തിന്റെയും ആധിക്യം കൊണ്ടാകുന്നു സംസാരിച്ചത്."* *1 ശമുവേൽ 1 : 15, 16*

ഉള്ളത്തിൽ നിന്നും നിറഞ്ഞവേദനയോടെയാണ് അവൾ ഏലിപുരോഹിതനോട് പറഞ്ഞത്: അയ്യോ, യജമാനനേ, എന്നെ ഒരു നീചസ്ത്രീയായി കണക്കാക്കരുതേ എന്ന്. അങ്ങനെയല്ല, ഞാൻ മനോവ്യസനമുള്ളോരു സ്ത്രീ, ഞാൻ വീഞ്ഞോ മദ്യമോ കുടിച്ചിട്ടില്ല, യഹോവയുടെ സന്നിധിയിൽ എന്റെ ഹൃദയം പകരുകയത്രേ ചെയ്തത്.

പ്രിയപ്പെട്ടവരേ, ഞാൻ വളരെ ലളിതമായി ഒരു കാര്യം പറയാം. ആരെല്ലാം തെറ്റിദ്ധരിച്ചാലും, ആർക്കെല്ലാം അമർഷം തോന്നിയാലും നിങ്ങളുടെ ഹൃദയം ദൈവസന്നിധിയിൽ പകരുവാൻ നിങ്ങൾ ഒരിക്കലും മടിക്കരുത്. ദൈവവുമായുള്ള ബന്ധത്തിൽ നിങ്ങളുടെ പ്രാർത്ഥന ഹൃദയത്തിന്റെ ആഴത്തിൽനിന്ന് ദൈവസന്നിധിയിലേക്ക് പകരുവാൻ മടിക്കരുത്. നിങ്ങളുടെ വേദന നിങ്ങൾക്ക് മാത്രമേ അറിയാവൂ.

ഒരുപക്ഷേ, ഭാര്യയുടെ വേദന സ്വന്തം ഭർത്താവുപോലും മനസ്സിലാക്കി എന്നു വരില്ല. മക്കളുടെ വ്യക്തിപരമായ ചില പ്രശ്നങ്ങൾ മാതാപിതാക്കൾക്ക് മനസ്സിലാകുകയില്ല. ഇന്ന് അനേകർ സ്വന്തം ദുഃഖങ്ങളിൽ ഒതുങ്ങിക്കൂടിക്കഴിയുന്നവരാണ്. സ്വകാര്യദുഃഖങ്ങൾ! വേറാർക്കും അറിയില്ല, വേറെയാരോടും പറയാനും പറ്റുകയില്ല. അവനവൻ മാത്രം അനുഭവിക്കുന്ന ചില സ്വകാര്യ വേദനകളുണ്ട്.

സ്നേഹിതരേ, നിങ്ങൾക്കില്ലേ സ്വകാര്യദുഃഖങ്ങൾ? ആരോടും തുറന്നുപറയാൻ പറ്റില്ല. ഒന്നു തുറന്നുപറയണമെന്നു വിചാരിച്ചാൽപോലും കേൾക്കാൻ ആരുമില്ല. ആ മനോഭാവമുള്ള ആരുമില്ല. ക്ഷമയോടെ കേട്ട്, ഒരു പരിഹാരമാർഗ്ഗം പറഞ്ഞുതരാനും ആരുമില്ല. ഒറ്റപ്പെട്ടവരായി കഴിയുന്നവരാണ് മനുഷ്യരെല്ലാം. ഏകാന്തപഥികർ എന്ന് പറയും.

എന്നാൽ നിങ്ങൾ വിശ്വസിക്കൂ! നിങ്ങളുടെ സ്വകാര്യ ദുഃഖങ്ങൾ പങ്കുവയ്ക്കാൻ കഴിയുന്ന ഒരു പാദപീഠമുണ്ട്. എവിടെയായിരുന്നാലും നിങ്ങൾക്ക് മാറിയിരുന്ന് അൽപ്പസമയം ഹൃദയം പകരാം. ചില ഊരാക്കുടുക്കുകൾ നിങ്ങളുടെ ജീവിതത്തിൽ വന്നു. അമ്പരപ്പിലായി, പരിഭ്രമത്തിലായി. നിങ്ങൾ തന്നത്താൻ ദൈവസന്നിധിയിൽ മുട്ടുമടക്കുക. ഉള്ള് മുഴുവനും തുറക്കുക. ചിലപ്പോൾ നിങ്ങൾ ഏങ്ങലടിച്ചെന്ന് വരും. പൊട്ടിക്കരഞ്ഞെന്നുവരും. നിങ്ങളുടെ കണ്ണുനീരുകൊണ്ട് വേദപുസ്തകത്തിന്റെ താളുകൾ നനഞ്ഞെന്നുവരും.

സങ്കടങ്ങളും ആവലാതികളും പ്രശ്നങ്ങളും എല്ലാം തുറന്നുപറയാം. നിങ്ങൾ അകപ്പെട്ടിരിക്കുന്ന കുരുക്കുകൾ തുറന്നു പറഞ്ഞിട്ട് കർത്താവേ, ഈ കുരുക്കുകൾ അഴിച്ചുവിടണമേ എന്നു പ്രാർത്ഥിക്കാം. കെട്ടുകൾ പൊട്ടിച്ച് മോചനം തരണമേ, എന്റെ സങ്കടത്തിന് പരിഹാരം തരണമേ എന്നപേക്ഷിക്കാം.

പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ കർത്താവിന്റെ തൃക്കരം നിങ്ങളുടെ തലമേൽ വയ്ക്കുന്നത് നിങ്ങൾക്കനുഭവിക്കാം. കർത്താവിന്റെ കണ്ണുനീർ നിങ്ങളുടെമേൽ വന്ന് പതിക്കുന്നത് നിങ്ങൾക്കനുഭവിക്കാം. ഞാനീ പറയുന്നതൊന്നും ഭാവനയോ തത്വങ്ങളോ അല്ല, വ്യക്തമായ അനുഭവങ്ങളാണ്. യേശു നിങ്ങളോട് സഹതാപത്തോടെ ഇടപെടുന്നത് നിങ്ങൾക്കനുഭവിക്കാം. നിങ്ങളുടെ എല്ലാ സങ്കടങ്ങളും ഏങ്ങലടികളും ശ്രദ്ധിച്ചുകേൾക്കുന്ന ഒരു ദൈവമുണ്ട്. നിന്റെ കണ്ണുനീരെല്ലാം കർത്താവ് തുരുത്തിയിൽ സൂക്ഷിച്ചുവെച്ചിട്ട് തക്കസമയത്ത് നിനക്ക് ആശ്വാസം തരും. മനസ്സലിവുള്ള പിതാവ്! സർവ്വാശ്വാസം

തരുന്ന ദൈവം!

നിങ്ങളുടെ സങ്കടങ്ങളും ആവശ്യഭാരങ്ങളും പേറിക്കൊണ്ട് കുരിശിൻ ചുവട്ടിലേക്ക് വരിക. യേശുവിന്റെ കുരിശിൻ ചുവട്ടിൽ ഇരിക്കുന്നു എന്ന് നിങ്ങൾ ധ്യാനിക്കുക. യേശുവിന്റെ തിരുശരീരത്തിൽ നിന്നൊഴുകുന്ന ആ തിരുരക്തം ഒലിച്ചൊലിച്ച് നിങ്ങളുടെ തലമേൽ വന്ന് വീഴുന്നത് നിങ്ങൾ അനുഭവിക്കുക. അപ്പോൾ നിങ്ങൾക്ക് പറയാം: കർത്താവേ, തിരുരക്തത്താൽ എന്റെ പാപക്കറകൾ കഴുകിത്തരണമേ. ഞാൻ അറിഞ്ഞും അറിയാതെയും പാപങ്ങൾ വന്നുപോയിട്ടുണ്ട്.

എന്റെ ചിന്തകളിൽ, വാക്കുകളിൽ, എന്റെ മനോഭാവത്തിൽ, എന്റെ പ്രവൃത്തികളിൽപോലും പാപം വന്നിട്ടുണ്ട്. ഞാൻ ആവശ്യമില്ലാതെ കോപിച്ചിട്ടുണ്ട്. പരുഷമായി പെരുമാറിയിട്ടുണ്ട്. ഒരു മനസ്സലിവില്ലാതെ ഞാൻ സംസാരിച്ചിട്ടുണ്ട്. നീ എന്നോട് ക്ഷമിക്കണം. കർത്താവേ, അരുതാത്ത കൂട്ടുകെട്ടിൽ പോയി ഞാൻ എന്നെത്തന്നെ മലിനപ്പെടുത്തിയിട്ടുണ്ട്. എന്റെ വായിൽ മദ്യം പകർന്നിട്ടുണ്ട്. എന്റെ ചുണ്ടിൽ ഞാൻ പുകവലിച്ചിട്ടുണ്ട്. കഞ്ചാവിന് ഞാൻ അടിമയായിപ്പോയിട്ടുണ്ട്. മയക്കുമരുന്നിന് ഞാൻ അടിമപ്പെട്ടുപോയിട്ടുണ്ട്. അലസനും ഒഴപ്പനുമായി ഞാൻ ജീവിതം ചിലവഴിച്ചു. പൈസ ഒരു നിയന്ത്രണവുമില്ലാതെ ചിലവഴിച്ചുപോയി.

തിരുത്താനാകാത്ത തെറ്റുകളേറെ വന്നുപോയി. എനിക്ക് പ്രായശ്ചിത്തം ചെയ്യാൻ മാർഗ്ഗമില്ല. എന്നാൽ പ്രായശ്ചിത്തമായി ക്രൂശിക്കപ്പെട്ട ക്രിസ്തുവിന്റെ കരുണയ്ക്കായി ഞാനിതാ യാചിക്കുന്നു. നിന്റെ തിരുരക്തത്താൽ എന്നെ ശുദ്ധീകരിക്കണമേ. അങ്ങനെ നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കാണാം, സ്വർഗ്ഗീയതേജസ്സ് നിങ്ങളുടെമേൽ വഴിഞ്ഞൊഴുകി വീഴുന്നത്. നിങ്ങളുടെ മനസ്സ് സംശുദ്ധമായി തീരുന്നത്. ശാന്തിയും സ്വസ്ഥതയും സമാധാനവും നിങ്ങളിലേക്ക് ഒഴുകി വരും. എനിക്കൊരു അപ്പനുണ്ട്; ഉടമസ്ഥനുണ്ട്; ഉടയവനുണ്ട്. ഞാനനാഥനല്ല എന്ന് ഉറപ്പുകിട്ടും. അനാഥർക്ക് അപ്പനായും,

വിധവകൾക്ക് കാന്തനായും യേശുവുണ്ട്.

അധഃപതിച്ചുപോയവരെ ഉദ്ധരിക്കുന്ന യേശുവുണ്ട്; വഴി തെറ്റിപ്പോയവരെ നേരെയാക്കുന്ന യേശുവുണ്ട്; വീണുപോയ വരെ എഴുന്നേൽപ്പിക്കുന്ന യേശുവുണ്ട്.

കർത്താവേ, തെറ്റുകളേറെ സംഭവിച്ചുപോയെങ്കിലും ഇനിയുള്ള ആയുസ്സിൽ തെറ്റുകളൊന്നും സംഭവിക്കില്ല എന്ന് പറഞ്ഞുകൊണ്ട് നിങ്ങൾ യേശുവിന്റെ കാൽക്കൽ വീണുകി ടന്ന് കരയുവിൻ.

ഹന്ന പറഞ്ഞു: "യജമാനനേ ഞാൻ മനോവ്യസന മുള്ളോരു സ്ത്രീ."

പ്രിയമുള്ളവരേ, എവിടെയുണ്ട് സമാധാനവും സ്വസ്ഥ തയും? കുരിശിൽ മരിച്ചവൻ ഹൃദയത്തിലുണ്ടെങ്കിൽ അവിടെ സമാധാനമുണ്ട്, അവിടെ സ്വസ്ഥതയുണ്ട്. നിങ്ങൾ തനിയെ ഇരുന്ന് പ്രാർത്ഥിക്കണം. കർത്താവേ, എന്റെ നീറുന്ന ഹൃദയ ത്തിന് ആശ്വാസം തരാതെ ഞാൻ എഴുന്നേൽക്കയില്ല എന്ന് പറയണം. "നീയെന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല'' എന്നു പറയണം. ''ബലാൽക്കാരികൾ ദൈവരാജ്യം പിടിച്ചടക്കും." നിങ്ങൾ ദൈവസന്നിധിയിൽ മുട്ടി പ്പായി ചോദിക്കണം.

എമ്മവൂസിലേക്ക് പോയ ശിഷ്യന്മാർ യേശു മുന്നോട്ടു പോകാൻ തുടങ്ങിയപ്പോൾ അവനെ നിർബ്ബന്ധിച്ചു. അവരുടെ വീടിനോടടുത്തായപ്പോൾ അവർ അവിടെ നിന്നു. യേശു മുന്നോട്ടു പോകാൻ തുടങ്ങിയപ്പോൾ, ഇത്രയുംനേരം സംസാ രിച്ചുപോന്നപ്പോൾ ഞങ്ങളുടെ ഉള്ളം കത്തിക്കൊണ്ടിരിക്കുക യായിരുന്നു, പോകല്ലേ എന്ന് അവർ നിർബ്ബന്ധിച്ചു. യേശു എന്നറിഞ്ഞിട്ടല്ലതാനും. അവൻ അവരുടെ കൂടെ പാർപ്പാൻ ചെന്നു. നിർബ്ബന്ധിച്ചാൽ പാർപ്പാൻ കൂടെ വരുന്നവനാണ് യേശു. നിർബ്ബന്ധിച്ചാൽ അനുഗ്രഹിക്കുന്നവനാണ് യേശു. വിശ്വാസത്തോടെ നിർബ്ബന്ധിച്ചാൽ അവൻ നിങ്ങളുടെ

പ്രാർത്ഥന കേൾക്കും.

"അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി, അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല. ഈ എളിയവൻ നിലവിളിച്ചു, യഹോവ കേട്ടു. സകലകഷ്ടങ്ങളിൽ നിന്നും അവൻ എന്നെ രക്ഷിച്ചു." "ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപ സ്ഥൻ, മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു." "നീതി മാന്റെ അനർത്ഥങ്ങൾ അസംഖ്യമാകുന്നു. അവ എല്ലാറ്റിൽ നിന്നും യഹോവ അവനെ വിടുവിക്കുന്നു" (സങ്കീർത്തനം 34).

സമാധാനം തരുന്ന കരം! പാപം മാറ്റുന്ന കരം! കർത്താവേ, ആ കരം ഇപ്പോൾ എന്റെ തലമേൽ വയ്ക്കണമേ. എന്നെ നീ അനുഗ്രഹിക്കണമേ. എന്റെ കുടുംബത്തിന്റെ കെടുതി നീ അറിയണമേ. എന്റെ ഭർത്താവിന്റെ വേദനാവിഷയം നീ അറി യണമേ. കടത്തിന്റെ കെണി നീ ഒന്നറിയണമേ. ഞാൻ നേരി ടുന്ന പ്രശ്നങ്ങളെയും പ്രതിസന്ധികളെയും നീ അറിയണമേ. എന്റെ ആയുസ്സ് ഞാനിതാ എനിക്കുവേണ്ടി രക്തം ചിന്തിയ യേശുവിന്റെ കാൽപ്പാദത്തിങ്കൽ അടിയറ വയ്ക്കുന്നു. എന്നെ അനുഗ്രഹിച്ച് സമാധാനത്തോടെ എഴുന്നേൽപ്പിക്കണമേ. ഇന്നുമുതൽ ഞാൻ നിന്റെ അടിമ.

# എട്ട്

കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ സുവിശേഷം സ്വഭാവത്തിൽ പരിവർത്തനം വരുത്തുന്നു. തന്മൂലം കുടുംബത്തിൽ സമാധാനം ലഭിക്കുന്നു. നീറിപ്പുകയുന്ന ഹൃദയങ്ങളിൽ ആശ്വാസം പകരുന്നു. കരുണയുള്ള കർത്താവിന്റെ ജീവദായകമായ തിരുവചനം മരവിച്ചുപോയ അനേകം ജീവിതങ്ങളെ തളിർപ്പിക്കുകയും വളർത്തുകയും ചെയ്യുന്നു. ഇന്ന ദേശത്തുനിന്നെന്നോ, ഇന്ന ജാതി എന്നോ, ഇന്ന മതത്തിൽനിന്നെന്നോ ഇല്ല. എല്ലായിടത്തും എല്ലാവരിലും ദൈവത്തിന്റെ പരിശുദ്ധാത്മാവ് പ്രവർത്തിക്കുവാൻ ദാഹത്തോടെ യത്നിച്ചുകൊണ്ട് നിൽക്കുകയാണ്.

വചനമാകുന്ന ക്രിസ്തു നമ്മെ തേടി വരികയാണ്. നാം വാതിൽ തുറന്നുകൊടുക്കുമ്പോൾ യേശു അകത്തേക്ക് വരികയാണ്. ഈ വാതിലിന് ഒരു പ്രത്യേകതയുണ്ട്. അത് പുറത്തുനിന്നും തള്ളിത്തുറക്കാൻ കഴിയുകയില്ല. അകത്തുനിന്നും സാക്ഷയിട്ടിരിക്കുകയാണ്. നാം കുറ്റിമാറ്റി അകത്തു നിന്നും വാതിൽ തുറന്നുകൊടുത്താൽ പുറത്തുനില്ക്കുന്ന യേശു അകത്തേയ്ക്കുവരും. നമ്മുടെ പലരുടെയും ജീവിതത്തിൽ ഈ കുറ്റി ഇതുവരെയും മാറ്റിയിട്ടില്ല, വാതിൽ തുറന്നുകൊടുത്തിട്ടുമില്ല. നാം പ്രാർത്ഥിക്കുന്നുണ്ട്, പള്ളിയിൽ പോകുന്നുണ്ട്. പല നല്ല കാര്യങ്ങളും ചെയ്യുന്നുണ്ട്. പക്ഷേ, ഇതുവരെയും വാതിൽ തുറന്നു കൊടുത്തിട്ടില്ല.

"ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു. ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ ഞാൻ അകത്തുചെന്ന് ഞാൻ

അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും" എന്ന് യേശു പറയുന്നു (വെളിപ്പാട് 3 : 20).

യേശു ഓരോരുത്തരുടേയും ഹൃദയവാതിൽക്കൽ നിന്ന് മുട്ടിവിളിക്കുകയാണ്. എന്തെങ്കിലും വാങ്ങാനല്ല, നമുക്ക് തരാനാണ്, നമ്മെ അനുഗ്രഹിക്കാനാണ് യേശു മുട്ടി വിളിക്കുന്നത്. ക്രിസ്തു നമ്മുടെ ഉള്ളിലേക്കു വരുമ്പോൾ നമുക്കുള്ള ഇല്ലായ്മകൾ മാറിക്കിട്ടും. എല്ലാം ധന്യമാകും.

ജീവിതം ക്രിസ്തുവിന്റെ കരങ്ങളിലേക്ക് കൊടുക്കുക. നമ്മുടെ ആളത്വം മുഴുവനായി യേശുവിന് കൊടുക്കുന്നതാണ് സമർപ്പണം. അനുഗ്രഹത്തിന്റെ ഉറവിടമായ ക്രിസ്തു, അനുഗ്രഹത്തിന്റെ കലവറ തുറന്ന് നമ്മെ അനുഗ്രഹിക്കാനായി വാതിൽക്കൽ മുട്ടുന്നു. ഈ ലോകജീവിതത്തിന്റെ പ്രാരബ്ധങ്ങളും ദുരിതങ്ങളും പ്രയാസങ്ങളും ആവലാതികളുമെല്ലാം ക്രിസ്തു മാറ്റിത്തരും. ഇത് സാധിക്കണമെങ്കിൽ നാം ക്രിസ്തുവിന്റെ വകയായിത്തീരണം. ക്രിസ്തുവിന് പ്രവർത്തിക്കാൻ തക്കവണ്ണം നമ്മിൽ ഇടം കിട്ടണം. നമ്മെ അനുഗ്രഹിക്കാനുള്ള സ്വാതന്ത്ര്യം നാം ക്രിസ്തുവിന് കൊടുക്കണം. നാം ക്രിസ്തുവിനെ അനുവദിക്കാതെ കൈയേറിവന്ന് ക്രിസ്തു നമ്മെ അനുഗ്രഹിക്കുകയില്ല. നാം ദൈവത്തിന്റെ മക്കളായിത്തീരണം.

അപ്പന്റെ മക്കളായിത്തീർന്നാൽ മക്കളുടെ കാര്യം അപ്പൻ നോക്കും. കടംവന്ന് വീർപ്പുമുട്ടുന്നു. കൊടുത്തുതീർക്കേണ്ട സമയത്ത് തീർക്കാൻ പറ്റുന്നില്ല. അപ്പാ, ഞാൻ ഒരു പോംവഴിയും കാണുന്നില്ല, എന്താ വേണ്ടത്? അപ്പൻ തരാതെ ഞാൻ എന്തുചെയ്യും? നിങ്ങൾ മുട്ടുമടക്കി കരഞ്ഞ് ഏങ്ങലടിച്ച് പ്രാർത്ഥിക്കണം: അപ്പാ, ഞാൻ നിന്റെ മകനല്ലേ? ഞാൻ നിന്റെ മകളല്ലേ? എനിക്കൊരു രോഗമുണ്ട്, അത് ഞാൻ പറയാതെ നിനക്കറിയാമല്ലോ? നീ അറിയാതെ ഒന്നും സംഭവിക്കുന്നില്ലല്ലോ. എന്റെ രോഗത്തെക്കുറിച്ച് മെഡിക്കൽ സയൻസ് പറയുന്നു, സൗഖ്യം കിട്ടുക അസാദ്ധ്യമാണെന്ന്. എന്നാൽ അപ്പാ, നിനക്ക് അസാദ്ധ്യമായി ഒന്നുമില്ല എന്നു ഞാൻ വിശ്വസിക്കുന്നു. എന്റെമേൽ

നിന്റെ കരം വയ്ക്കണം. എനിക്കു നീ സൗഖ്യം തരണം. എന്റെ വേദനയൊന്നു ശമിപ്പിച്ചു തരണം. എനിക്കൊരാശ്വാസം തരണം.

അപ്പാ, പരീക്ഷ വരുന്നു. എനിക്കെന്തോ ഒരു അങ്കലാപ്പ്. ഞാൻ നിന്റെ മകനല്ലേ? മകളല്ലേ? എന്റെ ബുദ്ധിയൊന്നു തെളിച്ച് തരണം. പഠിച്ചതെല്ലാം ഓർക്കാൻ എനിക്കൊരു കഴിവുതരണം. വീണ്ടും പറയണം: അപ്പാ, എന്റെ ബിസിനസ്സ് തകർന്നുകൊണ്ടിരിക്കുന്നു. എനിക്കൊരു മുന്നേറ്റം കിട്ടുന്നില്ല. നീ എന്നെ ഒന്നു സഹായിക്കുമോ? എന്റെ ഈ തകർന്ന സ്ഥിതിയിൽ എനിക്ക് നീയൊരു കൈത്താങ്ങൽ തരുമോ? ഒരു പോംവഴി എനിക്കു തരണം. ഇങ്ങനെ നിങ്ങൾ അപ്പന്റെ മകനും മകളുമായിത്തീർന്നിട്ട് നിങ്ങളുടെ ആവശ്യങ്ങൾ ദൈവത്തോട് എണ്ണി എണ്ണി പറയണം.

ആദ്യമേ നടക്കേണ്ടത് അപ്പന്റെ മകളും മകനുമായിത്തീരുക എന്നതാണ്. അപ്പന്റെ മക്കളാണെങ്കിൽ അപ്പന്റെ ഛായ വരും. അപ്പന്റെ സ്വഭാവമുണ്ടാകും. സ്വർഗ്ഗത്തിലെ അപ്പന്റെ സ്വഭാവം വിശുദ്ധിയാണ്, സ്നേഹമാണ്, കാരുണ്യമാണ്, താഴ്മയാണ്, എളിമയാണ്, വിട്ടുവീഴ്ചാമനോഭാവമാണ്, ക്ഷമയാണ്. ഇതെല്ലാം നമുക്കുണ്ടോ?

“അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു.”

ദൈവത്തിന്റെ മോഹനസൃഷ്ടിയായ മനുഷ്യന്റെ വീണ്ടെടുപ്പിനുവേണ്ടിയാണ് ക്രിസ്തു മരിച്ചത്. പിശാചിന്റെ മകനായ മനുഷ്യൻ ദൈവത്തിന്റെ മകനായിത്തീരുന്ന അത്ഭുതപ്രക്രിയയാണ് ക്രിസ്തു ക്രൂശിൽ നിർവ്വഹിച്ചത്. ക്രൂശിലെ സ്നേഹം മനുഷ്യനെ തേടിവന്ന് കണ്ടെത്തുകയാണ്. ക്രൂശിൽ ചൊരിഞ്ഞ തിരുരക്തത്തിന്റെ ശക്തിയാൽ സ്വഭാവത്തിന് മാറ്റം വരികയാണ്. അത് മനുഷ്യന്റെ ബുദ്ധിക്ക് അതീതമാണ്. അതിന് നാം ഓരോരുത്തരും എന്താണ് ചെയ്യേണ്ടത്?

ഞാൻ എന്നെത്തന്നെ ക്രൂശിന്റെ ചുവട്ടിൽ സമർപ്പിക്കുക.

ഹന്ന, ദൈവാലയത്തിൽ ചെന്ന് വളരെ കരഞ്ഞു, ഒരു നേർച്ച നേർന്നു. ഒരു സമർപ്പണം പറഞ്ഞു.

സാക്ഷാലുള്ള നേർച്ച തന്നെത്തന്നെ ക്രിസ്തുവിന് അർപ്പണം ചെയ്യുന്നതാണ്. നേർച്ചപ്പെട്ടിയിൽ വഴിപാടിടുന്ന തല്ല നേർച്ച. എന്റെ സമസ്തവും ക്രിസ്തുവിന് അടിയറ വയ്ക്കുന്നതാണ് സമർപ്പണം. അവളൊരു നേർച്ച നേർന്നു. നേർച്ച നേരുമ്പോൾ അവൾ വളരെ കരഞ്ഞു പ്രാർത്ഥിച്ചു. ഹൃദയം തകർന്നുള്ള പ്രാർത്ഥനയാണ്. എന്റെ ദൈവമേ, ഞാനൊരു നിന്ദാവിഷയമായിപ്പോയല്ലോ. ഒരു കുഞ്ഞിനെ പ്രസവിക്കാനുള്ള ഭാഗ്യം എനിക്കില്ലാതെ പോയല്ലോ.

ഒരു സ്ത്രീയുടെ സൗഭാഗ്യം എനിക്ക് നഷ്ടപ്പെട്ടു പോയല്ലോ. എന്റെ കൂട്ടുകാരി പെനിന്ന എന്നെ അധിക്ഷേപി ക്കുന്നുവല്ലോ. അനേകർക്ക് എന്നെ അധിക്ഷേപിക്കാൻ ഒരു വിഷയം കിട്ടിയിരിക്കുന്നുവല്ലോ. എന്റെ ഈ സ്ഥിതിയൊന്നു മാറ്റിത്തരില്ലേ? ഓരോ കാര്യവും പറയുമ്പോൾ അവൾ ഏങ്ങല ടിച്ചു കരയുകയാണ്.

നിങ്ങൾ ഉള്ളുരുകിക്കരഞ്ഞാൽ ദൈവം കരച്ചിൽ കേൾക്കും. നിങ്ങൾ മനോവ്യസനത്തോടെ പ്രാർത്ഥിച്ചാൽ ദൈവം പ്രാർത്ഥന കേൾക്കും, ഉറപ്പാണ്.

നീയെനിക്ക് ഒരു പുരുഷസന്താനത്തെ തരണം. തന്നാൽ അത് എന്റെയായിരിക്കയില്ല, ദൈവത്തിന്റെയായിരിക്കും. ഞാൻ നിന്റെ നാമത്തിൽ വളർത്തിക്കൊള്ളാം. നിങ്ങൾ ചോദി ച്ചുവാങ്ങിയ ജോലിയും ശമ്പളവും ദൈവത്തിന്റേതായിരി ക്കണം, നിങ്ങളുടേതായിരിക്കരുത്. നിങ്ങളുടെ വരുമാനത്തിന്റെ ദശാംശമെങ്കിലും കൊടുക്കാൻ നിങ്ങൾക്ക് സാധിക്കാറുണ്ടോ? സ്വർഗ്ഗത്തിലെ ദൈവം ആർക്കും കടക്കാരനായിരിക്കുകയില്ല.

പതിനെട്ടാം വയസ്സിൽ എനിക്ക് പത്താം ക്ലാസ്സും, ടി. ടി.സിയുമേ ഉള്ളൂ. വടവുകോട് രാജർഷി സ്കൂളിൽ അദ്ധ്യാപ

കനായി. അന്നത്തെ മാസശമ്പളം 55 രൂപയാണ്. പിന്നീടത് 68 രൂപയായി മാറി. വരുമാനത്തിന്റെ പത്തിലൊന്ന് ദൈവത്തിനെന്ന് ഞാൻ സമർപ്പണം എടുത്തിരുന്നു. അതുകൊണ്ട് 68 രൂപ ശമ്പളം കിട്ടിയപ്പോൾ 7 രൂപ മാറ്റിവെച്ചു. പിന്നീട് പ്രോമോഷൻ കിട്ടിയപ്പോൾ ശമ്പളം കൂടി, ദശാംശവും കൂടി. പിന്നീട് കോളേജ് അദ്ധ്യാപകനായപ്പോൾ പിന്നെയും ശമ്പളം കൂടി, ദശാംശവും കൂടി. പ്രിൻസിപ്പൽ ആയപ്പോൾ പിന്നെയും ശമ്പളവും ദശാംശവും കൂടി.

ദൈവം എനിക്ക് ശമ്പളം കൂട്ടിക്കൂട്ടി തന്നുകൊണ്ടിരുന്നു. ജീവനുള്ള ക്രിസ്തുവിനുവേണ്ടി ജീവിതം വേർതിരിച്ചാൽ അത് നഷ്ടമല്ല, ലാഭമാണ്. നിങ്ങളുടെ സമയം ക്രിസ്തുവിന് കൊടുത്താൽ നഷ്ടമല്ല; ലാഭമാണ്. നിങ്ങളുടെ ജീവിതം കർത്താവിനായി വേർതിരിച്ചാൽ മരണം വഴിമാറിപ്പോകും. ആയുസ്സ് നീട്ടിത്തരും. സമയം നീട്ടിത്തരും. എത്ര മാരകമായ രോഗം വന്നാലും രോഗത്തെ തടുത്ത് നിർത്തിയിട്ട് ഇനിയും ജീവിക്കാൻ നിങ്ങൾക്ക് ആയുസ്സ് തരും. സ്വർഗ്ഗത്തിലെ ദൈവത്തിന്റെ വഴികൾ ആർക്കറിയാം?

സ്നേഹിതരേ, നിങ്ങളെ ആരെങ്കിലും നിന്ദിക്കയോ, തരംതാഴ്ത്തുകയോ, വിലകെടുത്തുകയോ ചെയ്യാറുണ്ടോ? ഒരു പുച്ഛരസത്തോടെ നിങ്ങളെ ആരെങ്കിലും നോക്കാറുണ്ടോ? ആരെങ്കിലും നിങ്ങളെ പരിഹസിക്കാറുണ്ടോ? എല്ലാം കണ്ടുകൊണ്ടിരിക്കുന്ന ഒരു ദൈവമുണ്ട്. നിങ്ങളെ മാനിക്കുന്ന ഒരു ദൈവമുണ്ട്. നിന്ദിക്കുന്നവരുടെ മുമ്പിൽ മാനിക്കുന്ന ഒരു ദൈവം! കടം മാറ്റിത്തരുന്ന ദൈവം!

ലോകം നോക്കുമ്പോൾ നിന്റെ കടം മാറുമെന്ന് ഒരു പ്രതീക്ഷയുമില്ല. കാരണം, അത്ര വലിയ കടമാണ്. ഈ മല എങ്ങനെ മാറിപ്പോകും? ഈ കുന്ന്, ഈ കടം എങ്ങനെ മാറിപ്പോകും? "സൈന്യത്താലല്ല, ശക്തിയാലുമല്ല എന്റെ ആത്മാവിനാലത്രേ എന്ന് സൈന്യങ്ങളുടെ ദൈവമായ യഹോവയുടെ അരുളപ്പാട്. സെരുബ്ബാബേലിന്റെ മുമ്പിലുള്ള മഹാ

പർവ്വതമേ, നീ ആർ? നീ സമഭൂമിയായിത്തീരും.” ഇന്ന് മഹാ പർവ്വതംപോലെ ഉയർന്നു നിൽക്കുന്ന നിന്റെ ജീവിതത്തിലെ കടഭാരങ്ങൾ സമഭൂമിയാകാൻ പോകുന്നു. “സെരുബ്ബാബേ ലിന്റെ മുമ്പിലുള്ള മഹാപർവ്വതമേ, നീ ആർ? നീ സമഭൂമിയാ യിത്തീരും. അതിന് കൃപ കൃപ എന്ന ആർപ്പോടെ ആണിക്കല്ല് കയറ്റും.”

ഹന്ന ദൈവാലയത്തിന്റെ വാതിൽക്കൽ നിന്നുകൊണ്ട് ഉള്ളുരുകി പ്രാർത്ഥിക്കുകയാണ്. വാതിൽക്കൽ ചെന്നപ്പോ ഴേക്കും കരച്ചിൽ പൊട്ടിപ്പോയി. അവൾ വായ അടച്ചുപിടിച്ചു. അപ്പോൾ എന്തോ അപശബ്ദംപോലെ. ഇതെല്ലാം കണ്ടുകൊണ്ട് മഹാപുരോഹിതനായ ഏലി ഇരിപ്പുണ്ടായിരുന്നു. ഏലി അവളെ തെറ്റിദ്ധരിച്ചു.

പാവപ്പെട്ട ഒരു മനുഷ്യന്റെ വേദനയുടെ വീർപ്പുമുട്ടലാണ് ഇതെന്ന് അദ്ദേഹത്തിന് മനസ്സിലായില്ല. ഒരു ഗോഷ്ടിയായിട്ടേ അദ്ദേഹത്തിന് തോന്നിയുള്ളൂ. മദ്യപിച്ച് വരേണ്ട സ്ഥലമല്ല ദേവാലയം. അവൾ ഹൃദയംകൊണ്ട് പ്രാർത്ഥിച്ചതുകൊണ്ട് അധരം അനങ്ങുന്നു; ശബ്ദം കേൾക്കാനില്ല. “നീ എത്രത്തോളം ലഹരിപിടിച്ചിരിക്കുന്നു? നിന്റെ വീഞ്ഞ് ഇറങ്ങട്ടെ” എന്ന് പുരോ ഹിതൻ ഹന്നയോട് പറഞ്ഞു.

> *“അതിന്നു ഹന്ന ഉത്തരം പറഞ്ഞത്: അങ്ങനെയല്ല, യജമാനനേ, ഞാൻ മനോവ്യസനമുള്ളോരു സ്ത്രീ; ഞാൻ വീഞ്ഞോ മദ്യമോ കുടിച്ചിട്ടില്ല, യഹോവയുടെ സന്നിധിയിൽ എന്റെ ഹൃദയം പക രുകയത്രേ ചെയ്തത്. അടിയനെ ഒരു നീചസ്ത്രീ യായി വിചാരിക്കരുതേ; അടിയൻ സങ്കടത്തി ന്റെയും വ്യസനത്തിന്റെയും ആധിക്യം കൊണ്ടാ കുന്നു സംസാരിച്ചത്.”* *1 ശമുവേൽ 1 : 15, 16*

> *“അതിന്ന് ഏലി: സമാധാനത്തോടെ പൊയ്ക്കൊൾക; യിസ്രായേലിന്റെ ദൈവത്തോട് നീ കഴിച്ച അ*

*പേക്ഷ അവൻ നിനക്കു നൽകുമാറാകട്ടെ എന്നു പറഞ്ഞു.” 1 ശമുവേൽ 1 : 17*

വളരെ മനോഹരമായ ഒരാശയമാണ് ഈ വാക്യത്തിൽ കാണുന്നത്. ഓരോ വാക്കിലും സമാധാനം തുടിച്ചു നിൽക്കുന്നു. സമാധാനത്തോടെ പൊയ്ക്കൊൾക എന്നാണ് മഹാപുരോഹിതൻ ഹന്നയോട് പറയുന്നത്.

ഏതു പ്രതിസന്ധിയിലൂടെ കടന്നുപോയാലും സത്യമായ ഒരു സമർപ്പണം നമുക്ക് വരുമെങ്കിൽ ദൈവം നമ്മുടെ അപേക്ഷകൾ സ്വീകരിക്കും. നമ്മിൽ പലരും കൊടുമ്പിരി കൊണ്ട പ്രശ്നങ്ങളിലൂടെയാണ് പോകുന്നത്. താങ്ങാനാകാത്ത ചില വേദനകളും യാതനകളും നമ്മെ അലട്ടിക്കൊണ്ടിരിയ്ക്കുന്നു. നമ്മുടെ ദൈനംദിനജീവിതത്തിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് ഒരു പരിഹാരം നിർദ്ദേശിക്കാൻ ആർക്കും സാദ്ധ്യമല്ല. എന്നാൽ നാം സത്യസമർപ്പണമെടുത്താൽ, നമ്മെത്തന്നെ ക്രിസ്തുവിന്റെ കരങ്ങളിലേക്ക് ഭരമേല്പിക്കാൻ നമുക്ക് കഴിഞ്ഞാൽ, സർവ്വശക്തനായ ദൈവം വാസ്തവമായും നമ്മുടെ പ്രാർത്ഥന കേൾക്കുമെന്നും, യാതനകൾക്ക് മറുപടി തരുമെന്നും നിങ്ങൾക്ക് ധൈര്യമായി വിശ്വസിക്കാം. നമ്മുടെ സമർപ്പണം സ്വീകരിച്ച് നമ്മുടെ ഹൃദയത്തിന്റെ നൊമ്പരം കർത്താവ് ഏറ്റെടുക്കുകയും നമുക്ക് സമാധാനം തരികയും ചെയ്യും.

ഹന്ന കൊടുത്തതുപോലെ നിങ്ങളെത്തന്നെ യേശുവിന് കൊടുക്കുക. ആശയ്ക്ക് വകയുണ്ടായിട്ടല്ല ഹന്ന പുരുഷസന്താനത്തെ തരണം എന്നുതന്നെ പ്രാർത്ഥിച്ചത്. അസാദ്ധ്യങ്ങളെ സാദ്ധ്യമാക്കിത്തരുന്ന ക്രിസ്തു അവിടെ പ്രവർത്തിച്ചു.

അഭിഷിക്തന്റെ വായിൽനിന്നും അവൾക്ക് ഒരു ഉറപ്പു കിട്ടി, അവൾക്ക് സമാധാനം കിട്ടി. അവൾ ഉപവാസം നിർത്തി, ഭക്ഷണം കഴിച്ചു.

“പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി

മാറിപ്പോകയില്ല" എന്ന് നമ്മുടെ കർത്താവ് പറഞ്ഞിട്ടുണ്ട്. നിങ്ങൾക്ക് ഏതെങ്കിലും പ്രശ്നമുണ്ടെങ്കിൽ ഉപവാസമെടുത്ത് പ്രാർത്ഥിക്കണം. ഭക്ഷണം മാത്രം ഉപേക്ഷിച്ചാൽ പോര, നിങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ടത് ഏതെല്ലാമാണോ അതെല്ലാം മാറ്റിവച്ചിട്ട് പ്രാർത്ഥിക്കണം. ഞാൻ രാവിലെ ചായ കുടിക്കുന്ന സമയത്താണ് പേപ്പർ വായിക്കുന്നത്, അത് നിർബ്ബന്ധമാണ്. പക്ഷേ, ഉപവാസമെടുക്കുന്ന ദിവസം, അന്ന് പത്രം വായിക്കില്ല. ഏറ്റവും പ്രിയപ്പെട്ട ചില സന്തോഷങ്ങളും സുഖങ്ങളും മാറ്റിവയ്ക്കുക.

ഹന്ന ഉപവാസമെടുത്ത് പ്രാർത്ഥിച്ചു. ദൈവത്തിനായി നിങ്ങളെത്തന്നെ കൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? പൂർണ്ണമായി ദൈവത്തിനായി ഏല്പിച്ചുകൊടുക്കുക. നിങ്ങളുടെ സമയം ദൈവത്തിനായി ഏൽപ്പിച്ചുകൊടുക്കുക. നിങ്ങളുടെ സമയം ദൈവത്തിനായി കൊടുത്താൽ ദൈവം നിങ്ങൾക്ക് സമയം നീട്ടിത്തരും. അനേകർ പരിഹസിച്ചിട്ടും ഞാൻ കർത്താവിന്റെ വേലചെയ്തുകൊണ്ട് ഓടിനടന്നു. ചിലരെന്നെ കളിയാക്കി, ഒറ്റപ്പെടുത്തി; പക്ഷേ, ഒരു പ്രയാസവുമില്ലാതെ ഞാൻ കർത്താവിന്റെ വേലചെയ്തു. ഒരു വിധത്തിലും എനിക്ക് അപമാനം തോന്നിയില്ല.

വേദപുസ്തകം പിടിച്ചുകൊണ്ട് കോളേജിന്റെ വരാന്തയിലൂടെ ഞാൻ നടക്കുമായിരുന്നു. ഞാൻ പ്രിൻസിപ്പൽ ആയതിനുശേഷം രാവിലെ കോളേജിൽ ചെന്നാൽ ആരുടേയും മുഖത്ത് നോക്കാതെ, ആരോടും മിണ്ടാതെ ആദ്യം വേദപുസ്തകം എടുത്ത് വായിച്ച് പ്രാർത്ഥിച്ച്, കോളേജ് മുഴുവനും, സ്റ്റുഡന്റ്സിനേയും, അദ്ധ്യാപകർ, അനദ്ധ്യാപകർ എല്ലാവരേയും കർത്താവിന്റെ കരങ്ങളിലേക്ക് കൊടുത്ത് പ്രാർത്ഥിച്ചിട്ടേ ഞാൻ ആരോടെങ്കിലും മിണ്ടുകയുള്ളൂ.

കോളേജിൽ പ്രിൻസിപ്പൽ ആയി ചാർജ്ജ് എടുത്ത ആദ്യ ദിവസം തന്നെ കോളേജിൽ Morning Prayer തുടങ്ങി. ഞാനവിടെനിന്ന് പോന്നിട്ട് വർഷങ്ങളായെങ്കിലും ഇന്നും അത് തുട

രുന്നു. പ്രാർത്ഥനയ്ക്ക് ഒരു മണി അടിക്കുമ്പോൾ എല്ലാവരും എഴുന്നേറ്റ് നിൽക്കണം. വരാന്തയിലുള്ളവരും മുറ്റത്തുള്ള വരും അവിടെത്തന്നെ നിൽക്കണം. കാറോടിച്ചോ, ബൈക്കോ ടിച്ചോ വരുന്നവർ അവിടെ നിർത്തിക്കൊള്ളണം.

ഗേറ്റ് കടന്നാൽ പ്രാർത്ഥനയുടെ സമയത്ത് ആരും അന ങ്ങിപ്പോകരുത്. കുട്ടികൾ നല്ലതുപോലെ അനുസരിച്ചു. പ്രശ്ന ക്കാരായ പിള്ളേരുണ്ടായിരുന്നു. പക്ഷേ, അവരും അനുസരിച്ചു. അദ്ധ്യാപകർ പലരും എന്നെ വിഷമിപ്പിച്ചിട്ടുണ്ട്. എങ്കിലും കുട്ടികൾക്ക് എന്നോട് സ്നേഹവും ബഹുമാനവുമായിരുന്നു. പ്രിൻസിപ്പൽ ആയതിനുശേഷം കുട്ടികൾ കളിയാക്കിയിട്ടില്ല.

നിങ്ങൾക്കൊരു ജോലി കിട്ടിയാൽ കർത്താവിന് കൊടു ത്തുകൊള്ളണം. നിങ്ങൾക്കു കിട്ടുന്ന പൈസ, ജോലി, കുടുംബം, മക്കൾ എല്ലാം ദൈവത്തിന് കൊടുത്തുകൊള്ളണം. ദൈവ ത്തിന് കൊടുത്താൽ നഷ്ടമല്ല, ലാഭമാണ്.

ഹന്നാ ഒരു നേർച്ച നേർന്നു: എനിക്ക് ഒരു മകനെ തന്നാൽ അവൻ എന്റെ ആയിരിക്കില്ല; നിന്റേതായിരിക്കും. എന്തൊരു സമർപ്പണം! എനിക്ക് നീ സമാധാനം തന്നാൽ, യേശുവേ, ആ സമാധാനത്തിന് ഉത്തരവാദി നീയാണ്. രാവും പകലുമുള്ള മുഴുവൻ സമയവും എന്റേതല്ല, നിന്റേതായിരിക്കും. ഏല്പിച്ചു കൊടുക്കുവാൻ കഴിയുമോ നിങ്ങൾക്ക്?

നിങ്ങൾക്ക് ഒരുപക്ഷേ തോന്നുമായിരിക്കും, എനിക്ക ങ്ങനെ സാഹചര്യമില്ല, സാറിന് അതിനുള്ള സാഹചര്യമുണ്ടാ യിരിക്കും എന്ന്. അല്ല പ്രിയമുള്ളവരേ, സാഹചര്യമെല്ലാം നമ്മുടെ വരുതിയിലേക്ക് ഓടിവരും; നിങ്ങൾ സാഹചര്യം ഉണ്ടാക്കൂ. കൊടുത്തു നോക്കൂ പ്രിയമുള്ളവരേ. പൈസ കൊടുക്കാനല്ല പറഞ്ഞത്. നിങ്ങളേയും നിങ്ങൾക്കുള്ള സകല തിന്റേയും അധികാരവും അവകാശവും കർത്താവിന് കൈമാ റാനാണ് പറഞ്ഞത്. നിങ്ങളുടെ കടങ്ങൾ, നിങ്ങളുടെ ആകുല ങ്ങൾ, നിങ്ങളുടെ കുടുംബം, ഭാര്യ അല്ലെങ്കിൽ ഭർത്താവ്, മക്കൾ,

അവരുടെ വിവാഹം, ജോലി, എല്ലാം യേശുവിനെ ഏൽപ്പിക്കൂ. വിശ്വസിക്കാൻ കൊള്ളാകുന്നവന്റെ കൈയിലേക്ക് ഏല്പിച്ചു കൊടുത്തുനോക്കൂ.

ഹന്ന വാടിയ മുഖത്തോടെ പ്രാർത്ഥിക്കാൻ വന്നു. മടങ്ങിപ്പോയപ്പോൾ മുഖത്തിന്റെ വാട്ടം മാറി. സഹോദരങ്ങളേ, ഇന്ന് നിങ്ങൾ ചിലർ മനസ്സ് വാടിത്തളർന്നാണ് ഇരിക്കുന്നത്. ഭാവിയിലേക്ക് നോക്കി നെടുവീർപ്പിടുന്നവരുണ്ട്. എന്നാൽ നിങ്ങളുടെ വാട്ടം കർത്താവ് മാറ്റും. നിങ്ങൾക്ക് നിങ്ങളുടെ ഭർത്താവിനെക്കുറിച്ച് എന്തെങ്കിലും വേദനാവിഷയങ്ങളുണ്ടോ? അത് യേശുവിനെ ഏൽപ്പിക്കൂ. മകനേ, നിന്റെ ഭാര്യയെക്കുറിച്ച് നിനക്ക് എന്തെങ്കിലും മനഃപീഡകൾ ഉണ്ടോ? അതും യേശുവിനെ ഏൽപ്പിക്കൂ. മക്കളെക്കുറിച്ചുള്ള ആകുലങ്ങൾ, ബിസിനസ്സിനെക്കുറിച്ച്, തൊഴിലിനെക്കുറിച്ച്, എല്ലാം യേശുവിനെ ഏല്പിക്കൂ. അവളുടെ മുഖം പിന്നെ വാടിയതുമില്ല.

യഹോവ അവളെ ഓർത്തു. അവൾ പ്രാർത്ഥിച്ചതും ഉപവസിച്ചതും ദൈവം ഓർത്തു. അവളുടെ കണ്ണുനീര് ദൈവം ഓർത്തു. യഹോവ ഹന്നയെ ഓർത്തു. എല്ലാ കണ്ണുനീരും തുരുത്തിയിലാക്കി വയ്ക്കുന്ന ദൈവം! ഒരാണ്ട് കഴിഞ്ഞ് ഹന്ന ഗർഭം ധരിച്ച് ഒരു മകനെ പ്രസവിച്ചു. ഹന്ന മച്ചിയായിരുന്നു, ഒരു പ്രതീക്ഷയും ഇല്ലായിരുന്നു. അവളുടെ ഗർഭപാത്രം നിർജ്ജീവമായിരുന്നു. ആശയ്ക്ക് വകയില്ലാതിരുന്നിടത്ത് അവൾ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിച്ചു. “ഞാൻ അവനെ യഹോവയോട് അപേക്ഷിച്ചു വാങ്ങി എന്നു പറഞ്ഞ് അവന് ശമുവേൽ എന്ന് പേര് വിളിച്ചു.”

## ഒൻപത്

*"അവൾ മനോവ്യസനത്തോടെ യഹോവയോടു പ്രാർത്ഥിച്ചു വളരെ കരഞ്ഞു. അവൾ ഒരു നേർച്ചനേർന്നു; സൈന്യങ്ങളുടെ യഹോവേ, അടിയന്റെ സങ്കടം നോക്കി അടിയനെ ഓർക്കയും അടിയനെ മറക്കാതെ ഒരു പുരുഷസന്താനത്തെ നൽകുകയും ചെയ്താൽ അടിയൻ അവനെ അവന്റെ ജീവപര്യന്തം യഹോവയ്ക്കു കൊടുക്കും; അവന്റെ തലയിൽ ക്ഷൗരക്കത്തി തൊടുകയുമില്ല എന്നു പറഞ്ഞു."* *1 ശമൂവേൽ 1 : 10, 11*

ഹന്നാ മക്കളില്ലാതിരുന്നതുമൂലം മനോവ്യസനത്തോടെ കരഞ്ഞു പ്രാർത്ഥിച്ചു. അവൾക്ക് മക്കളുണ്ടാകാൻ സാദ്ധ്യതയില്ല എന്ന കുറവുള്ളതുകൊണ്ട് സ്നേഹമുള്ള അവളുടെ ഭർത്താവ് എൽക്കാനാ അവളെ പ്രത്യേകം കരുതിയിരുന്നു.

ഞാൻ ഈയിടെ ഒരു കഥ വായിച്ചു. ഒരു കൊച്ചുകുട്ടി. അവൻ സ്കൂളിൽ നിന്നും വന്നത് കരഞ്ഞുകൊണ്ടാണ്. അമ്മ ചോദിച്ചു: എന്തിനാ മോനേ നീ കരയുന്നത്? അമ്മേ, കണ്ടോ എന്റെ കാലിൽ ചെളിയിരിക്കുന്നത്? അമ്മ പറഞ്ഞു: മോനേ, ഷൂസ് കീറിപ്പോയി അല്ലേ? പുതിയതു വാങ്ങാൻ പൈസയില്ല. അവൻ പറഞ്ഞു: അമ്മേ, ന്യൂ ഇയർ വരികയല്ലേ? അമ്മ പറഞ്ഞു: മകനെ, നമുക്ക് പ്രാർത്ഥിക്കാം. മോൻ യേശുതമ്പുരാനോട് പ്രാർത്ഥിക്ക്, കർത്താവ് തരും. അവൻ അപ്പോൾത്തന്നെ പോയിരുന്ന് പ്രാർത്ഥിക്കാൻ തുടങ്ങി: കർത്താവേ, എനിക്ക് New year present ആയിട്ട് ഷൂസ് തരണേ.

അമ്മ പറഞ്ഞ് കേട്ടിട്ടുള്ള ഒരു നിർമ്മലവിശ്വാസംകൊണ്ട് അവൻ പ്രാർത്ഥിക്കുകയാണ്. ഇങ്ങനെ പ്രാർത്ഥിച്ച് കുറച്ച് കഴിഞ്ഞപ്പോഴുണ്ട് വാതിൽക്കൽ ആരോ മുട്ടി. അയൽപക്കത്തെ ഒരാൾ ഒരു പൊതി കൊടുത്തിട്ടു പറഞ്ഞു: മോനേ, ഇതൊരു New year present ആണ്. എന്തൊരത്ഭുതം! അതിനകത്ത് ഷൂസാണ്. അവൻ സന്തോഷത്തോടെ അമ്മയോട് പറഞ്ഞു: അമ്മേ, ഞാൻ പ്രാർത്ഥിച്ചതുപോലെ തന്നെ എനിക്ക് ഷൂസ് കിട്ടി. ഞാൻ പ്രാർത്ഥിച്ചപ്പോൾ നീലവരയുള്ള വെളുത്ത ഷൂസ് കിട്ടണമെന്നാണ് പ്രാർത്ഥിച്ചത്. അതുതന്നെയാണ് കിട്ടിയത്. ശരിയാണല്ലോ മോനേ, നല്ല ഷൂസ് ആണല്ലോ. അവൻ ഷൂസ് കാലിലിട്ടു പക്ഷേ, പാകമല്ല. അവൻ പറഞ്ഞു: കർത്താവിന് എന്റെ കാലിന്റെ അളവ് അറിയില്ലേ?

ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്നേ വീണ്ടും കതകിൽ മുട്ടുന്നു. വേറൊരാൾ വേറൊരു പായ്ക്കറ്റുമായി വന്നിരിക്കുന്നു. മോനേ, നിനക്ക് New year present ആണ്. അതും നീലവരയുള്ള വെളുത്ത ഷൂസ്. അതവന് നല്ല പാകം! അവൻ പറഞ്ഞു: അമ്മേ കർത്താവിന് എന്റെ കാലിന്റെ പാകം അറിയാം!

നാം കൃത്യമായി ചോദിക്കുമ്പോൾ കൃത്യമായി മറുപടി തരുന്ന ഒരു ദൈവമുണ്ട്. നിങ്ങൾക്ക് പരീക്ഷിച്ചു നോക്കാവുന്നതാണ്. യേശുക്രിസ്തു സ്നേഹമാണ്. യേശുക്രിസ്തു പ്രാർത്ഥന കേൾക്കുന്നവനാണ്. യേശുക്രിസ്തു സങ്കടം അറിയുന്നവനാണ്.

ഹന്നാ നേർന്നത് ഒരു വലിയ നേർച്ചയാണ്; സമർപ്പണമാണ്. കുഞ്ഞിന്റെമേലുള്ള എന്റെ അവകാശങ്ങൾ, എന്റെ അധികാരങ്ങൾ, എല്ലാം നിത്യനായ യഹോവയ്ക്ക് കൈമാറിയിരിക്കുന്നു. അവനെ ഞാൻ യഹോവയ്ക്ക് കൊടുത്തിരിക്കുന്നു. ഇങ്ങനെ അവൾ പ്രാർത്ഥിച്ചു. ആ പ്രാർത്ഥന സ്വർഗ്ഗത്തിലെ ദൈവം കേട്ടു.

*"അടിയന്നു തൃക്കണ്ണിൽ കൃപ ലഭിക്കുമാറാകട്ടെ*

*എന്നു പറഞ്ഞു സ്ത്രീ തന്റെ വഴിക്കു പോയി ഭക്ഷണം കഴിച്ചു; അവളുടെ മുഖം പിന്നെ വാടിയ തുമില്ല.”* *1 ശമൂവേൽ 1 : 18*

ഇപ്രകാരം പ്രാർത്ഥന കഴിച്ചുപോയതിന്ശേഷം അവളുടെ മുഖം പിന്നെ വാടിയതുമില്ല. കുഞ്ഞിനെ കിട്ടി എന്നതുപോലത്തെ ഒരു പ്രസന്നത. എന്റെ പ്രാർത്ഥന ദൈവം കേട്ടു എന്നും എന്റെ പ്രാർത്ഥനയ്ക്ക് ദൈവം മറുപടി തന്നു എന്നും കുഞ്ഞിനെ കിട്ടുന്നതിനുമുമ്പ് തന്നെ അവൾക്ക് ഉറപ്പ് കിട്ടി. അതോടെ മുഖത്തിന്റെ മ്ലാനത മാറി. ഹൃദയത്തിന്റെ വിഷാദ ഭാവം പോയി.

പ്രിയപ്പെട്ടവരേ, നാം ഉള്ളഴിഞ്ഞ് പ്രാർത്ഥിക്കുമ്പോൾ, ഹൃദയം തകർന്ന് നുറുങ്ങിക്കരയുമ്പോൾ സ്വർഗ്ഗത്തിലെ ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുന്നു. നമ്മുടെ മുഖത്തിന്റെയും ഹൃദയത്തിന്റെയും മ്ലാനതയും വാട്ടവും മാറും.

*“അനന്തരം അവർ അതികാലത്ത് എഴുന്നേറ്റു യഹോവയുടെ സന്നിധിയിൽ നമസ്ക്കരിച്ച ശേഷം രാമയിൽ തങ്ങളുടെ വീട്ടിലേക്ക് പോയി. എന്നാൽ എല്ക്കാനാ തന്റെ ഭാര്യയായ ഹന്നായെ പരിഗ്രഹിച്ചു; യഹോവ അവളെ ഓർത്തു.”*

*1 ശമൂവേൽ 1 : 19*

എന്നെ ഒന്ന് ഓർക്കണമേ എന്നാണ് അവൾ പ്രാർത്ഥിച്ചത്. യഹോവ അവളെ ഓർത്തു. ദൈവം ഓർത്തുവയ്ക്കുന്നവനാണ്. നാം ഒരു പ്രാർത്ഥന കഴിച്ചാൽ ദൈവം അത് കുറിച്ചുവയ്ക്കുന്നു. നാം ഒന്നു വിതുമ്പിയാൽ, നാം ഒന്നു കരഞ്ഞാൽ ആ കരച്ചിൽ ദൈവസന്നിധിയിൽ എത്തുന്നുണ്ട്. ഒരു പക്ഷേ നാം ദൈവത്തോട് പറയുന്ന വാക്കുകൾ മറന്നിട്ടുണ്ടാകും. തീരുമാനങ്ങൾ മറന്നുപോയിട്ടുണ്ട്. എന്നാൽ ജീവനുള്ള ദൈവം ഓർമ്മവയ്ക്കുന്നവനാണ്. സങ്കീർത്തനത്തിൽ പറയുന്നു ദൈവം നമ്മെ ഓർത്തിരിക്കുന്നു എന്ന്.

നമ്മുടെ കണ്ണുനീർ ദൈവം തുരുത്തിയിലാക്കി വയ്ക്കുന്നു.

*"ഒരു ആണ്ടു കഴിഞ്ഞിട്ട് ഹന്നാ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിച്ചു; ഞാൻ അവനെ യഹോവ യോട് അപേക്ഷിച്ചുവാങ്ങി എന്നു പറഞ്ഞ് അവന്നു ശമൂവേൽ എന്നു പേരിട്ടു."*

*1 ശമൂവേൽ 1 : 20*

എന്തൊരത്ഭുതം! അവൾ ഒരു പുരുഷസന്താനത്തെ ചോദിച്ചു. അങ്ങനെതന്നെ കിട്ടി. Specific ആയുള്ള പ്രാർത്ഥന! Specific reply! കൃത്യമായും നിങ്ങൾക്ക് ചോദിക്കാം, അപേക്ഷിക്കാം.

ഞാനിങ്ങനെ പല കാര്യങ്ങളും കൃത്യമായി കർത്താവിനോട് ചോദിച്ചിട്ടുണ്ട്. ചില കാര്യങ്ങൾ ചോദിക്കുമ്പോൾ ഞാൻ കർത്താവിനോട് പറഞ്ഞു: കർത്താവേ, എനിക്കിത് ചോദിക്കാൻ യോഗ്യതയില്ല. ചോദിച്ചതിൽ അവിവേകമുണ്ടെങ്കിൽ ക്ഷമിക്കണമെ. കർത്താവ് എന്റ പ്രാർത്ഥന ശ്രദ്ധവെച്ചു കേട്ടിട്ടുണ്ട്. ഞാൻ ചോദിച്ചതിലും നിനച്ചതിലും അത്യന്തം പരമായി ദൈവം ചെയ്തിട്ടുണ്ട്.

ഈ കടമൊന്നു മാറ്റിത്തരണമെ എന്നു നിങ്ങളൊന്നു പ്രാർത്ഥിക്കൂ. കർത്താവ് കടം മാറ്റിത്തരിക മാത്രമല്ല മറ്റുള്ളവർക്ക് കൊടുക്കുന്നവരാക്കി നിങ്ങളെ മാറ്റും. ഞാൻ അവനെ അപേക്ഷിച്ചു വാങ്ങി എന്നു പറഞ്ഞ് അവൾ അവന് ശമൂവേൽ എന്ന് പേരിട്ടു. അസാദ്ധ്യങ്ങളെ സാദ്ധ്യമാക്കുന്ന ദൈവം! ഇന്ന് നിങ്ങൾ ഈ വാക്കുകളെ വായിക്കുമ്പോൾ ചില അസാദ്ധ്യതകളെ ദൈവത്തോട് ചോദിക്കണം.

മെഡിക്കൽ സയൻസ് പരാജയപ്പെട്ടിടത്ത് അവിടത്തെ തൃക്കരം തൊടണമേ എന്ന് നിങ്ങൾ പ്രാർത്ഥിക്കണം. കർത്താവേ, ഡോക്ടേഴ്സ് പറയുന്നു: "days are numbered" എന്ന്. ദൈവമേ, നീ ആയുസ്സ് നീട്ടിത്തരണമേ.

നിങ്ങൾക്ക് അവകാശം പറഞ്ഞ് പ്രാർത്ഥിക്കാം: കർത്താവേ,

ഞാൻ നിന്റെ ദാസനല്ലേ? ഞാൻ നിന്റെ മകനല്ലേ? ഞാനെന്റെ ജീവിതം നിനക്ക് തന്നതല്ലേ? ഞാനെന്റെ ആയുസ്സ് നിന്നെ ഏൽപ്പിച്ചതല്ലേ? എന്റെ ഈ കാര്യത്തിൽ നിന്റെ കരം ഒന്നു നീട്ടണം.

സ്ത്രീകൾ ഗർഭം ധരിക്കുന്നതിന് മുമ്പേ പ്രാർത്ഥിക്കണം: കർത്താവേ, നീ എനിക്കൊരു കുഞ്ഞിനെത്തരുമ്പോൾ അത് സ്വർഗ്ഗത്തിൽ നിന്നെടുത്ത് തരുന്ന ഒരു പൈതലായിരിക്കണമേ. ബുദ്ധിയുള്ള, ആരോഗ്യമുള്ള ഒരു കുഞ്ഞിനെ എന്റെ ഗർഭ ത്തിൽ നീ തരണമേ. ഭർത്താവും ഭാര്യയും ഒരുമിച്ചു മുട്ടുമ ടക്കി പ്രാർത്ഥിക്കണം. കർത്താവിന്റെ കരങ്ങളിൽ പ്രാർത്ഥന സമർപ്പിച്ചിട്ട് നിങ്ങൾ ഒരു കുഞ്ഞിനുവേണ്ടി കാത്തിരിക്കണം.

ഒരു ശിശുവിനെ കിട്ടുന്നത് ഭാഗ്യമാണ്. ഗർഭത്തിൽ വച്ച് ശിശുവിനെ കൊല്ലാനിടവരരുത്. ഒരു കുഞ്ഞിനെക്കിട്ടാൻ എത്രയോപേർ കൊതിക്കുന്നു. നിങ്ങൾ ഗർഭിണിയാകുമ്പോൾ മുതൽ കൈ വയറിൽ വച്ചുകൊണ്ട് പറയണം: കർത്താവേ, നീ എനിക്കുതന്ന ഈ കുഞ്ഞിനായി ഞാൻ നിന്നെ സ്തുതിക്കു ന്നു. ഈ കുഞ്ഞിന് ബുദ്ധികൊടുക്കണമേ, ആരോഗ്യം കൊടു ക്കണമേ. യാതൊരു കേടുമില്ലാതെ ഈ കുഞ്ഞിനെ പ്രസവി ക്കാൻ എനിക്ക് നീ ഭാഗ്യം നൽകണമേ. കർത്താവേ, നിന്നെ അറിയുന്ന ഒരു കുഞ്ഞായി വളരാൻ ഇടയാക്കണമെ.

കർത്താവേ, ഈ കുഞ്ഞിനുമേൽ എല്ലാ നന്മകളും പകര ണമേ. ഈ കുഞ്ഞിൽ നിന്നും എല്ലാ ദുഃസ്വഭാവങ്ങളും മാറ്റിക്ക ളയണമേ. ഞങ്ങളിൽ നിന്നോ ഞങ്ങളുടെ മാതാപിതാക്കളിൽ നിന്നോ പരമ്പരാഗതമായി കടന്നുപോന്ന എല്ലാ ദുഃശീലങ്ങ ളിൽ നിന്നും ഈ കുഞ്ഞിനെ നിന്റെ തിരുരക്തത്താൽ പൊതിഞ്ഞു കാക്കണമേ. ഇങ്ങനെ പ്രാർത്ഥിച്ച് സ്തുതിക്കണം.

ശിശു ജനിച്ചതിന് ശേഷമോ? കുഞ്ഞിനെ മടിയിൽ കിട ത്തിക്കൊണ്ട് രാവിലെയും വൈകുന്നേരവും പ്രാർത്ഥിക്കണം. കുഞ്ഞിന് ഓർമ്മയില്ലാത്ത കാലത്തുതന്നെ വളരെ ശ്രദ്ധയോടെ വളർത്തണം. ആ കുഞ്ഞിന്റെ എല്ലാ ഭാവിയും നിങ്ങളുടെ

കൈകളിലാണ് ഇരിക്കുന്നത്. അല്ലെങ്കിൽ ഈ കുഞ്ഞ് വളർന്നു വന്ന് ദോഷത്തിലേക്ക് പോകുമ്പോൾ നിങ്ങൾ അങ്കലാപ്പിലാകും.

പഠിക്കില്ല, ഉഴപ്പുന്നു; ഒരു റൗഡി ആയിത്തീരുന്നു; സമരം ചെയ്യുന്നു; ഭീകരനായിമാറുന്നു; ഏതെങ്കിലും കുറ്റകൃത്യങ്ങളിൽ പെടുന്നു. നിങ്ങൾ ആ കുഞ്ഞിന് വേണ്ടി എന്തു ചെയ്തു? എന്തു പ്രാർത്ഥിച്ചു? എന്ത് ഉപവാസമെടുത്തു? ഇല്ല. നിങ്ങൾ ആ കുഞ്ഞിന് വേണ്ടി ഒരുങ്ങിയില്ല. നിങ്ങളെത്തന്നെ വിശുദ്ധീകരിച്ചില്ല; നിങ്ങളെത്തന്നെ ദൈവകരങ്ങളിലേക്ക് കൊടുത്തില്ല. ഇപ്പോൾ നിങ്ങൾ വിഷമിച്ചിട്ട് കാര്യമില്ല. ബാല്യത്തിലേ, അല്ല ശിശുവായിരുന്നപ്പോൾത്തന്നെ നിങ്ങൾ നോക്കേണ്ടതായിരുന്നു.

ഗർഭസ്ഥാവസ്ഥയിൽ ഭാര്യയും ഭർത്താവും തമ്മിൽ ഭിന്നത പാടില്ല. വഴക്ക് പാടില്ല. അതെല്ലാം കുഞ്ഞിന്റെ ഭാവിയെ ബാധിക്കും. കുഞ്ഞിന്റെ ആരോഗ്യത്തെ ബാധിക്കും. കുഞ്ഞിന്റെ ആത്മീയതയെയും ബാധിക്കും.

ഹന്നാ യഹോവയോട് ചോദിച്ചു വാങ്ങിയതുപോലെ നിങ്ങളുടെ വിദ്യാഭ്യാസവും ജോലിയും വിവാഹവും വീടും നല്ല ഭർത്താവിനെയും എല്ലാം ദൈവത്തോട് ചോദിച്ചുവാങ്ങണം. കർത്താവേ, നിനക്ക് ഹിതമാകുന്ന ഒരു വിവാഹം എന്റെ മകൾക്ക് കൊടുക്കണമേ. അല്ലാത്തതൊന്നും നടക്കണ്ട കർത്താവേ. അങ്ങനെ ഒരു വിശുദ്ധ തലമുറ ഉളവായി വരട്ടെ. അതാണ് മഹാഭാഗ്യം എന്നു പറയുന്നത്.

> *"പിന്നെ എല്ക്കാനാ എന്ന പുരുഷനും അവന്റെ കുടുംബമൊക്കെയും യഹോവയ്ക്കു വർഷാന്തര യാഗവും നേർച്ചയും കഴിപ്പാൻ പോയി. എന്നാൽ ഹന്നാ കൂടെ പോയില്ല; അവൾ ഭർത്താവിനോട്: ശിശുവിന്റെ മുലകുടി മാറട്ടെ; പിന്നെ അവൻ യഹോവയുടെ സന്നിധിയിൽ ചെന്ന് അവിടെ എന്നും പാർക്കേണ്ടതിന്ന് ഞാൻ അവനെയും കൊണ്ടുപോരാം എന്നു പറഞ്ഞു."*
>
> *1 ശമൂവേൽ 1 : 21, 22*

എന്തൊരു സമർപ്പണം! അടുത്തത് കൊടുക്കാമെന്നല്ല പറഞ്ഞത്. കിട്ടി, അത് കൊടുക്കുമെന്ന്. അത് ദൈവത്തിന് devote ചെയ്തു. നിങ്ങൾ ദൈവത്തിന് നിവേദിതമാകുക! ശപ ഥാർപ്പിതമാകുക! മുഴുവനായും ദൈവത്തിന് കൊടുക്കുക.

എന്നേക്കും ദൈവത്തോടു കൂടെയായിരിക്കണം. നിങ്ങ ളുടെ മക്കളെ ദൈവത്തിന്റെ ഇഷ്ടപ്രകാരം ജീവിക്കുന്ന വിശു ദ്ധരാക്കി മാറ്റണമേ, നിന്റെ ഹിതം നിവർത്തിക്കുന്ന ഒരു ശുദ്ധി മതിയാക്കി എന്റെ മോളെ തീർക്കണമേ എന്നു പ്രാർത്ഥി ക്കണം. സ്നേഹിതരേ, ഇവിടെ കാണുന്നതെല്ലാം മാറിമറി ഞ്ഞുപോകും.

ഈ ഭൂമിയിൽ ജീവിക്കുന്ന സമയത്ത് ക്രിസ്തുവിനുവേണ്ടി നിങ്ങൾക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമോ? മഹാഭാഗ്യം! ആരും കൂടെ പോരുകയില്ല. ആർക്കും സഹായിക്കാൻ കഴിയു കയില്ല. യേശുമാത്രം കൂടെ പോരും. തീരാത്ത സമ്പത്ത് കർത്താവായ യേശുക്രിസ്തു മാത്രമാണ്.

അക്കരെ ദേശത്തേക്ക് നിങ്ങൾ എന്തെങ്കിലും നേടിയോ? ഇവിടെ മക്കളെ നേടി, സമ്പത്ത് നേടി. എന്നാൽ മരണത്തിന്ന പ്പുറത്തേക്ക് നിങ്ങൾ എന്തു നേടി?

കഴിഞ്ഞ ദിവസം ഞാൻ വായിച്ചു. വളരെ ദൈവഭക്ത യായ ഒരു സ്ത്രീ മരിച്ചു. അനേകം മാളികകൾ ഉള്ള സ്വർഗ്ഗ ത്തിൽ അവർ കടന്നുചെന്നു. അവിടവിടെ സുന്ദരമായ വീടു കളും ഉണ്ട്, ചെറിയ ചെറിയ കുടിലുകളും ഉണ്ട്. ഈ സ്ത്രീക്ക് ഒരു കൊച്ചു കുടിലാണ് കിട്ടിയത്. അവൾ മറ്റു വലിയ വീടുക ളിലേക്ക് നോക്കി. ഇതാണോ എനിക്കു വേണ്ടിയുള്ളത്? അതെ എന്ന് മാലാഖമാർ പറഞ്ഞു. അവൾക്ക് തൃപ്തിയായില്ല. അപ്പോൾ ഇതാ കയറിവരുന്നു ഒരു ചെറുപ്പക്കാരൻ.

മാലാഖമാർ അവനെ എതിരേറ്റ് ഒരു വലിയ മണിമാളിക യിലേക്ക് കൊണ്ടുപോയി. അവൾ ചോദിച്ചു. എന്താണിത്? അവന് വേദപുസ്തകമോ ആത്മീയമോ അറിയില്ല. എന്റെ

വീട്ടിലെ വേലക്കാരനാണ്. എന്താണിങ്ങനെ അവന് വലിയ മണിമാളികയും എനിക്ക് കൊച്ചുകുടിലും. ഞാൻ ധാരാളം ദൈവവേല ചെയ്തയാളല്ലേ?

മാലാഖ പറഞ്ഞു: ഇവിടെ ഈ കുടിലുകളും മാളികകളുമെല്ലാം ഉണ്ടാക്കുന്നത് ഭൂമിയിൽ നിന്നും അയച്ചുതരുന്ന സാധനങ്ങൾകൊണ്ടാണ്. അവൻ ഭൂമിയിൽ ജീവിച്ച കാലത്ത് മണിമാളികയ്ക്കുള്ള സാധനങ്ങൾ അയച്ചുതന്നു. എന്നാൽ ഈ ചെറിയ കുടിലിനുള്ളതേ നിങ്ങൾ അയച്ചു തന്നുള്ളൂ. ഇതൊരു ഭാവനയായിരിക്കാം. പക്ഷെ അതിൽ വലിയ സത്യമുണ്ട്. നാം ഈ ഭൂമിയിൽവച്ച് വിലപ്പെട്ടത് അക്കരെദേശത്തേക്ക് അയച്ചു കൊടുക്കണം.

നാം നിത്യതയിലേക്ക് മുതൽക്കൂട്ടായിട്ട് എന്തെങ്കിലും സമ്പാദിച്ചുവോ? യേശുക്രിസ്തുവിനുവേണ്ടി എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അതുമാത്രം നിലനിൽക്കും. ഇവിടെ നാം ഒരു സാധുവിനെ സഹായിച്ചു. അതിന്റെ ഫോട്ടോ എടുത്ത് പത്രത്തിൽ കൊടുത്തു. കർത്താവ് പറയുന്നു, അതിന് പ്രതിഫലം കിട്ടിപ്പോയി എന്ന്. അതുകൊണ്ട് 'നിന്റെ വലംകൈ ചെയ്യുന്നത് ഇടംകൈ അറിയരുത്.' കാരണം, ആളുകൾ ബഹുമാനിക്കും. എന്തു നല്ല മനുഷ്യനെന്നു പറയും. പ്രതിഫലം കിട്ടിപ്പോയി. സ്വർഗ്ഗത്തിൽ പ്രതിഫലം വേണമെങ്കിൽ ഇവിടെ പ്രതിഫലം വേണ്ട എന്നു വയ്ക്കണം.

എല്ക്കാനായോട് ഹന്നാ പറഞ്ഞു: അവന്റെ മുലകുടി മാറിയാൽ ഞാൻ അവനെയും കൊണ്ടു വരാം. പക്ഷേ, അവൻ എന്നും അവിടെ പാർക്കും. അവനെക്കൂടാതെ ഞാൻ തിരിച്ചു പോരും. മുഴുവനായും വിട്ടുകൊടുക്കുന്ന സമർപ്പണം. അതിന് എൽക്കാനാ: നിന്റെ ഇഷ്ടംപോലെയാകട്ടെ എന്നു പറഞ്ഞു. ഇത് ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ഒരു മാതൃകയാണ്.

സ്വത്തുണ്ടായിരിക്കാം, വരുമാനമുണ്ടായിരിക്കാം, നല്ല മക്കളുണ്ടായിരിക്കാം, മണിമാളികയായിരിക്കാം. പക്ഷേ,

നിങ്ങളുടെ കുടുംബത്തിൽ ഐക്യമുണ്ടോ? സ്നേഹമുണ്ടോ? അതാണ് ഏറ്റവും വലിയ സമ്പത്ത്. ഒരു പരാതിയുമില്ലാതെ, ഒരു ചോദ്യവുമില്ലാതെ സമ്പൂർണ്ണമായ സഹകരണം. ദൈവം തരുന്ന ഒരു മഹാഭാഗ്യമാണത്. ഭാര്യയും ഭർത്താവും ഒരു മനസ്സ്.

2 രാജാക്കന്മാർ നാലാമദ്ധ്യായം വായിക്കുമ്പോൾ അവിടെ ഒരു ധനികയായ സ്ത്രീ പറയുന്നത് അവളുടെ ഭർത്താവ് അംഗീകരിക്കുകയാണ്.

> *"ഒരു ദിവസം എലീശാ ശൂനേമിലേക്കു പോയി; അവിടെ ധനികയായോരു സ്ത്രീ ഉണ്ടായിരുന്നു; അവൾ അവനെ ഭക്ഷണത്തിന് വരേണം എന്നു നിർബ്ബന്ധിച്ചു. പിന്നത്തേതിൽ അവൻ ആ വഴി പോകുമ്പോഴൊക്കെയും ഭക്ഷണത്തിന്ന് അവിടെ കയറും. അവൾ തന്റെ ഭർത്താവിനോട്: നമ്മുടെ വഴിയായി കൂടെക്കൂടെ കടന്നുപോകുന്ന ഈയാൾ വിശുദ്ധനായോരു ദൈവപുരുഷൻ എന്നു ഞാൻ കാണുന്നു. നാം ചുവരോടുകൂടിയ ചെറിയോരു മാളികമുറി പണിതുണ്ടാക്കുക; അതിൽ അവന്നു ഒരു കട്ടിലും ഒരു മേശയും ഒരു നാല്ക്കാലിയും ഒരു നിലവിളക്കും വയ്ക്കുക; അവൻ നമ്മുടെ അടുക്കൽ വരുമ്പോൾ അവന്ന് അവിടെ കയറി പാർക്കാമല്ലോ എന്നു പറഞ്ഞു. പിന്നെ ഒരു ദിവസം അവൻ അവിടെ വരുവാൻ ഇടയായി; അവൻ ആ മാളിക മുറിയിൽ കയറി അവിടെ കിടന്നുറങ്ങി." 2 രാജാക്കന്മാർ 4 : 8 – 11*

ഭാര്യ പറഞ്ഞത് ഭർത്താവ് കേൾക്കുന്നു! എന്തൊരു ഐക്യമാണ് ആ കുടുംബത്തിന്! അതുപോലെ ഹന്നായുടെ കുടുംബവും സ്നേഹവും ഐക്യവുമുള്ളതായിരുന്നു.

> *"അവളുടെ ഭർത്താവായ എല്ക്കാനാ അവളോട്: നിന്റെ ഇഷ്ടം പോലെയാകട്ടെ; അവന്റെ മുലകുടി മാറുംവരെ താമസിക്ക; യഹോവ തന്റെ വചനം*

*നിവർത്തിക്കുമാറാകട്ടെ എന്നുപറഞ്ഞു.”*

*1 ശമൂവേൽ 1 : 23*

എല്ക്കാനായും ഹന്നായും ചരിത്രത്തിൽ ശ്രദ്ധേയരാകുകയാണ്. കാരണമെന്താണ്? അവർ രണ്ടുപേരും അവരുടെ ജീവിതം സമ്പൂർണ്ണമായി കർത്താവിന്നായി സമർപ്പിച്ചു.

ഇന്ന് ഞാൻ നിങ്ങളോട് ചോദിക്കട്ടെ, നിങ്ങൾക്ക് ജീവിതം പൂർണ്ണമായി സമർപ്പിക്കാൻ സാധിക്കുമോ? യേശു നമുക്കുവേണ്ടി തന്നെത്തന്നെ കുരിശിൽ അർപ്പണം ചെയ്തു. തന്റെ തിരുരക്തം കുരിശിന്മേൽ ചൊരിഞ്ഞു. മുപ്പത്തിമൂന്നര വയസ്സിൽ തന്റെ യൗവ്വനത്തിന്റെ തിളപ്പുറ്റ പ്രായത്തിൽ തന്നെത്താൻ കുരിശിൽ അർപ്പിക്കാൻ തിരുമനസ്സായി. പീഡകൾ വന്നിട്ട് അവൻ പിന്മാറിയില്ല. എതിർപ്പുകൾ വന്നിട്ട് അവൻ വാടിയില്ല. പരിഹാസമേറ്റിട്ട് അവൻ ചഞ്ചലപ്പെട്ടില്ല.

എല്ലാവരും ചീത്തവിളിച്ചപ്പോൾ യേശു മൗനമായിരുന്നു. കുന്തംകൊണ്ട് കുത്തിയപ്പോഴും മറുപടി ചോരയും നീരുമായിരുന്നു. ഈ നിസ്തുലനായ ക്രിസ്തുവിനെ ഇന്ന് നിങ്ങൾക്ക് കാണുവാൻ സാധിക്കുമോ? ആണിപ്പാടേറ്റ് തകർന്ന പാദപീഠത്തിലേക്ക് നിങ്ങളുടെ ദേഹവും ദേഹിയും ആത്മാവും സമ്പൂർണ്ണമായി അർപ്പിക്കാൻ സാധിക്കുമോ? മോനേ, മോളേ, നിന്റെ ജീവിതം എനിക്കു തരിക എന്നുപറഞ്ഞ് യേശു നിങ്ങളെ വിളിക്കുന്നു. സമർപ്പിക്കൂ. യേശുവേ, ഈ നിമിഷം മുതൽ ഞാൻ നിന്റെ വക. എന്നെ അനുഗ്രഹിക്കണമേ.

## പത്ത്

ശമൂവേലിന്റെ ഒന്നാമത്തെ പുസ്തകം ഒന്നാം അദ്ധ്യായത്തിലെ വളരെ ശ്രദ്ധേയമായ ഒരു കാര്യം, പ്രാർത്ഥനകേൾക്കുന്ന ദൈവം ജീവിക്കുന്നു എന്നുള്ളതാണ്. ദൈവം മനുഷ്യൻ കഴിക്കുന്ന പ്രാർത്ഥന കേട്ട് ഓർത്തുവയ്ക്കുന്നു. ദൈവം തക്കസമയത്ത് പ്രാർത്ഥനയ്ക്കു മറുപടി തരുന്നു. നിങ്ങൾക്കോരോരുത്തർക്കും ജീവിതത്തിൽ ഇതുപോലെയുള്ള അനുഭവങ്ങൾ ഉണ്ടെന്ന് ഞാൻ കരുതുന്നു. നിങ്ങൾ പ്രാർത്ഥിച്ച ചില വിഷയങ്ങൾ കർത്താവ് കേൾക്കയും പ്രാർത്ഥനയ്ക്ക് മറുപടി തരികയും ചെയ്ത അനുഭവങ്ങൾ നിങ്ങൾക്കുണ്ടെന്ന് ഞാൻ വിചാരിക്കുന്നു. എന്നാൽ എത്രയോ വിഷയങ്ങൾ നാം പ്രാർത്ഥിച്ചിട്ടും മറുപടി കിട്ടാത്തവയുണ്ട്.

നമ്മുടെ പലരുടെയും കുടുംബങ്ങളിൽ സ്നേഹമില്ല, സമാധാനമില്ല, ഒരുമനസ്സില്ല, ഐക്യമില്ല. പല പല പ്രശ്നങ്ങൾ നമ്മെ അലട്ടിക്കൊണ്ടിരിക്കുന്നതുകൊണ്ട് ഹൃദയങ്ങൾ നീറിപ്പുകഞ്ഞുകൊണ്ടിരിക്കുകയാണ്. നാം എത്രയെത്ര പ്രതിസന്ധികളെ അതിജീവിച്ചാണ് ഇവിടംവരെ എത്തിയത്! ദൈവം നമ്മെ എഴുന്നേൽപ്പിക്കയും നേർവഴിയ്ക്കു നടത്തുകയും ചെയ്തു.

നാം ഈ ഭൂമിയിൽനിന്ന് മാറ്റപ്പെട്ടു പോകേണ്ട അവസരങ്ങൾ വന്നില്ലേ? മരണം പടിവാതിൽക്കൽ വന്നു മുട്ടിയില്ലേ? പക്ഷേ, ദൈവം കൃപചെയ്ത് നമ്മുടെ മരണത്തെ മാറ്റിത്തരികയും ആയുസ്സ് നീട്ടിത്തരികയും ചെയ്തു. ഇതെല്ലാം ദൈവികമായ കരുതലുകളാണ്. പരീക്ഷ പാസ്സാകുമെന്ന് കരുതിയ

തല്ല. ദൈവം ഇന്ന് മനോഹരമായ ഒരു ജോലി തന്നു, വരുമാനം തന്നു. ഒരാഢ്യത്വവും അന്തസ്സുമുള്ള ജീവിതം നയിക്കാൻ ഭാഗ്യം തന്നു. പലപ്പോഴും നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ പ്രാർത്ഥിക്കാത്ത വിഷയങ്ങൾപോലും ദൈവം തരികയും താങ്ങുകയും സഹായിക്കുകയും ചെയ്തു.

എങ്കിലും ഇന്നും നമുക്ക് പല പ്രാർത്ഥനാവിഷയങ്ങൾ ബാക്കിയുണ്ട്. ചോദിച്ച പല വിഷയങ്ങളിൽ ഇനിയും മറുപടി കിട്ടേണ്ടിയിരിക്കുന്നു. ഇന്നു നമ്മുടെ ഹൃദയത്തിൽ വിഷാദഭാവമുണ്ട്. വാടിയമുഖത്തോടെ ജീവിക്കുന്നവരാണ് നമ്മളിൽ പലരും. ദുഃഖം ഹൃദയത്തിൽ തളംകെട്ടി നിൽക്കുന്നുണ്ട്. ശരീരത്തിൽ മാരകമായ രോഗം വന്നു; ചികിത്സകൾ ഫലപ്പെടുന്നില്ല. മനസ്സ് ആകുലമാണ്. ജീവിതത്തിൽ ഒരു സ്വസ്ഥത കിട്ടാതെ, മുന്നോട്ട് ഒരു ഗതികിട്ടാതെ, ഒരു കരേറ്റം കിട്ടാതെ അഴലുന്ന എത്രയോ ആളുകളുണ്ട്! അദ്ധ്വാനിക്കുന്നുണ്ട്, കഷ്ടപ്പെടുന്നുണ്ട്, അഹോരാത്രം ജോലി ചെയ്യുന്നുണ്ട്; പക്ഷേ, ഒരു സമാധാനം മാത്രം കിട്ടുന്നില്ല. അങ്ങനെ വലയുന്ന ആളുകൾ!

എന്നാൽ ദൈവത്തിന്റെ വചനം വ്യക്തമായി പറഞ്ഞുതരുന്നു, പ്രാർത്ഥിച്ചാൽ ദൈവം പ്രാർത്ഥന കേൾക്കുമെന്ന്. പിന്നെ എന്തുകൊണ്ടാണ് നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തത്?

ഒരുപക്ഷേ ദൈവത്തിന്റെ സമയത്തിനുവേണ്ടി ദൈവം കാത്തിരിക്കുകയായിരിക്കും. ദൈവത്തിന് ഓരോന്നിനും ഓരോ സമയമുണ്ട്. സഭാപ്രസംഗിയുടെ പുസ്തകത്തിൽ പറയുന്നു: "വിതപ്പാൻ ഒരു കാലം, കൊയ്യുവാൻ ഒരു കാലം, നടുവാൻ ഒരുകാലം, പറിപ്പാൻ ഒരു കാലം." ദൈവം നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടി തരേണ്ടതിന് ഒരുകാലമുണ്ട്, ഒരു സമയമുണ്ട്. ദൈവത്തിന്റെ സമയത്തിനായി നാം ക്ഷമയോടെ കാത്തിരിക്കണം.

എന്നാൽ ചിലപ്പോൾ ദൈവത്തിന്റെ സമയമാകാത്തതു

കൊണ്ടായിരിക്കണമെന്നില്ല. ദൈവത്തിന് എപ്പോഴും തരാൻ മനസ്സാണ്. പക്ഷേ, നമ്മുടെ ജീവിതത്തിലേക്ക് ദൈവം തരാനായി കൈനീട്ടിക്കൊണ്ടുവരുമ്പോൾ ശത്രുവായ പിശാച് വിലക്കുന്നു. കാരണം, നമ്മുടെ ജീവിതത്തിൽ പിശാചിന് അവകാശമുണ്ട്. ഇവൻ അല്ലെങ്കിൽ ഇവൾ ഇന്ന പാപം ജീവിതത്തിൽ നിന്ന് മാറ്റിയിട്ടില്ല. ആ പാപം മാറാത്തതുകൊണ്ട് എനിക്ക് ഇവനിൽ അല്ലെങ്കിൽ ഇവളിൽ അവകാശമുണ്ട്.

അതുകൊണ്ട് ദൈവമേ, നീ ഇവനെ തൊടാൻ ഞാൻ സമ്മതിക്കുകയില്ല. ഇവൻ എന്റെ വകയാണ്. പിശാച് അവകാശംപറഞ്ഞുകൊണ്ട് നിൽക്കുകയാണ്. പിശാച് ദൈവത്തോട് പറയും: ദൈവമേ, നീ നീതിമാനാണല്ലോ. നീ അന്യന്റെ സ്വത്ത് കൈയേറുകയില്ലല്ലോ. ഇവൻ എന്റെ വകയാണ്. കാരണം, ഇവനിൽ ഇന്ന പാപമുണ്ട്. ദൈവം വേദനയോടെ നോക്കി നിൽക്കും. സാത്താൻ പറഞ്ഞത് ശരിയാണ്. അവന്റെ അധികാരപരിധിയിൽ നിൽക്കുകയാണ്. ദൈവം സങ്കടത്തോടെ നിൽക്കും.

അപ്പോഴാണ് ദൈവത്തിന്റെ വചനം തരുന്നത്: മകനേ, നിന്റെ ജീവിതത്തിലെ പാപം നീ തന്നെ സ്വയം മാറ്റുക. നീ നിന്റെ പാപം മാറ്റുമ്പോൾ പിശാചിന്റെ പിടി വിട്ടുമാറും. പാപം മാറിയാൽ പിശാചിനു നിന്നെ തൊടുവാൻ സാദ്ധ്യമല്ല. അങ്ങനെ നിന്നിൽനിന്നും പാപം മാറിയാൽ എനിക്ക് നിന്നെ കയറി പിടിക്കാം. അങ്ങനെ നിന്നെ എന്റെ അവകാശത്തിലേക്കു കൊണ്ടുവരാൻ സാധിക്കും.

> *“രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല; കേൾപ്പാൻ കഴിയാതവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്; നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറയ്ക്കുമാറാക്കിയത്.”*
>
> *യെശയ്യാവ് 59 : 1, 2*

ദൈവത്തിനും നിങ്ങൾക്കും ഇടയിൽ പാപം നിന്നാൽ ദൈവത്തിന് നിങ്ങളെ തൊടാൻ സാധിക്കയില്ല. പിശാചിന് അവകാശമുള്ള തിന്മയിൽ അല്ലെങ്കിൽ അശുദ്ധിയിൽ ദൈവത്തിന് കരം വയ്ക്കാൻ സാധിക്കയില്ല. അതുകൊണ്ട് ദൈവം നിങ്ങളുടെമേൽ കരം നീട്ടുന്നുണ്ടെങ്കിലും ദൈവത്തിന് തൊടാൻ സാധിക്കാത്തതുകൊണ്ട് ദൈവം കരം വലിക്കുന്നു. ദൈവം സർവ്വശക്തനാണ്, സർവ്വവല്ലഭനാണ്. അവന് അസാദ്ധ്യമായ ഒരു കാര്യവുമില്ല.

നമ്മുടെ പ്രാർത്ഥനയ്ക്കു മറുപടി തരാൻ ദൈവത്തിനു സമയമായില്ലായിരിക്കാം. ദൈവത്തിന് ഒരു സമയമുണ്ട്. എന്നാൽ ദൈവത്തിന്റെ സമയമായിട്ടും കിട്ടുന്നില്ലെങ്കിൽ നമ്മുടെ ജീവിതത്തിൽ പാപം ഉണ്ടായിരിക്കാം.

> *"എല്ലാറ്റിനും ഒരു സമയമുണ്ട്; ആകാശത്തിൻ കീഴുള്ള സകല കാര്യത്തിന്നും ഒരു കാലം ഉണ്ട്. ജനിപ്പാൻ ഒരു കാലം, മരിപ്പാൻ ഒരു കാലം; നടുവാൻ ഒരു കാലം, നട്ടതു പറിപ്പാൻ ഒരു കാലം; കൊല്ലുവാൻ ഒരു കാലം, സൗഖ്യമാക്കുവാൻ ഒരു കാലം; ഇടിച്ചുകളവാൻ ഒരു കാലം, പണിവാൻ ഒരു കാലം; കരവാൻ ഒരു കാലം, ചിരിപ്പാൻ ഒരു കാലം; വിലപിപ്പാൻ ഒരു കാലം, നൃത്തംചെയ്‌വാൻ ഒരു കാലം; കല്ലു പെറുക്കിക്കളവാൻ ഒരു കാലം, കല്ലു പെറുക്കിക്കൂട്ടുവാൻ ഒരു കാലം; ആലിംഗനം ചെയ്‌വാൻ ഒരു കാലം, ആലിംഗനം ചെയ്യാതിരിപ്പാൻ ഒരു കാലം; സമ്പാദിപ്പാൻ ഒരു കാലം, നഷ്ടമാവാൻ ഒരു കാലം; സൂക്ഷിച്ചുവെപ്പാൻ ഒരു കാലം, എറിഞ്ഞുകളവാൻ ഒരു കാലം; കീറുവാൻ ഒരു കാലം, തുന്നുവാൻ ഒരു കാലം; മിണ്ടാതിരിപ്പാൻ ഒരു കാലം, സംസാരിപ്പാൻ ഒരു കാലം; സ്നേഹിപ്പാൻ ഒരു കാലം, ദ്വേഷിപ്പാൻ ഒരു കാലം; യുദ്ധത്തിന്ന് ഒരു കാലവും സമാധാന*

*ത്തിന് ഒരു കാലവും ഉണ്ട്.”*

*സഭാപ്രസംഗി 3 : 1 – 8*

സങ്കീർത്തനക്കാരനായ ദാവീദു പറയും:

*“ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നുവെങ്കിൽ കർത്താവു കേൾക്കയില്ലായിരുന്നു.” സങ്കീർത്തനങ്ങൾ 66 : 18*

ഹൃദയത്തിൽ അകൃത്യം ഉണ്ടെങ്കിൽ ദൈവം പ്രാർത്ഥന കേൾക്കയില്ല. നമ്മിൽ പലരും പാപം മാറ്റാതെയാണ് പ്രാർത്ഥിക്കുന്നത്. വളരെ കാര്യമായി പ്രാർത്ഥിക്കും. പക്ഷേ, നമ്മുടെ ബലഹീനത എന്ത് എന്ന് നാം നോക്കാറില്ല. എന്താണ് എനിക്ക് തിരുത്താനുള്ളത് എന്ന് ശ്രദ്ധിക്കാറില്ല. നമ്മളിൽ എന്തെല്ലാം മാറ്റം വരുത്തണം എന്ന് ഗ്രഹിക്കാതെയും അത് നിവർത്തിക്കാതെയും നാം പ്രാർത്ഥിച്ചാൽ ദൈവം പ്രാർത്ഥന കേൾക്കുകയില്ല.

ദൈവത്തിനു സുഗമമായി നമ്മിൽ പ്രവർത്തിക്കാൻ നാം ഇടംകൊടുക്കണം. ദൈവത്തിനു പ്രവർത്തിക്കുന്നതിനു നമ്മെത്തന്നെ നാം തുറന്നുവയ്ക്കണം. നമ്മുടെ ജീവിതത്തിൽ നാം ചിലതെല്ലാം ഇന്നു മറച്ചുവയ്ക്കുന്നുണ്ട്. നാം നമ്മുടെ പാപങ്ങൾ മറച്ചു പിടിക്കുകയാണ്. പാപം വിട്ടുകളയുവാൻ നമുക്കു സമ്മതമല്ല. നമ്മുടെ അകത്തെ മനുഷ്യന് സമ്മതമല്ല. നമ്മുടെ ഉള്ളിന്റെയുള്ളിൽ ചില പ്രത്യേക താത്പര്യങ്ങളുണ്ട്. അത് വിടാൻ ഇഷ്ടമല്ല.

ഹൃദയത്തിൽ ഒരുപക്ഷേ പ്രകടമായ പാപം ആയിരിക്കണമെന്നില്ല, ചില പ്രത്യേക വിഷയങ്ങളിലുള്ള നമ്മുടെ ആസക്തി ആയിരിക്കാം. അത് മദ്യപാനമാകണമെന്നില്ല, വൃത്തികെട്ട ജീവിതം ആകണമെന്നില്ല, കഞ്ചാവോ, മയക്കുമരുന്നോ ആകണമെന്നില്ല. മ്ലേച്ഛചിത്രങ്ങൾ ആകണമെന്നില്ല, അശുദ്ധവികാരങ്ങൾ ഉദ്യമിപ്പിക്കുന്ന ഏതെങ്കിലും മലിനരംഗങ്ങൾ ആകണമെന്നില്ല, ഇന്റർനെറ്റിലെ ഏതെങ്കിലും അഴു

ക്കായ പടങ്ങൾ അഥവാ ബ്ലൂഫിലിംസ് ആകണമെന്നില്ല. ഇവയെല്ലാം പ്രകടമായ പാപങ്ങൾ തന്നെയാണ്.

എന്നാൽ നമുക്ക് ചില പ്രത്യേക താത്പര്യങ്ങളുണ്ട്. ചിലതിനോടെല്ലാം നമുക്ക് ഒരു ചായ്‌വുണ്ട്. ഏതെങ്കിലും ചില പ്രത്യേക കാര്യങ്ങളിൽ നമുക്ക് ചില കടുംപിടുത്തങ്ങൾ അല്ലെങ്കിൽ നിർബ്ബന്ധബുദ്ധികളുണ്ട്. ഇതെല്ലാം നാം വിട്ടേ പറ്റുകയുള്ളൂ. നാം ഓരോരുത്തരും ക്രിസ്തുവിന്റെ സ്വഭാവമുള്ളവരായി നില്ക്കണം. അതാണ് കർത്താവാഗ്രഹിയ്ക്കുന്നത്.

യേശുവിന്റെ സ്വഭാവം എന്നു പറയുന്നത് യേശുവിന്റെ സ്നേഹമാണ്, വിട്ടുവീഴ്ചാമനോഭാവമാണ്, ലാളിത്യവും എളിമയുമാണ്, ക്ഷമാശീലമാണ്, താഴ്മയാണ്, മറ്റുള്ളവരുടെ ആക്ഷേപങ്ങളെ ക്ഷമയോടെ കൈക്കൊള്ളുന്നതാണ്, കഷ്ടതയെ പുഞ്ചിരിയോടെ ഏറ്റുവാങ്ങുന്നതാണ്. ഇത് എനിക്ക് സാദ്ധ്യമല്ല എന്നു പറഞ്ഞ് നാം പെട്ടെന്ന് നിരസിച്ചുകളയുകയാണ് പതിവ്. അല്ല, എനിക്കിത് സാധിച്ചേ പറ്റൂ അല്ലെങ്കിൽ യേശു വസിക്കുന്നിടത്ത് എന്റെ ആത്മാവ് എത്തുകയില്ല എന്നു മനസ്സിലാക്കണം.

യേശു വസിക്കുന്ന സ്വർഗ്ഗരാജ്യം ദൈവികമായ തേജസ്സ് നിറഞ്ഞതാണ്. സ്വർഗ്ഗത്തിന്റെ അഗ്നിയുള്ള ആ ദൈവരാജ്യത്തിൽ ഞാൻ അഗ്നിയായി തീരാതെ കടന്നു ചെന്നാൽ അവിടെ നിൽക്കാൻ വയ്യാതെ ഞാൻ പുറന്തള്ളപ്പെട്ടു പോകും. ദൈവം എന്നെ തള്ളിക്കളയുന്നതല്ല, അവിടെ ചെന്നു നിൽക്കാൻ വയ്യാത്തവിധത്തിൽ എന്റെ സ്വഭാവം യേശുക്രിസ്തുവിന്റെ ആ സ്വർഗ്ഗീയ മണ്ഡലത്തിന് വിരുദ്ധമായതുകൊണ്ട് ഞാൻ സ്വയം പുറന്തള്ളപ്പെട്ടുപോകുകയാണ്. കാരണം അവിടെ തേജസ്സാണ്, അഗ്നിയാണ്. നൂറായിരംകോടി സൂര്യൻ ഒന്നിച്ചു പ്രകാശിച്ചാൽ എങ്ങനെ ആയിരിക്കും അതുപോലെയുള്ള വെളിച്ചമാണ്.

ഈ പാപിയായ മനുഷ്യന് അവിടെ ചെന്ന് നില്ക്കാൻ

പറ്റുകയില്ല. ഈ മനുഷ്യന് പലതും ഒളിക്കാനുണ്ട്. മറ്റുള്ളവർ കാണരുതാത്ത പല കാര്യങ്ങൾ ഉണ്ട്. മറ്റുള്ളവർ അറിയരുതാത്ത ചിലകാര്യങ്ങൾ ഉണ്ട്. അതെല്ലാം തുറന്നുവരിക എന്നു പറഞ്ഞാൽ എനിക്കവിടെ നിൽക്കാൻ പറ്റുകയില്ല. എല്ലാം അവിടെ തുറന്നു വെളിവായി വരികയാണ്.

വെളിവിന്റെ മണ്ഡലത്തിൽ ഞാൻ ചെല്ലണമെങ്കിൽ ഇന്ന് വെളിച്ചമുള്ളവനായിത്തീരണം. എന്നിൽ അഴുക്ക് ലേശംപോലും ഇല്ലാതാകണം. ഈ മഹാഭാഗ്യം നമുക്ക് ലഭിക്കുന്നത് യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ മാത്രമാണ്. എനിക്ക സാദ്ധ്യമാണ് പക്ഷേ, യേശുവിന് സാദ്ധ്യമാണ്. മനുഷ്യർക്ക് അസാദ്ധ്യം തന്നെ, ദൈവത്തിനോ അല്ലതാനും. ദൈവത്തിന് സകലവും സാദ്ധ്യമല്ലോ എന്ന് ലൂക്കോസിന്റെ സുവിശേഷം ഒന്നാം അദ്ധ്യായത്തിൽ പറയുന്നു.

യേശുവിന്റെ അതേ ഛായ വേണമെന്ന് നിങ്ങൾ ആത്മാർത്ഥമായി ആഗ്രഹിക്കുന്നുവെങ്കിൽ, ആർത്തിപൂണ്ടു നിങ്ങൾ കൊതിയോടെ പ്രാർത്ഥിക്കുമെങ്കിൽ അത് തരാനാണ് യേശുവിനേറ്റവും ഇഷ്ടം. ഒരു മനുഷ്യൻ ഭൂമിയിൽ ഇരുന്നുകൊണ്ട് ആഗ്രഹിക്കേണ്ട ഏറ്റവും നല്ലകാര്യമിതാണ്. അത് തരാൻ യേശുവിന് ഏറ്റവും താത്പര്യമാണ്. യേശു അതിനുവേണ്ടി കാത്തുനിൽക്കുകയാണ്. അതുകൊണ്ടാണ് സങ്കീർത്തനത്തിൽ പറയുന്നത്:

> *"ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാൻ ഉണ്ടോ എന്നു കാണ്മാൻ ദൈവം സ്വർഗ്ഗത്തിൽ നിന്നു മനുഷ്യപുത്രന്മാരെ നോക്കുന്നു." സങ്കീർത്തനം 53 : 2*

ദൈവം നോക്കിക്കൊണ്ടിരിക്കുകയാണ്.

പ്രാർത്ഥനയ്ക്ക് മറുപടി കിട്ടും. നിങ്ങൾ തനിയെ ഇരുന്നു നിങ്ങളുടെ ഹൃദയത്തിന്റെ പേജുകൾ, ജീവിതത്തിന്റെ താളുകൾ മറിച്ച് നോക്കണം. എന്തെല്ലാമുണ്ട് എന്റെ അക്കൗണ്ടിൽ? എന്തെല്ലാം തിരുത്താനുണ്ട്? എന്തെല്ലാം കാര്യങ്ങളാണെനിക്ക്

സാധിച്ചുകിട്ടേണ്ടത്? എനിക്കെന്തെല്ലാമാണാഗ്രഹങ്ങൾ? നിങ്ങളിരുന്നു കണക്കു കൂട്ടണം. ചിലപ്പോൾ ചില അത്യാവശ്യ കാര്യങ്ങൾ നിങ്ങൾക്ക് പൊന്തിവരും. എന്റെ രോഗം മാറണം. എനിക്ക് പരീക്ഷ പാസ്സാകണം. എനിക്കൊരു വിസ ലഭിക്ക ണം. എനിക്കൊരു ജോലി കിട്ടണം. എന്റെ കടം ഒന്നുമാറണം. എനിക്കൊരു വിവാഹം നടക്കണം. എനിക്കൊരോമന ക്കുഞ്ഞിനെ ലഭിക്കണം. എനിക്കൊരു നല്ല വീടുകിട്ടണം. ഇങ്ങനെ നിങ്ങളുടെ ആവശ്യങ്ങൾ നിങ്ങൾ list ചെയ്യുക.

പിന്നെ നിങ്ങൾ കർത്താവിനോട് ചോദിക്കണം. ചോദിച്ചു വരുമ്പോൾ നിങ്ങൾ ഭൗതികമായ കാര്യങ്ങൾ എല്ലാം പറയുമല്ലോ. അതു കഴിയുമ്പോൾ പിന്നെ നിങ്ങൾക്കെന്താണാ വശ്യം? കർത്താവേ, ഈ ഭൂമിയിൽനിന്ന് ഞാൻ മരിച്ചുപോകു ന്നതിനുമുമ്പ് എനിക്കൊരു വിശുദ്ധനാകണം. എനിക്കു നിന്റെ സ്വഭാവവും ഛായയും കിട്ടണം. പ്രിയപ്പെട്ടവരേ, അങ്ങനെ നമ്മൾ പ്രാർത്ഥിക്കുമ്പോൾ കർത്താവിന്റെ ഉള്ളം തെളിയുന്നു.

കർത്താവ് അപ്പോൾ നിങ്ങൾക്കു പറഞ്ഞുതരും: മോനേ, നീ ആഗ്രഹിച്ചതു നല്ലതാണ്. ഈ ഭൂമിയിലെ പല കാര്യങ്ങൾ നീ ചോദിച്ചല്ലോ. എന്നാൽ അതെല്ലാം പറയുന്നതിനുമുമ്പ് നീ ആദ്യം ചോദിക്കേണ്ടത് 'എനിക്കൊരു വിശുദ്ധനാകണം' എന്നാ ണ്. അതു നീ ചോദിച്ചാൽ പിന്നെയുള്ളതെല്ലാം സ്വാഭാവികമായി നിനക്ക് വന്നുകൊള്ളും.

നീ ആഗ്രഹിക്കേണ്ട ഏറ്റവും വലിയകാര്യം നീ ദൈവ ത്തിന്റെ മകനായിത്തീരുക എന്നുള്ളതാണ്. അപ്പനല്ലാതെ പിന്നെ ആരുനോക്കും മക്കളുടെ കാര്യം? നീ മകനായി അല്ലെ ങ്കിൽ മകളായിത്തീരണം. അപ്പോൾ നിന്റെ കാര്യം അപ്പൻ അന്വേഷിക്കും. മോൾക്ക് ഡ്രസ്സ് വേണോ, പഠിത്തം വേണമോ, വിവാഹം വേണമോ, അതെല്ലാം സ്വർഗ്ഗത്തിലെ അപ്പൻ അന്വേ ഷിക്കും. എന്റെ മകനായി, മകളായിത്തീരാൻ എന്താണ് നീ ചെയ്യേണ്ടത്? നിന്റെ ജീവിതത്തിൽ നീ എന്റെ സ്വഭാവം പ്രാപി ക്കണം. എന്റെ മകളായിത്തീർന്നാൽ, എന്റെ മകനായി

ത്തീർന്നാൽ എന്റെ ഛായ കാണും. എന്റെ ഛായ എന്റെ സ്വഭാവമാണ്. യേശുവിന്റെ ഛായ അഥവാ സ്വഭാവം നിങ്ങൾക്കുണ്ടോ?

ക്രിസ്തുവിന്റെ സ്വഭാവം നിങ്ങൾ വാഞ്ഛിച്ചു കഴിയുമ്പോൾ നിങ്ങൾ പ്രാർത്ഥിച്ച ഓരോ ആവശ്യവും യേശു ഏറ്റെടുത്തു എന്നുള്ള ഒരുറപ്പ് നിങ്ങൾക്കു കിട്ടും. പിന്നെ നിങ്ങൾക്കിരുന്ന് സ്തുതിക്കാം. സ്തുതിയിൽക്കൂടി നിങ്ങൾക്കു ദൈവസന്നിധിയിലേക്ക് കയറിപ്പോകാം. എല്ലാ ആവശ്യങ്ങളും ഞാൻ കർത്താവിനെ ഏല്പിച്ചു. എല്ലാം എന്റെ അപ്പനോടു പറഞ്ഞു. എന്റെ അപ്പന്റെ മുമ്പിൽ എന്റെ ഹൃദയം ഞാൻ തുറന്നു. എനിക്ക് മറച്ചുവയ്ക്കാൻ ഒന്നുമില്ല. എനിക്കു തെറ്റുകൾ ഉണ്ടായിരുന്നു, അതെല്ലാം എന്റെ യേശുവിന്റെ തിരുവിലാവിൽ നിന്നൊഴുകിയ തിരുരക്തത്താൽ എനിക്കു കഴുകിത്തന്നു.

എത്രയോപേർ ഈ ലോകത്തിൽ ഇതൊന്നുമറിയാതെ ഉണ്ടും ഉറങ്ങിയും തിന്നും കുടിച്ചും ജീവിക്കുന്നു. എന്താണ് ആത്മീയം എന്നവരറിയുന്നില്ല. ദൈവമുണ്ടോ എന്ന് അവർക്കൊരു വിഷയമല്ല. മരണമുണ്ടോ? സ്വർഗ്ഗവും നരകവും ഉണ്ടോ? അതും ഒരു ചിന്താവിഷയമല്ല. എത്രയോ പേർ ബോധമില്ലാത്തവരെപ്പോലെ ജീവിക്കുന്നു? ഇതെല്ലാം തിരിച്ചറിയാൻ ഒരു സുബോധം നീ എനിക്കു തന്നല്ലോ. കർത്താവേ, നീ എന്നെ സ്നേഹിച്ച ഈ സ്നേഹത്തിനു ഞാൻ എന്തു പകരം തരേണ്ടൂ. അങ്ങനെ ദൈവസന്നിധിയിൽ നാം നമ്മെത്തന്നെ താഴ്ത്തിക്കൊടുക്കുന്നു.

അപ്പോൾ ദൈവത്തിന്റെ കൃപ നമ്മുടെമേൽ മഞ്ഞുതുള്ളിപോലെ, ചാറ്റൽമഴപോലെ പെയ്തുകൊണ്ടിരിക്കും. അപ്പോഴാണ് ആ സ്നേഹത്തിന്റെ മഞ്ഞുതുള്ളിയിൽ നാം സ്തുതി ഉയർത്തുന്നത്. ആ സ്തുതി ഉയർന്നുയർന്ന് നാം ദൈവസന്നിധിയിലേക്ക് കയറിപ്പോകുന്നു. ദൈവസന്നിധിയിൽ ഇരുന്ന് നാം ഹൃദയത്തിൽ മതിതീരാതെ സ്തുതിക്കാൻ

തുടങ്ങുന്നു. അതാണ് ആരാധന. അതാണ് സ്നേഹത്തിന്റേയും വിശുദ്ധിയുടേയും ആരാധന. ഈ ആരാധനയിൽ വരുമ്പോൾ നിങ്ങൾ ആത്മമണ്ഡലത്തിൽ അഥവാ സ്വർഗ്ഗമണ്ഡലത്തിൽ എത്തിക്കഴിഞ്ഞു. ഭൂമിയിലാണ് നിങ്ങളുടെ ശരീരമെങ്കിലും നിങ്ങൾ വേറൊരു ലോകത്തെത്തിക്കഴിഞ്ഞു. ആത്മാവ് സ്വർഗ്ഗത്തിൽ വിശുദ്ധന്മാരുടെ നിരയിൽനിന്ന് ദൈവത്തെ സ്തുതിക്കുകയാണ്.

> *"എൻ മനമേ, യഹോവയെ വാഴ്ത്തുക; എന്റെ സർവ്വാന്തരംഗവുമേ, അവന്റെ വിശുദ്ധനാമത്തെ വാഴ്ത്തുക. എൻമനമേ, യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്. അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു; നിന്റെ സകലരോഗങ്ങളെയും സൗഖ്യമാക്കുന്നു."*
>
> *സങ്കീർത്തനങ്ങൾ 103 : 1 – 3*

എന്തൊരു ഭാഗ്യമാണ് ഇത്! എന്തെല്ലാം തെറ്റുകൾ സംഭവിച്ചെങ്കിലും, എത്ര വൃത്തികെട്ട ജീവിതം നയിച്ചെങ്കിലും, എല്ലാം ക്ഷമിച്ചും മറച്ചും മറന്നും തരുന്നു. എല്ലാം മായ്ച്ച് ഇല്ലായ്മ ചെയ്തുതരുന്നു. ഇതാണ് വിശുദ്ധ ക്രിസ്തീയജീവിതം. ഈ ഭൂമിയിൽ ജീവിക്കുമ്പോൾ നാം നക്ഷത്രംപോലെ തിളങ്ങുന്നതങ്ങനെയാണ്.

മനുഷ്യർ നമ്മെ മാനിക്കില്ല, നമ്മെ പരിഹസിക്കും. അപ്പോൾ സ്വർഗ്ഗത്തിൽ നമുക്ക് ക്രെഡിറ്റ്, സ്വത്ത് കൂട്ടുകയാണ്. ആളുകൾ ഇല്ലാത്തതുപറഞ്ഞ് കളിയാക്കുമ്പോഴും നമ്മൾക്ക് പ്രതിഫലം കൂട്ടുകയാണ്. "മനുഷ്യർ നിങ്ങളെ ദ്വേഷിച്ച് എല്ലാ തിന്മയും കളവായി പറയുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. നിങ്ങളുടെ പ്രതിഫലം സ്വർഗ്ഗത്തിൽ വലുതാകകൊണ്ട് സന്തോഷിച്ചുതുള്ളുവിൻ."

മനുഷ്യർ നിങ്ങളെ ദ്വേഷിച്ച് നിങ്ങളുടെപേർ വിടക്ക് എന്നെണ്ണുന്നു. നിങ്ങളുടെ പേര് അറപ്പോടെ കേൾക്കുന്നു.

നിങ്ങളെ എല്ലാവരും പരിഹസിക്കുകയും, ആക്ഷേപിക്കയും അപമാനിക്കയും ചെയ്യുന്നു. ഇല്ലാത്തകാര്യങ്ങൾ നിങ്ങളെക്കുറിച്ച് പറയുന്നു. അപ്പോൾ നിങ്ങളുടെ പ്രതിഫലം വർദ്ധിക്കുന്നു.

ഹന്നാ ജീവനുള്ള ദൈവത്തോട് പ്രാർത്ഥിച്ചു.

*"യഹോവ അവളെ ഓർത്തു. ഒരു ആണ്ടു കഴിഞ്ഞിട്ടു ഹന്നാ ഗർഭംധരിച്ചു ഒരു മകനെ പ്രസവിച്ചു; ഞാൻ അവനെ യഹോവയോട് അപേക്ഷിച്ചുവാങ്ങി എന്നു പറഞ്ഞ് അവന് ശമൂവേൽ എന്നു പേരിട്ടു." 1 ശമൂവേൽ 1 : 20*

എത്രനാളായി മച്ചി എന്നു പറഞ്ഞവൾ ഇന്ന് ഒരു കുഞ്ഞിനെ പ്രസവിച്ചിരിക്കുന്നു! അവൾക്ക് സന്തോഷം അലതല്ലുകയാണ്. ഈ വാർദ്ധക്യത്തിൽ ഒരു കുഞ്ഞിനെ പ്രസവിച്ചത് എന്തൊരു ഭാഗ്യമാണ്! ഒരിക്കലും പ്രസവിക്കയില്ല എന്ന് എല്ലാവരും വിധിയെഴുതിയതാണ്. ഹന്നായുടെ ഹൃദയം സന്തോഷംകൊണ്ട് തുളുമ്പുകയാണ്. എൽക്കാനയും കുഞ്ഞിനെകണ്ട് ഭാര്യയോട് ചേർന്ന് സന്തോഷത്തിൽ പങ്കുചേരുന്നു. കാരണം, ഹന്നാ എന്നും വാടിയമുഖത്തോടെ ദുഃഖിച്ചും ഭാരപ്പെട്ടും നടന്നവളാണ്. അവൾക്കിപ്പോൾ അപ്രതീക്ഷിതമായി ഒരു മഹാഭാഗ്യം കിട്ടിയിരിക്കുന്നു.

എന്തെല്ലാമാണ് ഹന്നയുടെ മനസ്സിൽക്കൂടി ഇപ്പോൾ പോകുന്നത്? എന്റെ കർത്താവേ, എന്നെ നീ ഓർത്ത് എന്റെ ലജ്ജയും നിന്ദയും നീ മാറ്റിയല്ലോ; എന്റെ കൂട്ടുകാരി പെനിന്ന എന്നെ ആക്ഷേപിച്ചതു കേട്ട് എന്റെ നിന്ദയും ആക്ഷേപവും നീ മാറ്റിയല്ലോ. എന്റെ അപകർഷതാബോധം നീ മാറ്റിയല്ലോ. തരംതാണവളായി നിന്ന എന്നെ നീ ഒപ്പമാക്കിയല്ലോ. എന്നോട് നിനക്ക് കരുണതോന്നിയല്ലോ. എന്തെന്ത് നന്ദിയാണ് അവളുടെ ഹൃദയത്തിൽ ദൈവത്തോട്? എല്ക്കാന ഹന്നയുമായി ആലോചിക്കുകയാണ് കുഞ്ഞിന് പേരിടാൻ. നാം ദൈവത്തോടു ചോദിച്ചത് ഒരു ആൺകുട്ടിയെയാണ്, ആൺകുട്ടിയെ

തന്നെ കർത്താവു തന്നു. ഞാൻ അവനെ യഹോവയോട് അപേക്ഷിച്ചു വാങ്ങിയതാണ്. അതുകൊണ്ട് അവന് ശമൂവേൽ എന്നു പേരിടണം.

സഹോദരങ്ങളേ, ഇതുപോലെ നിങ്ങൾ ദൈവത്തോട് അപേക്ഷിച്ചു വാങ്ങിയെന്നു പറയാൻ തക്കവണ്ണം വ്യക്തമായ ഒരു അനുഭവം തരണമെന്ന് യാചിക്കണം.

പ്രാർത്ഥന കേൾക്കുന്ന ദൈവം! കണ്ണുനീർ കാണുന്ന ദൈവം! പ്രാർത്ഥനയ്ക്ക് ഉത്തരം തരുന്ന ദൈവം! നിങ്ങൾക്ക് എന്തൊക്കെയാണ് ചോദിക്കാനുള്ളത്? ബുദ്ധിയും ഓർമ്മശക്തിയും ചോദിച്ചു വാങ്ങാം. പഠിക്കാനുള്ള കഴിവ് നിങ്ങൾ കർത്താവിനോട് ചോദിച്ചുവാങ്ങണം. ജോലിയിലുള്ള skill അഥവാ മികവ് ചോദിച്ചു വാങ്ങണം. കുടുംബജീവിതത്തിൽ സന്തോഷവും സമാധാനവും ചോദിച്ചു വാങ്ങണം. ഭർത്താവിന്റെ അല്ലെങ്കിൽ ഭാര്യയുടെ ഏതെങ്കിലും പോരായ്മകൾ മാറ്റുന്നതിനായി കർത്താവിനോട് അപേക്ഷിച്ചു വാങ്ങണം.

എല്ക്കാനാ അതിനുശേഷം ഭാര്യയോടു പറഞ്ഞു: എനിക്ക് ദൈവാലയംവരെ ഒന്നു പോകണമല്ലോ. നമുക്ക് പോകാം. ഹന്നാ അതിനു മറുപടിയായി, തനിക്ക് ഇപ്പോൾ പോരാൻ സാധിക്കയില്ല, കുഞ്ഞിനേയുംകൊണ്ട് ഇപ്പോൾ പോകാൻ പറ്റിയ സമയമല്ല, ഈ മോനെ ഞാൻ ദൈവത്തിനു നേർന്നതാണ്, ഇവനെ യഹോവയ്ക്ക് നിവേദിച്ചതാണ്, ദൈവത്തിന് മുഴുവനായി ഇവനെ ഞാൻ സമർപ്പിച്ചതുകൊണ്ട് ഈ മോന്റെ മുലകുടി കഴിഞ്ഞതിനുശേഷം വരാം, അതുവരെ ഞാൻ മോന്റെ കൂടെ നിൽക്കട്ടെ എന്നു പറഞ്ഞു. എല്ക്കാനാ ഇതു സമ്മതിച്ചു.

ഇതാ, ഒരു അനുഗ്രഹിക്കപ്പെട്ട കുടുംബം. ഭാര്യയും ഭർത്താവും ഒന്നാണ്. ഭാര്യ ഒരു നല്ലകാര്യം പറഞ്ഞാൽ ഭർത്താവ് അതംഗീകരിക്കും. തിരിച്ച് ഭർത്താവൊരു കാര്യം പറഞ്ഞാൽ ഭാര്യ അംഗീകരിക്കും. ഒരു ഹൃദയം നിങ്ങൾ

കർത്താവിനോട് ചോദിച്ചു വാങ്ങിക്കണം. ഭാര്യയും ഭർത്താവും തമ്മിലുള്ള സ്നേഹബന്ധം അപേക്ഷിച്ചു വാങ്ങണം. മാതാപിതാക്കളും മക്കളും തമ്മിലുള്ള ഐക്യം ചോദിച്ചു വാങ്ങണം; സഹോദരന്മാർ തമ്മിലുള്ള കൂറിണക്കം ചോദിച്ചുവാങ്ങണം.

നിങ്ങൾ ഏതെങ്കിലും കമ്പനിയിൽ ജോലിയിലായിരിക്കുന്നു എന്നിരിക്കട്ടെ. അവിടെ പല ഗ്രൂപ്പുകൾ. ചിലർ ഒരു നേതാവിന്റെ പിറകെ, മറ്റു ചിലർ വേറൊരു നേതാവിന്റെ കീഴെ. ഒരിക്കലും ദൈവമക്കൾ ഇങ്ങനെ ഗ്രൂപ്പിസത്തിന് ഇടകൊടുക്കരുത്. ദൈവമക്കൾ എപ്പോഴും യേശുക്രിസ്തുവിനെ മുൻനിർത്തി നിൽക്കണം. അവരെപ്പോഴും നിഷ്പക്ഷരായി നിൽക്കണം. ഇന്നനേകം സ്ഥാപനങ്ങളിലും ഈ ഗ്രൂപ്പിസമാണ്.

ഒരു സ്ഥാപനത്തിൽ ആണെങ്കിൽ ഐക്യം ഉണ്ടാകണം. അവിടെ വലിപ്പച്ചെറുപ്പം പാടില്ല. ഞാൻ പ്രിൻസിപ്പലായിരുന്നകാലത്ത്, കോളേജിൽ ചെന്ന് കാർ തുറക്കുമ്പോഴേക്കും അറ്റന്റേഴ്സ് ഓടിവരും. എന്തിനെന്നോ? എന്റെ കൈയിൽനിന്നും ബാഗ് വാങ്ങിക്കൊണ്ടുപോകാൻ. ഞാൻ അവരുടെ കൈയിൽ കൊടുക്കുകയില്ല. അവരെ ഞാൻ എന്നോടൊപ്പംതന്നെ മാനിച്ചു. അവർ അറ്റന്റേഴ്സാണ്, ഞാൻ പ്രിൻസിപ്പലാണ് എന്നൊന്നും ഭാവിച്ചില്ല. നിങ്ങളിൽ വലിപ്പച്ചെറുപ്പം പാടില്ല.

എല്ലാവരേയും നാം ആദരിക്കുക. മറ്റുള്ളവരെ ബഹുമാനിക്കുക. മറ്റുള്ളവരെ ശ്രേഷ്ഠരായി എണ്ണുക. നിങ്ങളുടെ കുടുംബത്തിൽ ഐക്യം വരണം. കുടുംബത്തിലെ ഐക്യത്തിന് എന്തെങ്കിലും തടസ്സമുണ്ടോ? നാം വിനയപ്പെടണം. എന്നിട്ടും ഐക്യം വരുന്നില്ലെങ്കിൽ ദൈവസന്നിധിയിലിരുന്ന് കരഞ്ഞു പ്രാർത്ഥിക്കണം. ഭാര്യയും ഭർത്താവും രണ്ടു പാരമ്പര്യത്തിൽ നിന്നും വരുന്നവരാണല്ലോ.

ഒരു വശത്തെ പർവ്വതത്തിൽനിന്ന് ഒരു നദി ഒഴുകിവരുന്നു. വേറൊരു ഭാഗത്തെ പർവ്വതത്തിൽ നിന്ന് വേറൊരു നദി

ഒഴുകിവരുന്നു. ഈ രണ്ടുനദികളും കൂടിച്ചേർന്ന് ഇപ്പോൾ ഒരു നദിയായി ഒഴുകുകയാണ്. ആദ്യത്തെ പർവ്വതത്തിൽ നിന്നുവരുന്ന നദി അവിടുത്തെ മരച്ചില്ലകളും ഇലകളും ആ ഭാഗത്തെ മണ്ണും അവിടെയുള്ള അഴുക്കുകളും എല്ലാം പേറിക്കൊണ്ടാണ് ഒഴുകിവരുന്നത്. ഇപ്പുറത്ത് ഭാഗത്തുനിന്ന് ഒഴുകിവരുന്ന നദി അവിടെയുള്ള അഴുക്കുകളും പാറക്കല്ലുകളും ആ പ്രദേശത്തെ പ്രത്യേക സാഹചര്യത്തിലുള്ള മണ്ണും അവിടെയുള്ള ഇലകളും മറ്റുമായി ഒഴുകിവരുന്നു. ഇതുരണ്ടും കൂടിച്ചേർന്ന് ഇപ്പോൾ ഒഴുകുകയാണ്. അത് ഒരുമിച്ചു പോകാൻ കുറച്ചു താമസം പിടിക്കും.

ചില പൊരുത്തക്കേടുകൾ ഒക്കെ വരും. വിവാഹജീവിതത്തിന്റെ ആരംഭത്തിൽ ചിലപ്പോൾ അങ്ങനെയുള്ള പൊരുത്തക്കേടുകൾ വരാം. പേടിക്കേണ്ടാ. അപ്പോഴേയ്ക്കും വിവാഹമോചനം എന്നും മറ്റും പറയുകയല്ല വേണ്ടത്. രണ്ടു കൈവഴിയായി ഒഴുകി വന്നത് ഒരു കൈവഴിയായി ഇപ്പോൾ ഒഴുകുകയാണ്. അപ്പോൾ ആദ്യം ചില കാര്യങ്ങളിൽ ചില പ്രയാസങ്ങൾ ഉണ്ടായെന്നു വരും. അത് വഹിക്കാനും സഹിക്കാനും നാം തയ്യാറാകണം. ഇതാണ് ക്രിസ്തീയമനോഭാവം. ഇങ്ങനെ നാം ഒരുമിച്ച് ഒരു മനസ്സായിപ്പോകുക. അങ്ങനെ ഐക്യത്തിൽ പോകുമ്പോൾ വലിയ ഒരു ശാന്തി നിങ്ങളുടെ ഹൃദയത്തിൽ ലഭിക്കും.

കുടുംബത്തിലെ ഐക്യത്തിന് മറ്റെ ആൾ അനുകൂലമായി വരുന്നുണ്ടോ എന്നു നിങ്ങൾ നോക്കണ്ട. എനിക്കെന്ത് ചെയ്യാൻ പറ്റും? കർത്താവിന്റെ സന്നിധിയിൽ ഇരുന്ന് പ്രാർത്ഥിച്ച് നിങ്ങൾ അത് നേടി എടുക്കണം.

> *"പിന്നെ എല്ക്കാനാ എന്ന പുരുഷനും അവന്റെ കുടുംബമൊക്കെയും യഹോവയ്ക്കു വർഷാന്തര യാഗവും നേർച്ചയും കഴിപ്പാൻ പോയി. എന്നാൽ ഹന്നാ കൂടെ പോയില്ല; അവൾ ഭർത്താവിനോട്: ശിശുവിന്റെ മുലകുടി മാറട്ടെ; പിന്നെ അവൻ*

*യഹോവയുടെ സന്നിധിയിൽ ചെന്നു അവിടെ എന്നും പാർക്കേണ്ടതിന്നു ഞാൻ അവനെയും കൊണ്ടുപോരാം എന്നു പറഞ്ഞു. അവളുടെ ഭർത്താവായ എല്ക്കാനാ അവളോട്: നിന്റെ ഇഷ്ടം പോലെയാകട്ടെ; അവന്റെ മുലകുടി മാറുംവരെ താമസിക്ക; യഹോവ തന്റെ വചനം നിവർത്തിക്കുമാറാകട്ടെ എന്നു പറഞ്ഞു. അങ്ങനെ അവൾ വീട്ടിൽ താമസിച്ചു മുലകുടി മാറുംവരെ മകന് മുല കൊടുത്തു."*

*1 ശമൂവേൽ 1 : 21 – 23*

രണ്ടുപേരും യോജിച്ചു. അങ്ങനെയാകട്ടെ എന്നു ഭർത്താവു പറഞ്ഞു. ഐക്യം വന്നു. ആ കുഞ്ഞ് ദൈവ ത്തിന്റെ അത്ഭുതകരമായ കൃപയിൽ വളർന്നു വരികയാണ്. ഐശ്വര്യമുള്ള കുഞ്ഞായി വളർന്നു വരുന്നു. ഈ ശമൂവേൽ ഒരു പ്രവാചകനായി മാറിയതിൽ അത്ഭുതമില്ല.

നിങ്ങളുടെ കുഞ്ഞുങ്ങൾ ലോകത്ത് ഏറ്റവും ശ്രദ്ധേയ രായി മാറണം. അവർ അനുഗൃഹീതരായി തീരണം. നിങ്ങ ളുടെ മക്കൾ നിങ്ങളെക്കാൾ ഉയർന്നു വരണമെന്നാണല്ലോ നിങ്ങൾ ആഗ്രഹിക്കുന്നത്. തീർച്ചയായിട്ടും നല്ല ആഗ്രഹമാണ്. എന്നാൽ എങ്ങനെയാണത് സാധിക്കുന്നത്? അതിനായി ദൈവ ത്തോട് ഇണങ്ങിപ്പോകുക. ദൈവസന്നിധിയിൽ സമർപ്പിച്ചു കൊടുക്കുക. ശമൂവേലിനെ യഹോവയ്ക്കു നിവേദിച്ചു. ദൈവത്തിനായി വേർതിരിച്ചു അഥവാ സമർപ്പിച്ചു.

*"അവർ കാളയെ അറുത്തിട്ടു ബാലനെ ഏലിയുടെ അടുക്കൽ കൊണ്ടുചെന്നു. അവൾ അവനോടു പറഞ്ഞത്: യജമാനനേ; യജമാനനാണ, യഹോവ യോടു പ്രാർത്ഥിച്ചുകൊണ്ട് ഇവിടെ സമീപത്തു നിന്നിരുന്ന സ്ത്രീ ഞാൻ ആകുന്നു. ഈ ബാലന്നാ യിട്ടു ഞാൻ പ്രാർത്ഥിച്ചു; ഞാൻ യഹോവയോടു കഴിച്ച അപേക്ഷ യഹോവ എനിക്കു നല്കിയിരി*

*ക്കുന്നു. അതുകൊണ്ടു ഞാൻ അവനെ യഹോവയ്ക്കു നിവേദിച്ചിരിക്കുന്നു; അവൻ ജീവപര്യന്തം യഹോവയ്ക്കു നിവേദിതനായിരിക്കും. അവർ അവിടെ യഹോവയെ നമസ്ക്കരിച്ചു."*

*1 ശമൂവേൽ 1 : 25 – 28*

വളരെ വ്യക്തമായ ഒരു സമർപ്പണം നാം ഇവിടെ കാണുന്നു. നിങ്ങൾക്കിപ്പോൾ നിങ്ങളുടെ ജീവിതത്തിലേക്കു തിരിഞ്ഞുനോക്കി ഓരോന്നോരോന്ന് കണ്ടുപിടിക്കാം. നിങ്ങളുടെ ജോലി നിങ്ങൾ ദൈവത്തിനു നിവേദിച്ചിട്ടുണ്ടോ? നിങ്ങളുടെ വിദ്യാഭ്യാസം, വരുമാനം എന്നിവ നിങ്ങൾ ദൈവത്തിനായി സമർപ്പിച്ചിട്ടുണ്ടോ? നിങ്ങളുടെ രൂപ, ആ രൂപയുടെ ഒരു സൂക്ഷിപ്പുകാരൻ മാത്രമാണ് നിങ്ങൾ. ഓരോ ആവശ്യം വരുമ്പോഴും നിങ്ങൾ ദൈവത്തോടു ചോദിച്ച് അതിൽ നിന്നെടുക്കുന്നു. പത്തിലൊന്നല്ല, മുഴുവനും ദൈവത്തിന്റേത്. ദശാംശമല്ല മുഴുവൻ ദൈവത്തിന്റേത്.

ഓരോ ചെലവു ചെയ്യാൻ പോകുമ്പോഴും ഇത് ദൈവം പ്രസാദിക്കുമോ എന്നു നോക്കും. ഓരോ വരവും വരുമ്പോൾ കർത്താവ് അനുവദിച്ചാണോ ഇത് വന്നത്? ദൈവം പ്രസാദിച്ചാണോ ഈ രൂപാ എന്റെ കൈയിൽ കിട്ടിയത് എന്നു നിങ്ങൾ ചിന്തിക്കണം. എല്ലാം ദൈവത്തിന്റേത്. അങ്ങനെ വരുമ്പോൾ നിങ്ങൾക്ക് ഉചിതമായി ചെലവിടാൻ നിങ്ങളുടെ കൈയിൽ പൈസ ഉണ്ടായിരിക്കും. ആർക്കെല്ലാം സഹായം ചെയ്യണമോ, അതിനു നിങ്ങളുടെ കൈയിൽ രൂപാ ഉണ്ടായിരിക്കും. നിങ്ങൾക്ക് ഒന്നിനും പഞ്ഞമുണ്ടായിരിക്കയില്ല. ഇതെല്ലാം നിങ്ങൾക്ക് പരീക്ഷിച്ചു നോക്കാവുന്നതാണ്.

സ്വർഗ്ഗത്തിലെ ദൈവം ആർക്കും കടക്കാരനായിരിക്കുകയില്ല. "എളിയവനോടു കൃപ കാട്ടുന്നവൻ യഹോവയ്ക്കു വായ്പ കൊടുക്കുന്നു" എന്ന് വേദപുസ്തകത്തിൽ ഒരുവാക്യമുണ്ട്. കരുണയുള്ള കർത്താവ് എല്ലാം നിറപടിയായി തരും. ഒന്നിനും കുറവു വരുത്തുകയില്ല. ദൈവം ഒന്നിനുമേൽ

ഒന്നായി വർദ്ധിപ്പിച്ചു തന്നുകൊണ്ടിരിക്കും.

നിങ്ങൾ മുഴുവനും ദൈവത്തിനായി വേർതിരിക്കുക. നിങ്ങളുടെ മക്കളെ യഹോവയ്ക്കു കൊടുക്കുക. ക്രിസ്തുവിന്റെ ക്രൂശിൻ ചുവട്ടിലേക്ക് മക്കളെ ഏല്പിച്ചുകൊടുക്കുക. കർത്താവേ, ഞാൻ അനുഭവിച്ചതിൽ കൂടുതൽ ആത്മാവിന്റെ കൃപ എന്റെ മോൻ അനുഭവിക്കണം. എന്റെ മോൾ അനുഭവിക്കണം. കർത്താവേ, എനിക്കു ലഭിച്ചതിൽ കൂടുതൽ ദൈവികസാന്നിദ്ധ്യം എന്റെ കുഞ്ഞിന് കിട്ടണം. നിങ്ങളുടെ പ്രാർത്ഥനാവിഷയം അതായിരിക്കണം.

നമുക്കനേകം പേർക്കും മക്കൾ ഇന്നൊരു വേദനാവിഷയമാണ്. മക്കളുടെ ജീവിതം തകരുന്നല്ലോ എന്നുള്ള സങ്കടമാണ്. അവരുടെ കഴിവുകൾ അസ്തമിച്ചു പോകുന്നല്ലോ എന്ന വേദനയുണ്ട്. പഠിക്കാൻ നല്ല ബുദ്ധിയുള്ള കുഞ്ഞുങ്ങൾ! നല്ല സാമർത്ഥ്യവും സൗന്ദര്യവുമുള്ള കുട്ടികൾ! പക്ഷേ, ഇന്ന് ഒന്നിനും കൊള്ളാത്തവരായിപ്പോയി.

കർത്താവേ, അവരുടെ ജീവിതം മുടിഞ്ഞുകൊണ്ടിരിക്കുന്നല്ലോ. അവർ സുബോധം നഷ്ടപ്പെട്ടവരെപ്പോലെ പോകുന്നല്ലോ. അവർ യൗവ്വനത്തിലേക്കു കാലുകുത്തുന്നതിനു മുൻപുതന്നെ പ്രേമക്കുരുക്കിൽപ്പെട്ടു നശിക്കുന്നല്ലോ. ഇത്രയുംകാലം വളർത്തിയ മാതാപിതാക്കളെ മറന്ന് ഒരു missed call-ൽ കൂടി പരിചയപ്പെട്ട ഒരുവന്റെ കൂടെ ഇറങ്ങിപ്പോകാൻ തയ്യാറാകുന്ന ഭയാനകമായ അവസ്ഥയിലേക്ക് എന്റെ മോളു പോയല്ലോ. എന്റെ ദൈവമേ, എന്റെ മോന് എന്നെ ഒരു വിലയും ഇല്ലാതായിപ്പോയല്ലോ. ഇങ്ങനെ മക്കളെക്കുറിച്ച് വലിയ ആവലാധിയും സങ്കടവുമാണ്.

നിങ്ങൾ നിങ്ങളുടെ മക്കളെ യേശുവിന്റെ കൈയിലേക്ക് ഏല്പിച്ചുകൊടുക്കൂ. നിങ്ങളുടെ മക്കൾ നഷ്ടപ്പെടാൻ യേശു ആഗ്രഹിക്കുന്നില്ല. നിങ്ങളുടെ കുഞ്ഞുങ്ങൾ വഴിതെറ്റിപ്പോകുവാൻ അവൻ ആഗ്രഹിക്കുന്നില്ല. നിങ്ങളുടെ മക്കൾ അനുഗ്ര

ഹിക്കപ്പെട്ടവരായിത്തീരണം. അവരെക്കൊണ്ട് നിങ്ങൾക്കഭി മാനം കൊള്ളാൻ വകയുള്ളവരായിത്തീരണം. അതിന് നിങ്ങൾ മാതൃകയായായിരിക്കണം.

വേണമെങ്കിൽ നിങ്ങൾക്ക് നിങ്ങളുടെ ഓഫീസിൽ നിന്ന് അവിടത്തെ പേന വീട്ടിൽ കൊണ്ടുവരാം. ഓഫീസിൽ ധാരാളം പേനയും കടലാസ്സും മറ്റുമുണ്ട്. നിങ്ങൾക്ക് അതിൽ ചിലതെല്ലാം വേണമെങ്കിൽ വീട്ടിലേക്കു കൊണ്ടുവരാം. വീട്ടിൽ വന്ന് മക്കൾക്കതെല്ലാം കൊടുക്കാം. കൊടുക്കുന്നതുകൊണ്ട് ആരും ചോദിക്കുകയില്ല, ആരും പറയുകയില്ല, ആരും അറിയുകയു മില്ല. എന്നാൽ നീ സൂക്ഷിച്ചുകൊള്ളണം. എല്ലാം കാണുന്ന ഒരു ദൈവമുണ്ട്. സ്കൂളിലെ അല്ലെങ്കിൽ കോളജിലെ സ്വത്ത് നിന്റെ മക്കൾക്കായി നീ കൊടുക്കാൻ പാടില്ല. നിന്റെ ശമ്പള ത്തിൽ നിന്നും കൊടുക്കാം. അതിൽ നിന്നും പേന വാങ്ങിച്ചു കൊടുക്കാം.

നിങ്ങൾ മക്കളോടു വലിയ ഉപദേശം ഉപദേശിക്കും. സത്യ സന്ധരായിരിക്കണം, നിങ്ങൾ വളരെ നീതിയുക്തമായിട്ടേ പെരുമാറാവൂ എന്നെല്ലാം പറയും. മക്കളുടെ ഉള്ളിലവർ ചിരി ക്കുകയാണ്. കാരണം, അപ്പൻ കഴിഞ്ഞദിവസം ഓഫീസിലെ പേന കൊണ്ടുവന്നു തന്നതല്ലേ? അതവർക്കറിയാം. മക്കൾക്ക റിയാം, അപ്പന് നീതിബോധമില്ല എന്ന്. എല്ലാക്കാര്യങ്ങളിലും നിങ്ങൾ മാതൃകയായായിരിക്കണം.

ഹന്നാ പറയുകയാണ്: “ഞാൻ യഹോവയോടു കഴിച്ച അപേക്ഷ യഹോവ എനിക്കു നൽകിയിരിക്കുന്നു. അതുകൊണ്ട് ഞാൻ അവനെ യഹോവയ്ക്കു നിവേദിച്ചിരിക്കുന്നു. അവൻ ജീവപര്യന്തം യഹോവയ്ക്കു നിവേദിതനായിരിക്കും.”

ഇതാണ് യഥാർത്ഥ സമർപ്പണം. മുഴുവനായി ദൈവ ത്തിന് വിട്ടുകൊടുക്കുന്നു. യേശുക്രിസ്തു തന്നെത്തന്നെ നമു ക്കുവേണ്ടി തന്നു; യേശുക്രിസ്തു തന്റെ ദിവ്യജീവൻ നമുക്കുവേണ്ടി കുരിശിൽ അർപ്പണം ചെയ്തു. യേശുക്രിസ്തു

തന്റെ തിരുരക്തം കുരിശിൽ ഒഴുക്കാൻ തയ്യാറായി. തന്റെ തിരുഹൃദയം മുറിഞ്ഞ്, തിരുരക്തം വാർന്നൊലിച്ച് അവൻ കുരിശിൽ കിടന്നു. എല്ലാം നമുക്കുവേണ്ടി തന്നു. നാം അവനെന്തു പകരം കൊടുത്തു?

തന്നെത്തന്നെ നമുക്കുവേണ്ടി കുരിശിൽ അർപ്പണം ചെയ്ത യേശുക്രിസ്തുവിന്റെ ആ സമർപ്പണത്തിന്റെ ബലിവേദിയിൽ നിങ്ങൾക്കിപ്പോൾ നിങ്ങളെത്തന്നെ സമർപ്പിക്കാം. ആ കുരിശിൻചുവട്ടിലേയ്ക്ക് നിങ്ങൾക്കിപ്പോൾ ഓടിയണയാം. ആ കുരിശിൻചുവട്ടിലേക്കു വന്നിട്ട് അവന്റെ ആണിപ്പാടുള്ള പാദത്തിൽ കെട്ടിപ്പിടിച്ചുകൊണ്ട് അവനോടു നിങ്ങൾക്ക് പറയാം: നാഥാ! നിനക്കുസ്തുതി. എനിക്കുവേണ്ടി രക്തം ചൊരിഞ്ഞു ജീവൻ വെടിഞ്ഞവനേ, നിനക്കുസ്തുതി.

എന്റെ പാപം വഹിച്ചവനേ, നിനക്കുസ്തുതി. എന്റെ അശുദ്ധി മാറ്റിയവനേ, നിനക്കുസ്തുതി. നരകശിക്ഷയിൽ നിന്നും എന്നെ ഒഴിവാക്കി എനിക്കു സ്വർഗ്ഗം തന്നവനേ, നിനക്കുസ്തുതി. പിശാചിന്റെ ബന്ധനത്തിൽനിന്നു മോചിപ്പിച്ച് എന്നെ രക്ഷിച്ച അതുല്യസ്നേഹമേ, നിനക്കുസ്തുതി. രാജകീയ സ്നേഹമേ, നിനക്കുസ്തുതി. സ്വർഗ്ഗം തുറന്ന സ്നേഹമേ, നിനക്കുസ്തുതി.

ഈ ഭൂമിയിൽ വന്ന് കേവലം മനുഷ്യനെപ്പോലെ ജീവിച്ച് ഈ ഭൂമിയിൽ പാപം കൂടാതെ ജീവിച്ച് എനിക്കുവേണ്ടി കുറ്റമില്ലാത്ത രക്തം ചിന്തിയ രക്ഷകാ, നിനക്കു സ്തുതി. തിരുരക്തത്താൽ ഇപ്പോൾ എന്നെ കഴുകണമേ. എന്നെ വിശുദ്ധീകരിക്കണമേ. നാഥാ! ഇത്രയുംകാലം പിശാചിന്റെ അടിമപ്പണി ചെയ്തുകൊണ്ടു സുബോധമില്ലാത്തവളെപ്പോലെ ഞാൻ ജീവിച്ചു. ഇത്രയും കാലം യേശുക്രിസ്തുവിന്റെ തിരുരക്തത്തിന്റെ വിലയറിയാത്തവനായി ഞാൻ ജീവിച്ചു.

എന്നാൽ ഇന്ന് ഞാൻ തിരുരക്തത്തിന്റെ അത്ഭുതസ്നേഹത്തിന്റെ മുമ്പാകെ എന്നെത്തന്നെ സമർപ്പിക്കുന്നു. എന്റെ പാപം കഴുകുന്ന നിത്യസ്നേഹമേ, എന്റെ അശുദ്ധി മാറ്റുന്ന

നിത്യസ്നേഹമേ, എന്നെത്തന്നെ സമർപ്പിക്കുന്നു. എനിക്കു പുതിയ പാത കാണിച്ചു തരുന്ന സ്നേഹമേ, നിന്നെ ഞാൻ സ്തുതിക്കുന്നു. നീ രാജാധിരാജാവായി എഴുന്നള്ളിവരുമ്പോൾ നിന്റെ സന്നിധിയിലേക്കു പറന്നുയരാൻ എന്നെയും യോഗ്യനാക്കി തീർക്കണമേ. എന്റെ പാപങ്ങളെല്ലാം മോചിച്ച് എന്നെ നിന്റെ മകനും മകളുമാക്കി തീർക്കണമേ. എന്റെ പേര് ജീവന്റെ പുസ്തകത്തിൽ എഴുതിച്ചേർക്കണമേ. നാഥാ! ഇന്ന് ഞാൻ ഈ ഭൂമിയിൽനിന്നു കടന്നുപോയാൽ എന്റെ ആത്മാവ് നിന്റെ സന്നിധിയിൽ വന്ന് ഉണരുവാൻ തക്കവണ്ണം എന്നെ നീ യോഗ്യനാക്കിത്തീർക്കണമേ.

# പതിനൊന്ന്

*"കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്നു ആകാശം കൊടുംമുഴക്കത്തോടെ ഒഴിഞ്ഞു പോകും; മൂല പദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തു പോകയും ചെയ്യും." 2 പത്രോസ് 3 : 10*

ഒരു ദിവസം നമ്മൾ ഈ കാണുന്നതെല്ലാം നശിക്കും. നാം നിത്യതയിലേയ്ക്ക് മറയുകയും നമ്മുടെ ശരീരം ഇവിടെ പുഴു അരിയ്ക്കുകയും ദണ്ഡനമനുഭവിക്കുകയും ചെയ്യും. പക്ഷേ, നമ്മുടെ ആത്മാവ് അനന്തതയിലേയ്ക്കു പറക്കും.

*"ചൂളപോലെ കത്തുന്ന ഒരു ദിവസം വരും; അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും; വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചുകളയും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു."*

*മാലാഖി 4 : 1*

എന്നാൽ അതിനു മുമ്പുതന്നെ നമ്മിൽ പലരും മരണം വഴിയായി അക്കരയ്ക്ക് കടന്നുപോയി എന്നു വരും. ഇന്ന് നമുക്ക് ആശ്രയിപ്പാനും നമ്മെ സഹായിക്കാനും പലരുണ്ട്. എന്നാൽ എല്ലാവരും ഒരു ദിവസം നമ്മെ സഹായിക്കാനാകാതെ നിസ്സഹായരായി നിൽക്കും. അന്ന് നമ്മുടെ ആത്മാവിനെ ഏറ്റുകൊള്ളുവാൻ, നമ്മുടെ ആത്മാവിനെ നിത്യസന്തോഷതീരത്ത് എത്തിക്കുവാൻ കർത്താവായ യേശു നമ്മോടു

കൂടെയുണ്ടെങ്കിൽ അതാണ് ഒരു മനുഷ്യന് ലഭിക്കാവുന്ന ഏറ്റവും വലിയ ഭാഗ്യം. അതിനു നാം എന്താണ് ചെയ്യേണ്ടത്? ഇന്നു നാം അതിനുവേണ്ടി ഒരുങ്ങണം. നമുക്കിന്ന് എന്തെല്ലാമുണ്ടോ അതെല്ലാം നാം ക്രിസ്തുവിന്റെ പാദപീഠത്തിൽ സമർപ്പിക്കണം.

ഒരു സമ്പൂർണ്ണമായ സമർപ്പണം വരുമ്പോൾ നമ്മുടെ കാര്യങ്ങൾ ക്രിസ്തു ഏറ്റെടുക്കും. ഇന്ന് ശരീരത്തിൽ രോഗങ്ങളുണ്ട്, ക്ഷീണങ്ങളുണ്ട്, പരാധീനതകളുണ്ട്. ഈ ലോകജീവിതം യാതനാഭരിതമാണ്. ഓരോ ദിവസവും ഇരുണ്ടും വെളുത്തും അങ്ങനെ പോകുകയാണ്. നാം നമ്മുടെ ജീവിതാവസാനത്തോട് അടുത്തുകൊണ്ടിരിക്കുന്നു.

ഇന്നു നമ്മൾ ചെയ്യേണ്ടത് ഇന്നു തന്നെ ചെയ്തു തീർത്തിരിക്കണം. 'Nothing be left undone.' ഒന്നും പൂർത്തീകരിക്കാതെ ബാക്കി വച്ചേക്കരുത്. അതുകൊണ്ട് നാം ഇപ്പോൾത്തന്നെ നമ്മേയും നമുക്കുള്ളതിനേയും യേശുക്രിസ്തുവിന്റെ കരങ്ങളിലേക്കു കൊടുക്കണം. അതാണ് സമർപ്പണം.

ടെൻസിങ്ങ് ആണ് എവറസ്റ്റ് കയറാൻ തുടങ്ങിയത്. അദ്ദേഹത്തോടൊപ്പം ഹിലാരിയും എവറസ്റ്റ് കീഴടക്കാൻ ആഗ്രഹിച്ചു. പക്ഷേ, ആദ്യത്തെ പ്രാവശ്യം ഹിലാരി പരാജയപ്പെട്ടു. മുകളിൽ കയറാൻ പറ്റാതെ അദ്ദേഹം തളർന്നു താഴോട്ടു പോന്നു. എന്നാൽ താഴ്വരയിൽ, അദ്ദേഹത്തിന് അത്രയും കയറാൻ പറ്റിയല്ലോ എന്നു കരുതി ഒരു വലിയ സ്വീകരണം കൊടുത്തു. വളരെ ശ്രേഷ്ഠരായ ആളുകൾ അദ്ദേഹത്തെ അനുമോദിക്കാൻ കൂടി വന്നിരുന്നു.

അദ്ദേഹം ആ സ്വീകരണത്തിൽ ഇന്ത്യയുടെ ഒരു മാപ്പെടുത്ത് അതിൽ എവറസ്റ്റ് വരച്ചിരിക്കുന്ന ഭാഗത്തേയ്ക്ക് ചൂണ്ടിക്കൊണ്ടു പറഞ്ഞു: 'എവറസ്റ്റ് ഇവിടെയാണ്. എവറസ്റ്റ് കീഴടക്കാൻ എനിക്കു കഴിഞ്ഞില്ല. എന്നാൽ എനിക്ക് എവറസ്റ്റിനോട് ഒരു വാക്ക് പറയാനുണ്ട്. ഈ ശ്രേഷ്ഠരായ ആളുകൾ കേൾക്കെ

ഞാൻ നിന്നോടു പറയുകയാണ്: ഇന്നു നീ തലയെടുപ്പോടെ നിൽക്കുന്നു. എനിക്ക് നിന്നെ കീഴടക്കാൻ സാധിച്ചില്ല. എന്നാൽ ഒരു ദിവസം ഞാൻ നിന്നെ കീഴടക്കി എന്റെ കൊടി നാട്ടും. കാരണം, എവറസ്റ്റേ, നീ വളരുകയില്ല. നീ നിർജ്ജീവ മായ പർവ്വതമാണ്. ഞാനോ, ഇനിയും വളരും, തളരുകയില്ല.'

വളർത്തുന്ന, തളർച്ച മാറ്റുന്ന ഒരു ദൈവമുണ്ട്. ഇന്നു നമ്മൾ തോൽവിയടഞ്ഞവരായിരിക്കാം. ഇന്ന് നമ്മുടെ കുടും ബജീവിതത്തിൽ, ഭാര്യാഭർത്തൃബന്ധത്തിൽ പരാജയപ്പെട്ടവ രായിരിക്കാം. ആരോഗ്യകാര്യത്തിൽ പരാജയപ്പെട്ടവരായിരിക്കാം. പരാജയത്തിന്റെ ഒരു പരമ്പരയാണ് ഇന്ന് ജീവിതം. എന്നാൽ ഈ പരാജയംനിറഞ്ഞ ജീവിതത്തിൽ ജയക്കൊടി നാട്ടാൻ ഒരു സാദ്ധ്യതയുണ്ട്. കാരണം, യേശു ജീവിക്കുന്നു. ഞാൻ യേശുക്രിസ്തുവിന്റെ കൈകളിലാണ്. ഈ ഉറപ്പ് നമുക്കു വേണം.

യേശു എന്നെ നടത്തും, നയിക്കും, വളർത്തും, ഉയർത്തും, സഹായിക്കും. എന്റെ അടഞ്ഞ വാതിലുകൾ തുറക്കും. ഇന്ന് ഞാൻ നിരാശനായി കരേറ്റമില്ലാതെ വലയുകയാണ്. എന്റെ മനസ്സിൽ ചില പാരവശ്യങ്ങളുണ്ട്. എന്നാൽ ജീവിക്കുന്ന യേശു എനിക്കു ബലം തരും. നഷ്ടങ്ങൾ നികത്തിത്തരും. ഇത് നമ്മുടെ ജീവിതത്തിന്റെ അനുഭവമായി മാറും. നാം നമ്മെത്തന്നെ ക്രിസ്തുവിന്റെ കരങ്ങളിലേയ്ക്കു കൊടുക്കുക. കൊടുത്താൽ അവൻ വാങ്ങും.

ബേത്ത്സയിദയിലെ മലഞ്ചെരുവിൽ അയ്യായിരത്തിലേറെ പുരുഷന്മാർ തന്നെയുണ്ടായിരുന്നു. സ്ത്രീകളും കുട്ടി കളുംകൂടി പതിനായിരത്തിലേറെ ആളുകൾ ഉണ്ടായിരിക്കണം. അവർ മൂന്നു ദിവസമായി ക്രിസ്തുവിന്റെ വചനത്തിന്റെ മധു രിമ ആസ്വദിച്ച്, അനുഭവിച്ച്, അനുഗ്രഹം പ്രാപിച്ചിരിക്കുകയാണ്. വിശപ്പും ദാഹവും അറിയുന്നില്ല. അപ്പോഴാണ് യേശു ജനത്തെ നോക്കി ശിഷ്യന്മാരോട് പറയുന്നത്: "ഈ ജനം മൂന്നു ദിവസ മായി നമ്മോടുകൂടെ പാർക്കുന്നു. അവരെ ഇപ്പോൾ പറഞ്ഞു

വിട്ടാൽ അവർ വഴിയിൽ വച്ചു തളർന്നുപോകും നിങ്ങൾ അവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ." ഫിലിപ്പോസിന്റെ നേരെ പ്രത്യേകം നോക്കിയിട്ടാണ് ഇത് പറയുന്നത്. കാരണം, ഫിലിപ്പോസ് ആ ദേശക്കാരനാണ്. അദ്ദേഹത്തിന് ഉത്തരവാദിത്വം കൂടുതലുണ്ട്.

അപ്പോഴാണ് അവിടെ ഒരു ബാലകൻ, അവന്റെ കൈയിൽ ഒരു പൊതി. അതിൽ അഞ്ചപ്പവും രണ്ട് മീനും ഉണ്ട്. അവൻ വിറയലോടെ ആ പൊതി എടുത്തു. ഇത്രയും ആളുകൾക്ക് ഇത് എന്തുള്ളൂ. എങ്കിലും അതു കൊടുക്കണമെന്ന് അവനുണ്ട്. ഇതുകണ്ട അന്ത്രയോസ് അവന്റെ അടുക്കലേയ്ക്കു ചെന്ന് അവനോട് പറഞ്ഞു: "മോനേ, നീ കൊടുത്തോ, യേശു വാങ്ങും." അവൻ തെല്ലു ഭയത്തോടും വിറയലോടും കൂടി യേശുവിനെ നോക്കി. ഇത്രയാളുകൾക്ക് ഇത് പോരായ്കയാൽ യേശു വാങ്ങുമോ? അവൻ സംശയിച്ചു. ആ ബാലകൻ ആ പൊതി കർത്താവിന്റെ നേർക്ക് നീട്ടി. യേശു അതു വാങ്ങി; അവന് വലിയ സന്തോഷമായി.

കർത്താവ് ആ അഞ്ചപ്പവും രണ്ടു മീനും തന്റെ കൈയിൽ എടുത്ത് വാഴ്ത്തി നുറുക്കി ശിഷ്യന്മാരോട് ജനത്തെ പന്തി പന്തിയായി ഇരുത്തുവാൻ പറഞ്ഞു: യേശുവല്ലേ പറഞ്ഞത്; എന്തെങ്കിലും കിട്ടുമെന്ന് അവർക്ക് വിശ്വാസമുണ്ടായിരുന്നു. ശിഷ്യന്മാർ പന്ത്രണ്ടു കൊട്ടകളിലാക്കി ഈ അപ്പവും മീനും ജനങ്ങൾക്ക് വിളമ്പിക്കൊടുത്തു. എല്ലാവർക്കും തൃപ്തി യായശേഷം യേശു ശിഷ്യന്മാരോട് പറഞ്ഞു: ശേഷിച്ച കഷണം ഒന്നും കളയണ്ട, എല്ലാം ശേഖരിപ്പിൻ. എന്തൊരത്ഭുതം! പന്ത്രണ്ടുപേരുടെ കൊട്ടയിലും നിറയെ കിട്ടി.

യേശുവിനു കൊടുത്തപ്പോൾ യേശു വാങ്ങി; യേശു വാങ്ങിയപ്പോൾ അതു വർദ്ധിച്ചു. ആ ആളുകൾ ഇരുന്നേടത്ത് ഈ മോനും ഇരുന്നു തിന്നു. അവന്റെ വിശപ്പും മാറി. അവന്റെ അപ്പം അവൻ മാത്രം തിന്നാൽ മതി എന്നു വച്ചിരുന്നെങ്കിലോ; ഈ ജനം മുഴുവൻ പട്ടിണിയായിപ്പോയേനെ. അവനുള്ളത്

യേശുവിന് കൊടുത്തപ്പോൾ യേശു അത് വർദ്ധിപ്പിച്ചു. അത് അനേകർക്ക് ഭക്ഷണമായിത്തീർന്നു, കൂടെ അവനും നിറയെ കിട്ടി.

ഇനിയും ഞാൻ എഴുതുന്നത് ഒരു ഭാവനയാണ്, വേദപുസ്തകത്തിൽ അങ്ങനെ പറയുന്നില്ല. അന്നു വൈകുന്നേരമായപ്പോൾ ആ ബാലന്റെ മാതാപിതാക്കൾ തമ്മിൽ സംഭാഷണം നടത്തുകയാണ്. അമ്മ പറയുന്നു: "മൂന്നു ദിവസമായല്ലോ മോൻ പോയിട്ട്, അവനെ കണ്ടില്ലല്ലോ?" അപ്പോൾ അപ്പൻ പറയുന്നു: "പേടിക്കണ്ട, അവൻ അങ്ങ് മലഞ്ചെരുവിൽ യേശുവിന്റെ കൂടെയുണ്ട്. അവന് അവിടെ സൗഖ്യമായിരിക്കും."

അമ്മ അതിനു മറുപടിയായി പറഞ്ഞു: "അതല്ല എന്റെ വിഷമം. ഞാൻ ഒരു നേരത്തെ ആഹാരമേ അവന് കൊടുത്തുവിട്ടിട്ടുള്ളു." "നീ ഒന്നു മിണ്ടാതിരിക്ക്. യേശുവിന്റെ വചനം കേൾക്കാൻ പോയാൽ വിശപ്പില്ല, ദാഹമില്ല. അവൻ ഇങ്ങു വരും." ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുമ്പോഴാണ് ഈ മോൻ വരുന്നത്. അവൻ വളരെ സന്തോഷവും ഉല്ലാസവുമുള്ളവനായിട്ടാണ് വരുന്നത്. അപ്പൻ അവനെ കെട്ടിപ്പിടിച്ചു. അമ്മയും അവന്റെ നിറുകയിൽ ഉമ്മ വച്ചു.

അവൻ പിറകിലേയ്ക്കു നോക്കി. അതാ പന്ത്രണ്ടു ശിഷ്യന്മാർ, പന്ത്രണ്ടു കൊട്ടകളിൽ അപ്പക്കഷണങ്ങളുമായി വരുന്നു. അവർ അത് മാതാപിതാക്കളുടെ മുമ്പിൽ ഇറക്കി വച്ചു. തൊട്ടുപിറകെ യേശുവും വന്നു. യേശു കരം ഉയർത്തി ഈ അപ്പനെയും അമ്മയെയും അനുഗ്രഹിച്ചു. യേശു പറഞ്ഞു: "നിങ്ങളും നിങ്ങളുടെ കുടുംബവും അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. നിങ്ങളുടെ മോൻ അവനുള്ളത് എനിക്കു തന്നു, അതുകൊണ്ട് അയ്യായിരക്കണക്കിനാളുകൾക്കു ഭക്ഷണം കിട്ടി. നിങ്ങളും മോനും ഭവനവും മാത്രമല്ല, ബേത്ത്സയിദ ദേശവും അനുഗ്രഹിക്കപ്പെട്ടു." അവരെല്ലാവരും ചേർന്ന് യേശുവിനെ സ്തുതിക്കുകയാണ്; യേശുവിനെ വാഴ്ത്തുകയാണ്. ഇതാണ് സമർപ്പണം.

നമുക്കുള്ളത് യേശുവിന് കൊടുക്കുക. എത്ര ചെറുതാണെന്ന് നോക്കണ്ട. ചെറുത് വലുതാക്കാൻ യേശുവിനു കഴിയും; അല്പത്തെ അധികമാക്കാൻ യേശുവിനു കഴിയും. നമ്മുടെ നിസ്സാരമായ ആയുസ്സ് യേശുവിനു കൊടുക്കുക, ക്ഷീണിതമായ ശരീരം യേശുവിനു കൊടുക്കുക. ഭാരങ്ങളും ആകുലങ്ങളും ആവലാതികളുമുള്ള ഈ ജീവിതം യേശുവിനു കൊടുക്കുക. യേശുവിനു കൊടുത്താൽ യേശു വാഴ്ത്തി വർദ്ധിപ്പിക്കും. തന്മൂലം ദേശം അനുഗ്രഹിക്കപ്പെടും യേശുവിന്റെ കരങ്ങളിലേയ്ക്കു കൊടുക്കുന്നതാണ് സമർപ്പണം. ഇന്ന് എന്ന ദിവസം ഒരു ദാനമാണ് ഇന്ന് നാം വേണ്ടതുപോലെ ഉപയോഗിക്കുക.

ഞാൻ വളരെ ക്ഷീണിതനും പരവശനും ദു:ഖിതനും നിരാശനും ആയിരുന്നു. അപകർഷതാബോധം എന്നെ വലയം ചെയ്തിരുന്നു. ഞാൻ അനാഥനും അഗതിയുമായിരുന്നു. ഒരു വയസ്സിൽ എന്റെ അപ്പൻ മരിച്ചു. എന്റെ അമ്മയുടെ കണ്ണുനീർ കണ്ടാണ് ഞാൻ വളർന്നത്. എന്റെ പതിനേഴാമത്തെ വയസ്സിൽ ഈ അല്പമായ നിസ്സാരജീവിതം യേശുവിന്റെ ആണിപ്പാടുള്ള കരങ്ങളിലേയ്ക്കു കൊടുക്കുവാൻ ഒരു ഭാഗ്യം ലഭിച്ചു. യേശുവിന്റെ പാവനമായ, കൃപയോലുന്ന കരങ്ങളിലേയ്ക്കു കൊടുത്തതുകൊണ്ട് അവൻ വാഴ്ത്തി, നുറുക്കി വർദ്ധിപ്പിച്ചു. യേശു അനുഗ്രഹിച്ചു. യേശു എല്ലാ കാര്യങ്ങളിലും സന്തോഷവും സമാധാനവും സമൃദ്ധിയും തന്നു.

നിങ്ങൾക്ക് എന്താണ് കൊടുക്കുവാനുള്ളത്? ആ ബാലന്റെ കൈയിലുണ്ടായിരുന്നത് പഴകിയ, അത്ര രുചിയില്ലാത്ത അപ്പമായിരിക്കാം. ദിവസങ്ങൾ കഴിഞ്ഞതുകൊണ്ട് അത് തണുത്തുറഞ്ഞിരിക്കാം. പക്ഷേ, അത് അവൻ യേശുവിനു കൊടുത്തു. നിങ്ങൾക്കും പറയാം: കർത്താവേ, പലതരത്തിൽ പോരായ്മയുള്ള, ക്ഷീണവും വാട്ടവും പറ്റിയതാണെന്റെ ജീവിതം. കണ്ണീരും ദുരിതങ്ങളുമായി അഴലാർന്നതാണെന്റെ ജീവിതം. ഉടയവനേ, നിന്റെ കരങ്ങളിലേയ്ക്ക് എന്റെ ഈ അല്പായുസ്സ്

ഞാൻ ഏല്പിച്ചുതരികയാണ്.

കർത്താവേ, ഇത് പഴക്കവും ദുർഗന്ധവുമുള്ളതാണ്. നിനക്ക് ഒരുപക്ഷേ ഉപയോഗിക്കാൻ കൊള്ളാത്തതാണ്. നാഥാ! ആയിരിക്കുന്ന പ്രകാരം നിന്റെ കരങ്ങളിലേയ്ക്ക് തരാൻ ഞാൻ തയ്യാറാണ്. അപ്പോഴാണ് യേശുവിന്റെ ആണിപ്പാടുള്ള കരം നിങ്ങളെ വാഴ്ത്തുന്നത്. അപ്പോഴാണ് യേശുവിന്റെ കരം നിങ്ങളെ തലോടി നിങ്ങളുടെ കണ്ണുനീർ തുടച്ച് നിങ്ങളെ അനുഗ്രഹിക്കുന്നത്.

*“യഹോവയോടു ഞാൻ പറഞ്ഞുപോയി, എനിക്കു പിന്മാറിക്കൂടാ.” ന്യായാധിപന്മാർ 11 : 35*

ഒരിക്കലായിട്ട് ഞാൻ ജീവിതം ക്രിസ്തുവിനു കൊടുത്തുകഴിഞ്ഞതാണ്. ഇനിയും പുറകോട്ടില്ല. ഇനി എനിക്കു പിന്മാറിക്കൂടാ. ദൈവസന്നിധിയിൽ ചില പ്രതിഷ്ഠകൾ നാമെടുക്കണം. നാം നമ്മുടെ ജീവിതം ക്രിസ്തുവിനായി സമർപ്പിച്ച് ദൈവപ്രസാദകരമായ ഒരു ജീവിതം നയിക്കണം.

ടാഗോർ എഴുതിയ ഗീതാഞ്ജലിയിൽ മനോഹരമായ ഒരു കവിതാഭാഗമുണ്ട്. ഒരു ഭിക്ഷക്കാരൻ വഴിയോരത്ത് തന്റെ കൈയിൽ ഭിക്ഷാപാത്രവും പിടിച്ചുകൊണ്ട് ഇരിക്കുകയാണ്. ആരെങ്കിലും പോകുമ്പോൾ അവൻ തന്റെ ഭിക്ഷാപാത്രം ഉയർത്തിക്കാണിക്കും. അതിൽ നാണയത്തുട്ടുകളും ധാന്യങ്ങളും മറ്റും വന്നു വീഴുന്നുണ്ട്. അപ്പോഴാണ് രാജാവ് രഥത്തിൽ ആ വഴി വരുന്നത്. ആളുകൾ എഴുന്നേറ്റു നിൽക്കുന്നു. രാജാവാണ് വരുന്നത് എന്നറിഞ്ഞപ്പോൾ ഈ ഭിക്ഷക്കാരനും എഴുന്നേറ്റു നിന്നുകൊണ്ട് തന്റെ ഭിക്ഷാപാത്രം ഉയർത്തിക്കാണിച്ചു. രാജാവ് ഇതു കണ്ട് രഥം നിർത്തിച്ചു, ഇറങ്ങി ആ ഭിക്ഷക്കാരന്റെ അരികിൽ വന്ന് നിന്നു.

അദ്ദേഹം അവന്റെ നേരെ കൈനീട്ടിക്കൊണ്ട് നിൽക്കുകയാണ്. അവൻ രാജാവ് തന്റെ നേരെ കൈനീട്ടും എന്നു പ്രതീക്ഷിച്ചില്ല. രാജാവിന് അവൻ എന്തു കൊടുക്കാനാണ്? അവൻ

തന്റെ പാത്രത്തിൽ കൈയിട്ടു, രണ്ടുതരി അരി കിട്ടി; അവൻ ആ അരി എടുത്തു രാജാവിന്റെ കൈയിലേയ്ക്കു വച്ചുകൊടുത്തു. രാജാവ് പുഞ്ചിരിച്ചു. രഥത്തിൽ കയറി ഓടിച്ചുപോയി. കഷ്ടം! രാജാവ് എന്തെങ്കിലും തരുമെന്നു വിചാരിച്ചു, ഒന്നും കിട്ടിയില്ല. രണ്ടുതരി അരി പോയതു മിച്ചം. അവൻ വിചാരിച്ചു. അന്ന് കാര്യമായി ഒന്നും ലഭിച്ചില്ല.

അവൻ ക്ഷീണിതനായി വീട്ടിലെത്തി തന്റെ ഭിക്ഷാപാത്രത്തിലുള്ളത് കുടഞ്ഞിട്ടു. അപ്പോഴുണ്ട് അരിയുടെ ഇടയ്ക്ക് രണ്ടു സാധനങ്ങൾ വെട്ടിത്തിളങ്ങുന്നു. അവന് അതെന്താണെന്ന് മനസ്സിലായില്ല. വിവരമുള്ളവരെ അതു കാണിച്ചു. അവൻ അവരോട് സംഭവിച്ചതു പറഞ്ഞു. അവർ അവനോടു പറഞ്ഞു: ഇത് ലക്ഷക്കണക്കിനു വിലയുള്ള രത്നക്കല്ലുകളാണ്. ഇനിയും നിനക്കു ഭിക്ഷ യാചിക്കണ്ട. നിനക്കുള്ളതെല്ലാം രാജാവിനു കൊടുക്കാമായിരുന്നല്ലോ; അവന് അതു കേട്ടപ്പോൾ നിരാശ തോന്നി. എല്ലാം കൊടുത്തിരുന്നെങ്കിൽ പൊന്നായി കിട്ടുമായിരുന്നേനെ.

സ്നേഹിതരേ, ഇതുപോലെ നിങ്ങളും ഒരിക്കൽ ചിന്തിക്കും. യേശുവിന് ജീവിതം മുഴുവൻ കൈമാറിക്കൊള്ളാമായിരുന്നു എന്ന്. സെന്റ് അഗസ്റ്റിൻ പറഞ്ഞിട്ടുണ്ട്: ‘I am so late to give my life to Christ’ എന്ന്.

1964–ൽ, കോലഞ്ചേരി, സെന്റ് പീറ്റേഴ്സ് കോളേജ് തുടങ്ങിയ കാലമാണ് ഞാൻ അവിടെ അദ്ധ്യാപകനായത്. അന്ന് ആദ്യത്തെ ബാച്ചിൽ പ്രീ–ഡിഗ്രിയിൽ പഠിച്ച ഒരു വിദ്യാർത്ഥി, ജോലിയിൽ നിന്ന് റിട്ടയർ ചെയ്തശേഷം എന്റെ വീട്ടിൽ നടക്കുന്ന യോഗത്തിൽ വരുന്നുണ്ട്. അദ്ദേഹത്തിന് എന്നെയും എനിക്കു അദ്ദേഹത്തേയും ഇഷ്ടമായിരുന്നു. എന്നാൽ എന്തോ തെറ്റിദ്ധാരണയുടെ പുറത്ത് അദ്ദേഹം കൂട്ടായ്മയിൽ വരികയില്ലായിരുന്നു. അദ്ദേഹം വലിയ സഭാഭക്തനാണുതാനും. എന്നാൽ കുറെനാൾ മുൻപ് ആരോ നിർബ്ബന്ധിച്ചിട്ട് അദ്ദേഹം ഒരു രണ്ടാംശനിയാഴ്ച യോഗത്തിന് വന്നു. മീറ്റിങ്ങ് കഴിഞ്ഞ്

അദ്ദേഹം എന്റെ അടുത്ത് തൊഴുകൈയോടെ വന്നു നിന്നു.

അദ്ദേഹം എന്നോടു പറഞ്ഞു: 'Sir, I am very late to come here.' ഞാൻ ധരിച്ചതുപോലെയല്ലല്ലോ, എന്നെ ധരിപ്പിച്ചതുപോലെയുമല്ലല്ലോ എന്നുപറഞ്ഞ് അദ്ദേഹം കരയുകയായിരുന്നു.

ഏതാനും മാസം മുമ്പ് വളരെ പ്രൗഢഗംഭീരനായ ഒരു മനുഷ്യൻ. എനിക്ക് നേരത്തെ പരിചയമുള്ളയാളല്ല. അദ്ദേഹവും ഇതുപോലെ തന്നെ പറഞ്ഞു. കുറേക്കൂടെ നേരത്തെ വന്നിരുന്നെങ്കിൽ, കുറെക്കൂടെ നേരത്തെ ഈ മനസ്സമാധാനം കിട്ടുമായിരുന്നു എന്ന്! വൈകിപ്പോകരുതേ! വൈകിയാൽ അത്രയും നഷ്ടം. യേശുവിന്റെ കൈകളിലേയ്ക്ക് ഒരുനിമിഷംപോലും വൈകാതെ കൊടുത്തുകൊള്ളൂ.

ശരിയായ സമർപ്പണം കഴിഞ്ഞാൽ ഉടനെ ശരിയായ വിശുദ്ധിയുടെ ആരാധന അല്ലെങ്കിൽ സ്തുതി ഉണ്ടാകാം. സ്തുതി ഒരു ശക്തിയാണ്. സ്തോത്രം ഒരു ബലമാണ്. നിങ്ങൾക്കു പരീക്ഷിച്ചു നോക്കാവുന്നതാണ്. ശരീരത്തിൽ അവിടവിടെ വേദനയാണ്; തലവേദനയോ, വയറുവേദനയോ ആയിരിക്കാം. കുരിശിൽ തൂങ്ങിക്കിടക്കുന്ന യേശുവിനെ മനസ്സിൽ ധ്യാനിച്ചുകൊണ്ട് നിങ്ങൾ സ്തുതിക്കൂ. കാണാം നിങ്ങളുടെ വേദന കുറയുന്നത്. ഇത് നിങ്ങൾക്കനുഭവിക്കാവുന്ന കാര്യമാണ്.

ഉറക്കമില്ലാത്ത രാത്രി. പലപല ചിന്തകൾ നിങ്ങളെ അലട്ടുന്നു. മനസ്സു ക്ലേശിക്കുന്നു. ആശങ്കകളും ഭീതികളും നിങ്ങളെ വലയം ചെയ്യുന്നു. അപ്പോൾ നിങ്ങൾ കർത്താവേ, എനിക്കു വേണ്ടി ക്രൂശിൽ മരിച്ച രക്ഷകാ, നിന്റെ തിരുരക്തത്തിലാശ്രയിച്ചുകൊണ്ട് ഞാൻ നിന്നെ വണങ്ങുന്നു, ഞാൻ നിന്നെ സ്തുതിക്കുന്നു. എന്നെ വീണ്ടെടുക്കാൻ തിരുരക്തം ഒഴുക്കിയ യേശുവേ നിനക്കു സ്തുതി എന്നുപറഞ്ഞ് കർത്താവിനെ സ്തുതിക്കൂ. അപ്പോൾ നിങ്ങളുടെ ടെൻഷൻ മാറുന്നതു കാണാം. എപ്പോഴോ, നിങ്ങൾ ശാന്തമായി ഉറങ്ങിയിരിക്കും.

നിങ്ങൾ ഉറങ്ങാൻ നേരത്ത് സ്തുതിച്ചിട്ടു കിടക്കൂ, ദു:സ്വപ്നം കാണുകയില്ല.

'There is power in praise!' സ്തുതിയിൽ ശക്തിയുണ്ട്. എപ്പോഴും സ്തുതിക്കുക. സ്തുതി നമ്മുടെ ആത്മാവിനു ചുറ്റുമുള്ള തിരിയുന്ന വാളാണ്. തിരിഞ്ഞുകൊണ്ടിരിക്കുന്നതുകൊണ്ട് ശത്രുവായ പൈശാചികൻ നമ്മുടെ അരികിൽ വരാതെ അവനെ വെട്ടിമുറിച്ചുകൊണ്ടിരിക്കും. ദൈവത്തെ സ്തുതിക്കുന്നത് ദൈവത്തോടുള്ള ആരാധനയാണ്. ദൈവസന്നിധിയിലുള്ള ഹൃദയ പകർച്ചയാണ്. മറ്റുള്ളവരാരും അടുത്തില്ലെങ്കിൽ നിങ്ങൾ ഉറക്കെ സ്തുതിക്കൂ.

ഭർത്താവ് വളരെ ക്ഷീണിച്ച്, പകലത്തെ അദ്ധ്വാനം കഴിഞ്ഞ് വിഷമിച്ചു കിടക്കുകയാണ്. ഭാര്യ അദ്ദേഹത്തിന്റെ ശരീരത്തിൽ പതുക്കെ കൈവച്ച് സ്തുതിക്കണം: "തിരുരക്തം എനിക്കുവേണ്ടി ചൊരിഞ്ഞ് എന്റെ കഴിഞ്ഞകാല പാപം കഴുകിത്തരുന്ന യേശുവേ, നിനക്കു സ്തുതി. അപ്പോൾ നിങ്ങളുടെ സ്തുതിയിൽക്കൂടി നിങ്ങളുടെ ഭർത്താവിന്റെമേൽ ആത്മാവു പകർന്നുകൊണ്ടിരിക്കും.

നിങ്ങളുടെ കുഞ്ഞ് വല്ലാതെ പനിച്ച് വിറച്ചു കിടക്കുകയാണ്. ആ രാത്രിയിൽ നിങ്ങൾ ക്രിസ്തുവിന്റെ തിരുമുഖത്തേയ്ക്ക് നോക്കിക്കൊണ്ട് കുഞ്ഞിന്റെമേൽ കൈവച്ച്, പീഡകൾ ഏറ്റ യേശുവിനെ ധ്യാനിച്ച് ദൈവത്തെ സ്തുതിക്കണം. നിങ്ങൾ പറയണം: രോഗശമനം തരുന്ന യേശുവേ, നിനക്കു സ്തുതി. ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവയാകുന്നു എന്ന തിരുവചനം തന്ന യേശുവേ, നിനക്കു സ്തുതി. കാണാം, അപ്പോൾ കുഞ്ഞിന്റെമേൽ നിന്നു ബാധകൾ മാറുന്നത്. ഇതെല്ലാം നിങ്ങൾക്ക് അനുഭവിക്കാവുന്ന കാര്യങ്ങളാണ്.

സ്തുതിയ്ക്ക് ശക്തിയുണ്ട്. ജീവനുള്ള ക്രിസ്തുവിനെ ആരാധിക്കുന്ന, വിശുദ്ധിയുടെ സുഗന്ധധൂപം മണക്കുന്ന അനുഗൃഹീതമായ സ്തുതി ഉയരുമ്പോൾ ചില അന്ധവിശ്വാ

സങ്ങളും അബദ്ധധാരണകളും കടപുഴകി വീഴും. ആ സ്തുതിയുടെ ശക്തിയിൽ സമൂഹത്തിന് ചലനമുണ്ടാകും. അടഞ്ഞ വാതിലുകൾ തുറക്കും. ബന്ധനങ്ങൾ അഴിഞ്ഞുപോകും.

നിങ്ങളുടെ ജീവിതത്തിലും ഒരു സ്തുതി ആരംഭിക്കട്ടെ. അങ്ങനെ ജീവിതത്തിൽ ക്രിസ്തു തരുന്ന പാപക്ഷമയും സൗഖ്യവും അനുഭവിക്കാൻ സാധിക്കട്ടെ. ക്രിസ്തു തരുന്ന സ്തുതിയുടെ ആനന്ദാനുഭൂതി നിങ്ങൾക്ക് കരഗതമാകട്ടെ. സന്തോഷത്തോടെ ദൈവത്തെ സ്തുതിക്കുന്നവരായിത്തീരുമ്പോൾ അറിഞ്ഞും അറിയാതെയുമുള്ള പാപങ്ങളും ബന്ധനങ്ങളും ദുഷിച്ച പ്രവണതകളും അഴിഞ്ഞുപോകും. ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിലേയ്ക്ക് ഇറങ്ങിവന്ന് നിങ്ങളെ നയിക്കും. ഭരിക്കും. നിയന്ത്രിക്കും. ക്രിസ്തുവിന്റെ ഭരണാവകാശത്തേയ്ക്ക് നിങ്ങളെത്തന്നെ ഏല്പിക്കുന്ന മഹാഭാഗ്യം നിങ്ങൾക്കു സിദ്ധിക്കും.

നിങ്ങൾ യേശുവിനോട് പറയണം: ഇതാ, ഞാൻ, പാപിയായ, ബലഹീനനായ മനുഷ്യൻ. കർത്താവേ, നീയോ വലിയവൻ, പരിശുദ്ധൻ. എനിക്കുവേണ്ടി ക്രൂശിൽ മരിച്ചുയർത്തെഴുന്നേറ്റവനായ മശിഹാതമ്പുരാനേ, നീ എന്റെ ഹൃദയത്തിലേക്കു വരണമേ. വെളിച്ചം വരുമ്പോൾ ഇരുളു മാറുന്നതുപോലെ നാഥാ! നീ വരുമ്പോൾ എന്റെ ഹൃദയത്തിലെ ഇരുളും പാപവും മാറുമെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ കോപവും പകയും വിദ്വേഷവും മാറും.

നീ വരുമ്പോൾ എന്റെ ഹൃദയത്തിലുള്ള ഈർഷ്യയും മുഷിച്ചിലും ഇഷ്ടക്കേടുകളും പ്രതികാരചിന്തകളും മാറും. ഹൃദയത്തിലുള്ള ദുഷിച്ചവാസനകൾ മാറും. യേശുവേ, പ്രകാശത്തിന്റെ നാഥാ! നീ എന്റെ ഹൃദയത്തിലേയ്ക്കു വരണമേ. നീ എന്റെ ഹൃദയത്തിൽ രാജാധിരാജാവായി വാഴണമേ. എന്നെ നീ ഭരിക്കണമേ, നടത്തണമേ, അനുഗ്രഹിക്കണമേ. എന്റെമേൽ നിന്റെ തൃക്കരം വയ്ക്കണമേ. നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം, പ്രാർത്ഥിക്കാം.

കാരുണ്യവാനേ, മഹാപരിശുദ്ധനായ ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ, ഈ അനുഗൃഹീതമായ നിമിഷങ്ങൾക്കായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. നിന്റെ കൃപയിൽ പൊതിഞ്ഞ് നിന്റെ രണ്ടാമത്തെ വരവിനായി ഞങ്ങളെ ഒരുക്കണമേ. പാപമോചന സൗഖ്യം നല്കണമേ. പാപത്തോടു യാത്രപറഞ്ഞ് ഒരു വിശുദ്ധജീവിതം നയിക്കാനുള്ള വാഞ്ഛ ഞങ്ങൾക്കു തരണമേ. എല്ലാവരേയും അനുഗ്രഹിക്കണമേ. യേശുക്രിസ്തുവിന്റെ സ്നേഹം നിറഞ്ഞ നാമത്തിൽത്തന്നേ, ആമ്മേൻ.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം – ഭാഗം ഒന്ന്
53. കണ്ണീർപ്പാടം – ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസ വീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. CALEB - A BRAVE HERO OF FAITH
107. രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?
108. ശുഭമുദ്ര
109. LITTLE FOXES
110. വരൾച്ചയും വളർച്ചയും
111. മരണമേ, നിന്റെ ജയം എവിടെ?
112. സമർപ്പണം
113 ON WIND'S WAY

# Prof. M.Y. യോഹന്നാൻ

**സുവിശേഷസന്ദേശം നൽകുന്നു**

**എല്ലാ ദിവസവും രാത്രി 8 : 30**
**പവർവിഷൻ TV**

**ശനി രാവിലെ 6 : 30**
**സൂര്യ TV**

**തിങ്കൾ രാവിലെ 6 : 30**
**ജയ്ഹിന്ദ് TV**

**ചൊവ്വ രാവിലെ 6 : 30**
**ജയ്ഹിന്ദ് TV**

ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ
ടി.വി. പ്രോഗ്രാമുകൾ തത്സമയം ലഭിക്കുന്നു
www.crfgospel.org

**ഗാനങ്ങൾക്കും പ്രസംഗങ്ങൾക്കും:**

www.crfgospel.org

Ph : 9142 30 30 96

## CRF - ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

**കടയിരുപ്പ്: Prof. M.Y. യോഹന്നാന്റെ** ഭവനം (മേച്ചങ്കര)
കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്
Ph : 0484 -2689489, 9142 303096

---

| | |
|---|---|
| **രണ്ടാം ശനിയാഴ്ച** | 9.00am - 2.00pm |
| **സാക്ഷ്യയോഗം** | 4.30pm - 9.00pm |
| **രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള** | |
| **രണ്ടാം ഞായറാഴ്ച** | 12.30pm - 5.00pm |
| **മൂന്നാം ഞായറാഴ്ച** | 12.30pm - 5.00pm |
| **എല്ലാ തിങ്കളാഴ്ചയും** | 6.00pm - 8.00pm |
| **എല്ലാ വെള്ളിയാഴ്ചയും** (ബൈബിൾ ക്ലാസ്സ്) | 6.00pm - 8.00pm |
| **ഒന്നാം ചൊവ്വാഴ്ച** (വനിതകളുടെ യോഗം) | 9.00am - 12.45pm |
| **എല്ലാ ഒന്നും മൂന്നും ബുധനാഴ്ച** യുവാക്കന്മാരുടെ യോഗം (15 വയസ് മുതൽ 35 വരെ) | 6.30pm - 9.00pm |